ജനകീയാസൂത്രണം

# വാഴക്കാട് ഗ്രാമപഞ്ചായത്ത്




## സമഗ്ര വികസന രേഖ

# കേരളം



112-6

# വാഴക്കാട് ഗ്രാമപഞ്ചായത്ത്

# സമഗ്ര വികസന രേഖ




## അധികാരം ജനങ്ങളിലേക്ക്

## ഒമ്പതാംപദ്ധതി ജനകീയപദ്ധതി

# വാഴക്കാട് ഗ്രാമപഞ്ചായത്ത് ഭരണസമിതി



പ്രസിഡണ്ട്
*റുഖിയ ബഷീർ*



**വൈസ് പ്രസിഡണ്ട്**
*എം.പി. അബ്ദുള്ള*



**ചെയർമാൻ സ്റ്റാന്റിംഗ് കമ്മിറ്റി**
*എം.കെ.സി . മൊയ്തീൻ*

### *മെമ്പർമാർ*

സുഹറ ടീച്ചർ

കൊന്നക്കോടൻ അഹമ്മദ് കുട്ടി ഹാജി

എം. ശ്രീനിവാസൻ

ഒ.കെ അയ്യപ്പൻ

കെ. ആലി

ആയിഷ ബീവി

ഇ. ഭാസ്കരൻ
ടി. മാലിനി

### *ബ്ലോക്ക് പഞ്ചായത്ത് അംഗങ്ങൾ*

കെ.എം.എ റഹ്മാൻ
കെ.എ റഹ്മാൻ

### *ജില്ലാ പഞ്ചായത്ത് അംഗം*

പി.കെ. മൈമൂന ടീച്ചർ

### *നിയമസഭാ അംഗം*

പി.കെ.കെ ബാവ എം.എൽ.എ

### *പാർലമെന്റ് അംഗം*

ഇ. അഹമ്മദ് എം.പി



*എന്റെ ഗ്രാമത്തിന്റെ ഉൾതുടിപ്പിൽ*

*എന്റെ ഹൃദയാശംസകൾ*

– **ഇ.ടി. മുഹമ്മദ് ബഷീർ** (എം.എൽ.എ)



*ഇനിയും നടന്നുനീങ്ങാനുള്ള*

*ദുർഘടമായ വഴിയിൽ ഒരു കൂട്ടുകാരനായി ഞാനും ചേരുന്നു.*

– **പി.കെ.കെ. ബാവ** (എം.എൽ.എ)

## പത്രാധിപസമിതി

റുഖിയ ബഷീർ

കെ.എ റഹ്മാൻ

കെ.എം.എ റഹ്മാൻ

എം.പി അബ്ദുള്ള

എ. നീലകണ്ഠൻ

കെ.ഓ അലി

എം. പി അബ്ദുൾ അലി

കെ. എം മമ്മദ് കുട്ടി

കെ. വേദവ്യാസൻ (എഡിറ്റർ)

Type setted & printed at
Spectrum Multi Media
Communications,
Kallai Road,
Calicut-2, Ph : 701732

Cover designed by
O. Abdul Ali, Vazhakkad

# താളുകളിൽ

1 ആമുഖം..... 5

2 പഞ്ചായത്ത് പൊതു വിവരണം.... 6

3 വേരുകൾ പരതുമ്പോൾ 7

4 സാമൂഹിക സാമ്പത്തിക മേഖലകൾ

a കൃഷിയും ജലസേചനവും 11

b മൃഗസംരക്ഷണവും മത്സ്യബന്ധനവും 20

c വ്യവസായം 24

d വിദ്യാഭ്യാസം 28

e പൊതു ജനാരോഗ്യവും കുടിവെള്ളവും 35

f ഗതാഗതം ഊർജ്ജം മാർക്കറ്റ് 43

g പാർപ്പിടവും സാമൂഹ്യക്ഷേമവും 52

5 സംസ്കാരം 60

6 വനിത ക്ഷേമം 64

7 സഹകരണം 68

8 പട്ടികജാതി പട്ടികവർഗ്ഗക്ഷേമം 72

9 വിഭാവ സമാഹരണം 77

10 ഉപസംഹാരം 80



*കാതർ ഹാജി*
**പ്രഥമ പ്രസിഡന്റ്**



*പി.ഹൈദർ മാസ്റ്റർ*
**മുൻ പ്രസിഡന്റ്**



*പി.ടി ബാലകൃഷ്ണൻ നായർ*
**മുൻ പ്രസിഡന്റ്**



*കെ.എ റഹ്മാൻ*
**മുൻ പ്രസിഡന്റ്**

**പ്രഥമ ഭരണസമിതി**

പി.കാതർഹാജി (പ്രസിഡന്റ്)
കെ.എ റഹ്മാൻ (വൈ. പ്രസിഡന്റ്)
കെ.പി കാതർകുട്ടി (മെമ്പർ)
പി. കെ മുഹമ്മദ്
എ. കെ ഗോവിന്ദൻനായർ
പുഷ്പോത്ത് കണ്ണൻ
എം.കെ ഉണ്ണിമോയൻ
സി.എ കദീശകുട്ടി (പിന്നീട് രാജിവെച്ചു)
പി. ലക്ഷ്മികുട്ടി അമ്മ (നോമിനേറ്റ് ചെയ്യപ്പെട്ടു.)

**രണ്ടാം ഭരണസമിതി**

കൊന്ന അഹമ്മദ്കുട്ടി ഹാജി (മെമ്പർ)
എം മുഹമ്മദ്
പി.ടി ബാലകൃഷ്ണൻ നായർ
പി. ഹൈദർ മാസ്റ്റർ
കെ.എ റഹ്മാൻ
കെ സുബ്രഹ്മണ്യൻ
ഇ.എൻ. ബാലൻ നായർ
എ.കെ മുഹമ്മദ്
പി രത്നകുമാരി

**മൂന്നാം ഭരണ സമിതി**

കെ.എ. റഹ്മാൻ (പ്രസിഡന്റ്)
കെ.പി. മൂസ (വൈസ്. പ്രസിഡന്റ്)
കെ.പി.സി മുഹമ്മദ് (മെമ്പർ)
കെ.സി. സേതുമാധവൻ
കെ.എം.എ റഹ്മാൻ
റുഖിയാ ബഷീർ
എൻ.മാധവൻ
ടി.കെ. ഫാത്തിമാ ബീവി
കെ.സി ഇസ്മാലുട്ടി
പി.കെ. മുരളീധരൻ

(ആദ്യവർഷം കെ.എ. റഹ്മാനും പിന്നീട് മൂന്നര വർഷം ഹൈദർ മാസ്റ്ററും അവസാനഘട്ടത്തിൽ പി.ടി ബാലകൃഷ്ണൻ നായരും പ്രസിഡന്റുമാരും പി.ടി. ബാലകൃഷ്ണൻ നായരും എൻ. ബാലൻ നായരും രണ്ട് വർഷം വീതം വൈസ് പ്രസിഡന്റുമാരുമായിരുന്നു).

# ആമുഖം

ഭാരതം സ്വാതന്ത്ര്യം നേടി അരനൂറ്റാണ്ട് പിന്നിടുകയാണല്ലൊ നീണ്ട നാളത്തെ വൈദേശിക ചൂഷണത്തിന് വിധേയമായി തകർന്നടിഞ്ഞ അവസ്ഥയിൽനിന്ന് പിന്നിട്ട അരനൂറ്റാണ്ട് കാലത്തെ സ്വാതന്ത്ര്യാനന്തര കാലഘട്ടത്തിൽ വിവിധ മേഖലകളിൽ മുന്നേറാനും ഒരേക രാജ്യമെന്ന സങ്കല്പം യാഥാർത്ഥ്യമാക്കാനും നമുക്ക് കഴിഞ്ഞിട്ടുണ്ട്. എങ്കിലും ജനങ്ങളുടെ ആഗ്രഹത്തിനൊത്ത് മുന്നേറാൻ, വികസനത്തിന്റെ സദ്ഫലങ്ങൾ എല്ലാവരിലുമെത്തിക്കാൻ സ്ഥായിയായ വികസനം ഉറപ്പ് വരുത്താൻ വേണ്ടത്ര കഴിഞ്ഞില്ല എന്ന ന്യൂനത നിലനിൽക്കുന്നു

കേരളത്തെ സംബന്ധിച്ചാണെങ്കിൽ ലോകം മുഴുവൻ പ്രകീർത്തിക്കപ്പെട്ട മുന്നേറ്റം പല മേഖലകളിലും നാം കൈവരിച്ചിട്ടുണ്ട്. സാക്ഷരത, ആരോഗ്യനിലവരം, ആയുർദൈർഘ്യം, സാമൂഹ്യ സുരക്ഷിതത്വം, ശിശുമരണനിരക്ക്, ഉയർന്ന ജീവിത നിലവാരം ഇത്തരം രംഗങ്ങളിലൊക്കെ വികസിത സമൂഹത്തോടൊപ്പം ചുവടൊപ്പിച്ച് നീങ്ങാൻ കേരളത്തിന് കഴിഞ്ഞിട്ടുണ്ട്. പക്ഷെ സാമ്പത്തിക വളർച്ചയിൽ പ്രത്യുത്പാദന മേഖലയിൽ, വ്യാവസായിക പുരോഗതിയിൽ നാം വളരെ പിന്നിലാണെന്ന കടുത്ത യാഥാർത്ഥ്യം നമ്മുടെ വൻ നേട്ടങ്ങളെ വരും ഭാവിയിൽ നിഷ്പ്രഭമാക്കുമോ എന്ന ആശങ്ക പെരുകി വരുന്നു.

ഇതിന് ഒരു പരിഹാരമേയുള്ളു ജനപങ്കാളിത്തത്തോടെയുള്ള സമഗ്രവികസനം. വികസനം പ്രകൃതി വിഭവങ്ങളുടെ തത്വദീക്ഷയില്ലാത്ത ചൂഷണമല്ല. ആവശ്യങ്ങളുടെ ആക്കതൂക്കമറിഞ്ഞ് മുൻഗണനാക്രമം പക്ഷഭേദമില്ലാതെ നിശ്ചയിച്ച് ലഭ്യമായ വിഭവങ്ങൾ വിനിയോഗിക്കുന്നതിലൂടെ മാത്രമേ വികസനം സാധ്യമാവൂ. അത്തരം വികസനമേ സ്ഥായിയും ഫലവത്തുമാകൂ.

ഇവിടെയാണ് ജനകീയാസൂത്രണത്തിന്റെ പ്രസക്തി രാഷ്ട്രീയ–മത–സാമൂഹ്യ വൈജാത്യങ്ങൾ നമുക്കിടയിലുണ്ട് ഇവയുടെയൊക്കെ പേരിൽ നിലനിന്നുപോന്ന ചേരിതിരിവുകൾ സമഗ്രവികസനത്തിലേക്കുള്ള കൂട്ടായ മുന്നേറ്റത്തെ തളർത്തിയിട്ടുണ്ട്. വഴി തിരിച്ച് വിട്ടിട്ടുണ്ട്. നഷ്ടപ്പെട്ട അവസരങ്ങളോർത്ത് വിലപിച്ചിട്ടോ പരസ്പരം പഴിചാരിയിട്ടോ പ്രയോജനമില്ല; മറിച്ച് നഷ്ടപ്പെട്ടതിന്റെ ഗൗരവത്തെക്കുറിച്ചുള്ള ഉത്തമബോധ്യത്തോടെ കൂട്ടായ മുന്നേറ്റത്തിന് സന്നദ്ധമായാൽ നഷ്ടപ്പെട്ടവ തിരിച്ച് പിടിക്കാനും അവസരങ്ങൾ പുനഃസൃഷ്ടിക്കാനും നമുക്ക് കഴിയും. ലക്ഷ്യം കയ്യെത്തിപ്പിടിക്കാനുള്ള ഈ യാത്രയിൽ നമ്മുടെ പാഥേയമാണ് ജനകീയാസൂത്രണം.

വാഴക്കാട് ഇന്ന് പഴയ വാഴക്കാടല്ല. എല്ലാ അർത്ഥത്തിലും വാഴക്കാട് മാറിയിരിക്കുന്നു നാനാ മേഖലകളിലും. ഈ മാറ്റത്തിൽ, വളർച്ചയിൽ വ്യക്തികളുടെ , കുടുംബങ്ങളുടെ, പ്രസ്ഥാനങ്ങളുടെ സ്ഥാപനങ്ങളുടെ, എണ്ണിപ്പറഞ്ഞാൽ തീരാത്ത പങ്കുണ്ട്; സംഭാവനകളുണ്ട്; മനസ്സും വപുസ്സും ഇഴുകിച്ചേർന്നൊരുക്കിയ കർമ്മ പരമ്പരകളുണ്ട്. അവയൊക്കെ നാം നന്ദിപൂർവ്വം വിനയപൂർവ്വം വിലമതിക്കുന്നു. അവ മുതൽ കൂട്ടാക്കി നാളെയെ സാക്ഷാൽക്കരിക്കാനുള്ള മഹയജ്ഞത്തിൽ പങ്കുചേരുമെന്ന് നമുക്ക് പ്രതിജ്ഞയെടുക്കാം.

– **വേദവ്യാസൻ**

എഡിറ്റർ, കൺവീനർ

## പഞ്ചായത്ത് പൊതുവിവരണം

| | | |
|---|---|---|
| പഞ്ചായത്തിന്റെ പേര് | : | *വാഴക്കാട് ഗ്രാമ പഞ്ചായത്ത്* |
| ഉൾപ്പെടുന്ന വില്ലേജ് | : | *വാഴക്കാട്* |
| ബ്ലോക്ക് പഞ്ചായത്ത് | : | *കൊണ്ടോട്ടി* |
| ജില്ല | : | *മലപ്പുറം* |
| താലൂക്ക് | : | *ഏറനാട്* |
| അസംബ്ലിമണ്ഡലം | : | *കൊണ്ടോട്ടി* |
| പാർലമെന്റ് മണ്ഡലം | : | *മഞ്ചേരി* |
| വിസ്തീർണ്ണം | : | *23.78 ച.കി.മി* |
| അതിരുകൾ : വടക്ക് | : | *ചാലിയാർപുഴ* |
| കിഴക്ക് | : | *ചാലിയാർ പുഴയും ചീക്കോട്, പഞ്ചായത്തും* |
| തെക്ക് | : | *ചീക്കോട് പുളിക്കൽ പഞ്ചായത്തുകൾ* |
| പടിഞ്ഞാറ് | : | *വാഴയൂർ പഞ്ചായത്ത്* |
| ജനസംഖ്യ | : | *26,634 (91ലെ സെൻസസ്)* |
| പുരുഷൻമാർ | : | *13,174* |
| സ്ത്രീകൾ | : | *13,460* |
| ജനസാന്ദ്രത | : | *1120* |
| അക്ഷരാഭ്യാസമുള്ളവർ | : | *20,399* |
| വാർഡുകൾ | : | *11* |
| പ്രസിഡന്റ് | : | *ശ്രീമതി റുഖിയാ ബഷീർ* |
| വൈ: പ്രസിഡന്റ് | : | *ശ്രീ എം.പി അബ്ദുല്ല* |
| സ്റ്റാന്റിംഗ് കമ്മിററി ചെയർമാൻ | : | *എം.കെ.സി മൊയ്തീൻ.* |

# വേരുകൾ പരതുമ്പോൾ

ചാലിയാർ പുഴ അതിരിടുന്ന വാഴക്കാടിന്റെ ചരിത്രം ഈ നദിയുമായി അവിഭാജ്യമാം വിധം ഇഴുകിച്ചേർന്നു കിടക്കുന്നു. ഈ പ്രദേശത്തെ ജീവിത രീതിയും സംസ്കാരവും സാമൂഹിക ഘടനയുമൊക്കെ രൂപപ്പെടുത്തിയതിൽ ചാലിയാറിന്റെ പങ്ക് നിസ്സീമമാണ്. ഇതര പ്രദേശങ്ങളിൽ ഉള്ളവർക്ക് കാൽ നടയല്ലാതെ മറ്റ് യാത്രാസൗകര്യങ്ങളൊന്നുമില്ലാത്ത കാലത്തും വാഴക്കോട്ടുകാർക്ക് ചാലിയാറിലൂടെ തോണികളിലും മോട്ടോർ ബോട്ടുകളിലും കയറി ദൂരസ്ഥലങ്ങളിൽ എത്താനും സാധനങ്ങൾ എത്തിക്കാനും സാധിച്ചിരുന്നു. കൃഷിയായിരുന്നു മുഖ്യ തൊഴിലെങ്കിലും ചാലിയാറായിരുന്നു ഇവിടുത്തുകാർക്ക് പല തരത്തിലുള്ള ഉപതൊഴിലുകൾ നൽകിയത്. തടി, മുള, വിറക് എന്നിവ ശേഖരിച്ച് കോഴിക്കോട്ടേക്കും, കളിമണ്ണ് ശേഖരിച്ച് ഫറൂക്കിലെ ഓട്ടുകമ്പനിയിലേക്കും എത്തിച്ചും, മീൻ പിടിച്ചും കക്ക വാരിയും മണൽ കോരിയും, കടവ് കടത്തിയും, സവാരി തോണികൾ തുഴഞ്ഞും പുഴമാടുകളിലും തീരത്തും നെല്ലും, പച്ചക്കറിയും കൃഷിചെയ്തും ഉപജീവനം കഴിച്ചിരുന്ന ആയിരങ്ങൾ ഉണ്ടായിരുന്നു ഈ തീരത്ത്. എരട്ടമൂഴി, മണ്ണാത്തിക്കടവ്, അയിലാക്കാട്, പാറോളി, ചെറുവാടിക്കടവ്, കൂളിമാട്, കൊന്നാർ, എളമരം, വലിയമംഗലം, മണന്തല, എടക്കടവ്, കല്പള്ളി, ഊർക്കടവ്, ആക്കോട് എന്നിങ്ങനെ കിഴക്ക് പടിഞ്ഞാറു നീണ്ടു കിടക്കുന്ന പഞ്ചായത്തിന്റെ പന്ത്രണ്ടര കിലോ മീറ്റർ നീളമുള്ള തീരത്തുത്തിയിലെ കടത്തു കേന്ദ്രങ്ങൾ ആയിരക്കണക്കിനാൾക്കാരുടെ യാത്രക്കും ടൺ കണക്ക് ഉൽപ്പന്നങ്ങളുടെ കയറ്റിയിറക്കലിനും കളമൊരുക്കിയ ചെറു തുറമുഖങ്ങൾ തന്നെയായിരുന്നു. ചാലിയാറിലേക്ക് മുഖമുള്ള ഒരു വീടും സ്വന്തം പുഴക്കടവും ഒരു സവാരി ത്തോണിയും അക്കാലത്ത് പ്രതാപത്തിന്റെ ചിഹ്നങ്ങളായിരുന്നു.

മലപോലുള്ള വൈക്കോൽ ചങ്ങാടങ്ങൾ പേറിക്കൊണ്ടു വരുന്ന കുറപ്പെട്ടി തോണികൾ, ഫറോക്കിലേക്ക് പോകുന്ന കളിമൺ തോണികൾ, മാങ്കാവിലേക്ക് നീങ്ങുന്ന തേങ്ങാ തോണികൾ, വിവാഹ സംഘങ്ങളും വിരുന്നു സംഘങ്ങളും യാത്രചെയ്യുന്ന സവാരിത്തോണികൾ, അപൂർവ്വമായി മാത്രം എത്താറുള്ള നമ്പർ തോണികൾ (കടൽ തോണികൾ), കൂവിപ്പായുന്ന കടൽ മീൻ വിൽപ്പനക്കാരുടേയും എരുന്ത് വിൽപ്പനക്കാരുടെയും തോണികൾ, കെസ്സും ബദറും നീട്ടിപ്പാടി തണ്ടും വലിച്ചൊഴുകുന്ന വിറകു തോണിക്കൂട്ടങ്ങൾ, കാര്യം കഴിഞ്ഞ് തിരിച്ചുവരുന്ന കാറ്റ് പായത്തോണികൾ, ഓളം മുറിച്ച് കിതച്ചോടുന്ന യന്ത്ര ബോട്ടുകൾ ഇവക്കിടയിൽ വാഴപ്പാണ്ട കെട്ടിതിമിർത്തു കളിക്കുന്ന കുട്ടികൾ, ഇരുകരയിലും അലക്കാനും കളിക്കാനുമെത്തുന്ന ആണുങ്ങളും പെണ്ണുങ്ങളും. വീട്ടാവശ്യത്തിന് വെള്ളമെടുക്കാൻ മൺകുടവുമായെത്തുന്ന വീട്ടമ്മമാർ, പശ്ചാത്തലത്തിൽ നീണ്ടുകിടക്കുന്ന പഞ്ചാര മണൽത്തിട്ടകൾ ഇതിനൊക്കെ കർത്താവും സാക്ഷിയുമായൊഴുകുന്ന ചാലിയാർ– ജന ജീവിതത്തിന്റെ തുടിപ്പാർന്ന ഈ ചിത്രം കാല പ്രവാഹത്തിൽ ഒരുപാട് മാറിയെങ്കിലും ഇന്നും ഈ നാടിന്റെ മനസ്സിൽ ഈ ദൃശ്യം തെളിഞ്ഞു നിൽക്കുന്നു.

പഴയ കരുമരക്കാട് അംശത്തിലുൾപ്പെട്ട വാഴക്കാട്,കരുമരക്കാട്, അനന്തായൂർ ദേശങ്ങളും ചെറുവായൂർ അംശത്തിലുൾപ്പെട്ട ചെറുവായൂർ,ചാലിയപ്രം,മപ്രം ദേശങ്ങളും ഉൾപ്പെട്ട ഭൂപ്രദേശമാണ് ഇന്നത്തെ വാഴക്കാട് പഞ്ചായത്ത്. മുസ്ലീംങ്ങളും ഹിന്ദുക്കളും ഇടകലർന്നു ജീവിക്കുന്ന ഈ പഞ്ചായത്തിൽ ജനസംഖ്യയിലെ ഭൂരിപക്ഷം മുസ്ലീംങ്ങളാണ്. സാമുദായിക സൗഹാർദ്ദവും സാഹോദര്യബന്ധവും ശക്തമായി നിലനിന്നു പോരുന്ന പ്രദേശമാണ് ഇതെന്നതിൽ നമുക്ക് അഭിമാനമുണ്ട്.

ബ്രിട്ടീഷ് ഭരണത്തിൻ കീഴിലാകുന്നതിനു മുമ്പ് ഈ പ്രദേശം സാമൂതിരി രാജ വംശത്തിന്റെ ഭരണത്തിൻ കീഴിലായിരുന്നു. ഇതിന്റെ ഫലമായി നിലമ്പൂർ കോവിലകം, കിഴക്കേ കോവിലകം, പടിഞ്ഞാറേ കോവിലകം, തുടങ്ങിയ താവഴികൾ പ്രധാന ഭൂവുടമകളായി. ചില പ്രമുഖ വ്യക്തികളെയും കുടുംബങ്ങളെയും ചുറ്റി പറ്റി നടന്ന പ്രവർത്തനങ്ങളും സംഭവ

ങ്ങളുമാണ് മുഖ്യമായും ഈ പ്രദേശത്തിന്റെ സ്വാതന്ത്ര്യത്തിനു മുമ്പുള്ള ഒരു നീണ്ട കാലയളവിലെ ചരിത്രമെന്ന് സാമാന്യമായി പറയാം.

സ്വാതന്ത്ര്യ സമരവുമായി ബന്ധപ്പെട്ട എടുത്തു കാണിക്കാവുന്ന സംഭവങ്ങളൊന്നും അറിവിലില്ല. എന്നാൽ 1921-ലെ മലബാർ കലാപത്തിന്റെ അനുരണനങ്ങൾ ഈ പഞ്ചായത്തിലും ഉണ്ടായിട്ടുണ്ട്. ബ്രിട്ടീഷ് വാഴ്ചക്കെതിരെ ഈ നാട്ടുകാർ പ്രകടിപ്പിച്ച ശക്തമായ ദേശീയ ബോധത്തിൽ വിറളി പൂണ്ട വെള്ള പട്ടാളക്കാർ വാഴക്കാടും,ആക്കോടും ക്യാമ്പു ചെയ്ത് ക്രൂരമർദ്ദനങ്ങൾ അഴിച്ചു വിടുകയുണ്ടായി.ചെറുത്തു നിൽക്കാൻ കഴിയാതെ സ്ത്രീകളും കുട്ടികളും ഉൾപ്പെടെയുള്ളവർ ജീവരക്ഷക്കായി പലായനം ചെയ്യുകയും കൊണ്ടോട്ടി തങ്ങളെ അഭയം പ്രാപിക്കുകയും ചെയ്ത സംഭവം ഉൾക്കിടിലത്തോടെ മാത്രം ഓർക്കുന്നവർ ഇന്നും ഇവിടെയുണ്ട്. കുറച്ച് കാലത്തേക്കെങ്കിലും ഈ പ്രദേശത്തെ സ്വതന്ത്ര രാജ്യമായി പ്രഖ്യാപിക്കാനും കൊന്നാര് മുഹമ്മദ് കോയ തങ്ങളെ രാജാവായും,പൂവഞ്ചിരി കുട്ട്യമ്മു മൗലവി എന്നാളെ ചാലിയപ്പുറം കലക്ടറായും അവരോധിക്കാനും കഴിഞ്ഞു. വെള്ള പട്ടാളത്തിന്റെ വെടിയേറ്റു മരിച്ചവരും തൂക്കിലേറ്റപ്പെട്ടവരും അന്തമാനിലേക്ക് നാടുകടത്തപ്പെട്ടവരും ഉണ്ടായിരുന്നു.ആ ഭീകര നാളുകളുടെ ഓർമ്മക്കായി വെടിയുണ്ടയുടെ പാടും പേറി നിന്നിരുന്ന ചില വീടുകളും പള്ളികളുമൊക്കെ അടുത്തകാലം വരെ വാഴക്കാട്ടും മപ്പുറത്തുമൊക്കെ യുണ്ടായിരുന്നു.

കൊയപ്പത്തൊടി കുടുംബത്തെക്കുറിച്ച് പരാമർശിക്കാതെ വാഴക്കാടിന്റെ ചരിത്രം പൂർണ്ണമാവില്ല. സമ്പത്തും പ്രതാപവും,അധികാരവും കൈയ്യാളിയ ഈ കുടുംബം ഈ പ്രദേശത്ത് വളരെ സ്വാധീനം ചെലുത്തിയിട്ടുണ്ട്.64 ആനകളും മലബാറിൽ ആകെ ഭൂസ്വത്തും കണക്കറ്റ വ്യാപാരവും കാര്യസ്ഥൻമാരും കണക്കെഴുത്തുകാരുമായി ആയിരക്കണക്കിന് ഉദ്യോഗസ്ഥൻമാരും പതിനായിര കണക്കിന് തൊഴിലാളികളും നിരവധി ഓഫീസുകളും ബംഗ്ലാവുകളും,സുഖവാസ കേന്ദ്രങ്ങളും, ഇവയെ പരസ്പരം ബന്ധിപ്പിക്കാൻ സ്വകാര്യ റോഡുകളും ടെലഫോൺ ശൃംഖലയും എല്ലാംകൂടി വരും തലമുറക്ക് കെട്ടുകഥയെന്ന് തോന്നാവുന്ന ഒരു മായാ ലോകമായിരുന്നു അത്. വാഴക്കാട് അഴിക്കുന്ന്, കഴുക്കുത്താൻകുന്ന്,എളമരം,പണിക്കരപുറായ തുടങ്ങിയ സ്ഥലങ്ങളിലൊക്കെ അന്നത്തെ റോഡുകളുടെ അവശിഷ്ടങ്ങൾ ഇപ്പോഴും കാണാം.

ദക്ഷിണേന്ത്യയിലെ പ്രശസ്ത ഇസ്ലാം മത പഠന കേന്ദ്രമായ ദാറുൽ ഉലൂം ഒന്നേകാൽ നൂറ്റാണ്ടിനു മുമ്പ് സ്ഥാപിക്കപ്പെട്ടത് കേയപ്പത്തൊടി കുടുംബ സ്ഥാപകനായ മമ്മദ് കുട്ടി ശിരസ്തദാർ ദാനം ചെയ്ത വഖഫ് സ്വത്തുക്കളെ അടിസ്ഥാനപ്പെടുത്തിയാണ്. കണ്ണിയത്ത് അഹമ്മദ് മുസ്ലിയാർ, ഇ.മൊയ്തു മൗലവി, കെ.എം. മൗലവി, ഖുത്തുബി മുഹമ്മദ് മുസ്ലിയാർ ചാലിലകത്ത് കുഞ്ഞഹമ്മദ് ഹാജി, എം.സി.സി സഹോദരന്മാർ തുടങ്ങിയ എത്രയോ പണ്ഡിത പ്രമുഖൻമാർക്കും, ദേശീയ നേതാക്കൻമാർക്കും പഠിക്കാനും, പഠിപ്പിക്കാനും വേദിയൊരുക്കിയ ഈ മഹൽസ്ഥാപനം ഇന്ന് കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ അഫിലിയേറ്റ് ചെയ്ത അറബി കോളേജായി പ്രവർത്തിക്കുന്നു. ദാറുൽ ഉലൂം വഖഫ് സ്വത്തുക്കൾ ഉപയോഗപ്പെടുത്തി വളരെ കാലം നടന്നുവന്ന ദാനധർമ്മങ്ങൾ ഈ പ്രദേശത്ത് പട്ടിണി മാറ്റാൻ വളരെയേറെ സഹായിച്ചിട്ടുണ്ട്.

പഞ്ചായത്തിന്റെ കിഴക്കു വടക്കേ അറ്റമായ കൊന്നാര് കേന്ദ്രമായും പടിഞ്ഞാറെ അറ്റമായ ആക്കോട് കേന്ദ്രമായും തലമുറകളായി നിലനിന്നു വന്ന തങ്ങന്മാരുടെ കുടുംബങ്ങൾ കളങ്ക രഹിതവും മാതൃകാ പരവുമായ ജീവിതത്തിലൂടെ വാഴക്കാടിന്റെ മത-സാംസ്കാരിക ജീവിതത്തെ ധന്യമാക്കിയവരാണ്.

ദേശീയ സ്വാതന്ത്ര്യ സമരത്തിന്റെ പ്രചരണ പ്രവർത്തനങ്ങളുമായി അക്കാലത്ത് വാഴക്കാടിന്റെ വിവിധ ഭാഗങ്ങളിൽ എത്തിച്ചേർന്ന പ്രമുഖന്മാരിൽ ചിലരാണ് സർവ്വശ്രീ.കെ കേളപ്പൻ, മുഹമ്മദ് അബ്ദുൾ റഹിമാൻ സാഹിബ്, ഈ മൊയ്തു മൗലവി എ.വി. കുട്ടിമാളു അമ്മ, കുട്ടികൃഷ്ണൻ നായർ, കെ.എം സീതി സാഹിബ്, പോക്കർ സാഹിബ് എന്നിവർ ഈ പ്രവർത്തനങ്ങൾക്ക് നമ്മുടെ നാട്ടിൽ നേതൃത്വം നൽകിയത്, പിൽക്കാലത്ത് ഡിസ്ട്രിക്ട് ബോർഡ് മെമ്പറായിരുന്ന അഴകത്ത് കൊടോളി കുഞ്ഞുണ്ണി നായരായിരുന്നു. അദ്ദേഹം പ്രസിഡണ്ടായി രൂപീകരിച്ച ചാലിയപ്രം ഗ്രാമോദ്ധാരണ സംഘം റോഡ്, ആശുപത്രി, പൊതു കിണർ, ഹരിജൻ സ്കൂൾ മറ്റ് വിദ്യാലയങ്ങൾ എന്നിവ സ്ഥാപിക്കുന്നതിൽ മുൻകൈ

യ്യെടുത്ത് പ്രവർത്തിച്ചത് പ്രത്യേകം സ്മരണീയമാണ്. ഇതേ സംഘം അരനൂറ്റാണ്ടു മുമ്പ് എടവണ്ണപ്പാറയിൽ സ്ഥാപിച്ച മാധവൻ നായർ സ്മാരക വായനശാലയും ഗ്രന്ഥശാലയും സാസ്കാരിക പ്രവർത്തന രംഗത്തെ കനപ്പെട്ട ഒരു സംഭാവനയാണ്. കമ്മ്യൂണിസ്റ്റ് നേതാക്കളായ ശ്രീ. ഇ.എം ശങ്കരൻ നമ്പൂതിരിപ്പാട്, ശ്രീ. എ.കെ ഗോപാലൻ എന്നിവർ വാഴക്കാട്ട് ഒളിവിൽ കഴിഞ്ഞിരുന്നു. 1946-ൽ ജന്മിവോട്ടവകാശത്തിന്റെ അടിസ്ഥാനത്തിൽ കൊയ്പ്പത്തൊടി അഹമ്മദ്കുട്ടി ഹാജി മദ്രാസ് അസംബ്ലിയിൽ അംഗമായി. വാഴക്കാട് കൂടി ഉൾപ്പെട്ട പ്രദേശത്തിന്റെ പ്രതിനിധികളായി മലബാർ ഡിസ്ട്രിക്ട് ബോർഡിലേക്ക് അഴകത്ത് കൊടോളി കുഞ്ഞുണ്ണി നായരും കൊലത്തിക്കൽ മമ്മദ് കുട്ടി ഹാജിയും തെരഞ്ഞെടുക്കപ്പെടുകയുണ്ടായി. ഈ പാരമ്പര്യം കേരള നിയമസഭാംഗങ്ങളായ മുൻ മന്ത്രി ഇ.ടി. മുഹമ്മദ് ബഷീറിലൂടെ എളമരം കരീമിലൂടെയും നിലനിൽക്കുന്നതിൽ നമുക്ക് അഭിമാനിക്കാം.

വാഴക്കാട് പഞ്ചായത്ത് 1962 ജനുവരി 1-ന് നിലവിൽ വന്നു. 2 വർഷം സ്പെഷ്യൽ ഓഫീസർ ഭരണത്തിലായിരുന്നു. 1.1.1964-ൽ തിരഞ്ഞെടുക്കപ്പെട്ട പ്രഥമ ഭരണ സമിതിയും നീണ്ട ഇടവേളയ്ക്കു ശേഷം 1975 സപ്തമ്പറിൽ നടന്ന തെരഞ്ഞെടുപ്പിൽ രണ്ടാമത്തെ ഭരണ സമിതിയും നിലവിൽ വന്നു. ഇതിന്റെ കാലാവധി 1984 സപ്തമ്പർ 30-ന് കഴിഞ്ഞതോടെ വീണ്ടും 3 വർഷം സ്പെഷ്യൽ ഓഫീസർ ഭരണത്തിലായിരുന്നു. തുടർന്ന് നടന്ന തെരഞ്ഞെടുപ്പിൽ അധികാരത്തിൽ വന്ന മൂന്നാമത്തെ ഭരണ സമിതി കാലാവധി കഴിഞ്ഞ ശേഷവും രണ്ടര വർഷം അഡ്മിനി സ്ട്രേറ്റീവ് സമിതിയെന്ന നിലയിൽ ഭരണം നടത്തി. 1995 ഒക്ടോബർ 2 മുതലാണ് പഞ്ചായത്തീരാജ് നിയമ പ്രകാരം നിലവിൽ വന്ന ഇപ്പോഴത്തെ ഭരണ സമിതി അധികാരത്തിൽ വന്നത്.

വാഴക്കാട് ഗ്രാമ പഞ്ചായത്ത് ഓഫീസ് 1982 ഫെബ്രുവരി മുതൽ 10 ലക്ഷം മതിപ്പ് വിലയുള്ളതും 12 സെന്റ് സ്ഥലത്ത് പണിതതുമായ സ്വന്തം ഇരുനില കെട്ടിടത്തിൽ പ്രവർത്തിച്ചു വരുന്നു. എടവണ്ണപാറയിലെ മാധവൻ നായർ സ്മാരക വായന ശാല & ഗ്രന്ഥശാലയുടെ പേരിലുണ്ടായിരുന്ന ഒന്നര സെന്റ് സ്ഥലവും അതിലുള്ള കെട്ടിടവും പഞ്ചായത്തിന് സൗജന്യമായി ഏല്പിച്ചു കൊടുക്കുകയും അര സെന്റ് സ്ഥലവും കൂടി വിലയ്ക്കെടുത്ത് പഞ്ചായത്ത് 10 ലക്ഷം രൂപ മതിപ്പ് വിലവരുന്ന ലൈബ്രറി & ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിക്കുകയും ചെയ്തു. 8 ലക്ഷം മതിപ്പ് വിലയുള്ളതും 82 സെന്റ് സ്ഥലത്ത് ഉണ്ടാക്കിയതുമായ പഞ്ചായത്ത് മിനി സ്റ്റേഡിയം പണിക്കര പുറായയിലുണ്ട്.

നടന്നു മാത്രം എത്താവുന്നവയായിരുന്നു അടുത്ത കാലം വരെ പഞ്ചായത്തിലെ മിക്കവാറും പ്രദേശങ്ങൾ. ആളും അർത്ഥവും സ്ഥലവും നൽകി ജനങ്ങൾ സഹകരിക്കുകയും പരിമിതമായ വിഭവശേഷിക്കുള്ളിൽ നിന്ന് പഞ്ചായത്ത് ചെയ്യാവുന്നതൊക്കെ ചെയ്തതിന്റെയും ഫലമായി ഇന്ന് വാഴക്കാട് പഞ്ചായത്തിന്റെ ഏത് മുക്കിലും മൂലയിലും വാഹനത്തിൽ എത്തിപ്പെടാൻ പറ്റിയ റോഡ് ശൃംഖലയുണ്ട്. മെറ്റൽ ചെയ്തും ടാറിട്ടും ഈ റോഡുകൾ നന്നാക്കി സംരക്ഷിക്കുകയും പുതിയതായ യാത്രാ സൗകര്യങ്ങൾ സൃഷ്ടിക്കുകയും ചെയ്യേണ്ട കനത്ത ബാധ്യത നമ്മുക്ക് മുൻപിലുണ്ട്. ആദ്യകാലത്ത് ഫറോക്ക് വഴിയും പിന്നീട് മാവൂർ വഴിയും കത്തുകളെത്തിയിരുന്ന വാഴക്കാട് പഞ്ചായത്തിൽ ഇന്ന് വാഴക്കാട്ടും എടവണ്ണപ്പാറയിലും 2 സബ് പോസ്റ്റാഫീസുകൾ ഉണ്ട്.എടവണ്ണ പാറയിലെ ടെലഫോൺ എക്സ്ചേഞ്ചിന്റെ ശേഷി വർദ്ധിപ്പിക്കാൻ വേണ്ട നടപടികൾ നടന്നു കൊണ്ടിരിക്കയാണ്.

നമ്മുടെ പഞ്ചായത്തിലെ ഒരു പാടു ചെറുപ്പക്കാർ ഗൾഫ് നാടുകളിൽ ജോലി ചെയ്യുന്നു. ഗൾഫ് പണവും ജീവിത രീതിയും നമ്മുടെ ചുറ്റു പാടുകളിൽ ചെലുത്തുന്ന സ്വാധീനം ഒരു പഠന വിഷയമാണ്. ഒട്ടും സുരക്ഷിതമല്ലാത്ത തൊഴിൽ സാഹചര്യങ്ങളാണ് ഇവരിൽ ഭൂരിപക്ഷത്തിന്റേതും എന്ന സത്യം ഇവരുടെ ഭാവിയെ ഒരു ചോദ്യചിഹ്നമായി നമുക്ക് മുൻപിൽ ഉയർത്തി നിർത്തുന്നു.

തൊട്ടടുത്ത മാവൂരിൽ 36 വർഷം മുൻപ് ആരംഭിച്ച ഗ്വാളിയോർ റയൺസ് ഫാക്ടറി വാഴക്കാടിന്റ ജന ജീവിതത്തിൽ വരുത്തിയ മാറ്റം പഠനാർഹമായ ഒരു വിഷയമാണ്. ഈ കമ്പനിയിൽ തൊഴിലാളികളായി ജോലിചെയ്തവരും ചെയ്യുന്നവരുമായി നല്ലൊരു വിഭാഗം ജനങ്ങൾ ഈ പഞ്ചായത്തിന്റെ എല്ലാ ഭാഗത്തും ഉണ്ട്. ഇവിടുത്തെ ജനങ്ങളുടെ ജീവിത നിലവാരത്തിൽ,ശൈലിയിൽ,സമീപനത്തിൽ,ഈ പ്രദേശത്തിന്റെ സമ്പദ് ഘടനയെ മൊത്തത്തിൽ സ്വാധീനിച്ച ഒന്നായിരുന്നു മാവൂർപണം. അതോടൊപ്പം

ചാലിയാറിലെ തെളി നീരിനെയും അന്തരീക്ഷത്തിലെ പ്രാണ വായുവിനെയും വിഷമയമാക്കിയ മലിനീകര ണത്തിന്റെ നീരാളി പിടുത്തം തലമുറകളെ ഗ്രസിച്ച ദുരിതാനുഭവമായി അന്നു മുതൽ നിലനിൽക്കുന്നു. ഇന്നത്തെ അവസ്ഥ പ്രത്യേക ശ്രദ്ധ അർഹിക്കുന്ന ഒന്നാണ്.

ഒരു കാലത്ത് ഈ നാട്ടുകാരായ ഗ്രാസിം കമ്പനി തൊഴിലാളികൾ ഒരു പാട് ഉണ്ടായിരുന്നുവെങ്കിലും അവരിൽ ഭൂരിഭാഗവും പിരിഞ്ഞു കഴിഞ്ഞു. ഇപ്പോൾ നിലവിലുള്ളവരിൽ അധികവും ഈ നൂറ്റാണ്ട് കഴിയു ന്നതിനു മുമ്പ് പിരിഞ്ഞു പോകേണ്ടവരുമാണ്. അടുത്ത നൂറ്റാണ്ടിന്റെ ആദ്യ 5 വർഷം കഴിയുമ്പോ ഴേക്കും വാഴക്കാട്ടുകാരായ ഗ്രാസിം തൊഴിലാളികൾ വിരലിൽ എണ്ണാവുന്നവരായി അവശേഷിക്കും. ശ്രദ്ധേ യമായ മറ്റൊരു വസ്തുത മാവൂർ ഗ്രാസിം ഫാക്ടറി യിലെ തൊഴിലവസരങ്ങളിൽ ഈ നാട്ടുകാരുടെ പ്രാതി നിധ്യം ഗണ്യമായി കുറഞ്ഞു വരുന്നു എന്നതാണ്. എന്നാൽ കമ്പനിയുടെ എതിർ വശത്ത് സ്ഥിതി ചെയ്യുന്ന പ്രദേശമെന്ന നിലയിൽ വിഷ പുകയും വിഷ ജലവും വിഷക്കാറ്റും വിതക്കുന്ന രോഗാണു ക്കളെ മുഴുവൻ പേറാൻ വിധിക്കപ്പെട്ട ഹതഭാഗ്യർ നമ്മുടെ പഞ്ചായത്തുകാരാണുതാനും. മാരക രോഗ ങ്ങളും മാറാ വ്യാധികളും നിത്യ ജീവിത്തിന്റെ ഭാഗ മായി കഴിഞ്ഞ ഇവിടുത്തുകാർക്ക് ഈ ദുരിതങ്ങൾക്കി ടയിലും ഇതു വരെ ഉണ്ടായിരുന്ന ആശ്വാസം കുറെ പ്പേർക്ക് ഫാക്ടറിയിൽ ജോലിയുണ്ട് എന്നതായി രുന്നു. ആ രംഗത്തും പുറംതള്ളപ്പെട്ട് വ്യാവസായിക മലിനീകരണത്തിന്റെ ദുരന്തം പേറുന്ന ഒരാൾക്കൂട്ടം എന്ന അവസ്ഥയിൽപ്പെട്ട് വാഴക്കാട്ടുകാർ നിസ്സഹാ യരാവാതിരിക്കണമെങ്കിൽ ആലോചിച്ചുറപ്പിച്ച തീരു മാനങ്ങൾ എടുത്ത് മുന്നേറാൻ നമുക്ക് കഴിയേണ്ടിയി രിക്കുന്നു.

കഴിഞ്ഞ കാലത്തിന്റെ ഓർമ്മകൾ നന്മകളെ ചൊല്ലി അഭിമാനിക്കാനും തിന്മകൾ ആവർത്തിക്ക പ്പെടാതിരിക്കാനും ഒരു സമൂഹത്തെ സജ്ജമാക്കുന്ന അനുഭവ സമ്പത്താണ്. നമുക്കു മുന്നിൽ നടന്നുമറ ഞ്ഞവരുടെ അനുഭവങ്ങൾ, നേട്ടങ്ങൾ നമുക്കു ലഭിച്ച പൈതൃകമാണ്. അതിൽ നമ്മുടെ പങ്കും കൂടി കൂട്ടി ച്ചേർത്ത് പിൻ തലമുറയ്ക്ക് കൈമാറാൻ ഈ അനു ഭവങ്ങളും ഓർമ്മകളും നമുക്ക് കരുത്തേകട്ടെ.

# കൃഷിയും ജലസേചനവും

സ്ഥലനാമം അർത്ഥമാക്കുന്നതുപോലെ കാർഷിക മേഖലയ്ക്ക് പ്രാമുഖ്യമുള്ള പ്രദേശമാണ് വാഴക്കാട്. കുന്നുകളും താഴ്‌വരകളും ചരിവുകളും നെൽവയലുകളും ഇടകലർന്നതാണ് വാഴക്കാടിന്റെ ഭൂപ്രകൃതി. വടക്കെ അതിർത്തിയിൽ കിഴക്കുമുതൽ പടിഞ്ഞാറുവരെ ചാലിയാർ ഈ പ്രദേശത്തിന് അനുഗ്രഹമായി ഒഴുകുന്നു. തെക്കുഭാഗത്ത് ഉയർന്നു നിൽക്കുന്ന കുന്നുകൾ സുരക്ഷാമതിലുകൾ തീർക്കുന്നു. നെല്ല്, തെങ്ങ്, വാഴ എന്നീ മുഖ്യവിളകൾക്കു പുറമെ കിഴങ്ങുവർഗങ്ങളും കശുവണ്ടി, റബ്ബർ, കുരുമുളക് എന്നീ നാണ്യവിളകളും കൃഷി ചെയ്തുവരുന്നു. കാർഷിക മേഖലയെ ആശ്രയിച്ചാണ് പഴയകാലത്ത് ജനങ്ങൾ ജീവിച്ചിരുന്നത്.

സമുദ്രനിരപ്പുമായി തട്ടിച്ചുനോക്കിയാൽ 20 മീറ്റർ, 20 മീറ്ററിനും 40 മീറ്ററിനും ഇടയിൽ, 40 മീറ്ററിനും 60 മീറ്ററിനും ഇടയിൽ, 60 മീറ്ററിനും 100 മീറ്ററിനും ഇടയിൽ, 100 മീറ്ററിനു മുകളിൽ എന്നിങ്ങനെ ഭൂമിയെ തരംതിരിക്കാം. കണ്ണത്തുംപാറയിലെ മുടക്കോഴിമല, അനന്തായൂരിലെ കാടിയാത്തൻമല, എളമരത്തെ കഴുക്കുത്താൻകുന്ന് മുതലായവ 100 മീറ്ററിൽ കൂടുതൽ ഉയരമുള്ളവയാണ്.

**പട്ടിക 1**

**ഭൂമിയുടെ ഇനവും വിസ്തീർണ്ണവും**

| ഇനം | വിസ്തീർണ്ണം |
|---|---|
| നിലം | 247 ഹെക്ടർ |
| പുരയിടം | 1467 ഹെക്ടർ |
| പുറമ്പോക്ക് | 467.60 ഹെക്ടർ |
| **ആകെ** | **2361.60 ഹെക്ടർ** |

നിലമ്പൂർ കോവിലകം, കിഴക്കെ കോവിലകം, പടിഞ്ഞാറെ കോവിലകം, കിഴക്കുമ്പാട്ട് നമ്പൂതിരിപ്പാട്, കക്കുഴി ഇല്ലത്ത് മൂസത്, ചെറുവാക്കാട്ട് ഇല്ലം, തൃക്കളയൂർ ദേവസ്വം, അനന്തായൂർ ദേവസ്വം, ശ്രീവളയനാട് ദേവസ്വം, കൊണ്ടോട്ടി തങ്ങൾ, കൊയപ്പത്തൊടി തുടങ്ങി വൻകിട ജന്മിമാരുടെ ഉടമസ്ഥതയിലായിരുന്നു ഭൂമി മുഴുവനും ഉണ്ടായിരുന്നത്. ഭൂസ്വത്തിന്റെ പരിപാലകരും കൈകാര്യകർത്താക്കളുമായി കുടിയാന്മാരുണ്ടായിരുന്നു. ഭൂപരിഷ്കരണ നിയമം നടപ്പിലായതോടെ ജന്മി – കുടിയാൻ ബന്ധമവസാനിച്ചു. ഭൂമി കൈവശക്കാരായ കുടിയാന്മാരുടെ കൈകളിലേക്കു വന്നു. മിച്ചഭൂമി ഭൂരഹിത കർഷകർക്കും കർഷകത്തൊഴിലാളികൾക്കുമായി പതിച്ചു കൊടുക്കപ്പെട്ടു. ഭൂമി തുണ്ടം തുണ്ടമായി വിഭജിക്കപ്പെട്ടു. 'പുതിയ ജന്മിമാർ' അവരുടെ ഇഷ്ടാനിഷ്ടങ്ങൾക്കു വിധേയമായി ഭൂവിനിയോഗം നടത്തി. വയലുകൾ നികത്തി പുരയിടങ്ങളും കെട്ടിടങ്ങളും റോഡുകളുമായി മാറ്റപ്പെട്ടു. പലതും കളിസ്ഥലങ്ങളായി, കൃഷി ദീർഘകാല വിളകളായി. വിളയുടെ ക്രമത്തിലും ഗണ്യമായ മാറ്റം വന്നു. നികത്തൽ വഴിയും കളിമൺ വ്യവസായത്തിനായി മണ്ണെടുത്തതു മൂലവും നെൽപാടങ്ങളുടെ വിസ്തൃതി തുലോം കുറഞ്ഞു. കർഷകന്റെ മാന്യതക്ക് ഇടിച്ചിൽ വന്നു. കൃഷിക്കാർ ഈ രംഗത്തുനിന്നും പിൻമാറാൻ തുടങ്ങി. വിദ്യാഭ്യാസത്തിന്റെ വ്യാപനവും, മാവൂർ കമ്പനിയുടെ ആഗമനവും ഒരു പരിധിവരെ കാർഷികരംഗത്തുനിന്നുള്ള തിരോധാനത്തിനു കാരണമായിട്ടുണ്ട്. ഉൽപാദനം ലാഭകരമല്ലെന്നുവന്നു. അവിടെ കേന്ദ്രീകരിച്ചിരുന്ന കർഷകത്തൊഴിലാളികൾ തൊഴിൽ രഹിതരായി. അവർ മറ്റു മേഖലകളിലേക്ക് ചേക്കേറാൻ തുടങ്ങി.

മറ്റുള്ളവയുടെ സ്ഥിതിയും വ്യത്യസ്തമല്ല. മരച്ചീനി(പൂള), മധുരക്കിഴങ്ങ്, ചേന, ചേമ്പ്, കാവുത്ത് മുതലായ കിഴങ്ങു വർഗങ്ങളും കുറഞ്ഞുവരുന്നു. വാഴക്കൃഷിയും വെല്ലുവിളിയെ നേരിടുകയാണ്. ഇഞ്ചി, മഞ്ഞൾ എന്നിവയും അപ്രത്യക്ഷമാവുകയാണ്. പുഴയുടെ തീരത്തും തോടിന്റെ കരയിലുമുണ്ടായിരുന്ന പച്ചക്കറികളും ഇന്നു കാൺമാനില്ല. പുഴയോരങ്ങളിലെ പച്ചക്കറി മാഞ്ഞുപോകാൻ മലിനീകരണവും കാരണമായിട്ടുണ്ട്.

പട്ടിക 2

ഭൂമിയുടെ കൈവശം സംബന്ധിച്ച വിവരം

| നമ്പർ | ഭൂപരിധി | ഉടമസ്ഥരുടെ എണ്ണം |
|---|---|---|
| 1 | 1-10 സെന്റ് | 1002 |
| 2 | 10-25 സെന്റ് | 860 |
| 3 | 25-50 സെന്റ് | 900 |
| 4 | 50-100 സെന്റ് | 765 |
| 5 | 1-2 ഏക്കർ | 283 |
| 6 | 2-4ഏക്കർ | 103 |
| 7 | 5നു മുകളിൽ | 71 |

മഴയെ ആശ്രയിച്ചാണ് മുൻകാലങ്ങളിൽ കൃഷി ചെയ്തിരുന്നത്. 1964ൽ വൈദ്യുതിയുടെ വരവോടു കൂടി മോട്ടോർ പമ്പുസെറ്റുപയോഗിച്ച് വെള്ളം ലഭ്യമാക്കാൻ കഴിഞ്ഞു. 1985ൽ വാഴക്കാട് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി പ്രവർത്തനക്ഷമമായെങ്കിലും പഞ്ചായത്തിന്റെ കിഴക്കൻ മേഖലയിൽ ചുരുങ്ങിയ സ്ഥലത്തുമാത്രമേ ഇതിന്റെ പ്രയോജനം ലഭിച്ചുള്ളു.

നാടൻ വിത്തുകളും ജൈവവളവുമുപയോഗിച്ചുള്ള കൃഷിരീതി നാമാവശേഷമാവുകയാണ്. എന്നാൽ, ശാസ്ത്രീയവും നൂതനവുമായ കൃഷിസമ്പ്രദായത്തിന് ഇവിടെ വേരുപിടിക്കാനാവുന്നുമില്ല. ചുരുക്കത്തിൽ മഖ്യവരുമാനമാർഗ്ഗമായി കൃഷിയെ അവലംബിക്കാൻ ചെറുകിട കർഷകർ ഇന്ന് തയ്യാറല്ല. ഉത്പാദനവും ഉത്പാദനക്ഷമതയും കുറഞ്ഞു വരുന്നുവെന്നതുകൊണ്ടുതന്നെ കൃഷിയിറക്കാൻഅവർ താത്പര്യം പ്രകടിപ്പിക്കുന്നില്ല. കാർഷിക വൃത്തിക്കുവേണ്ടി വരുന്ന ഭാരിച്ച ചെലവുകൾ, തൊഴിലാളികളുടെ എണ്ണക്കുറവ്, കൂലി വർധനവ്, ഉൽപന്നങ്ങൾക്കു മതിയായ വില കിട്ടാതിരിക്കൽ തുടങ്ങി വിവിധങ്ങളായ കാരണങ്ങളും കാർഷികമേഖലയെ അനാകർഷകമാക്കുന്നു. ജലസേചനത്തിന്റെ അപര്യാപ്തത, നീർക്കെട്ട്, വെള്ളപ്പൊക്കം, വരൾച്ച തുടങ്ങിയവയും ഈ രംഗത്തെ മുഖ്യപ്രശ്നങ്ങളാണ്. ഗൾഫ് പണത്തിന്റെ സ്വാധീനംമൂലം ഭൂമിക്ക് ലാഭമുണ്ടാക്കാൻ വേണ്ടി വാങ്ങുകയും വിൽക്കുകയും ചെയ്യുന്ന ഒരു കച്ചവടച്ചരക്ക് എന്ന അവസ്ഥ കൈവന്നതും കൃഷിയെ തളർത്തി.

വിരലിലെണ്ണാവുന്ന ഉഴവു കാളകൾ മാത്രമാണ് വാഴക്കാട് പഞ്ചായത്തിൽ ഇപ്പോഴുള്ളത്. കൃഷിക്കാരുടെ മുഖ്യവിനോദമായ കാളപൂട്ട് മത്സരങ്ങളും ഇപ്പോൾ നടക്കുന്നില്ല. ഉഴവുയന്ത്രം വളരെ പരിമിതമാണ്. ജലസേചനസൗകര്യങ്ങളും തൃപ്തികരമല്ല. മാത്രമല്ല കൃഷിയിൽ ഒട്ടുംതന്നെ കൂട്ടായ്മയില്ല. പാടശേഖര സമിതികളും കേരസംരക്ഷണ സമിതിയും വിപുലമായി പ്രവർത്തിക്കുന്നില്ലെന്ന സ്ഥിതിവിശേഷവുമുണ്ട്. ചാലിയാറിന്റെ സമൃദ്ധമായ ജലസമ്പത്ത് കൃഷിയുടെ പോഷണത്തിനും വ്യാപനത്തിനും വിനിയോഗിക്കാൻ കഴിയാതെ പോയിട്ടുണ്ട്.

**മുഖ്യവിളകളെക്കുറിച്ചുള്ള സംക്ഷിപ്ത വിവരം ചുവടെ ചേർക്കുന്നു**

### 1. നെല്ല്:

ഒന്നാംവിള 110 ഹെക്ടർ, രണ്ടാംവിള 150 ഹെക്ടർ, മൂന്നാം വിള 35 ഹെക്ടർ എന്നിങ്ങനെയാണ് പഞ്ചായത്തിൽ നെൽകൃഷി ചെയ്യപ്പെടുന്നത്. ആര്യൻ, വെള്ളാര്യൻ, ചിറ്റേനി, തെക്കൻ ചീര, കുട്ടാടൻ, മുണ്ടാടൻ, മലപ്പുറവൻ തുടങ്ങിയ നാടൻ വിത്തുകളായിരുന്നു ആദ്യകാലങ്ങളിൽ പ്രാബല്യത്തിലുണ്ടായിരുന്നത്. ഇവയിൽ ചിലതെല്ലാം ഇപ്പോഴും നിലവിലുണ്ട്. ജൈവവളം മാത്രമാണ് മണ്ണിന്റെ ഫലപുഷ്ടിക്കായി ഉപയോഗിച്ചിരുന്നത്. ഇടക്കാലത്ത് ഐ.ആർ 8, തായ്‌വാൻ 3 എന്നീ വിത്തുകളും രംഗപ്രവേശം ചെയ്യുകയുണ്ടായി. എന്നാലിന്ന് ജയ, ത്രിവേണി, ഐശ്വര്യ, ജ്യോതി, മുണ്ട, സിയോ എന്നീ വിത്തുകൾ വ്യാപകമായി കൃഷി ചെയ്യുന്നു.

ഭൂവിനിയോഗം സംബന്ധിച്ച വിവരം.

പട്ടിക 3

| നമ്പർ | വിനിയോഗം | വിസ്തൃതി | ശതമാനം |
|---|---|---|---|
| 1. | മിശ്രിതവിളകൾ | 954 | 40.40 |
| 2. | തെങ്ങ് | 250 | 10.58 |
| 3. | കവുങ്ങ് | 50 | 2.12 |
| 4. | നെല്ല്-ഇരുപ്പൂ | 247 | 10.46 |
| 5. | വാഴ | 80 | 3.39 |
| 6. | റബ്ബർ | 50 | 2.12 |
| 7. | കശുമാവ് | 250 | 10.58 |
| 8. | കുരുമുളക് | 10 | 0.42 |
| 9 | വെറ്റില | 3 | 0.13 |
| 10. | കൃഷിക്കുപറ്റിയ തരിശ് | 467.6 | 19.80 |

വെള്ളക്കെട്ടും, വെള്ളപ്പൊക്കവുമാണ് നെൽക്കൃഷിക്ക് ഏറ്റവും ഭീഷണിയായിട്ടുള്ളത്. ശരാശരി 315 മെട്രിക് ടൺ നെല്ലാണ് പ്രതിവർഷം ഉത്പാദിപ്പിക്കുന്നത്. മഴയാണ് ജലസേചനത്തിന് മുഖ്യആശ്രയം. വാഴക്കാട് ലിഫ്റ്റ് ഇറിഗേഷൻ, ചാലിയാർ തീരത്തുള്ള പമ്പുസെറ്റുകൾ, പാലപ്രതോടിലും കോണത്ത് തോടിലുമുള്ള ചെക്ക്ഡാമുകൾ എന്നിവയിൽ നിന്നും വെള്ളം കൃഷിക്കായി കണ്ടെത്തുന്നു. തണ്ടുതുരപ്പൻ, ഇലചുരുട്ടിപ്പുഴു എന്നിവയുടെ ആക്രമണം മൂലം ഉണ്ടാകുന്ന മുഞ്ഞയാണ്(ബ്ലൈറ്റ്സ്) നെല്ലിനെ ബാധിക്കുന്ന രോഗങ്ങളിൽ പ്രധാനം.

### 2. തെങ്ങ്:

ഒന്നുമുതൽ പതിനൊന്ന് വാർഡുകളിലായി 1035 ഹെക്ടർ സ്ഥലത്ത് തെങ്ങുകൃഷിയുണ്ട്. 181125 തെങ്ങുകളുണ്ട്. ഏകദേശം ഒരു കോടി നാളികേരം പ്രതിവർഷം ഇവയിൽ നിന്നും ലഭിക്കുന്നു. വാഴക്കാടിന്റെ സാമുഹിക സാമ്പത്തിക ഘടനക്ക് കരുത്തുപകരാൻ ഈ കല്പവൃക്ഷങ്ങൾക്ക് എന്തുകൊണ്ട് സാധിക്കില്ല? സംസ്ഥാന ശരാശരിയായ 40–45 നാളികേരമാണ് ഇവിടെയും തെങ്ങിന്റെ ഉൽപാദന ക്ഷമത. കാലഹരണപ്പെട്ട പതിവുപരിചരണ രീതികൾ മാറ്റി, നൂതന സങ്കേതങ്ങൾ പ്രയോഗിക്കാൻ തയ്യാറായാൽ ചുരുങ്ങിയ കാലയളവുകൊണ്ട് ഉത്പാദനം ഇരട്ടിയാക്കി വർധിപ്പിക്കാനും ഒരു പുതിയ തൊഴിൽ ദായകമേഖല വികസിപ്പിച്ചെടുക്കാനും തെങ്ങ്കൃഷി വഴി സാധിക്കും. സമഗ്ര നാളികേര വികസനപദ്ധതിയിൽപ്പെടുത്തി, 30 സെന്റിനുമേൽ ഭൂമിയിൽ തെങ്ങുകൃഷി ചെയ്യുന്നവർക്കായി ജലസേചനത്തിന് കിണർ, പമ്പ്സെറ്റ് എന്നിവയ്ക്ക് സാമ്പത്തികാനുകൂല്യം നൽകാൻ കൃഷിഭവൻ സഹായിക്കുന്നുണ്ട്. മരുന്നുതളിക്കാൻ റോക്കർ സ്പ്രെയർ, തെങ്ങുകയറ്റുയന്ത്രം എന്നിവയ്ക്ക് യഥാക്രമം 1000, 500 രൂപ വീതവും കൊടുക്കുന്നു. ഇത് ഫലപ്രദമായി വിനിയോഗിക്കുന്നവർ കുറവാണ്.

### 3. കവുങ്ങ്:

200 ഹെക്ടർ സ്ഥലത്താണ് കവുങ്ങു കൃഷിയുള്ളത്. 4500 മെട്രിക് ടണ്ണാണ് വാർഷിക ഉത്പാദനം. പ്രത്യേക തോട്ടങ്ങളായി കവുങ്ങു കൃഷി ചെയ്യുന്നവരുടെ എണ്ണം കൂടി വരികയാണ്.

### 4. വാഴ:

80 ഹെക്ടർ സ്ഥലത്താണ് വാഴക്കൃഷിയുള്ളത്. ആവശ്യത്തിനു വെള്ളവും മതിയായ പരിചരണവും ലഭിച്ചാൽ നല്ല വിളവു നൽകാൻ കഴിയുന്ന കൃഷിയാണ് വാഴ. നേന്ത്രവാഴയാണ് മുഖ്യം. മൈസൂർ, തിരുനെല്ലിപൂവൻ, തോടൻ, മലമുണ്ടി മുതലായവും കണ്ടു വരുന്നു. വെള്ളപ്പൊക്കവും ശക്തിയായ കാറ്റും മഴയുമാണ് വാഴയുടെ മുഖ്യശത്രുക്കൾ. കൂമ്പടയൽ, കൊക്കൻ(ചുവപ്പു ബാധിച്ച് ഇലകൾ കീറിപ്പോവുക) എന്നിവയാണ് വാഴയെ ബാധിക്കുന്ന രോഗങ്ങൾ. കൊക്കൻ രോഗം നിയന്ത്രണ വിധേയമല്ലെന്ന പ്രശ്നവുമുണ്ട്.

### 5. കശുമാവ്:

250 ഹെക്ടറിൽ ഈ കൃഷിയുണ്ട്. ഇതിൽ 75% നാടനും 25% ഗ്രാഫ്റ്റ് ചെയ്തുമാണ്. 412.5 മെട്രിക്ടൺ കശുവണ്ടി പ്രതിവർഷം ലഭിക്കുന്നു. നാളികേ

ത്തിനെന്നപോലെ ഫലപ്രദമായ പരിചരണവും ശ്രദ്ധയുമുണ്ടായാൽ ഇതൊരു തൊഴിൽദായക ഉത്പന്നമാക്കി മാറ്റാൻ കഴിയും. കശുമാവ് കൃഷിക്കനുയോജ്യമായ ഭൂമി ഈ പഞ്ചായത്തിൽ ധാരാളമുണ്ട്. കൃഷിഭവൻ മുഖേന നടപ്പാക്കുന്ന കശുമാവ്കൃഷി വികസന പദ്ധതി പ്രയോജനപ്പെടുത്താൻ കർഷകർ ശ്രമിക്കേണ്ടതുണ്ട്.

### 6. കുരുമുളക്:

നാണ്യം കൊയ്യുന്ന സുഗന്ധവിളകളിൽ മുഖ്യമായ ഒന്നാണ് കുരുമുളക്. 80 ഹെക്ടർ സ്ഥലത്താണ് ഇപ്പോൾ ഈ കൃഷിയുള്ളത്. ദ്രുതവാട്ടം, പൊള്ള എന്നീ രോഗങ്ങൾ ഇതിനെ സാരമായി ബാധിക്കുന്നു. കൃഷിഭവൻ വഴി കുരുമുളക് കൃഷി വികസന പദ്ധതി പ്രാവർത്തികമാക്കുന്നുണ്ടെങ്കിലും ഉദ്ദേശിച്ച പുരോഗതി കൈവരിക്കാനായിട്ടില്ല. 160 മെട്രിക് ടൺ മാത്രമാണ് ഇന്നത്തെ ഉത്പാദനം. തെങ്ങുകളിൽ കുരുമുളകു വള്ളികൾ പടർത്തിക്കൊണ്ട് ഇടവിളയായി കുരുമുളക് കൃഷി വ്യാപിപ്പിക്കാവുന്നതാണ്.

### 7. പച്ചക്കറി:

പഞ്ചായത്തിൽ ആവശ്യമുള്ള പച്ചക്കറി ഇപ്പോൾ പൂർണ്ണമായും ഇറക്കുമതി ചെയ്യുകയാണ്. എന്നാൽ, ആഭ്യന്തര ഉത്പാദനത്തിലൂടെ പച്ചക്കറിയിൽ സ്വയം പര്യാപ്തത കണ്ടെത്താനുള്ള സാധ്യത ഇവിടെയുണ്ട്. ഗാർഹികാവശ്യത്തിനോ വാണിജ്യാവശ്യത്തിനോ ഈ കൃഷിയിൽ വ്യാപരിക്കുന്നവരുടെ എണ്ണം വളരെ വിരളമാണ്. വീട്ടിലേക്ക് വേണ്ട പച്ചക്കറിയെങ്കിലും ഉണ്ടാക്കാൻ ഒരു ജനകീയ പച്ചക്കറി കൃഷി പരിപാടിക്ക് രൂപം കൊടുത്ത് ശ്രമിക്കേണ്ടതാണ്.

### 8. റബ്ബർ:

1970നു ശേഷമാണ് റബ്ബർകൃഷി ആരംഭിക്കുന്നത്. 50 ഹെക്ടറിൽ ഇപ്പോൾ റബ്ബറുണ്ട്. ഈ കൃഷിക്ക് അനുഗുണമായ മണ്ണും കാലാവസ്ഥയുമാണ് പഞ്ചായത്തിലുള്ളത്. തൊഴിൽ സാധ്യത വർധിപ്പിക്കാൻ കഴിയുന്ന ഒരു വിളയെന്ന നിലയിൽ ഇത് പ്രത്യേക പരിഗണനയും പരിലാളനയും അർഹിക്കുന്നു. റബ്ബർ പ്ലാന്റേഷൻ സംബന്ധിച്ച ആധുനിക വിജ്ഞാനവും സാമ്പത്തിക സഹായവും വിപണന സൗകര്യവും ഒരുക്കി കൊടുക്കണം.

### 9. മരച്ചീനി:

ഭക്ഷ്യാവശ്യത്തിനായി മരച്ചീനി പഞ്ചായത്തിൽ സുലഭമായി ഇറക്കുമതി ചെയ്യുന്നുണ്ട്. മുൻകാലങ്ങളിൽ വർധിച്ച മുൻഗണനയോടെ ഇതു കൃഷി ചെയ്തിരുന്നവർ പിൻവാങ്ങുകയുണ്ടായി. 25 ഹെക്ടറിൽ മാത്രമാണ് ഇപ്പോൾ മരച്ചീനി കൃഷി ചെയ്യുന്നത്. ജനങ്ങൾ ഒരു 'ഇഷ്ട ഭോജ്യ'മായി ഇതിനെ അംഗീകരിച്ചുകൊണ്ടിരിക്കുന്നുവെന്നതിനാൽ ആവശ്യത്തിനുള്ള മരച്ചീനി ഇവിടെ തന്നെ ഉണ്ടാക്കാൻ കഴിയേണ്ടതാണ്.

പയറുവർഗങ്ങൾ, എള്ള് തുടങ്ങിയവയ്ക്കും ഇവിടെ സാധ്യതയുണ്ട്. ഔഷധ സസ്യങ്ങൾക്കു പാകമുള്ള മണ്ണും വാഴക്കാട് പഞ്ചായത്തിൽക്കാണാം. വെറ്റിലകൃഷിയും വാഴക്കാടിന് അനുയോജ്യം തന്നെ.

**കാർഷികരംഗം നേരിടുന്ന പ്രധാനവെല്ലുവിളികളെ ഇങ്ങനെ സംഗ്രഹിക്കാം.**

1. നീർക്കെട്ട്: രണ്ടാം വാർഡിൽ മണ്ണംപറമ്പത്ത് താഴെ, കളത്തിൽ, അഞ്ചാവാർഡിൽ കിഴക്കുവീട്ടിൽ താഴം, എട്ടിൽ അടൂർ പാടം, കുറ്റീരിപാടം, ഒമ്പതിലെ നരിവായിൽ കളത്തുംപാടം, എടവണ്ണപ്പാറക്കു കിഴക്കുവശമുള്ള ചാലിക്കണ്ടം എന്നിവിടങ്ങളിലെ വെള്ളക്കെട്ട് ഉദാഹരണങ്ങളാണ്. കൃഷിയിറക്കാനും സംരക്ഷിക്കാനും ഇതുമൂലം പ്രയാസമനുഭപ്പെടുന്നു.

**2.**ജലസേചന സൗകര്യം: താരതമ്യേന കുറവാണ്. ചാലിയാർ തീരത്ത് പമ്പുസെറ്റ് ഉപയോഗിക്കുന്നവർക്ക് (ഒന്നു മുതൽ 5 വരെ വാർഡിലുള്ളവർ) വേനൽക്കാലങ്ങളിൽ ഉപ്പുവെള്ളത്തിന്റെ ശല്യമുണ്ട്. ചാലിയാറിലെ ജലമലിനീകരണവും പ്രയാസമുണ്ടാക്കുന്നുണ്ട്. വാർഡ് 3, 6 എന്നീവിടങ്ങളിൽ വൈദ്യുതി ലഭിക്കാത്തതിനാൽ ജലസേചന സൗകര്യമുണ്ടാക്കാൻ കഴിയുന്നില്ല.

**3.** മാവൂർ ഗ്രാസിം കമ്പനിയുടെ എതിർവശത്തുള്ള 5, 7, 8, 9, 10, 11 വാർഡുകളിൽ തെങ്ങ്, കവുങ്ങ്, കശുമാവ്, കുരുമുളക് തുടങ്ങിയവ വിഷപ്പുകയേറ്റ് വളർച്ച മുരടിക്കുകയും പൂങ്കുല കൊഴിയുകയും ചെയ്യുന്നു.

**4.** പ്രകൃതിക്ഷോഭം പ്രത്യേകിച്ച് വെള്ളപ്പൊക്കം മൂലം വാഴയും നെല്ലും നശിക്കുന്നു.

**5.** കാർഷികവൃത്തിയോടുള്ള ആഭിമുഖ്യമില്ലായ്മ, തൊഴിലാളികളുടെ എണ്ണക്കുറവ്, കൂലിക്കൂടുതൽ, കൂട്ടായ്മയുടെ അഭാവം എന്നീ പൊതുപ്രശ്നങ്ങൾ

ഇവിടെയുമുണ്ട്.

**6.** കൃഷിഭവൻ പ്രവർത്തനം വിപുലമല്ല. അവിടെ ബന്ധപ്പെടുന്ന കൃഷിക്കാരുടെ എണ്ണം കുറവാണ്. വിത്ത്, വളം, കീടനാശിനി, സബ്സിഡി എന്നിവ യഥാർഥഗുണഭോക്താക്കൾക്ക് യഥാവിധി ലഭിക്കുന്നില്ല.

**7.** കാർഷിക യന്ത്രോപകരണങ്ങൾ പരിമിതമാണ്.

**8.** പാടശേഖരസമിതികളുടെയും കേരവികസന സമിതികളുടെയും പ്രവർത്തനം കാര്യക്ഷമമല്ല.

**9.** രാസവളത്തിന്റെ വില കൂടുന്നു; ജൈവവളം കിട്ടുന്നില്ല.

**10.** വാഴക്കാട് ലിഫ്റ്റ് ഇറിഗേഷന്റെ പ്രവർത്തനം ഉദ്ദേശിച്ച ഫലപ്രാപ്തിയിലെത്തിയിട്ടില്ല.

**11.** കൃഷിഭവൻ മുഖേനയുള്ള ആനുകൂല്യങ്ങൾ ദുരുപയോഗം ചെയ്യപ്പെടുന്ന സാഹചര്യമുണ്ട്.

**12.** ആദായകരമായ പുതിയ കൃഷി സമ്പ്രദായങ്ങളെക്കുറിച്ച് വ്യാപകമായ ബോധവത്കരണം നടക്കുന്നില്ല.

**13.** മണ്ണു സംരക്ഷണ സംവിധാനങ്ങളെക്കുറിച്ച് വേണ്ടത്ര ധാരണയില്ല.

### കൃഷിഭവൻ

1971 ൽ ഏലാ വികസന ഓഫീസാണ് പഞ്ചായത്തിലുണ്ടായിരുന്നത്. തുടർന്ന് ഇത് ഊർജ്ജിത കൃഷി വികസന ആഫീസായി മാറി. 1987 സപ്തംബർ മുതൽ പഞ്ചായത്തിനുമാത്രമായി കൃഷിഭവൻ പ്രവർത്തനം തുടങ്ങി. വാഴക്കാട് പഞ്ചായത്തിന്റെ ഏതാണ്ട് മധ്യത്തിലായി ഒരു വാടകകെട്ടിടത്തിൽ കൃഷിഭവൻ സ്ഥിതി ചെയ്യുന്നു. സ്വന്തമായി സ്ഥലമുണ്ടെങ്കിലും സ്ഥിരം കെട്ടിടമായിട്ടില്ല. ആഫീസറുൾപ്പെടെ നാലു ജീവനക്കാരാണുള്ളത്. കെട്ടിടം കഴിവതും വേഗം നിർമിക്കണം. താഴെ പറയുന്ന പദ്ധതികളാണ് ഈ പഞ്ചായത്തിൽ ഇപ്പോൾ നടപ്പാക്കി വരുന്നത്.

**I ഗ്രൂപ്പ് ഫാമിംഗ്**

**a.** ആക്കോട്, അനന്തായൂർ, നൂഞ്ഞിക്കര, വാഴക്കാട്, വടക്കേപ്പാടം, മപ്രം(അമ്പാളി), കളത്തുംപാടം എന്നിവിടങ്ങളിലായി ഏഴു പാടശേഖര സമിതികൾ പ്രവർത്തിക്കുന്നു.

വിളക്രമം പട്ടിക 4ൽ കൊടുത്തിരിക്കുന്നു.

**പട്ടിക 4** **വിളക്രമം**

| | പാടശേഖരം | ഒന്നാംവിള | രണ്ടാംവിള | മൂന്നാംവിളര |
|---|---|---|---|---|
| 1 | വാഴക്കാട് | നെല്ല് (ജ്യോതി)<br>വാഴ | നെല്ല്<br>വാഴ | നെല്ല് (ജ്യോതി)<br>അഞ്ച്ഹെക്ടർ |
| 2 | അമ്പാളി | നെല്ല്(ജ്യോതി)<br>വാഴ | നെല്ല് (മുണ്ട, ജ്യോതി, വെള്ളാരൻ) വാഴ | നെല്ല്(തെക്കൻ ചീര)<br>വാഴ |
| 3 | വടക്കെപ്പാടം | നെല്ല് (മുണ്ട്, ജ്യോതി)<br>വാഴ | നെല്ല് (മുണ്ട, വെള്ളാര്യൻ, ചിറ്റേനി) വാഴ | നെല്ല് (ജ്യോതി) 15 ഹെക്ടറിൽ വെറ്റില |
| 4 | അനന്തായൂർ | നെല്ല് (ആര്യൻ, കാളി, മുണ്ട, ജ്യോതി)<br>വാഴ, വെറ്റില | നെല്ല് (മുണ്ട, ചിറ്റേനി, ജ്യോതി)<br>വാഴ, വെറ്റില | നെല്ല് (തെക്കൻ ചീര, ജ്യോതി) 5ഹെക്ടർ<br>വെറ്റില |
| 5 | ആക്കോട് | നെല്ല് (ജയ, ആര്യൻകാളി)<br>വാഴ | നെല്ല് (ജയ, മുണ്ട)<br>വാഴ | നെല്ല്, 5ഹെക്ടർ<br>പച്ചക്കറി (ചുരങ്ങ, വെള്ളരി, പയർ |
| 6 | നൂഞ്ഞിക്കര | നെല്ല് (മുണ്ട, ജ്യേതി)<br>വാഴ | നെല്ല് (മുണ്ട, ജയ) | നെല്ല്, പച്ചക്കറി<br>പയർ. ചീര, പാവൽ, പടവലം |
| 7 | കളത്തുംപാടം | നെല്ല് (ജ്യോതി, മുണ്ട)<br>വാഴ | നെല്ല് (വെള്ളാര്യൻ, മുണ്ട)<br>വാഴ | നെല്ല്, പച്ചക്കറി<br>(കുമ്പളം, ചുരങ്ങ, പയർ, പാവൽ |

**b.** സങ്കരയിനം നെൽവിത്തുകൾ ഉൽപാദിപ്പിച്ച് വിതരണം ചെയ്യുന്നതിനുള്ള റജിസ്ട്രേഡ് സീഡ് ഗ്രോവേഴ്സ് പ്രോഗ്രാം

**c.** ജലസേചന - ജലനിർഗമന സൗകര്യങ്ങൾ വർധിപ്പിക്കാനും പവർ ടില്ലർ, ട്രാക്ടർ, കീടനാശിനി സ്പ്രെയറുകൾ എന്നിവ സബ്സിഡി നിരക്കിൽ വിതരണം ചെയ്യാനുള്ള പദ്ധതി.

**d.** ഉൽപാദന ബോണസ് (ഹെക്ടറിന് 250 രൂപ) നൽകുന്നു.

**II a.** നാളികേരം, കശുമാവ്, കുരുമുളക്, പഴവർഗ്ഗം, വെറ്റില, പച്ചക്കറി മുതലായവയുടെ വികസനത്തിനും ജൈവവള നിർമാണം, വിള ഇൻഷുറൻസ്, ബയോഗ്യാസ് വികസനം തുടങ്ങിയ പദ്ധതികൾക്കും സഹായം നൽകുന്നു.

**b.** യുവജനങ്ങൾക്ക് തൊഴിൽ നൽകാനും കൃഷിക്ക് പ്രോത്സാഹനം നൽകാനുമുള്ള പ്രത്യേക പദ്ധതികൾ. 113 പേർ ഈ പദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

**c.** മണ്ണു പരിശോധന നടത്തി അതിനനുസൃതമായ രാസവള പ്രയോഗത്തിന് നിർദേശം നൽകുന്നു.

പട്ടിക 5

| നമ്പർ | ഭൂപ്രകൃതി | മൺതരം | നിലവിലുള്ള ഉപയോഗം | സാദ്ധ്യത |
|---|---|---|---|---|
| 1 | ഉയർന്ന സമതലം | തവിട്ടുമണ്ണ്, ചുവന്നമണ്ണ് | കശുവണ്ടി വിളകൾ | കശുവണ്ടി വ്യാപിപ്പിക്കുക. |
| 2 | കുന്നിൻ മണ്ട | ചുവന്ന ചെങ്കൽമണ്ണ് | കശുവണ്ടി | - |
| 3 | ഉയർന്ന ചെങ്കൽ പ്രദേശം | കടും തവിട്ട് നിറമുള്ള മണ്ണ് | കശുവണ്ടി-തരിശ് | കശുവണ്ടി-ചെങ്കൽ ഖനനം |
| 4 | കുത്തനെയുള്ള ചെരിവ് | ചെങ്കൽമണ്ണ് പശിമരാശിമണ്ണ് | മിശ്രവിള-മിശ്രവൃക്ഷം കശുവണ്ടി. തെങ്ങ് കൂടുതൽ | റബ്ബർ |
| 5 | ചെറുചെരിവ് പ്രദേശം | ചെമ്മണ്ണ് | മിശ്രവൃക്ഷം-തെങ്ങ്, റബ്ബർ | മിശ്രവിള, കുരുമുളക്, ഇഞ്ചി, കൈതച്ചക്ക, റബ്ബർ |
| 6 | ചരിവ് സമതലം | ചെമ്മണ്ണ് | മിശ്രവിള, തെങ്ങ് കവുങ്ങ് | പയറ് വർഗ്ഗങ്ങൾ, പച്ചക്കറി |
| 7 | തട്ടുതട്ടായുള്ള ചരിവ് | പശ്ചിമരാശിയുള്ള ചുവന്ന മണ്ണ് | മിശ്രവിള തെങ്ങ് കവുങ്ങ് | മിശ്രവിള (വാഴ, വെറ്റില, പച്ചക്കറി) |
| 8 | താഴ്വര | എക്കൽ മണ്ണ് മഞ്ഞ കലർന്ന ചെളിമണ്ണ് | നെല്ല്, വാഴ,വെറ്റില പച്ചക്കറി, ഇടവിളകൾ കളിമൺ, ഖനനം | - |
| 9 | വെള്ളം കയറുന്ന മേഖല | എക്കൽമണ്ണ് ചെളിമണ്ണ് | നെല്ല്, വാഴ, കളിമണ്ണ് ഖനനം | - |
| 10 | ഉയർന്ന പുഴയോരം പയർ പച്ചക്കറി (തുരുത്ത്) | പശിമരാശിയുള്ള ചെളിമണ്ണ് (മണലു കലർന്ന) | മിശ്രവിള കവുങ്ങ്, തെങ്ങ് | തെങ്ങ്, കവുങ്ങ് കൂടുതലാക്കുക |

**മണ്ണു സംരക്ഷണം**

കുന്നിൻ പ്രദേശങ്ങൾ ധാരാളമുള്ളതിനാൽ മണ്ണ് സംരക്ഷണം കാര്യമായി നടക്കേണ്ടുന്ന പഞ്ചായത്താണ് വാഴക്കാട്. സ്ഥല, ജല പരിപാലനത്തിനും മണ്ണുസംരക്ഷണം അത്യന്താപേക്ഷിതമാണ്. കാടുവെട്ടിത്തെളിച്ചതും പുരയിടങ്ങൾക്കായി കുന്നുകൾ നിരപ്പാക്കിയതും മണ്ണു സംരക്ഷത്തിന് ഭീഷണിയായി മാറിയിരിക്കുന്നു. മരങ്ങൾ വച്ചു പിടിപ്പിച്ചും കയ്യാലകൾ കെട്ടിയും മണ്ണു സംരക്ഷണം ഉറപ്പു വരുത്തണം. എക്കൽ മണ്ണ്, കളിമണ്ണ്, ചരൽമണ്ണ്, ചെമ്മണ്ണ്, ചെളിമണ്ണ് തുടങ്ങിയ മണ്ണുകളാണ് ഇവിടെയുള്ളത്. മണ്ണിന്റെ തരങ്ങൾക്കനുസരിച്ച് ചെയ്തുവരുന്നതും ചെയ്യാവുന്നതുമായ കൃഷികളുടെ പട്ടിക അഞ്ചിൽ ചേർക്കുന്നു.

## ജലസേചനം

മഴയാണ് കൃഷിക്ക് മുഖ്യ ആശ്രയം. ശരാശരി 400 മില്ലീമീറ്ററാണ് ഒരു വർഷത്തിൽ ലഭിക്കുന്ന മഴ. (മഴ നന്നായി ലഭിക്കുന്ന 8 മാസങ്ങളുടെ ശരാശരി). പഞ്ചായത്തിന്റെ വടക്കുഭാഗത്തുകൂടി 12 കി.മീ ദൈർഘ്യത്തിലൊഴുകുന്ന ചാലിയാറും വിവിധ വാർഡുകളിലൂടെ ഒഴുകുന്ന ഏതാനും തോടുകളും പൊതു ഉടമയിലും, സ്വകാര്യ ഉടമയിലുമുള്ള കുളങ്ങളും കിണറുകളും 1, 3, 6 എന്നീ വാർഡുകളിലെ പ്രകൃതിദത്തമായ നീർച്ചോലകളുമാണ് പഞ്ചായത്തിലെ പ്രധാന ജലസ്രോതസ്സുകൾ. ജലസേചന വകുപ്പിന്റെ കീഴിൽ പുഴയുടെ തീരം സംരക്ഷിക്കാനുള്ള ഭാഗികമായ മതിലുകളും ആക്കോട് കോണത്ത്, പാലപ്ര(വാലില്ലാപുഴ) എന്നിവിടങ്ങളിൽ വി.സി.ബിയും ഏതാനും തോടുകൾക്ക് പാർശ്വഭിത്തിയുമുണ്ടായിട്ടുണ്ടെങ്കിലും ജലസേചന സൗകര്യങ്ങൾ മെച്ചപ്പെടുത്താൻ ഇത് ഉദ്ദേശിച്ച ഫലം ചെയ്തിട്ടില്ല.

## വളം - കീടനാശിനി

രാസവളങ്ങളാണ് കൃഷിക്ക് വലിയതോതിൽ ഉപയോഗിക്കുന്നത്. കീടനാശിനികളുടെ ഉപയോഗവും കുറവല്ല. ജൈവവളത്തിലേക്കുള്ള തിരിച്ചുപോക്കിന് കർഷകരെ പ്രേരിപ്പിക്കേണ്ടതാണ്. വാർഷിക ശരാശരി ഉപോയഗത്തിന്റെ പട്ടിക അന്യത്ര ചേർത്തിട്ടുണ്ട്.

## പരിഹാര നിർദേശങ്ങൾ

1. വാഴക്കാട് പഞ്ചായത്തിന്റെ കിഴക്കെ അതിർത്തിയായ ഇരട്ടമുഴി(വാർഡ് 11) മുതൽ പടിഞ്ഞാറെ അതിർത്തിയായ പള്ളിക്കടവ്(വാർഡ് I) വരെയുള്ള ചാലിയാറിന്റെ തീരം ഭിത്തികെട്ടി സംരക്ഷിക്കുക. കവണക്കല്ലിലെ റെഗുലേറ്റർ കം ബ്രിഡ്ജ് നിർമാണം പൂർത്തിയാകുന്നതോടെ സംഭരിക്കാൻ കഴിയുന്ന അധികജലസമ്പത്ത് ഈ പഞ്ചായത്തിലെ കൃഷിയാവശ്യത്തിനും കുടിവെള്ള ക്ഷാമ പരിഹാരത്തിനും ഉപയുക്തമാകണമെങ്കിൽ ഈ സംരക്ഷണം കൂടിയേ തീരു.

2. ഈ പഞ്ചായത്തിലെ എല്ലാ തോടുകളും മണ്ണെടുത്തുമാറ്റി ആഴം കൂട്ടി പാർശ്വഭിത്തി കെട്ടി സംരക്ഷിക്കുക.

3. ദേശീയ നീർമറി വികസന പദ്ധതിയിൽ വാഴക്കാടിനെ ഉൾപ്പെടുത്തുക.

4. പ്രകൃതിദത്തമായ നീർച്ചോലകൾ സംരക്ഷിക്കുക.

5. പ്രവർത്തന രഹിതമായി കിടക്കുന്ന പമ്പുസെറ്റുകൾ മാറ്റി സ്ഥാപിക്കുക.

6. വാഴക്കാട് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി കൂടുതൽ പ്രദേശങ്ങൾക്ക് ഉപകാരപ്പെടുമാറ് ശേഷി കുട്ടി പമ്പുസെറ്റ് സ്ഥാപിച്ച് കനാലുകളും ഉപകനാലുകളും നിർമിച്ച് വിപുലപ്പെടുത്തുക.

7. വെള്ളപ്പൊക്കത്തിന്റ രൂക്ഷത കുറക്കാൻ നേരത്തേ മീൻതോടിൽ ഉണ്ടായിരുന്ന തടയണ ഉയർത്തി ഭദ്രമാക്കുക. കട്ടപ്പള്ളി തോടിൽ വി.സി.ബി നിർമിക്കുക.

8. വാലില്ലാപുഴ തടാകം ജലസേചനാവശ്യങ്ങൾക്കായി സൗകര്യപ്പെടുത്താൻ തയ്യാറാക്കിയ പദ്ധതി ഉടൻ പ്രവാർത്തികമാക്കുക. (ഈ ജോലി ടെണ്ടർ ചെയ്തിട്ടുണ്ട്.)

9. റോഡുകളും കെട്ടിടങ്ങളും നിർമിച്ചതിന്റെ ഫലമായി വയലുകളിൽ കെട്ടിനിൽക്കുന്ന വെള്ളം ഒഴിഞ്ഞു പോകുന്നതിനാവശ്യമായ പദ്ധതി തയ്യാറാക്കുക.

10 നെൽവയലുകളിൽ നിന്നും കളിമണ്ണെടുക്കുന്നത് നിരോധിക്കുക.

11. കയ്യാലകെട്ടൽ, വനവൽക്കരണം എന്നീ പരിപാടികളിലൂടെ മണ്ണൊലിപ്പു തടഞ്ഞ് മണ്ണും ജലവും സംരക്ഷിക്കുക.

12. നെൽവയലുകൾ മണ്ണിട്ടു നികത്തുന്നത് നിയമം മൂലം നിരോധിക്കുക.

13. കൃഷിഭവന് സ്വന്തമായി കെട്ടിടം നിർമിക്കുക.

14. വാർഡു തോറും കാർഷികവികസന സമിതി

പട്ടിക 6

| നമ്പർ | വളത്തിന്റെ പേര് | അളവ് |
|---|---|---|
| 1 | ഫാക്ടംഫോസ് | 50000 K.G |
| 2 | ,, 17:17:17 | 300000 ,, |
| 3 | യൂറിയ | 12000 ,, |
| 4 | M.O.P (പൊട്ടാഷ്) | 25000 ,, |
| 5 | 8:8 (4)16 | 12000 ,, |
| 6 | 10:15:20 | 6000 ,, |
| 7 | മസൂരി ഫോസ് | 3500 ,, |
| 8 | ബോൺമീൽ | 6000 ,, |
| 9 | നീം കേക്ക് | 3000 ,, |

പട്ടിക 6

| നമ്പർ | വളത്തിന്റെ പേര് | അളവ് |
|---|---|---|
| 1 | മോണോക്രോട്ടോഫോസ് | 10 ലിറ്റർ |
| 2 | ക്വിനൽ ഫോസ് | 20 ,, |
| 3 | മിഥൈൽ പാരത്തയോൺ | 20 ,, |
| 4 | ഫോസ്ഫാമിസോൺ | 10 ,, |
| 5 | സുമിസിഡിൻ | 5 ,, |
| 6 | കാർബോഫുറാൻ | 200 ,, |
| 7 | ഫോറേറ്റ് | 150 ,, |
| 8 | ബി.എച്ച്.സി50% | 150 ,, |
| 9 | ബി.എച്ച്.സി 100% | 200 ,, |
| 10 | സിങ്ക് ഫോസ്ഫൈഡ് | 4 ,, |

കൾ രൂപീകരിക്കുക. ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുക, ദൃശ്യശ്രാവ്യ മാധ്യമങ്ങളിലൂടെ ആധുനിക കൃഷി സമ്പ്രദായങ്ങൾ പരിചയപ്പെടുത്തുകയും പരിശീലിപ്പിക്കുകയും ചെയ്യുക.

15. പാടശേഖര സമിതിയുടെയും കേരവികസന സമതിയുടെയും പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുക.

16. ആവശ്യമായ കാർഷികോപകരണങ്ങളും വിത്ത്, വളം, കീടനാശിനി എന്നിവയും യഥാസമയം ലഭ്യമാക്കുക.

17. വില ഇൻഷുറൻസ് പദ്ധതി വ്യാപകമാക്കുക; നിലവിലുള്ള ഇൻഷുറൻസ് പദ്ധതിയുടെ പ്രീമിയം തുക സർക്കാർ വഹിക്കുക.

18. കരഭൂമിയിലും നെൽകൃഷി ചെയ്യുന്നതിനാവശ്യമായ പരിപാടി തയ്യാറാക്കുക.

19. കശുവണ്ടി, കുരുമുളക്, റബ്ബർ കൃഷി വ്യാപിപ്പിക്കാനുള്ള പദ്ധതി ആവിഷ്കരിക്കുക.

20. ഔഷധ സസ്യകൃഷി ആരംഭിക്കുക (ഉദാ: കൊടുവേലി, കച്ചോലം മുതലായവ)

21. ഇഞ്ചി, മഞ്ഞൾ തുടങ്ങിയ സുഗന്ധവിളകൾ കൂടുതലായി കൃഷി ചെയ്യുക.

22. ഇടക്കിടെ മണ്ണു പരിശോധിച്ച് ഗുണനിലവാരം ഉറപ്പു വരുത്തുക.

23. പ്രകൃതിക്ഷോഭം മൂലമുണ്ടാകുന്ന നാശനഷ്ടങ്ങൾക്കുള്ള ആശ്വാസത്തുക വേഗത്തിൽ ലഭ്യമാക്കുക. അർഹതപ്പെട്ടവർക്കു മാത്രമാണ് കിട്ടുന്നതെന്ന് ഉറപ്പു വരുത്തുക.

24. വനിതകളുടെ തൊഴിൽ സാധ്യത വർധിപ്പിക്കുന്ന കുറ്റിമുല്ലച്ചെടി, ഓർക്കിഡ്, ആന്തൂറിയം, കുൺകൃഷി തുടങ്ങിയവയ്ക്ക് മുൻഗണന നൽകുക.

25. ചുരുങ്ങിയ ചെലവിൽ കുറഞ്ഞ കാലംകൊണ്ട് കൂടിയ ആദായമുണ്ടാക്കാൻ കഴിയുന്ന ഒരു സ്വയം തൊഴിലാണ് സെറികൾച്ചർ. ഇതിന്റെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തുക.

26. സഹകരണ മേഖലയിൽ വളം ഡിപ്പോ സ്ഥാപിക്കുക.

27. അഗ്രോക്ലിനിക് സ്ഥാപിക്കുക.

28. സ്കൂൾ കുട്ടികൾക്കെന്ന പോലെ പച്ചക്കറി വിത്തുകൾ വീടുകൾതോറും വിതരണം ചെയ്ത് അടുക്കളത്തോട്ടം വളർത്തുന്നതിന് വീട്ടമ്മമാരെ സജ്ജമാക്കുക.

29. നഴ്സറികൾ സ്ഥാപിക്കുക.

30. പച്ചിലവളകൃഷി പ്രോത്സാഹിപ്പിക്കുകയും ജൈവവള നിർമാണം പരിശീലിപ്പിക്കുകയും ചെയ്യുക.

31. കാർഷികാവശ്യത്തിനുള്ള വൈദ്യുതി പൂർണ മായും സൗജന്യമാക്കുക.

32. രാസവളങ്ങളുടെ അമിതമായ ഉപയോഗം കുറ ക്കാൻ വേണ്ട ബോധവൽക്കരണം നടത്തുക.

33. കാർഷികോപകരണങ്ങളും മറ്റു സാമഗ്രികളും ന്യായമായ വിലയ്ക്ക് ലഭ്യമാക്കാൻ റെയ്ഡ്കോ യുടെ ശാഖ ബ്ലോക്ക് തലത്തിൽ ആരംഭിക്കുക.

34. റബ്ബർ ബോർഡിന്റെ ആപ്പീസുകൾ ബ്ലോക്കു തലത്തിൽ തുടങ്ങുക.

35. വാർഡുകളിൽ ആവശ്യമുള്ള സ്ഥലങ്ങളിൽ കുളങ്ങളും കിണറുകളും കുഴൽ കിണറുകളും പമ്പ്സെറ്റുകളും ഉണ്ടാക്കുക. (പട്ടിക ചേർക്കുന്നു.)

36. കാർഷിക വായ്പകൾ വർധിപ്പിക്കുകയും ഉദാരമാക്കുകയും ചെയ്യുക.

37. വ്യക്തികൾക്ക് അനായസേന കൈകാര്യം ചെയ്യാവുന്ന ലഘുവായ യന്ത്രസാമഗ്രികൾ കൂടുത ലായി ലഭ്യമാക്കുക.

പട്ടിക – 7

### ഗ്രാമസഭാ നിർദ്ദേശങ്ങൾ

| നമ്പർ | വാർഡിന്റെ പേര് | വിസിബി | കുളം | പമ്പ്സെറ്റ് |
|---|---|---|---|---|
| 1 | ആക്കോട് | മുണ്ടശ്ശേരിതാഴെ പുനരുദ്ധരിക്കുക | കോടിയമ്മൽ കോഴിപ്പറമ്പ് മുല്ലാശ്ശേരി മോഴിക്കൽ താഴം | മൂഴിക്കാൽ |
| 2 | മുണ്ടുമൊഴി | – | മുതുകുളം | കോരപ്പാടം, ഊർക്കടവ്, വള്ളിശ്ശേരിപ്പറമ്പ്, വളപ്പിൽ തൊടിക |
| 3 | അനന്തായൂർ | – | മരുതാലമ്മൽ,വെള്ളാട്ടുകര, പന്നിക്കുഴി, ചെറിയേടത്ത് പള്ള്യാളി,പൂളക്കൽ, മലാട്ടി | – |
| 4 | ചെറുവട്ടൂർ | – | – | – |
| 5 | വാഴക്കാട് | – | തിരുവാലൂർ, കളത്തുങ്ങൽ താഴം, കുറ്റ്യോട്ട് താഴം, എടശ്ശേരിക്കുന്ന്, പൂവ്വാടിചാലിൽ | പൊന്നമ്പള്ളി മണ്ടകത്തിങ്ങൽ ആമക്കോട്, എടക്കടവ്, മണ ന്തലക്കടവ്, മുണ്ടശേരി,മേത്തൽ |
| 6 | കണ്ണത്തും പാറ | വാരിയത്ത് താഴെ | മമ്മട്ടം ചോല കുന്നത്ത് താഴെ (ചേടിപ്പൊറ്റാ) | – |
| 7 | വാലില്ലാപ്പുഴ | അരങ്ങുതൊടി, കോഴി പ്പറമ്പ് | കൂരിതൊടിക | മൂഎക്കൻ തോട്ടിൽ പമ്പ്സെറ്റ് സ്ഥാപിച്ച പരപ്പത്ത് വയലിൽ ജലസേചനം |
| 8 | പണിക്കരപ്പുറായ | ചൊവ്വായികുണ്ടുങ്ങൽ കോളശ്ശേരി താഴെ | കാമശ്ശേരി താഴെ കുരുവാടി, കൂർങ്ങോട്ടിൽ താഴെ | – |
| 9 | എടവണ്ണപ്പാറ | നാദാക്കോട്ട് | പാഞ്ചീരി കുളം (വലുതാ ക്കണം) | – |
| 10 | മപ്രം | – | ചോലയിൽ അരു, അമ്പാളി പുന്നാട്ടിൽ, പനോളി | അമ്പാളിപാടം |
| 11 | വെട്ടത്തൂർ | – | കാരിയോട്ട് ചവറംകുളം തൈക്കുളം, പൂറങ്കലായിൽ | മണ്ണാത്തിക്കടവ് – 100 എച്ച്.പി |

# മൃഗസംരക്ഷണവും മത്സ്യബന്ധനവും

പശു, ആട് എന്നിവയാണ് പഞ്ചായത്തിലെ പ്രധാന വളർത്തുമൃഗങ്ങൾ. കാള, എരുമ, പോത്ത് എന്നിവയും കുറച്ചൊക്കെയുണ്ട്. വളർത്തുപക്ഷികളിൽ പ്രധാനം കോഴിയാണ്. താറാവ് വളർത്ത് കുറഞ്ഞതോതിലുണ്ട്. ഇവയുടെ പട്ടിക താഴെ കൊടുക്കുന്നു.

പരമ്പരാഗത കൃഷി പ്രവൃത്തി കുറഞ്ഞ് വരുന്നതും യന്ത്രവൽകൃത കൃഷി കൂടിവന്നതും വളർത്തുമൃഗങ്ങളുടെ എണ്ണം കുറയാൻ കാരണമായി. മുമ്പത്തേതുപോലെ ഒഴിഞ്ഞ കുന്നിൻപ്രദേശങ്ങളും മേച്ചിൽ സ്ഥലങ്ങളും ഇല്ലാതായതും കാലിവളർത്തലിനെ ബാധിച്ചു. വയ്ക്കോലിന്റെ അമിതവില, ദൗർലഭ്യം, പുല്ല് കിട്ടാൻ ഇല്ലായ്മ, കാലിതീറ്റകളുടെ വിലവർധന ഇതെല്ലാം ഈ മേഖലയിലുള്ള താല്പര്യകുറവിന് കാരണമാണ്. കോഴിവസന്ത പോലുള്ള രോഗങ്ങൾ പെരുകുന്നത് കോഴിയുടെ എണ്ണത്തിലും കുറവ് വരുത്തി. നാടൻ കോഴികൾക്ക് വംശനാശം തന്നെ സംഭവിച്ചുകൊണ്ടിരിക്കുന്നു.

മൊത്തത്തിൽ നോക്കിയാൽ പാലിന്റെ ഉപയോഗം വളരെയേറെ വർധിച്ചിരിക്കുകയാണ്. പഞ്ചായത്തിലെ ആവശ്യത്തിനനുസരിച്ച് പാലുൽപ്പാദനം ഇവിടെ നടക്കുന്നുമില്ല. എന്നാൽ ഉല്പാദിപ്പിക്കുന്ന പാലിന് വിപണി കണ്ടെത്താൻ കഴിയാത്ത അവസ്ഥ നിലനിൽക്കുന്ന വൈരുദ്ധ്യവും കാണാം. പഞ്ചായത്തിൽ പാൽ സൊസൈറ്റി ഇല്ലാത്തത് മൂലം ജീവനോപാധിക്കുള്ള ഒരു തൊഴിലെന്ന നിലയിൽ പശുവളർത്തൽ ഏറ്റെടുക്കാൻ കൂടുതൽ പേർക്ക് ധൈര്യമില്ലാത്ത അവസ്ഥയാണുള്ളത്. ഉല്പാദിപ്പിക്കുന്ന പാൽ സംഭരിക്കാനും ഉപഭോക്താക്കൾക്ക് എത്തിച്ചുകൊടുക്കാനും ഫലപ്രദമായ സംവിധാനമുണ്ടായാൽ ഈ രംഗത്ത് പുരോഗതി ഉണ്ടാക്കാൻ കഴിയും.

പഞ്ചായത്തിന്റെ ഒരറ്റത്തുള്ള മുണ്ടുമുഴിയിലാണ് മൃഗാശുപത്രിയുള്ളത്. കിഴക്ക് വടക്ക് പ്രദേശങ്ങളിലുള്ളവർക്ക് മൃഗാശുപത്രിയിലെത്തണമെങ്കിൽ ആറേഴ് കിലോമീറ്ററുകൾ താണ്ടണം. ഇതുമൂലം ചികിത്സ വേണ്ടപ്പോൾ ലഭിക്കുന്നില്ല. വലിയ മുതൽമുടക്കി ഉരുക്കൾ വാങ്ങുന്നവരിൽ ഈ ഭയാശങ്ക നിലനിൽക്കുന്നു.

ഒറ്റ ഗോബർഗ്യാസ് പ്ലാന്റും പഞ്ചായത്തിലില്ല. ഇതിനെക്കുറിച്ചുള്ള അറിവില്ലായ്മയാണ് പ്രധാനകാരണം. ഇതിനുള്ള സാധ്യത ചൂഷണം ചെയ്യേണ്ടതുണ്ട്. കൃഷി മന്ദീഭവിച്ചത് കാലിവളർത്തലിനെ ബാധിച്ചു. ഇതുമൂലം ജൈവവളത്തിന്റെ ഉപയോഗവും കുറഞ്ഞു. രാസവളങ്ങളെ കൂടുതൽ ആശ്രയിക്കേണ്ട സ്ഥിതിവിശേഷമുണ്ടായതാണ് ഇതിന്റെ അനന്തരഫലം.

പട്ടിക – 1

| കാള നാടൻ | | കാള സങ്കരം | | പശു നാടൻ | | പശു സങ്കരം | | എരുമ | | പോത്ത് | ആട് | പട്ടി | പൂവൻ കോഴി | പിട ക്കോഴി | | താറാവ് | | മറ്റുള്ളവ |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| വംശ വർദ്ധനവ് | മറ്റുള്ളവ | വംശ വർദ്ധനവ് | മറ്റുള്ളവ | കറവ് ഉള്ളത് | ഇല്ലാത്തത് | കറവ് ഉള്ളത് | ഇല്ലാത്തത് | കറവ് ഉള്ളത് | ഇല്ലാത്തത് | | | | | മുട്ട ഇടുന്നത് | മുട്ട ഇടാത്തത് | ആൺ | പെൺ | |
| 6 | 18 | 1 | 4 | 140 | 36 | 540 | 270 | 3 | 4 | 12 | 736 | 16 | 200 | 1776 | 638 | 22 | 120 | 63 |

അവലംബം 87 ലെ ലൈവ് സ്റ്റോക്ക് സെൻസസ്

പട്ടിക – 2

**വാഴക്കാട് പഞ്ചായത്തിൽ കണ്ടുവരുന്ന രോഗവിവരങ്ങൾ**

| ക്രമ നമ്പർ | രോഗങ്ങൾ | പശു | എരുമ | ആട് | കോഴി | പട്ടി | മറ്റുള്ളവ |
|---|---|---|---|---|---|---|---|
| 1 | ദഹനസംബന്ധമായവ | 714 | 5 | 459 | | 3 | |
| 2 | ശ്വാസകോശസംബന്ധം | 32 | | 19 | 580 | | |
| 3 | ഉപപചയ സംബന്ധം | 18 | | 58 | | | |
| 4 | ത്വക് രോഗങ്ങൾ | 79 | | 33 | | | |
| 5 | ധാതുലവണങ്ങളുടെ അഭാവം | 8 | | 16 | | | |
| 6 | പരാഗരോഗങ്ങൾ | 178 | | 5 | | | |
| 7 | പ്രത്യുല്പാദന വ്യവസ്ഥ യുമായി ബന്ധപ്പെട്ടവ | 164 | 1 | 52 | | | |
| 8 | വന്ധ്യത | 8 | | | | | |
| 9 | അകിടു വീക്കം | 52 | | 30 | | | |
| 10 | മുടന്തൻ പനി | 151 | 4 | 4 | | | |
| 11 | പകർച്ച വ്യാധികൾ | | | | | | |

ഭക്ഷ്യാവശ്യത്തിനുവേണ്ടി മാസംതോറും ഏകദേശം അഞ്ഞൂറോളം ആടുമാടുകളെ ഇറക്കുമതി ചെയ്യുന്നുണ്ട്. പഞ്ചായത്തിൽതന്നെ ഇത്രയും അറവുമാടുകളെ പോറ്റിവളർത്തുന്നത് ഒരു തൊഴിലവസരമായി വളർത്തിയെടുക്കാൻ സാധ്യതയുണ്ട്. കാലി വളർത്തൽ ആദായകരമായ ഒരു തൊഴിലാക്കി മാറ്റാവുന്നതാണ്. ഗോബർഗ്യാസ് പ്ലാന്റ് സ്ഥാപിക്കാൻ കഴിയും.

കോഴി ഇറച്ചിയുടെയും മുട്ടയുടെയും ഉപഭോഗം എത്രയോ മടങ്ങ് വർധിച്ചിരിക്കുകയാണ്. എന്നാൽ, വീടുകളിലെ കോഴിവളർത്തൽ നാമമാത്രമായി ചുരുങ്ങിക്കൊണ്ടിരിക്കുന്നു. പുറത്തുനിന്ന്, പ്രത്യേകിച്ച് അന്യസംസ്ഥാനങ്ങളിൽനിന്ന് ലോറിക്കണക്കിന് കോഴിയും കോഴിമുട്ടയുമാണ് എടവണ്ണപ്പാറ, വാഴക്കാട് പോലുള്ള അങ്ങാടികളിലെത്തുന്നത്. ഈ വിപണന സാധ്യത മുന്നിൽകണ്ട് കോഴിവളർത്തൽ ഒരു കുടിൽവ്യവസായമാക്കി മാറ്റാൻ കഴിയേണ്ടതാണ്. ചാലിയാർ തീരവാസികൾക്കിടയിലും ജലാശയങ്ങളുള്ള വാർഡുകളിലും താറാവ് വളർത്തലിനുള്ള സാധ്യത വിപുലപ്പെടുത്താവുന്നതാണ്.

വാണിജ്യാടിസ്ഥാനത്തിലുള്ള മുയൽ വളർത്തലിനുള്ള സാധ്യത ഈ പഞ്ചായത്തിലുണ്ട്. അത് പരിശോധിക്കേണ്ടതാണ്.

## പ്രധാന പ്രശ്നങ്ങൾ

1. കാലിത്തീറ്റയുടെ താങ്ങാൻ വയ്യാത്ത വിലവർധന.
2. പുല്ല്, വയ്ക്കോൽ ലഭ്യത കുറവ്.
3. ചികിത്സ വേണ്ടപ്പോൾ വേണ്ടരീതിയിൽ ലഭിക്കാനുള്ള സൗകര്യക്കുറവ്.
4. കോഴികൾക്കുള്ള പകർച്ചവ്യാധികൾ തടയാൻ കഴിയാത്തത് മൂലം കോഴിവളർത്തൽ ഒരു തൊഴിലായി കാണാനുള്ള ഭയം.
5. ക്ഷീരോല്പാദനം ഒരു വ്യവസായമാക്കി വളർത്താൻ വേണ്ട പശ്ചാത്തല സൗകര്യങ്ങളുടെ അഭാവം (ക്ഷീര സൊസൈറ്റി, പാൽ സംഭരണ – വിതരണ സംവിധാനങ്ങൾ – കാലിത്തീറ്റ)
6. പേപ്പട്ടി/അലഞ്ഞു തിരിഞ്ഞു നടക്കുന്ന നായകളുടെ ശല്യം.
7. കാലി വളർത്തലിനുള്ള സാമ്പത്തിക സഹായം ലഭിക്കാനുള്ള ബുദ്ധിമുട്ടുകൾ.

## സാധ്യതകൾ

1. വാഴക്കാട് പഞ്ചായത്ത് പരിധിയായി നിശ്ചയിച്ച് ക്ഷീരവ്യവസായ സഹകരണസംഘം രൂപീകരിക്കുക, എല്ലാ വാർഡുകളിലും പാൽ സംഭരണ യൂണിറ്റുകൾ ഏർപ്പെടുത്തി മുഴുവൻ പാലും സംഭരിക്കാനും ആവ

ശ്യക്കാർക്ക് വിതരണത്തിനും സൗകര്യമൊരുക്കുക. ബാക്കി വരുന്ന പാലിൽ നിന്നും വിവിധ പാലുൽപ്പ ന്നങ്ങൾ ഉണ്ടാക്കാനുള്ള സംവിധാനം ഏർപ്പെടുത്തി വനിതകൾക്ക് തൊഴിൽ കണ്ടെത്തുക.

2. ക്ഷീരവ്യവസായ സഹകരണസംഘങ്ങൾ മിൽമ യിൽ മാത്രമേ രജിസ്റ്റർ ചെയ്യാവൂ എന്ന നിയമത്തിൽ മാറ്റം വരുത്തി സ്വതന്ത്ര സംഘങ്ങൾ രൂപീകരിച്ച് രജിസ്റ്റർ ചെയ്യാൻ അനുവദിക്കേണ്ടതാണ്.

3. കുറഞ്ഞ വിലക്ക് കാലിത്തീറ്റ ലഭ്യമാക്കാനും തീറ്റപ്പുൽ കൃഷിക്ക് പുൽവിത്തും വളവും ലഭ്യമാ ക്കാനും മേൽ സഹകരണസംഘത്തിൻകീഴിൽ സംവി ധാനമേർപ്പെടുത്തുക.

4. മൃഗാശുപത്രിക്ക് സ്വന്തം കെട്ടിടമുണ്ടാക്കുക. ഇതിനു കീഴിൽ 6, 7, 8 വാർഡുകളെയും 9, 10, 11 വാർഡുകളെയും കേന്ദ്രീകരിച്ച് സബ് സെന്ററുകൾ ആരംഭിക്കുക.

5. മുട്ടൻ ആടുകളെയും വിത്തുകാളകളെയും മൃഗാ ശുപത്രികളിലും സബ് സെന്ററുകളിലും വളർത്തുക.

6. 1996 മാർച്ചിൽ നടത്തിയ കന്നുകാലി സെൻസ സിന്റെ കണക്ക് ലഭ്യമാക്കണം.

7. കോഴി വളർത്തൽ ഒരു കുടിൽ വ്യവസായ മാക്കി മാറ്റാൻ തീവ്രയത്നം നടത്തുക. ഇതിന് കോഴി കുഞ്ഞുൽപാദന കേന്ദ്രം സഹകരണമേഖലയിൽ സ്ഥാപിക്കുക. ഇതിന്റെ കീഴിൽ വീടുകളിൽ കോഴി വളർത്തൽ വ്യാപിപ്പിക്കുക. പകർച്ച വ്യാധികൾ തട യാൻ പ്രതിരോധ നടപടികൾ ശക്തമാക്കുക. വിപണ നത്തിനും സഹകരണമേഖലയിൽ പൊതു സംവി ധാനമുണ്ടാക്കണം.

8. താറാവ് വളർത്തലും മുയൽ വളർത്തലും പ്രോത്സാഹിപ്പിക്കുക.

9. പശുവളർത്തലിന് ആവശ്യമായ സാങ്കേതിക ഉപദേശങ്ങളും സാമ്പത്തിക സഹായങ്ങളും ലഭ്യമാ ക്കുക.

10. പേപ്പട്ടികളെയും അലഞ്ഞു നടക്കുന്ന പട്ടിക ളെയും കൊല്ലാൻ തീവ്രയത്ന പരിപാടി പ്രാവർത്തി കമാക്കുക.

11. ഒരു വർഷത്തിൽ ഒരാഴ്ചയെങ്കിലും നീണ്ടു നിൽക്കുന്ന കാലിച്ചന്ത നടത്തുക.

12. മൃഗാശുപത്രികൾ മുഖേന നടപ്പിലാക്കുന്ന പദ്ധതികളെക്കുറിച്ച് ജനങ്ങൾക്കിടയിൽ ബോധ വൽക്കരണം നടത്തുക.

## മത്സ്യബന്ധനം

വാഴക്കാട് പഞ്ചായത്തിന്റെ കിഴക്ക് വടക്ക് അതിര് മുഴുവനായും ചാലിയാർ പുഴയാണ്. 1, 2, 4, 5, 7, 10, 11 വാർഡുകൾ നദീതീരത്താണ്, ഉൾനാടൻ മത്സ്യബ ന്ധനം കാര്യമായി ഈ പുഴ ആശ്രയിച്ചാണ് നടക്കു ന്നത്. ഉൾനാടൻ മത്സ്യബന്ധനവും കടൽ മത്സ്യ മുൾപ്പെടെയുള്ള മത്സ്യവിപണനവുമായും ബന്ധപ്പെട്ട് ജീവിക്കുന്നവരാണ് ഈ പഞ്ചായത്തിലെ മത്സ്യത്തൊ ഴിലാളികൾ.

ഒരു കാലത്ത് ചാലിയാറിനെ ആശ്രയിച്ച് നടന്നി രുന്ന മത്സ്യബന്ധനവും കക്കവാരലും ഗ്വാളിയോർ റയോൺസിന്റെ വരവോടെ പുഴ മലിനീകരിക്കപ്പെട്ട പ്പോൾ പൂർണമായും നശിച്ചുപോയി. കമ്പനിയുടെ മേൽഭാഗത്തുള്ള പുഴയിൽപോലും മത്സ്യസമ്പത്ത് വളരെയേറെ ശോഷിച്ചു പോയിരിക്കുന്നു. ഇന്ന് പരി മിതമായ തോതിൽ ഈ തൊഴിലിലേർപ്പെട്ട് ഉപജീ വനം നടത്തുന്നവർ ഭൂരിപക്ഷവും മപ്രം, വെട്ടത്തൂർ, ആക്കോട് എന്നീ പ്രദേശങ്ങളിലാണ്.

### പ്രശ്നങ്ങൾ

1. മത്സ്യബന്ധന ഉപകരണങ്ങൾ എളുപ്പത്തിൽ ലഭ്യമാക്കാൻ സംവിധാനമില്ല.

2. ഉൾനാടൻ മത്സ്യബന്ധനത്തിന് വേണ്ടത്ര പ്രോത്സാഹനമില്ല.

3. പുഴയിലും മറ്റു ഉൾനാടൻ ജലാശയങ്ങളിലും അടുത്തകാലത്തായി കണ്ടുവരുന്ന പകർച്ച വ്യാധി പോലുള്ള മത്സ്യരോഗം തടയാൻ നടപടി വേണം.

4. ചെമ്മീൻ പിടുത്തം തണ്ടാടി, വെള്ള തുടങ്ങിയ മത്സ്യബന്ധന പ്രവർത്തനങ്ങൾ ഈ ഭാഗങ്ങളിലെ കുട്ടികൾക്കും ചെറുപ്പക്കാർക്കും വേണ്ടത്ര വിദ്യാ ഭ്യാസം ലഭിക്കുന്നതിന് തടസ്സം സൃഷ്ടിക്കുന്ന അവ സ്ഥയുണ്ട്. ഇതിൽനിന്ന് കിട്ടുന്ന വരുമാനം വിദ്യാ ഭ്യാസം ഉപേക്ഷിക്കാൻ പ്രേരണയാവുന്നു. ഈ സാമൂ ഹ്യപ്രശ്നം പഠിച്ച് പരിഹരിക്കേണ്ടതാണ്.

5. ചെറിയ കണ്ണിവലകളുപയോഗിക്കുന്നത് കൊണ്ടു ണ്ടാവുന്ന മത്സ്യകുഞ്ഞുങ്ങളുടെ നാശം തടയേണ്ട താണ്.

### സാധ്യതകൾ

1. പുഴയുടെ തീരം കെട്ടി സംരക്ഷിക്കുക

2. മത്സ്യതൊഴിലാളികൾക്ക് മത്സ്യബന്ധന ഉപക

രണങ്ങൾ സൗജന്യനിരക്കിൽ വകുപ്പിന്റെ സഹകരണത്തോടെ നൽകുക.

3. വരാലിനെ പോലുള്ള മത്സ്യങ്ങൾക്ക് ബാധിച്ച രോഗങ്ങൾ സംബന്ധിച്ച് ശാസ്ത്രീയമായ പഠനം നടത്തി രോഗം തടയാൻ നടപടികൾ സ്വീകരിക്കുക.

4. ദേശീയ മത്സ്യ തൊഴിലാളി ക്ഷേമനിധി പദ്ധതി വിപുലീകരിച്ച് വ്യവസ്ഥകൾ ലഘൂകരിക്കുക.

5. മത്സ്യതൊഴിലാളികൾക്ക് ഭവന നിർമാണ ഗ്രാന്റ് കൂടുതൽ ഉദാരമാക്കുക.

6. മത്സ്യതൊഴിലാളികളുടെ വീടുകൾ വയറിംഗ് നടത്തി വൈദ്യുതീകരിക്കാനും കക്കൂസുകൾ സ്ഥാപിക്കാനും നടപടികൾ സ്വീകരിക്കുക.

7. മത്സ്യതൊഴിലാളികളുടെ മക്കൾക്ക് സ്കോളർഷിപ്പ്, സ്റ്റൈപ്പന്റ്, ഗ്രാന്റ്, സബ്സിഡി, പുസ്തകസൗജന്യം ഇവ ഏർപ്പെടുത്തി വിദ്യാഭ്യാസ സൗകര്യം വർധിപ്പിക്കുക.

8. വാലില്ലാപുഴ തടാകത്തിലും കീരിപ്പാടം, വാഴക്കാട് സ്കൂൾ ഗ്രൗണ്ടിന് സമീപം, മപ്രത്തെ ഓണാട്ടൻ പാടം തുടങ്ങിയ സ്ഥലങ്ങളിൽ മത്സ്യം വളർത്തൽ വ്യാവസായികാടിസ്ഥാനത്തിൽ ആരംഭിക്കണം.

9. ഓരോ ബ്ലോക്ക് കേന്ദ്രത്തിലും ഫിഷറീസ് ഡിപ്പാർട്ട്മെന്റ് ആഫീസ് തുടങ്ങുക. സ്കോളർഷിപ്പ് വർധിപ്പിക്കുക.

10. മപ്രം ജി.എൽ.പി. സ്കൂൾ ഗവ. ഫിഷറീസ് യു.പി ആക്കി അപ്ഗ്രേഡ് ചെയ്ത് പ്രത്യേക സൗകര്യങ്ങൾ ഏർപ്പെടുത്താവുന്നതാണ്.

11. മത്സ്യതൊഴിലാളികളുടെ വീടിനും ഉപകരണങ്ങൾക്കും ഇൻഷുറൻസ് ഏർപ്പെടുത്തുക.

12. മത്സ്യതൊഴിലാളികളുടെ മരണാനന്തര ചെലവ് നൽകുന്ന പദ്ധതി വാഴക്കാട് പഞ്ചായത്തിലേക്കും വ്യാപിപ്പിക്കുക.

13. ശാസ്ത്രീയ മത്സ്യകൃഷിയിൽ ഓരോ വാർഡിലും 10 പേർക്ക് വീതം പരിശീലനം നല്കുക.

14. ഫിഷറീസ് ഡിപ്പാർട്ട്മെന്റിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് വർഷത്തിൽ രണ്ട് ബോധവൽക്കരണ സെമിനാറെങ്കിലും നടത്തുക.

15. പൊതുവെള്ളക്കെട്ടുകൾ സന്നദ്ധരായ വ്യക്തികൾക്കോ സംഘടനകൾക്കോ ദീർഘകാലാടിസ്ഥാനത്തിൽ ലേലം ചെയ്ത് കൊടുത്ത് അതിൽ ശാസ്ത്രീയമായി മത്സ്യകൃഷി നടത്തുക.

16. സ്വകാര്യ കുളങ്ങളിൽ സന്നദ്ധരായവർക്ക് ശാസ്ത്രീയ മത്സ്യകൃഷി നടത്താൻ വേണ്ട സാങ്കേതികവും സാമ്പത്തികവുമായ സഹായങ്ങൾ ഡിപ്പാർട്ട്മെന്റ് മുഖേന ലഭ്യമാക്കുക.

17. ചതുപ്പു നിലങ്ങളിലും ഒരുപൂകൃഷിനിലങ്ങളിലും പുതുതായി മത്സ്യകൃഷിക്ക് വേണ്ടി കുളം നിർമ്മിച്ച് മത്സ്യകൃഷി, ചെമ്മീൻകൃഷി എന്നിവ പ്രോത്സാഹിപ്പിക്കുക.

18. ഉൾനാടൻ മത്സ്യതൊഴിലാളികൾക്ക് ഉപജീവനത്തിന് വേണ്ടി മത്സ്യബന്ധനോപകരണങ്ങൾ വകുപ്പിന്റെ സഹായത്തോടെ വിതരണം ചെയ്യുക.

# വ്യവസായം

വ്യവസായ ദുരന്തങ്ങൾ ഏറ്റു വാങ്ങി ലോക ഭൂപടത്തിൽ സ്ഥാനം പിടിച്ച വാഴക്കാട് ചെറുകിട മേഖലയിൽ പോലും എണ്ണപ്പെട്ട ഒരു വ്യവസായമില്ലാത്ത പഞ്ചായത്താണ്. വ്യവസായത്തെക്കുറിച്ച് വേണ്ടത്ര അറിവോ താല്പര്യമോ ഉള്ളവരാരും ഈ ഭാഗത്തുണ്ടായില്ല എന്നതായിരിക്കാം ഇതിന് കാരണം. 1948–ൽ വാഴക്കാട് ചാലിയാറിന്റെ തീരത്ത് മൂഴിക്കൽ പറമ്പിൽ ഒരു ഓട്ടു കമ്പനി സ്ഥാപിക്കാൻ കൊയ്പ്പത്തൊടി അഹമ്മദ്കുട്ടി ഹാജി തീരുമാനിക്കുകയും കെട്ടിടത്തിന് കുറ്റിയടിക്കുകയും ചെയ്തിരുന്നു. എന്നാൽ പെട്ടെന്നുള്ള അദ്ദേഹത്തിന്റെ വിയോഗം മൂലം ഈ സംരംഭം ഫലവത്തായില്ല. 1961–ൽ വലിയ പ്രതീക്ഷയോടെയാണ് തൊട്ടടുത്ത മാവൂർ പഞ്ചായത്തിൽ ഗ്വാളിയോർ റയൺസ് പ്രവർത്തനമാരംഭിച്ചത്. കുറെയാളുകൾക്ക് തൊഴിൽ ലഭിച്ചെങ്കിലും സ്വയം തൊഴിലിലൂടെ ഉപജീവനം നേടിയിരുന്ന പതിനായിരങ്ങൾ ചാലിയാറിലുണ്ടായ ജലമലിനീകരണം മൂലം വഴിയാധാരമായി. കക്കവാരൽ, മത്സ്യ ബന്ധനം, ജലഗതാഗതം, മണൽ വാരൽ തുടങ്ങിയ തൊഴിലിലേർപ്പെട്ടിരുന്ന ജനവിഭാഗത്തിന്റെ ദുരിതമകറ്റാൻ ഇന്നും കഴിഞ്ഞിട്ടില്ല. ഇതിനു പുറമേ വായു മലിനീകരണം ഈ പ്രദേശത്തെ ജനങ്ങളെ നിത്യരോഗികളാക്കി മാറ്റി. ഇങ്ങനെ വ്യവസായം മൂലം ഒട്ടനവധി ദുരിതങ്ങളാണ് ഈ പഞ്ചായത്തിന് ഏറ്റു വാങ്ങേണ്ടി വന്നത്. അതുകൊണ്ടു തന്നെ വ്യവസായം എന്നു കേൾക്കുന്നത് ഈ പ്രദേശത്തെ ജനങ്ങൾ ആശങ്ക

പട്ടിക – 1

**ചെറുകിട വ്യവസായങ്ങൾ**

| ക്രമ നമ്പർ | ഇനം | ആകെ വ്യാവസായങ്ങൾ | തൊഴിലാളികളുടെ എണ്ണം | | |
|---|---|---|---|---|---|
| | | | പു | സ്ത്രീ | ആകെ |
| 1 | തടിവ്യവസായം | 4 | 20 | – | 20 |
| 2 | ധാന്യ-കൊപ്രസംസ്കരണം | 18 | 20 | – | 20 |
| 3 | പ്രിന്റിംഗ് പ്രസ്സ് | 3 | 6 | 10 | 16 |
| 4 | സിമന്റ് ഹോളോബ്രിക്സ് | 1 | 4 | – | 4 |
| 5 | മെറ്റൽ ഇന്റസ്ട്രീസ് | 3 | 12 | – | 12 |
| 6 | കളിമൺ ഇന്റസ്ട്രീസ് | 1 | 3 | – | 7 |
| 7 | ടയർ റിട്രേഡിംഗ് | 1 | 3 | – | 3 |
| 8 | ഫർണിച്ചർ | 6 | 12 | – | 12 |
| 9 | റേഡിയോ റിപ്പയർ | 3 | 6 | 2 | 8 |
| 10 | റെഡിമെയ്ഡ് വസ്ത്ര നിർമ്മാണം | 1 | – | 3 | 3 |
| 11 | ബാറ്ററി ചാർജ്ജിംഗ് | 1 | 2 | – | 2 |
| 12 | എലിക്ട്രിക്കൽറിപ്പയറിംഗ് | 1 | 2 | – | 2 |
| 13 | വാച്ച് – ക്ലോക്ക് റിപ്പയർ | 4 | 8 | – | 8 |
| 14 | സ്റ്റുഡിയോ | 4 | 10 | – | 10 |
| 15 | മോട്ടോർ റിപ്പയർ | 1 | 3 | – | 3 |
| 16 | സോഡാനിർമ്മാണം | 1 | 2 | – | 2 |

**സഹകരണ വ്യവസായങ്ങൾ**

| ക്രമ നമ്പർ | ഇനം | മെമ്പർമാർ | തൊഴിലാളികളുടെ എണ്ണം പു | സ്ത്രീ | ആകെ | ലാഭ/ നഷ്ടം |
|---|---|---|---|---|---|---|
| 1 | വാഴക്കാട് ടൈൽസ് | 268 | 33 | 9 | 42 | നഷ്ടം |
| 2 | വാഴക്കാട് അലുമിനിയം വ്യവസായ സഹകരണ സംഘം വെട്ടത്തൂർ | 36 | 5 | – | 5 | ,, |

**പരമ്പരാഗത കുടിൽവ്യവസായങ്ങൾ**

| ക്രമ നമ്പർ | ഇനം | ആകെ പുരു,എണ്ണം | തൊഴിലാളികളുടെ എണ്ണം പു | സ്ത്രീ | ആകെ |
|---|---|---|---|---|---|
| 1 | പപ്പടനിർമ്മാണം | 4 | 8 | 12 | 20 |
| 2 | സ്വർണ്ണാഭരണ നിർമ്മാണം | 14 | 30 | – | 30 |
| 3 | കളിമൺ പാത്ര നിർമ്മാണം | 20 | 20 | 40 | 60 |
| 4 | ഓട്ട് പ്രത്രനിർമ്മാണം | 2 | 2 | – | 2 |
| 5 | കൊല്ലപ്പണി | 6 | 8 | 4 | 12 |

യോടെയാണ്.

42 പേർക്ക് തൊഴിൽ ലഭിക്കുന്ന വാഴക്കാട് ടൈൽസും വെട്ടത്തൂരിലെ ''വാഴക്കാട് അലുമിനിയം കമ്പനി''യുമാണ് സഹകരണ മേഖലയിൽ പ്രവർത്തിക്കുന്ന രണ്ട് വ്യവസായ സ്ഥാപനങ്ങൾ. ഇവയുടെ നിലനിൽപ്പിനും വികസനത്തിനും ഇനിയും ധാരാളം സഹായങ്ങൾ ആവശ്യമാണ്.

ചെറുകിട മേഖലയിൽ ഏതാനും സ്വകാര്യ വ്യവസായങ്ങൾ ഇവിടെ പ്രവർത്തിക്കുന്നു. ആക്കോട്ട് സ്വകാര്യ മേഖലയിൽ ''ആക്കോട്ടെക്സ്'' എന്ന പേരിൽ രജിസ്റ്റർ ചെയ്യപ്പെട്ട സ്പിന്നിംഗ് മിൽ പ്രാവർത്തികമായാൽ അത് പഞ്ചായത്തിലെ ഒരു എണ്ണപ്പെട്ട വ്യവസായി മാറും എന്ന് പ്രതീക്ഷിക്കുകയാണ്.

ഇപ്പോൾ 4 തടിമില്ലുകളും 17 ധാന്യ–കൊപ്ര മില്ലുകളും ഒരു വെളിച്ചെണ്ണമില്ലും, ഒരു ഇഷ്ടിക കമ്പനിയും, ഒരു സിമന്റ് കട്ട നിർമ്മാണ യൂണിറ്റും, 3 പ്രിന്റിംഗ് പ്രസ്സുകൾ എന്നിവയും പ്രവർത്തിക്കുന്നു.

## പ്രശ്നങ്ങൾ

നിലവിലുള്ള വ്യവസായങ്ങളുടെ പ്രശ്നങ്ങൾ നിരവധിയാണ്. അസംസ്കൃത സാധനങ്ങളായ കളിമണ്ണ്, വിറക്, തടി എന്നിവയുടെ ലഭ്യതക്കുറവും ഭാവി അപകടകരവുമാണ്. ഉല്പാദനച്ചിലവ് വർദ്ധിക്കുന്നത് ഉല്പന്നങ്ങളുടെ വില വർദ്ധനവിന് കാരണമാകുന്നു. വിദഗ്ധ തൊഴിലാളികളുടെ സ്ഥിരമായ ലഭ്യത വളരെ കുറവാണ്. ഉള്ള തൊഴിലാളികളുടെ കൊഴിഞ്ഞുപോവൽ, വൈദ്യുതി നിയന്ത്രണം, വൈദ്യുതി ലഭിക്കാനുള്ള പ്രയാസം എന്നിവയും ഈ മേഖലകളിൽ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു.

## സാദ്ധ്യതകൾ

ഒട്ടേറെ ചെറുകിട വ്യവസായങ്ങൾക്ക് സാദ്ധ്യതയുള്ള പ്രദേശമാണ് വാഴക്കാട്. പഞ്ചായത്തിലെ മുഖ്യ അസംസ്കൃത പദാർത്ഥങ്ങളായി നാളികേരം, അടക്ക, ചെങ്കല്ല്, മണൽ, പഴവർഗ്ഗങ്ങൾ, ധാന്യങ്ങൾ എന്നിവയെ ഉപയോഗപ്പെടുത്താവുന്നതാണ്. ഇവ ഉപയോഗപ്പെടുത്തിയുള്ള ചെറുകിട–കുടിൽ വ്യവസായങ്ങളും

പുറത്തുനിന്നും അസംസ്കൃത പദാർത്ഥങ്ങൾ എത്തിച്ച് മറ്റ് വ്യവസായങ്ങളും ഇവിടെ തുടങ്ങാവുന്നതാണ്.

**സാദ്ധ്യതയുള്ള വ്യവസായങ്ങൾ**

1. നാളികേര സംസ്കരണം.
2. ചെങ്കൽ, കരിങ്കൽ വ്യവസായം.
3. പഴവർഗ്ഗ സംസ്കരണം. (സിറപ്പ്, ജാം, ചിപ്സ് നിർമ്മാണം)
4. ധാന്യ സംസ്കരണം. (അവിൽ, കുറിയരി, അരിപ്പൊടി, ETC)
5. യന്ത്ര വൽകൃത കയർ വ്യവസായം
5. തെങ്ങ്, തടി ഉപയോഗിച്ചുള്ള കെട്ടിട നിർമ്മാണ സാമഗ്രികളും ഫർണ്ണിച്ചറും നിർമ്മിക്കുക.
6. നവീന അച്ചടി വ്യവസായം
7. എണ്ണയാട്ട്.
8. പ്ലാസ്റ്റിക് വ്യവസായം
9. ജനറൽ എഞ്ചിനീയറിംഗ്.
10. തീപ്പെട്ടി നിർമ്മാണം.
11. യന്ത്രവൽകൃത ചകിരി നാരുൽപാദനം.

12 കശുവണ്ടി

13 പ്ലൈവുഡ്

14 മെഴുകുതിരി

15 ഡക്കറേഷൻ ടൈൽസ്

16 റെഡി മെയ്ഡ്

17 കോഴി വളർത്തൽ

18 കവർ നിർമ്മാണം

19 ഹവായ് ചെരുപ്പ് നിർമ്മാണം

20 നോട്ടു ബുക്ക് നിർമ്മാണം.

21 ഓട്ടോ മൊബൈൽ വർക്ക്ഷോപ്പ്

22സ്കൂൾ ബാഗ്

23 സ്പ്രെ പെയിന്റിംഗ്

24 കുട നിർമ്മാണം.

25 അപ്പോൾസ്റ്ററി വർക്ക്സ്

26 മൊസൈക് നിർമ്മാണം.

27 ഇലക്ട്രോണിക് വർക്ക് ഷോപ്പ്

28 പാൽ ഉൽപ്പന്നങ്ങൾ

29 പട്ടു നൂൽ പുഴു വളർത്തൽ

30 തേനീച്ച വളർത്തൽ

പഞ്ചായത്തിന്റെ പൊതു നന്മക്ക് ഉല്പാദനം വർദ്ധിപ്പിക്കേണ്ടിയിരിക്കുന്നു. ഇവിട ഉണ്ടാവുന്ന കാർഷിക ഉല്പന്നങ്ങളുടെ മുഖ്യ പ്രയോജകർ മറ്റുള്ളവരാണ്. നാളികേരത്തിന്റെ ചകിരി, ചിരട്ട, ഉൾക്കാമ്പ്, കൊപ്ര, തേങ്ങാവെള്ളം, തുടങ്ങിയവയെല്ലാം മറ്റുള്ളവർക്ക് തൊഴിലും ലാഭവുമായി മാറുമ്പോൾ നമ്മൾ നാളികേരത്തിന് പറമ്പിൽ വച്ച് ലഭിക്കുന്ന ചുരുങ്ങിയ വില മാത്രം സ്വീകരിച്ച് സംതൃപ്തരാവുകയാണ്. മറ്റ് കാർഷിക ഉല്പന്നങ്ങളുടേയും സ്ഥിതി ഇതു തന്നെയാണ്. അഭ്യസ്ത വിദ്യരായ ചെറുപ്പക്കാർ അർപ്പണബോധത്തോടെ ഈ മേഖലയിലേക്ക് പ്രവേശിക്കുകയാണെങ്കിൽ തീർച്ചയായും വിജയം വരിക്കാനാവും. വിപണന രംഗത്തും കൂട്ടായ പ്രവർത്തനം നടത്താവുന്നതാണ്. വലിയ നിർമ്മാതാക്കളേപ്പോലെ പരസ്യവും വിപണന സൗകര്യവും ചെറുകിട നിർമ്മാതാക്കൾക്ക് സാധ്യമല്ല. എന്നാൽ വിവിധ ഏജൻസികൾ ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾ വാഹനങ്ങളിൽ ശേഖരിച്ച് കമ്പോളത്തിൽ വിറ്റഴിച്ചുകൊണ്ട് കൂട്ടായശ്രമത്തിലൂന്നി തൊഴിൽ കണ്ടെത്താവുന്നതാണ്.

## കശുവണ്ടി വ്യവസായം

നമ്മുടെ നാട്ടിലെ പ്രധാന കാർഷിക ഉൽപ്പന്നമായ കശുവണ്ടി നല്ല ഒരു തൊഴിൽ മേഖലയാക്കി മാറ്റാൻ കഴിയും. ഇപ്പോൾ കൊല്ലം ജില്ലയിൽ മാത്രം കേന്ദ്രീകരിച്ചിരിക്കുകയാണ് ഈ വ്യവസായം. സർക്കാരും കർഷകരും കൊല്ലത്തെ കശുവണ്ടി തൊഴിലാളികൾക്കുവേണ്ടി കോടികൾ നഷ്ടപ്പെടുത്തിയിട്ടും അവർക്ക് ചുരുങ്ങിയ ദിവസങ്ങൾ മാത്രമാണ് ജോലി ലഭിക്കുന്നത്. മലബാറിൽ ഉൽപ്പാദിപ്പിക്കുന്ന ആയിരക്കണക്കിന് ടൺ കശുവണ്ടി നിർബന്ധ മാർഗ്ഗങ്ങളിൽ സംഭരിക്കുന്നതിനും കൊല്ലത്തെത്തിക്കുന്നതിനും കോടിക്കണക്കിന് രൂപ ദുർവ്യയം ചെയ്യുന്നുണ്ട്. ഈ കശുവണ്ടി നമ്മുടെ പ്രദേശത്ത് തന്നെ സംസ്കരിക്കാൻ അനുമതി ലഭിക്കുകയാണെങ്കിൽ ആയിരക്കണക്കിന് സ്ത്രീകൾക്ക് സീസൺ മുഴുവൻ ജോലി ലഭിക്കുകയും ജീവിത നിലവാരം മെച്ചപ്പെടുകയും ചെയ്യും.

## ടൂറിസം വ്യവസായം

കവണക്കല്ല് റെഗുലേറ്റർ കംബ്രിഡ്ജിന്റെ നിർമ്മാണം പൂർത്തിയാവുന്നതോടെ ചാലിയാറിന്റെ തീരം ഒരു ടൂറിസ്റ്റ് കേന്ദ്രമാക്കി മാറ്റാൻ കഴിയും. കവണക്കല്ല് മുതൽ എരട്ടമൂഴി വരെയുള്ള പഞ്ചായത്തിന്റെ

തീരം മനോഹരമായ ഒരു കാഴ്ചയാണ്. ചാലിയാറിലെ ജലവിതാനം പത്തടിയുയരുന്നതോടെ മനോഹരമായ ഒരു തടാകം ഇവിടെ രൂപപ്പെടും. മാവൂർ ഗ്വാളിയർ റയൺസ് പൾപ്പ്, ഫൈബർ ഡിവിഷനുകൾ, കുളിമാട് ശുദ്ധജല പദ്ധതി, കൊന്നാർ മഖാം, ചാലിയാറിനോട് ചേരുന്ന ഇരുവഞ്ഞിപ്പുഴ, വാഴക്കാട്ട് ലിഫ്റ്റ് ഇറിഗേഷൻ, കള്ളിക്കാട്ട് വനം, "റ" ആകൃതിയിലൊഴുകുന്ന പഴയും പുഴയാൽ ചുറ്റപ്പെട്ട മുറിഞ്ഞിമാട് മണൽത്തിട്ട, പ്രകൃതി രമണീയതയാർന്ന ഇരുകരകളും, വിനോദയാത്രക്കാർക്ക് ഇതെല്ലാം തുല്ല്യതയില്ലാത്ത അനുഭൂതിയായിരിക്കും. ആയിരക്കണക്കിന് വൈവിധ്യമാർന്ന പക്ഷികൾ ചേക്കേറുന്ന കള്ളിക്കാട് വനം ഒരു പക്ഷി സങ്കേതമായി അംഗീകരിച്ച് വികസിപ്പിക്കണം. കരിപ്പൂർ വിമാനത്താവളത്തിന്റെയും കോഴിക്കോട് പട്ടണത്തിന്റെയും അടുത്തായി സ്വച്ഛവും ശാന്തവുമായ ഒരു ഗ്രാമത്തിന്റെ സൗന്ദര്യം നുകരാൻ വിനോദയാത്രികർക്ക് സൗകര്യമൊരുക്കാൻ പാർപ്പിടങ്ങളും ബോട്ട് ക്ലബ്ബുകളും ഹോട്ടലുകളും സ്ഥാപിക്കാവുന്നതാണ്.

**ടൂറിസം വ്യവസായ വികസനം നിർദ്ദേശങ്ങൾ**

* കവണക്കല്ല്, എരട്ടമുഴി പ്രദേശങ്ങൾ കേന്ദ്രീകരിച്ച് ബോട്ടു ക്ലബ്ബുകൾ സ്ഥാപിക്കുക.

* പഞ്ചായത്തിൽ ഒരു ഗവ: ഗസ്റ്റ് ഹൗസ് സ്ഥാപിക്കുക.

* ഹോട്ടലുകളും വിശ്രമ സങ്കേതങ്ങളും സ്ഥാപിക്കുക.

* വെട്ടത്തൂരിലെ കള്ളിക്കാട്ട് വനം പക്ഷി സങ്കേതമായി അംഗീകരിച്ച് വിപുലീകരിക്കുക.

* കള്ളിക്കാട്ട് വനം പരിസരത്ത് ചിൽഡ്രൻസ് പാർക്ക് സ്ഥാപിക്കുക.

# വിദ്യാഭ്യാസം

വിദ്യാഭ്യാസ രംഗത്ത് വാഴക്കാട് പഞ്ചായത്ത് പൊതുവേ പിന്നോക്കാവസ്ഥ നിലനിന്നിരുന്ന പ്രദേശമാണ്. സാമൂഹികവും വിശ്വാസപരവുമായ കാരണങ്ങളാൽ ഭൂരി പക്ഷം ജനങ്ങളും വിദ്യാഭ്യാസം നേടുന്നതിൽ വിമുഖത കാണിച്ചിരുന്നു. വിദ്യാലയങ്ങളുടെ കുറവും ദാരിദ്ര്യവും ഈ പിന്നോക്കാവസ്ഥക്കുള്ള മറ്റ് പ്രധാന കാരണങ്ങളായിരുന്നു.

എന്നാൽ വിദ്യാഭ്യാസരംഗത്തുള്ള പ്രവർത്തനങ്ങൾക്ക് ഈ നൂറ്റാണ്ടിന്റെ ആദ്യ ദശകങ്ങളിൽ തന്നെ പഞ്ചായത്തിന്റെ പലഭാഗങ്ങളിലും തുടക്കം കുറിക്കുകയുണ്ടായി. കൊയപ്പത്തൊടി മച്ചിങ്ങൽ മമ്മദ്കുട്ടി സാഹിബ് 1904–ൽ സ്ഥാപിച്ച വാഴക്കാട്ട് എലിമെന്ററി മാപ്പിളസ്കൂളും കെ.യു കുഞ്ഞൻ നായർ 1909–ൽ സ്ഥാപിച്ച എടവണ്ണപ്പാറയിലുള്ള ചാലിയപ്പുറം സ്കൂളുമാണ് ആദ്യത്തെ പൊതു വിദ്യാലയങ്ങൾ. ഹരിജൻ വിദ്യാർത്ഥികൾക്കു മാത്രമായി എടവണ്ണപ്പാറക്കടുത്ത് ഡിസ്ട്രിക്ട് ബോർഡ് മെമ്പറായിരുന്ന കൊടോളി കുഞ്ഞുണ്ണി നായർ സ്ഥാപിച്ചതും കണ്ണൻ എന്ന ഏകാദ്ധ്യാപകൻ നടത്തി വന്നതുമായ "കാനക്കോട്ടു പുറായ ഹരിജൻ സ്കൂൾ", വാഴക്കാട്ട് "പെണ്ണു സ്കൂൾ" എന്ന് നാട്ടുകാർക്കിടയിൽ അറിയപ്പെട്ടിരുന്ന പൂവാടിച്ചാലിൽ സൈനബ എന്ന അദ്ധ്യാപിക പെൺകുട്ടികൾക്കായി നടത്തിയിരുന്നതുമായ വിദ്യാലയവുമൊക്കെ ഈ രംഗത്തെ വിലപ്പെട്ട സംരംഭങ്ങളാണ്. എങ്കിലും മലപ്പുറത്തും, കോഴിക്കോട്ടും പോയി പഠിക്കാൻ കഴിവുള്ളവർക്കുമാത്രമേ അക്കാലത്ത് ഹൈസ്കൂൾ വിദ്യാഭ്യാസത്തിന് സാധിച്ചിരുന്നുള്ളൂ. വാഴക്കാട് എലിമെന്ററി മാപ്പിളസ്കൂൾ പിന്നീട് E.S.L.C. എന്നറിയപ്പെട്ട 8–ാം ക്ലാസ്സ് വരെയുള്ള ഹയർ എലിമെന്ററി സ്കൂളായി മാറി. അധിക പേരുടേയും വിദ്യാഭ്യാസം അന്നത്തെ E.S.L.C ക്ലാസ്സ് കഴിയുന്നതോടെ അവസാനിക്കാറായിരുന്നു പതിവ്. E.S.L.C പാസ്സായി വിദ്യാഭ്യാസരംഗത്ത് പ്രവേശിച്ച് വിപുലമായ ശിഷ്യസഞ്ചയത്തെ സമ്പാദിച്ച പ്രഗല്ഭരായ ഒരുപാട് അദ്ധ്യാപകർ പഞ്ചായത്തിന്റെ എല്ലാ ഭാഗത്തും ഉണ്ടായിരുന്നു. അതുപോലെ തന്നെ എത്തിപ്പെടാനും താമസിക്കാനുമൊക്കെ വളരെ അസൗകര്യമുണ്ടായിരുന്ന ഈ നാട്ടിൽ പുറമേ നിന്നും വന്ന് ഇവിടുത്തുകാർക്ക് അറിവു പകർന്നു കൊടുക്കുകയും ഈ നാട്ടുകാരുടെ സുഖദുഃഖങ്ങളിൽ ഇഴുകിച്ചേരുകയും ചെയ്ത ദൂരദേശക്കാരായ നിരവധി അധ്യാപിക– അധ്യാപകന്മാരുണ്ടായിരുന്നു. അവരെയൊക്കെ ഈ നാടും നാട്ടുകാരും എന്നും നന്ദിയോടെ സ്മരിക്കുന്നു.

തുടർന്ന് 1956–ൽ ശ്രീ. പി.ടി ഭാസ്കരപ്പണിക്കർ പ്രസിഡന്റായിരുന്ന മലബാർ ഡിസ്ട്രിക്ട് ബോർഡിന്റെ കീഴിൽ വാഴക്കാട്ടെ വിദ്യാലയം ഹൈസ്കൂളാക്കി ഉയർത്തപ്പെട്ടതിനു ശേഷമാണ് യഥാർത്ഥത്തിൽ വാഴക്കാടിന്റ വിദ്യാഭ്യാസരംഗം വികസിക്കുന്നത്. ഹൈസ്കൂളിനാവശ്യമായ സ്ഥലം കെ.എം.ഹുസൈൻ ബിൻ മുഹമ്മദ് എന്ന ആൾ നൽകി നാട്ടുകാർ ശ്രമദാനമായി ബിൽഡിംഗ് നിർമ്മിച്ചു കൊടുക്കുകയും ചെയ്തു. പഞ്ചായത്തിൽ 21 വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഉണ്ട്. 3847 ആൺകുട്ടികളും 3570 പെൺകുട്ടികളും കൂടി 7417 വിദ്യാർത്ഥികൾ പഠിക്കുന്നു. ഇതിൽ 785 പേർ പട്ടികജാതി വിദ്യാർത്ഥികളാണ്.

സ്വാതന്ത്ര്യാനന്തരം പഞ്ചായത്തിലെ വിദ്യാഭ്യാസ മേഖലയിൽ വമ്പിച്ച മാറ്റങ്ങൾ ഉണ്ടായിട്ടുണ്ട്. ബിരുദ–ബിരുദാനന്തര പഠനം കഴിഞ്ഞവരും ഡോക്ടർ, എഞ്ചിനീയർ തുടങ്ങിയ പ്രൊഫഷണൽ ബിരുദം നേടിയവരും ഗവേഷണ ബിരുദമുള്ളവരും ഇപ്പോഴും പഠിച്ചുകൊണ്ടിരിക്കുന്നവരുമായ പ്രതിഭകൾ നമ്മുടെ പഞ്ചായത്തിൽ ഉണ്ട്. വാഴക്കാട്ടുകാരായ ശ്രീ.ഇ.ടി മുഹമ്മദ് ബഷീർ വിദ്യാഭ്യാസ മന്ത്രിയായിരുന്നപ്പോൾ സ്ഥാപിച്ച വാഴക്കാട്ട് ടെക്നിക്കൽ ഹയർ സെക്കണ്ടറി സ്കൂൾ വിപുല സാധ്യതകളുള്ളതും കമ്പ്യൂട്ടർ ഇലക്ട്രോണിക്സ് വിദ്യാഭ്യാസ രംഗത്ത് ഒരു വലിയ മുതൽകൂട്ടായ സ്ഥാപനവുമാണ്. ചാലിയപ്പുറം ഗവ: യു.പി. സ്കൂൾ, വാഴക്കാട് യു.പി. സ്കൂൾ, മപ്രം എൽ.പി. സ്കൂൾ, വാഴക്കാട് ഗവ: ഹൈസ്കൂൾ എന്നിവക്ക് സ്വന്തം കെട്ടിടവും മറ്റ് സൗകര്യവും ഉണ്ടാക്കിയെടുക്കാൻ സാധിച്ചതിലും

അദ്ദേഹത്തിന്റെ പങ്ക് സ്മരണീയമാണ്. 7-ാം വാർഡിൽ സ്ഥിതിചെയ്യുന്ന "കാരുണ്യ ഭവൻ" ബധിര-മൂക-മന്ദ ബുദ്ധികളായ വിദ്യാർത്ഥികളുടെ ബുദ്ധി വികാസം ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന എയ്ഡഡ് വിദ്യാലയമാണ്. ഇവക്കു പുറമേ 19 അങ്കൻ വാടികളും കൊച്ചു കുട്ടികൾക്കു വേണ്ടിയുള്ള ക്രഷെ കളും വിവിധ ഭാഗങ്ങളിൽ പ്രവർത്തിക്കുന്നു. 6 ട്യൂട്ടോറിയൽ കോളേജുകളും 3 ടൈപ്പ്റൈറ്റിംഗ് സെന്ററുകളും പഞ്ചായത്തിലുണ്ട്. ഇതിനൊക്കെ പുറമേ അൺ എയ്ഡഡ് വ്യവസ്ഥയിൽ L.K.G തൊട്ട് 4-ാംതരംവരെ വരെയുള്ള കുട്ടികൾക്കായി സി.എച്ച് മെമ്മോറിയൽ നഴ്സറി & പ്രൈമറി സ്കൂളും ഇതേ പേരിൽ കേന്ദ്ര സർക്കാരിന്റെ ന്യൂനപക്ഷ വിദ്യാഭ്യാസ പദ്ധതിക്കു കീഴിൽ അംഗീകാരം ലഭിച്ച കേന്ദ്ര ഗവ: എയ്ഡഡ് യു.പി. സ്കൂളും എളമരം യത്തീംഖാനക്കു കീഴിൽ പണിക്കര പുറായയിൽ പ്രവർത്തിക്കുന്നു.

## പ്രൈമറി തലം

എൽ.പി. വിഭാഗത്തിൽ 10 സ്കൂളുകളുണ്ട്. 6 സ്കൂൾ സർക്കാർ മേഖലയിൽ 4 എണ്ണം സ്വകാര്യ മേഖലയിലും ആക്കോട്, മുണ്ടുമുഴി പണിക്കര പുറായ എൽ.പി.സ്കൂളുകൾ വാടകകെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. മിക്ക സ്കൂളുകൾക്കും മൂത്രപ്പുര, കുടിവെള്ളം തുടങ്ങിയ പ്രാഥമിക സൗകര്യങ്ങൾ പോലുമില്ല. (പട്ടിക 1 കാണുക.) 236 കുട്ടികൾ പഠിക്കുന്ന വെട്ടത്തൂർ ഗവ: സ്കൂളാണ് എൽ. പി. വിഭാഗത്തിൽ എണ്ണം കൊണ്ട് മുന്നിലുള്ളത്. അപ്പർ പ്രൈമറി പഠനത്തിന് വെട്ടത്തൂർ, മപ്രം, അനന്തായൂർ, മുണ്ടുമുഴി, എന്നീ സ്ഥലങ്ങളിലുള്ള കുട്ടികൾ ഏകദേശം 2 കിലോമീറ്ററിലധികം ദൂരം യാത്ര ചെയ്യേണ്ടതുണ്ട്.

## യു.പി വിഭാഗം

രണ്ടു സർക്കാർ സ്കൂളുകളും 4 എയ്ഡഡ് സ്കൂളുകളും കൂടി ആകെ 6 യു.പി. സ്കൂളുകൾ പ്രവർത്തിക്കുന്നു. സ്ഥിരം കെട്ടിടങ്ങളും അത്യാവശ്യം സൗകര്യങ്ങളുമുണ്ട്. ഇതിൽ 5ഉം എൽ.പി. യോടുകൂടിയ സ്കൂളുകളാണ്. ഏറ്റവും കൂടുതൽ കുട്ടികൾ പഠിക്കുന്നത് ചാലിയപ്പുറം ജി.യു.പി. സ്കൂളിലാണ് -1161. 1974 മുതൽ നില നിന്നു പോരുന്ന ഷിഫ്റ്റ് സമ്പ്രദായം പുതിയ കെട്ടിടം വന്നതോടെ അവസാനിക്കുമെന്ന പ്രതീക്ഷയിലാണ്. ചാലിയപ്പുറം യു.പി. സ്കൂൾ ഹൈസ്കൂളാക്കി ഉയർത്തണമെന്ന ആവശ്യം ശക്തമായി ഉയർന്നു വന്നിട്ടുണ്ട്.

## ഹൈസ്കൂൾ

പഞ്ചായത്തിലെ ഏക ഹൈസ്കൂൾ വാഴക്കാട് ഗവ: ഹൈസ്കൂളാണ്.ചീക്കോട്ട്,ഒമാനൂർ,ഒളവട്ടൂർ യത്തീംഖാന ഹൈസ്കൂൾ,ഒളവട്ടൂർ ഗവ:ഹൈസ്കൂൾ കക്കോവ് ഹൈസ്കൂൾ എന്നിവിടങ്ങളിലും പഞ്ചായത്തിലെ നിരവധി വിദ്യാർത്ഥികൾ പഠിക്കുന്നുണ്ട്. വാഴക്കാട് ഹൈസ്കൂളിൽ 776 ആൺകുട്ടുകളും 801 പെൺകുട്ടികളുമടക്കം 1577 വിദ്യാർത്ഥികൾ ഉണ്ട്. 52 അദ്ധ്യാപകർ വേണ്ടിടത്ത് 46 പേരേയുള്ളു. S.S.L.C വിജയശതമാനം ശരാശരി 20-25 ആണ് പട്ടിക 5) പ്രൈമറി തലത്തിലെ നിലവാര തകർച്ചയാണ് S.S.L.C. വിജയശതമാനം കുറയാൻ കാരണമെന്ന വാദമുണ്ടെങ്കിലും പട്ടിക 3 പരിശോധിച്ചാൽ കാണുന്ന ചിത്രം മറ്റൊന്നാണ്.3 മുതൽ 7 വരെയുള്ള ക്ലാസ്സുകളിൽ 50-60 ശതമാനത്തിനു മേൽ മാർക്ക് നേടുന്ന കുട്ടികളുടെ വിജയശതമാനം 8,9,10 ക്ലാസ്സുകളിലെത്തുമ്പോൾ നിലനിന്നു കാണുന്നില്ല.(പട്ടിക 4 കാണുക) ഈ പ്രശ്നം വിശദമായ പഠനത്തിന് വിധേയമാക്കേണ്ടതാണ്.

## ടെക്നിക്കൽ ഹയർ സെക്കണ്ടറി സ്കൂൾ

I.H.R.D യുടെ കീഴിലുള്ള സ്വയം ഭരണ വിദ്യാഭ്യാസ സ്ഥാപനമാണിത്. സെക്കണ്ടറി തലത്തിലും (10ാം തരം) ഹയർ സെക്കണ്ടറി തലത്തിലും (12ാം തരം) ഇംഗ്ലീഷ് മീഡിയത്തിൽ പഠനം നടക്കുന്നു. കമ്പ്യൂട്ടർ ഇലക്ട്രോണിക്സ് വിഷയങ്ങൾ പാഠ്യപദ്ധതിയിലുള്ള സാങ്കേതിക വിദ്യാലയമാണിത്. വിജയ ശതമാനം 98-100 % മാണ്. ഒരു കോടി രൂപ വിലമതിക്കാവുന്ന കെട്ടിട സമുച്ചയവും സ്ഥലവും സ്വന്തമായുണ്ട്.212 ആൺകുട്ടികളും 49 പെൺകുട്ടികളും കൂടി 261 പേർ പഠിക്കുന്നു. 8ാം ക്ലാസ്സിൽ 50 സീറ്റുകളിൽ 10 സീറ്റ് പ്രവേശന പരീക്ഷയെഴുതിയ വാഴക്കാട് പഞ്ചായത്തിലെ കുട്ടികൾക്ക് നീക്കി വെച്ചിരിക്കുന്നു. ഈ കുട്ടികൾക്ക് പലപ്പോഴും മെറിറ്റടി സ്ഥാനത്തിൽ പ്രവേശനം ലഭിച്ചവരോടൊപ്പം പഠന നിലവാരം പുലർത്താൻ കഴിയാത്ത പ്രശ്നമുണ്ട്. ഇംഗ്ലീഷ് പഠനത്തിലെ നിലവാര മില്ലായ്മയും പ്രശ്നം തന്നെ.രക്ഷകർത്താക്കളുടെ യോഗം വിളിച്ചാൽ ദൂരെ നിന്നുള്ള കുട്ടികളുടെ രക്ഷകർത്താക്കൾ വന്നാലും നാട്ടുകാരായ രക്ഷകർത്താക്കൾ താത്പര്യം കാണിക്കുന്നില്ല എന്ന പരാതി സ്കൂൾ അധികൃതർക്കുണ്ട്. കമ്പ്യൂട്ടർ പോലുള്ള വില പിടിച്ച ഉപകരണങ്ങൾ

പ്രവർത്തിപ്പിക്കുന്നതിന് വോൾട്ടേജ് ക്ഷാമം മൂലം പ്രയാസമുണ്ട്. ട്രാൻസ് ഫോർമറിന്റെ ശക്തി കൂട്ടാൻ വേണ്ട പണം അടച്ച് ടെലികോം ഡിപ്പാർട്ട് മെന്റിന്റെ അനുമതി കിട്ടിയിട്ടും വൈദ്യുതി ബോർഡിൽ നിന്ന് വേണ്ട നടപടി ഉണ്ടായിട്ടില്ല. ഇത് പരിഹരിക്കണം. അഖിലേന്ത്യാ സാങ്കേതിക വിദ്യാഭ്യാസ കൗൺസിലിന്റെ വിദഗ്ധ സംഘം പരിശോധിച്ച് ഈ സ്ഥാപനം പോളി ടെക്നിക്കായി ഉയർത്താൻ പറ്റുന്ന സൗകര്യങ്ങൾ ഉള്ളതാണെന്ന് ശുപാർശ ചെയ്തിട്ടുണ്ട്. ആവശ്യമായ സമ്മർദം ചെലുത്തി ഇത് നേടിയെടുക്കേണ്ടതാണ്.

വാഴക്കാട് ഹൈസ്കൂളിൽ 8,9,10 ക്ലാസ്സുകളിലെ 40 വീതം കുട്ടികൾക്ക് T.H.S.S ന്റെ സഹായത്തോടെ കമ്പ്യൂട്ടർ പഠനം നടക്കുന്നു. ഈ സ്ഥാപനത്തിന്റെ ഭാഗമായി സെന്റർ ഫോർ മെഡിക്കൽ ഇലക്ട്രോണിക്സ് പ്രവർത്തിക്കുന്നു. കുറഞ്ഞ നിരക്കിൽ ഇ.സി.ജി ,എക്സറെ എടുക്കാനുള്ള സൗകര്യവും ഇവിടെയുണ്ട്.സ്കൂളിൽ കമ്പ്യൂട്ടർ പരിശീലനത്തിൽ ഷോർട്ട് ടേം കോഴ്സുകളും നടന്നു വരുന്നു.

## വാഴക്കാട് ദാറുൽ ഉലും അറബിക് കോളേജ്

1871-ൽ കൊയപ്പത്തൊടി മമ്മദ്കുട്ടി ശിരസ്തദാർ നൽകിയ 40 നമ്പർ ഭൂമി വഖഫ് ദാനത്തെത്തുടർന്നാണ് ഇസ്ലാം മതവിജ്ഞാന വ്യാപന രംഗത്ത് കേളികേട്ട ദാറുൽ ഉലൂം ജന്മമെടുക്കുന്നത്. ദക്ഷിണേന്ത്യയിലെ ഏറ്റവും പ്രസിദ്ധമായിരുന്നതും ഒട്ടനവധി പ്രമുഖ പണ്ഡിതന്മാർക്ക് ജന്മം നൽകിയതുമായ ഒരു സ്ഥാപനമാണിത്. 1944-ൽ മദ്രാസ് സർവ്വകലാശാലയുടെ അംഗീകാരം ലഭിച്ചു. ഇംഗ്ലീഷ് ഉറുദു ഭാഷകൾ കൂടി പാഠ്യ വിഷയത്തിൽ ഉൾപ്പെടുത്തി. എന്നാൽ വീണ്ടും മതപഠനരംഗത്തു തന്നെ പ്രശസ്തമായ നിലയിൽ പ്രവർത്തിക്കുകയായിരുന്നു. 1970 മുതൽ കോഴിക്കോട് സർവ്വകലാശാലയിൽ അഫിലിയേറ്റ് ചെയ്യപ്പെട്ട ഈ അറബിക് കോളേജിൽ ഇപ്പോൾ അഫ്സൽ ഉൽ ഉലമാ (എൻട്രൻസ്) പ്രിലിമിനറി, ഫൈനൽ, പോസ്റ്റ് അഫ്സൽ ഉൽ ഉലമാ എന്നീ കോഴ്സുകൾ പഠിപ്പിക്കുന്നു. അദ്ധ്യാപകർക്ക് സർക്കാർ ശമ്പളം നൽകുന്നു. 80-90% റിസൽട്ട് നേടിയെടുത്തുകൊണ്ട് തൃപ്തികരമായി പ്രവർത്തിക്കുന്നു.

## കാരുണ്യ ഭവൻ

ബധിര -മൂക- മന്ദബുദ്ധികളായ കുട്ടികളുടെ ബുദ്ധി വികാസവും പുനരധിവാസവും ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന ഈ സ്ഥാപനം വാലില്ലാപ്പുഴയിൽ പ്രവർത്തിക്കുന്നു. ഇത് ഒരു എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനമാണ്. 57 ആൺ കുട്ടികളും 19 പെൺ കുട്ടികളും ഇവിടെ പഠിക്കുന്നു.

## പ്രശ്നങ്ങൾ

പഠന നിലവാര തകർച്ചയാണ് പ്രധാന പ്രശ്നം. ആവശ്യത്തിന് അദ്ധ്യാപകരില്ലാത്തത്, അനവസരത്തിലുള്ള അദ്ധ്യാപകരുടെ ട്രാൻസ്ഫർ, ഫർണ്ണിച്ചർ പഠനോപകരണങ്ങൾ എന്നിവയുടെ കുറവ്, ടെക്സ്റ്റ് ബുക്കുകൾ വർഷാരംഭത്തിൽ തന്നെ കിട്ടായ്ക. വിവേചന രഹിതമായ ആൾ പ്രമോഷൻ , പ്രൈമറി ഹെഡ്മാസ്റ്റർമാർക്ക് മറ്റ് ഭരണപരമായ പലജോലികളും ശ്രദ്ധിക്കുന്നതുമൂലം അധ്യയനത്തിൽ ശ്രദ്ധിക്കാൻ പറ്റായ്ക. ഇതല്ലാം പ്രധാന കാരണങ്ങളാണ്. എങ്കിലും മുതിർന്ന ക്ലാസ്സുകളിലെ കുട്ടികൾക്കുപോലും അക്ഷരമറിയാത്ത സാഹചര്യം എന്തുകൊണ്ട് ഉണ്ടാകുന്നു എന്നത് ആഴത്തിൽ പഠിക്കേണ്ട പ്രശ്നമാണ്. സ്വന്തം സ്ഥലം, കെട്ടിടം, മൂത്രപ്പുര, കക്കൂസ്സ്, കുടിവെള്ള സൗകര്യം, കളിസ്ഥലം, ഫർണിച്ചർ ലൈബ്രറി ലാബോറട്ടറി ഉപകരണങ്ങൾ ഇതൊന്നും ഒട്ടുമിക്ക സ്കൂളുകളിലും വേണ്ടത്രയില്ല.

രക്ഷകർത്താക്കളുടെ താൽപര്യക്കുറവ്, പി.ടി.എ മാതൃസംഗമങ്ങൾ ഇതൊന്നും പലസ്കൂളിലും കാര്യക്ഷമമല്ല.

സാങ്കേതിക വിദ്യാഭ്യാസ സൗകര്യം പഞ്ചായത്തിലില്ല. ടെക്നിക്കൽ ഹൈസ്കൂൾ ഉയർന്ന നിലവാരത്തിലുള്ള ഇംഗ്ലീഷ് മീഡിയം സ്കൂളാണ്. ഇതല്ലാതെ ഇടത്തരക്കാരെ തൊഴിൽ തേടാൻ പര്യാപ്തരാക്കുന്ന തൊഴിൽ അധിഷ്ഠിത-സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഒന്നും ഇല്ല.

ഒരു ന്യൂന പക്ഷം അധ്യാപകരെങ്കിലും അധ്യാപനത്തിൽ വേണ്ടത്ര ശുഷ്കാന്തിയോ താല്പര്യമോ കാണിക്കുന്നില്ല. എല്ലാ തൊഴിൽ മേഖലകളിലും ഈ പോരായ്മ കാണാമെങ്കിലും അധ്യാപനരംഗത്ത് ഈ കുറവ് ഒരു തലമുറയെ ബാധിക്കുന്ന ഗൗരവമായ പ്രശ്നമാണ്.

മുതിർന്ന പൺകുട്ടികൾ പഠിക്കുന്ന സ്ഥാപനങ്ങളെ ചുറ്റിപ്പറ്റി പുറത്തുനിന്നുള്ളവരുടെ അനാശാസ്യ സംഘങ്ങൾ പ്രവർത്തിക്കുന്നതിനെതിങ്ങരെ ജാഗ്രത പുലർത്തണം. സ്കൂളുകൾ കേന്ദ്രമാക്കി മയക്കുമരുന്ന്, ലഹരി സാധനങ്ങൾ, അശ്ലീല പ്രസിദ്ധീക

രണങ്ങൾ എന്നിവയുടെ വിപണി വളർന്നു വരുന്നത് തടയേണ്ടതാണ്.

വിദ്യാർത്ഥികൾക്ക് കായികമായ കഴിവുകൾ വർദ്ധിപ്പിക്കാൻ പ്രത്യേക ശ്രദ്ധ പതിയേണ്ടതാണ്. കളിസ്ഥലങ്ങളുടെ അപര്യാപ്തതയാണ് മുഖ്യ തടസ്സം. വാഴക്കാട് ഹൈസ്കൂളിലെ മുഹമ്മദ് ബഷീർ എന്ന വിദ്യാർത്ഥിയാണ് 95- 96- ലെ സംസ്ഥാന സ്കൂൾ കായികമത്സരത്തിൽ പോൾവാൾട്ടിന് സ്വർണ്ണ മെഡൽ കരസ്ഥമാക്കിയത്. ഈ രംഗത്ത് കൂടുതൽ പേരെ വളർത്തിയെടുക്കാൻ വാഴക്കാട്ട് ഹൈസ്കൂൾ ഗ്രൗണ്ട് 400 മീറ്റർ റൗണ്ട് ട്രാക്ക് ഇടാവുന്ന തരത്തിൽ സ്പോർട്സ്- ഗെയിംസ് സൗകര്യങ്ങൾ ഒരുക്കി വിപുലീകരിക്കേണ്ടതാണ്.

### നിർദ്ദേശങ്ങൾ

1. പഞ്ചായത്തിലെ എല്ലാ വിദ്യാലയങ്ങളിലും സ്ഥലം, കെട്ടിടം, ഫർണിച്ചർ, അധ്യാപകർ, പാഠപുസ്തകങ്ങൾ, എന്നീ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തി കൊടുക്കാൻ സമയപരിധി നിശ്ചയിച്ച് പാക്കേജ് പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കണം.

2. പി.ടി.എ, മാതൃസംഗമങ്ങൾ എന്നിവ സജീവമായി പ്രവർത്തിക്കണം. ക്ലാസ്സടിസ്ഥാനത്തിൽ മാതൃസംഗമങ്ങൾ നടത്തേണ്ടതാണ്. ഓരോ പരീക്ഷക്കു മുമ്പും മാതൃസംഗമങ്ങൾ നടത്തുന്നത് ഫലപ്രദമായിരിക്കും.

3. സ്കൂൾ കോപ്ലക്സ് പ്രവർത്തനം സജീവമാക്കണം.

4. പഞ്ചായത്തിൽ സാങ്കേതിക വിദ്യാഭ്യാസത്തിനുതകുന്ന ഐ.ടി.ഐ. അധ്യാപക പരിശീലനത്തിനുവേണ്ടി ടി.ടി.ഐ, ബി.എഡ് കോളേജ് എന്നിവ സ്ഥാപിക്കുക.

5. പഞ്ചായത്തിൽ ഒരു ആർട്സ് & സയൻസ് കോളേജ് ആരംഭിക്കണം.

6. കൗമാര ചാപല്ല്യത്തിന്റെ അപഥ സഞ്ചാരത്തിൽ കുട്ടികൾ പെട്ടു പോകാതിരിക്കാൻ രക്ഷകർത്താക്കൾ പ്രത്യേകിച്ചും അമ്മമാർ ശ്രദ്ധിക്കേണ്ടതിന്റെ ആവശ്യം ബോധ്യപ്പെടുത്തിക്കൊടുക്കണം. സ്കൂൾ സമയങ്ങളിൽ അധ്യാപകരും സ്കൂളിന് പുറത്ത് രക്ഷകർത്താക്കളും കൂടുതൽ ജാഗ്രത പുലർത്തുന്നത് അനാശാസ്യ പ്രവർത്തനങ്ങളെ തടയാൻ സഹായിക്കും.

7. വാഴക്കാട് കേന്ദ്രമായി വിവിധ വൈജ്ഞാനിക ശാഖകളിൽപ്പെട്ട ഗ്രന്ഥങ്ങളും റഫറൻസ് പുസ്തകങ്ങളും ദ്രശ്യ, ശ്രാവ്യ മാധ്യമങ്ങളുടെ സൗകര്യങ്ങളുമുള്ള ഒരു സ്ററഡീസെന്റർ സ്ഥാപിക്കണം.

8. ന്യൂനപക്ഷ വിദ്യാഭ്യാസപദ്ധതിയുടെ കീഴില്ഡ എളമരം യതീംഖാനയോട് അനുബന്ധിച്ച് എടവണ്ണപ്പാറയിൽ സ്ഥാപിക്കുന്നതിന് കേരളസർക്കാർ കേന്ദ്ര ഗവണ്മെന്റിലേക്ക് ശുപാർശ ചെയ്തയച്ച വനിതാ ഹയർസെക്കൻഡറി സ്കൂൾ ഉടനെ സ്ഥാപിക്കുക.

9. ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന MLL/DPEP പദ്ധതികൾ കൂടുതൽ ഫലപ്രദമാക്കണം. പുസ്തകങ്ങൾ യഥാസമയം ലഭ്യമാക്കണം. ഈ പദ്ധതിയുടെ നടപടി ക്രമങ്ങൾ സുതാര്യമാക്കണം. ഉദ്യോഗസ്ഥതലത്തിൽ നടന്നുകൊണ്ടിരിക്കുന്ന ഒരു ഏർപ്പാട് എന്ന അവസ്ഥ മാറ്റി ജനപ്രതിനിധികളേയും വിദ്യാഭ്യാസ മേഖലയുമായി ബന്ധപ്പെട്ട എല്ലാവരേയും ഉൾക്കൊള്ളിച്ച് പ്രവർത്തനൾക്ക് ജനകീയ സ്വഭാവം ഉറപ്പുവരുത്തണം.

### ഗ്രാമസഭാ ആവശ്യങ്ങൾ

1. ചാലിയപ്പുറം ഗവ.യു.പി. സ്കൂൾ ഹൈസ്കൂളാക്കുകയും ആക്കോട് ഹൈസ്കൂൾ ആരംഭിക്കുകയും വേണം.

2. വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ആക്കോട്, മുണ്ടുമുഴി, പണിക്കരപ്പുറായ എന്നീ സ്കൂളുകൾക്ക് സ്വന്തം സ്ഥലവും കെട്ടിടവും അനുവദിക്കുക.

3. മപ്രം, വെട്ടത്തൂർ, അനന്തായൂർ, മുണ്ടുമുഴി എന്നിവിടങ്ങളിൽ യു.പി സ്കൂൾ ആരംഭിക്കുക.

4. അഞ്ചാം വാർഡിൽ എടശ്ശേരി കുന്നത്തും ആറാംവാർഡിൽ മാട്ടപ്പുറത്തും ഏഴാം വാർഡിൽ വാലില്ലാപ്പുഴയിലും എട്ടാം വാർഡിൽ കോലോത്തും കടവിലും പുതിയ എൽ.പി. സ്കൂൾ അനുവദിക്കുക.

5. വാഴക്കാട് ഗവ. ഹൈസ്കൂളിൽ +2, VHS എന്നിവ അനുവദിക്കുക.

6. വാഴക്കാട് ടെക്നിക്കൽ ഹയർ സെക്കൻഡറി സ്കൂൾ പോളിടെക്നിക്കായി ഉയർത്തുക.

7. സാക്ഷരതാ പ്രവർത്തനം ഊർജ്ജിതപ്പെടുത്തുക.

8. D.P.E.P പ്രകാരം സ്കൂളുകളിൽ സൗജന്യ പുസ്തകങ്ങൾ യഥാസമയം ലഭ്യമാക്കുക.

## വിദ്യാലയ വിവരങ്ങൾ

പട്ടിക-1

| | സ്കൂളിന്റെ പേര് | ആൺ | പെൺ | ആകെ | ആകെ അധ്യാപതർ | നിലവിലുള്ള അധ്യാപകർ | പട്ടികജാതി ആൺ | പെൺ | ആകെ | മാനേജ് മെന്റ് |
|---|---|---|---|---|---|---|---|---|---|---|
| 1 | ജി.എം.എൽ.പിഎസ് ആക്കോട് | 96 | 71 | 167 | 7 | 7 | 15 | 8 | 23 | ഗവ: |
| 2 | ബി.എം.എൽ.പി.എസ് കോടിയമ്മൽ | 60 | 43 | 103 | 5 | 5 | 3 | 1 | 4 | എയ്ഡഡ് |
| 3 | ആർ.കെ.എ.എം എൽ.പി.എസ് ചക്കുംപുളയ്ക്കൽ | 60 | 50 | 110 | 5 | 5 | 8 | 5 | 13 | ,, |
| 4 | പാറമ്മൽ എ.എം. എൽ.പി.എസ് അനന്തായൂർ | 83 | 71 | 154 | 5 | 5 | 13 | 10 | 23 | ,, |
| 5 | ജി.എം.എൽ.പി.എസ് മുണ്ടുമുഴി | 96 | 87 | 183 | 6 | 5 | 2 | 2 | 4 | ഗവ: |
| 6 | ജി.എം.എൽ.പി.എസ് എളമരം | 80 | 79 | 159 | 5 | 5 | 5 | 6 | 11 | ,, |
| 7 | ജി.എം.എൽ.പി.എസ് വണിക്കരപ്പുറായ | 81 | 99 | 180 | 5 | 5 | 5 | 5 | 10 | ,, |
| 8 | കെ.എം.എച്ച്.എം. എ. എൽ.പി.എസ് പാലക്കുഴി | 65 | 42 | 107 | 5 | 5 | 5 | 4 | 9 | എയ്ഡഡ് |
| 9 | ജി.എം.എൽ.പി.എസ് മപ്രം | 58 | 59 | 117 | 5 | 5 | 14 | 11 | 25 | ഗവ: |
| 10 | ജി.എൽ.പി.എസ് വെട്ടത്തൂർ | 115 | 121 | 236 | 8 | 8 | 6 | 4 | 10 | ഗവ: |
| 11 | എ.എം.യു.പി.എസ് വിരിപ്പാടം | 220 | 213 | 433 | 15 | 15 | 15 | 20 | 35 | എയ്ഡഡ് |
| 12 | എ.ഐ.എ.എ യുപി.എസ് ചെറുവട്ടൂർ | 357 | 331 | 718 | 26 | 26 | 47 | 41 | 88 | ,, |
| 13 | ജി.എം.യുപിഎസ് വാഴക്കാട് | 280 | 230 | 480 | 19 | 19 | 15 | 18 | 33 | ഗവ: |
| 14 | മൈന എ.എം.യുപി.എസ് ചെറുവായൂർ | 324 | 317 | 641 | 22 | 22 | 72 | 69 | 141 | എയ്ഡഡ് |
| 1 | ബി.ടി.എം ഒ.യു.പിഎസ് എളമരം | 102 | 93 | 195 | 10 | 10 | 3 | 1 | 4 | ,, |
| 6 | ജി.എം.യുപി.എസ് ചാലിയപ്പുറം | 604 | 557 | 1061 | 36 | 35 | 60 | 77 | 137 | ഗവ: |
| 17 | ജി.എച്ച്.എസ് വാഴക്കാട് | 776 | 801 | 1577 | 52 | 46 | 94 | 96 | 190 | ,, |
| | | 3457 | 3264 | 6721 | | | 382 | 378 | 760 | |

| | സ്കൂളിന്റെ പേര് | സ്റ്റാഫ് റൂം | ലാബ് | ലൈബ്രറി | മൂത്രപ്പുര | കക്കൂസ് | കിണറ് | കളി സ്ഥലം | ഫർണി ച്ചറുകൾ | കെട്ടിടം |
|---|---|---|---|---|---|---|---|---|---|---|
| 1 | ജി.എം.എൽ.പിഎസ് ആക്കോട് | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | അപര്യാപ്തം | വാടക |
| 2 | ബി.എം.എൽ.പി.എസ് കോടിയമ്മൽ | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ,, | സ്ഥിരം |
| 3 | ആർ.കെ.എ.എം എൽ.പി.എസ് ചക്കുംപുളയ്ക്കൽ | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ,, | സ്ഥിരം |
| 4 | പാറമ്മൽ എ.എം. എൽ.പി.എസ് അനന്തായൂർ | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല | ,, | സ്ഥിരം |
| 5 | ജി.എം.എൽ.പി.എസ് മുണ്ടുമുഴി | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | ,, | വാടക |
| 6 | ജി.എം.എൽ.പി.എസ് എളമരം | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | ഉണ്ട് | ,, | സ്ഥിരം |
| 7 | ജി.എം.എൽ.പി.എസ് വണിക്കരപ്പുറായ | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ,, | വാടക |
| 8 | കെ.എം.എച്ച്.എം. എ. എൽ.പി.എസ് പാലക്കുഴി | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് | ,, | സ്ഥിരം |
| 9 | ജി.എം.എൽ.പി.എസ് മപ്രം | ഉണ്ട് | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ,, | ,, |
| 10 | ജി.എൽ.പി.എസ് വെട്ടത്തൂർ | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ,, | ,, |
| 11 | എ.എം.യു.പി.എസ് വിരിപ്പാടം | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് | ,, | സ്ഥിരം |
| 12 | എ.ഐ.എ.എ യുപി.എസ് ചെറുവട്ടൂർ | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ,, | ,, |
| 13 | ജി.എം.യുപിഎസ് വാഴക്കാട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ,, | ,, |
| 14 | മൈന എ.എം.യുപി.എസ് ചെറുവായൂർ | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ,, | ,, |
| 15 | ബി.ടി.എം ഒ.യു.പിഎസ് എളമരം | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ,, | ,, |
| 16 | ജി.എം.യുപി.എസ് ചാലിയപ്പുറം | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ,, | ,, |
| 17 | ജി.എച്ച്.എസ് വാഴക്കാട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ,, | സ്ഥിരം |

പട്ടിക-2

**പട്ടികജാതി/പട്ടിക വർഗ്ഗ വിദ്യാർത്ഥികളുടെ കണക്ക്**

| എൽ.പി.എസ് | | | യു.പി.എസ് | | | ഹൈസ്കൂൾ | | |
|---|---|---|---|---|---|---|---|---|
| ആകെ | എസ്.സി | ശതമാനം | ആകെ | എസ്,സി | ശതമാനം | ആകെ | എസ്.സി | ശതമാനം |
| 1516 | 132 | 8.71 | 3628 | 438 | 12.07 | 1577 | 190 | 12.05 |

പട്ടിക-3

**സ്കൂൾ വിജയ ശതമാനം**

| ക്ലാസ്സുകൾ | 30%ത്തിൽ താഴെ മാർക്ക് നേടുന്നവർ | 30-40% മാർക്ക് നേടുന്നവർ | 40-50% മാരക്ക് നേടുന്നവർ | 50-60% മാർക്ക് നേടുന്നവർ | 60% ത്തിൽ മാർക്ക് നേടുന്നവർ |
|---|---|---|---|---|---|
| III | 208 | 196 | 130 | 89 | 108 |
| IV | 177 | 182 | 155 | 94 | 126 |
| V | 126 | 123 | 141 | 112 | 165 |
| VI | 326 | 138 | 90 | 83 | 96 |
| VII | 266 | 170 | 121 | 109 | 95 |
| VIII | 504 | 48 | 36 | 15 | 13 |
| IX | 424 | 62 | 31 | 19 | 9 |
| X | 294 | 50 | 25 | 15 | 11 |

പട്ടിക - 4

**പെൺകുട്ടികളുടെ വിവരം**

| എൽ.പി.എസ് | | | യു.പി.എസ് | | | ഹൈസ്കൂൾ | | |
|---|---|---|---|---|---|---|---|---|
| ആകെ | പെൺ | ശതമാനം | ആകെ | പെൺ | ശതമാനം | ആകെ | പെൺ | ശതമാനം |
| 1516 | 722 | 47.63 | 3628 | 1741 | 47.99 | 1577 | 801 | 50.79 |

പട്ടിക - 5

**ഹൈസ്കൂൾ വിജയശതമാനം**

| 91-92 | 92-93 | 93-94 | 94-95 | 95-96 |
|---|---|---|---|---|
| 15% | 19% | 235% | 14% | 24% |
| 294 | 317 | 316 | 347 | 387 |

പട്ടിക -6

**മറ്റു സ്ഥാപനങ്ങൾ**

| വിദ്യാലയത്തിന്റെ പേര് | ആൺ | പെൺ | ആകെ |
|---|---|---|---|
| ടെക്നിക്കൽ ഹയർ സെക്കന്ററി ഹൈസ്കൂൾ, വാഴക്കാട് | 212 | 49 | 261 |
| കാരുണ്യ ഭവൻ | 49 | 16 | 65 |
| ദാറുൽ അറബിക് കോളേജ് | 54 | 189 | 243 |

# പൊതുജനാരോഗ്യവും കുടിവെള്ളവും

## പൊതുജനാരോഗ്യം

വാഴക്കാട് ഗ്രാമ പഞ്ചായത്തിലെ ആരോഗ്യ രംഗം ഏറെ ചർച്ചചെയ്യപ്പെട്ടു കൊണ്ടിരിക്കുന്ന ഒരു വിഷയമാണ്. മാവൂരിൽ സ്ഥിതിചെയ്യുന്ന ''ഗ്രാസിം ഇൻഡസ്ട്രീസ്'' വിസർജ്ജിക്കുന്ന വിഷാംശങ്ങൾ ഏറിയ പങ്കും അനുഭവിക്കാൻ വിധിക്കപ്പെട്ടവരായി ഈ നാട്ടുകാർ മാറിയിരിക്കുകയാണ്. വ്യാവസായിക മലിനീകരണത്തെക്കുറിച്ച് അജ്ഞരായിരുന്ന ജനങ്ങൾ അവിടെ ഉല്പാദനം ആരംഭിച്ചപ്പോൾ മാത്രമാണ് അതിന്റെ ഭീകരരൂപം നേരിൽ കണ്ടത്. ഈ മലിനീകരണത്തിനെതിരെ ചാലിയാറിനെ ജീവനു തുല്യം സ്നേഹിച്ച ഗ്രാമപഞ്ചായത്തിലെ ജനങ്ങൾ അന്നു തൊട്ട് തുടങ്ങിയ സമരം ഇന്നും തുടർന്നുകൊണ്ടിരിക്കുകയാണ്. ഈ പ്രദേശത്തോട് മാമേജ്മെന്റും അധികൃതരും അനുവർത്തിക്കുന്ന നിരുത്തരവാദപരമായ സമീപനം മലിനീകരണ പ്രശ്നത്തിന് ഒരു ശാശ്വത പരിഹാരം കാണാൻ വിലങ്ങു തടിയായി നിൽക്കുന്നു.

ജലമലിനീകരണത്തിനെതിരേ ശക്തമായി പ്രക്ഷോഭം നടക്കുമ്പോഴാണ് അന്തരീക്ഷ വായുവിനെക്കുടി കൂടുതൽ വിഷലിപ്തമാക്കുന്ന സൾഫ്യൂറിക്ക് ആസിഡ് പ്ലാന്റ് സ്ഥാപിക്കുന്നതിന് മാനേജ്മെന്റ് തയ്യാറായതും ബന്ധപ്പെട്ടവർ മൗനാനുവാദം നൽകിയതും ഇത്രയും. ജനസാന്ദ്രതയുള്ള പ്രദേശത്ത് ഇത്തരമൊരു പ്ലാന്റ് സ്ഥാപിക്കുന്ന സമ്പ്രദായം ലോകത്തൊരിടത്തും ഇല്ലാത്തതാണ്. ഇതിനു പുറമേ മറ്റ് പ്ലാന്റുകളിൽ നിന്നും ഹൈഡ്രജൻ സൾഫൈഡ്, കാർബൺ ഡൈ സൾഫൈഡ് എന്നീ വിഷവാതകങ്ങൾകൂടി പുറത്തു വന്നു തുടങ്ങിയതോടെ അന്തരീക്ഷമലിനീകരണം അതിന്റെ പൂർണ്ണത പ്രാപിച്ചു.

ഇതു മൂലം ഈ പ്രദേശത്ത് ഉണ്ടായിട്ടുള്ള ആരോഗ്യപരവും തൊഴിൽ പരവുമായ പ്രശ്നങ്ങൾ നിരവധിയാണ്. ഔഷധഗുണമുള്ള ചാലിയാറിന്റെ തെളിനീർ എന്നെന്നേക്കുമായി നഷ്ടപ്പെട്ടുവെന്നു മാത്രമല്ല കക്കവാരിയും മത്സ്യം പിടിച്ചും കുടുംബം പോറ്റിയിരുന്ന പരസഹസ്രം നാട്ടുകാർ വഴിയാധാരമായി. പ്രകൃതി വിഭവങ്ങൾ കരിഞ്ഞുണങ്ങി. നിരവധിപേർ മാറാരോഗികളായി മാറി. ഭീകരമായ ഈ മലിനീകരണ പ്രശ്നത്തിനെതിരെ ഈ നാട്ടുകാർ കഴിഞ്ഞ 34 വർഷമായി നടത്തിയിരുന്ന പ്രക്ഷോഭത്തോടൊപ്പം പ്രശ്നം പാർലമെന്റിലും നിയമസഭയിലും പലതവണ ചർച്ച ചെയ്യപ്പെട്ടു. എങ്കിലും മാനേജ്മെന്റിന്റെ നിരുത്തരവാദപരമായ സമീപനം ശാശ്വത പരിഹാരം കണ്ടെത്തുന്നതിന് തടസ്സം സൃഷ്ടിച്ചു.

വാർത്താ മാധ്യമങ്ങൾ മലിനീകരണത്തിന്റെ ഭീകരത ലേഖന പരമ്പരകളിലൂടെ നിരവധി തവണ വ്യക്തമാക്കി. ഇതു സംബന്ധിച്ച ശാസ്ത്ര സാങ്കേതിക വിദഗ്ദ്ധർ നടത്തിയ പഠനങ്ങളും ഔദ്യോഗിക – അനൗദ്യോഗിക ഏജൻസികൾ നടത്തിയ സർവ്വേകളും വൈദ്യപരിശോധനകളും ദുരിതമനുഭവിക്കുന്ന നിരവധി പേരെ കണ്ടെത്തുന്നതിനും പ്രശ്നത്തിന്റെ ഭീകര രൂപം വെളിപ്പെടുത്തുന്നതിന്നും സഹായിച്ചിട്ടുണ്ട്. ഇവ യഥാസമയങ്ങളിൽ അധികാരികളുടെ മുമ്പിൽ എത്തുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഈ ഹത ഭാഗ്യർക്ക് ചികിത്സാ സൗകര്യങ്ങളും മറ്റ് ജീവിത സൗകര്യങ്ങളും ലഭ്യമാക്കുന്ന കാര്യത്തിൽ അധികൃതരുടെ ശ്രദ്ധ വേണ്ടത്ര പതിഞ്ഞിട്ടില്ല. അതിനോടൊപ്പം എന്തിനുമേതിനും സംഭാവനകൾ വാരിക്കോരി നൽകി കയ്യടി നേടാൻ ശ്രമിക്കുന്ന മാനേജ് മെന്റ് ഈ പ്രശ്നത്തിന് പരിഹാരം കാണുന്ന കാര്യത്തിൽ തികഞ്ഞ നിസ്സംഗതയാണ് പുലർത്തി പോരുന്നത്. വാഴക്കാടിന്റെ ആരോഗ്യ രംഗത്തെ പ്രശ്നങ്ങളിൽ അതീവ പ്രാധാന്യമർഹിക്കുന്ന ഈ ജലവായു മലിനീകരണത്തിന് പരിഹാരം കാണാതെ നമുക്ക് ഒരിഞ്ച് മുന്നോട്ടു പോകാൻ സാധ്യമല്ല.

### നിർദ്ദേശിക്കാനുള്ള പരിഹാര മാർഗ്ഗങ്ങൾ

1. വാഗ്ദത്ത ലംഘനം ദിനചര്യയായി മാറ്റിയിട്ടുള്ള മാനേജ്മെന്റിൽ വിശ്വാസം നഷ്ടപ്പെട്ട സാഹചര്യത്തിൽ ശുദ്ധീകരണ പ്രക്രിയ ഫാക്ടറിയുടെ ചെലവിൽ സർക്കാർ നേരിട്ട് ഏറ്റെടുത്ത് നടത്തുക.

2. ഫാക്ടറിക്കകത്ത് പ്രവർത്തിക്കുന്ന അനധികൃത പ്ലാന്റുകളെ കുറിച്ച് നിഷ്പക്ഷ കമ്മീഷനെ

വെച്ച് അന്വേഷണം നടത്തി ആവശ്യമായ നടപടികൾ എടുക്കുക.

3. വിഷലിപ്ത സാഹചര്യങ്ങൾ രോഗികളാക്കി മാറ്റിയവർക്ക് വിദഗ്ദ്ധ ചികിത്സയും ആവശ്യമായ മറ്റ് സഹായങ്ങളും എത്തിക്കുക.

4. ഫാക്ടറിയുടെ അറ്റാദായത്തിൽ നിന്നും ഒരു നിശ്ചിത വിഹിതം ഈ പ്രദേശത്തിന്റെ വികസനത്തിന് മാറ്റി വെക്കാൻ നിയമനിർമ്മാണം നടത്തുക.

നമ്മുടെ ഗ്രാമപഞ്ചായത്തിലെ ആരോഗ്യ പ്രശ്നത്തിന്റെ മുന്നോടിയായി ഇത്രയും കാര്യങ്ങൾ ചർച്ച ചെയ്യേണ്ടതുണ്ട് എന്നതുകൊണ്ടാണ് ഈ പ്രശ്നം ചുരുക്കി വിവരിച്ചത്.

വളരെ പരിമിതമായ ചികിത്സാ സൗകര്യങ്ങൾ മാത്രം ലഭിച്ചുകൊണ്ടിരിക്കുന്ന ഒരു പ്രദേശമാണ് 'വാഴക്കാട് 'ഗ്രാമ പഞ്ചായത്ത്. പൊതുരംഗത്ത് നമുക്ക് ആശ്രയിക്കാനുള്ളത് ഒരു പ്രാഥമിക ആരോഗ്യ കേന്ദ്രവും അടുത്തകാലത്ത് പ്രവർത്തനം ആരംഭിച്ച ഹോമിയോ ഡിസ്പൻസറിയുമാണ്. ഫാക്ടറി തൊഴിലാളികൾക്കും അവരുടെ കുടുംബത്തിനും വേണ്ടി വാഴക്കാട് ചീനി ബസാറിൽ ഒരു E.S.I.ഡിസ്പൻസറി വാടകക്കെട്ടിടത്തിൽ പരിമിതമായ സൗകര്യങ്ങളോടുകൂടി പ്രവർത്തിച്ചു വരുന്നു. വാഴക്കാട്ടും എടവണ്ണപ്പാറയിലും പ്രവർത്തിക്കുന്ന സ്വകാര്യ അലോപ്പതി ആശുപത്രികളും ആയുർവ്വേദ ക്ലിനിക്കുകളും പാരമ്പര്യ വൈദ്യന്മാരും ഇവക്കു പുറമേയാണ്.

## പ്രൈമറി ഹെൽത്ത് സെന്റർ

1972–ൽ റൂറൽ ഡിസ്പെൻസറിയായി അനുവദിക്കപ്പെട്ട ഈ സ്ഥാപനം വാഴക്കാട്ടങ്ങാടിയിൽ ഒരു വാടക കെട്ടിടത്തിലാണ് പ്രവർത്തനം തുടങ്ങിയത്. കൊയപ്പത്തൊടി കുടുംബം സംഭാവന ചെയ്ത 60 സെന്റ് സ്ഥലം ലഭിച്ചതിനെ തുടർന്ന് സ്വന്തമായി കെട്ടിട നിർമ്മാണം ആരംഭിച്ചുവെങ്കിലും പൂർത്തീകരിക്കാൻ സാധിച്ചില്ല. തുടർന്ന് ജിഗ്ര മുൻകയ്യെടുത്ത് മറ്റ് സന്നദ്ധ സംഘടനകളുടെയും നാട്ടുകാരുടെയും സഹായത്തോടെ കെട്ടിട നിർമ്മാണ പൂർത്തികരിക്കുകയും 20 രോഗികളെ കിടത്തി ചികിത്സിക്കാൻ സൗകര്യമുള്ള ഒരു ബ്ലോക്ക് ഇതോടൊപ്പം സ്ഥാപിക്കുകയും ഉണ്ടായി. ഇതോടെ P.H.C യുടെ പ്രവർത്തനം സ്ഥിരം കെട്ടിടത്തിലേക്ക് മാറ്റിയെങ്കിലും അഡ്മിഷൻ ആരംഭിക്കാനോ കെട്ടിടത്തിന്റെ സൗകര്യങ്ങൾ പൂർണ്ണമായി ഉപയോഗപ്പെടുത്താനോ കഴിഞ്ഞിട്ടില്ല. വാഴക്കാട്ടെ പ്രത്യേക സാഹചര്യം കണക്കിലെടുത്തുകൊണ്ട് ഇവിടെ രോഗികളെ കിടത്തി ചികിത്സിക്കാനുള്ള സംവിധാനം ഏർപ്പെടുത്തേണ്ടിയിരിക്കുന്നു. 1996 ജനുവരിയിൽ വാഴക്കാട് സന്ദർശിച്ച സംസ്ഥാന ആരോഗ്യ വകുപ്പ് മന്ത്രി 'സോഷ്യൽ സേഫ്റ്റി' പദ്ധതിയിൽ വാഴക്കാട് P.H.C. ഉൾപ്പെടുത്തിയതായി പ്രഖ്യാപിച്ചിരുന്നു. ഇതിന്റെ ഭാഗമായി

പട്ടിക–1

**ആരോഗ്യം**

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | വാർഡ് | കെട്ടിടം സ്വന്തം/ വാടക | ജീവക്കാരുടെ എണ്ണം | സ്ഥാപിച്ച വർഷം | സ്ഥാപനപരമയ പ്രശ്നങ്ങൾ |
|---|---|---|---|---|---|---|
| 1 | P.H.C വാഴക്കാട് | 5 | സ്വന്തം | 14 | 11.9.72 | കോമ്പൗണ്ട് വാൾ ജീവനക്കാർക്ക് ക്വാർട്ടേഴ്സ് |
| 2 | ഹോമിയോ ഡിസ്പെൻസറി മപ്രം | 10 | ,, | 5 | 1988 | വൈദ്യുതി, വെള്ളമില്ല |
| 3 | E.S.I ഡിസ്പെൻസറി വാഴക്കാട് | 5 | വാടക | 8 | – | കെട്ടിടമില്ല |
| 4 | F.W.C കരുമരക്കാട് | 5 | സ്വന്തന്തം | 1 | – | കെട്ടിടം ഉപയോഗ യോഗ്യമല്ല |
| 5 | I.P.P S/C ഊർക്കടവ് | 2 | ,, | 1 | – | വൈദ്യുതി, വെള്ളമില്ല |
| 6 | I.P.P S/C കണ്ണത്തുംപാറ | 6 | ,, | 1 | – | വൈദ്യുതി, വഴി ഇല്ല |
| 7 | I.P.P S/C വെട്ടത്തൂർ | 11 | ,, | 1 | – | വെള്ളം വഴിഇല്ല, കെട്ടിടം റിപ്പേർ ചെയ്യണം, ഫർണിച്ചർ അപര്യാപ്തം, മരുന്ന് അപര്യാപ്തം |

ആശുപത്രി വിപുലീകരണത്തിന് ഡോക്ടർ ഉൾപ്പെടെയുള്ള ആശുപത്രി ജീവനക്കാർക്ക് ക്വാർട്ടേഴ്സുകൾ നിർമ്മിക്കുന്നതിനും ആവശ്യമായ ഫണ്ടുകൾ ലഭിക്കുമെന്നാണ് അധികൃതർ പ്രസ്താവിച്ചിരുന്നത്. ഈ പദ്ധതി താമസംവിനാ നടപ്പാക്കേണ്ടതാണ്.നിലവിലുള്ള സാങ്കേതിക പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തി ആശുപത്രിക്ക് ചുറ്റും സംരക്ഷണ ഭിത്തി നിർമ്മിക്കേണ്ടതും ആശുപത്രി വിപുലീകരണത്തിന് സ്ഥലം കണ്ടെത്തേണ്ടതുമാണ്. കൂടുതൽ ഡോക്ടർമാരുടെ സേവനം ലഭ്യമാക്കേണ്ടതുണ്ട്.

വാഴക്കാട് P.H.C യുടെ കീഴിലുള്ള 4 ആരോഗ്യ ഉപകേന്ദ്രങ്ങളിൽ 3 എണ്ണം മാത്രമേ ഉപയോഗയോഗ്യമായിട്ടുള്ളു. സുരക്ഷിതത്വ കാരണങ്ങളാൽ അടച്ച സബ് സെന്റർ നന്നാക്കി പ്രവർത്തനം പുനഃസ്ഥാപിക്കണം. നിലവിലുള്ള സർക്കാർ മാനദണ്ഡ പ്രകാരം ഗ്രാമ പഞ്ചായത്തിന് അർഹതപ്പെട്ട രണ്ടു സബ് സെന്ററുകൾ കൂടി അനുവദിച്ചു കിട്ടേണ്ടതാണ്.

### സ്ഥാപനങ്ങളും സേവനങ്ങളും.

വാക്കാട് ഗ്രാമ പഞ്ചായത്തിലെ ആരോഗ്യ രംഗത്തെ പൊതു സ്ഥാപനങ്ങൾ

1. പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ-1
2. ഹോമിയോ ഡിസ്പെൻസറി -1
3. ആരോഗ്യ ഉപകേന്ദ്രങ്ങൾ -4
4. ഇ.എസ്.ഐ. ഡിസ്പെൻസറി -1

ഇവയിലെല്ലാം കൂടി 31 ജീവനക്കാരാണ് ഉള്ളത്.

പട്ടിക (ആരോഗ്യം)-1

സൗകര്യങ്ങൾ പരിമിതമാണെങ്കിലും രോഗികളുടെ എണ്ണം കൂടികൊണ്ടിരിക്കുകയാണെന്ന് കണക്കുകൾ കാണിക്കുന്നു. വാഴക്കാട് P.H.C. യിൽ മാത്രം 92-93 ൽ 12429 പേരേയും 93-94 -ൽ 13998 പേരേയും 94-95-ൽ 16938 പേരേയും ഒ.പി യായി ചികിത്സിക്കുകയുണ്ടായി. 95-96-ൽ 16503 പേരേ ചികിത്സിച്ചതിൽ 20% ത്വക്ക് രോഗികളും 20% വാതരോഗികളും 35% പകർച്ച വ്യാധികൾ ഉള്ളവർക്കും 25% മറ്റ് രോഗങ്ങൾ ഉള്ളവരുമാണെന്ന് കണക്കുകൾ കാണിക്കുന്നു.

91-ലെ കാനേഷുമാരി കണക്കനുസരിച്ച് ഗ്രാമ പഞ്ചായത്തിലെ ആകെ ജനസംഖ്യ 26634 ആണ്. ജനന നിരക്ക് 22.65 ഉം മരണ നിരക്ക് 6.2 ഉം ആണ്.ശരാശരി കുടുംബ വലിപ്പം 6.05 ഉം ശിശു മരണ നിരക്ക് 16.74 മാണ്.

2000 ആണ്ടോടെ എവർക്കും ആരോഗ്യമെന്ന ലോക ആരോഗ്യ സംഘടനയുടെ ലക്ഷ്യം നേടാൻ രോഗ ചികിത്സയേക്കാൾ രോഗ പ്രതിരോധത്തിന് പ്രാധാന്യം നല്കുന്ന രീതി ശക്തമാക്കണം. ഇതിനായി ജനങ്ങളിൽ വ്യാപകമായ ബോധവൽക്കരണം നടത്തണം. സന്നദ്ധ സംഘടനകളെയും പ്രവർത്തകരേയും സംഘടിപ്പിച്ച് ആരോഗ്യ പ്രവർത്തകർ ലക്ഷ്യവും പദ്ധതിയും മുൻകൂട്ടി നിശ്ചയിച്ച് പ്രവർത്തിച്ചാൽ ഇത് സാധിക്കും. പത്താം വാർഡിലെ എളമരത്ത് 19 -ൽ പ്രവർത്തനം തുടങ്ങിയ ഹോമിയോ ഡിസ്പെൻസറിയിൽ ആവശ്യ സൗകര്യങ്ങൾ ഏർപ്പടുത്തി സ്ഥിരം ഡോക്ടറുടെ സേവനം ഉറപ്പു വരുത്തണം. രോഗികളെ കിടത്തി ചികിത്സിപ്പിക്കാനുള്ള സൗകര്യങ്ങളോടു കൂടിയ ഒരു ആയുർവേദ ആശുപത്രി ഈ ഗ്രാമ പഞ്ചായത്തിൽ സ്ഥാപിക്കാൻ നടപടികൾ സ്വീകരിക്കണം. കാൻസർ,ക്ഷയം,ആസ്ത്മ, ഹൃദ്രോഗം,ത്വക്ക് രോഗം എന്നിവയ്ക്ക് സ്പെഷലിസ്റ്റ് ചികിത്സാ സൗകര്യങ്ങളുള്ള ഒരാശുപത്രി മലിനീകരണത്തിന്റെ പ്രയാസം ഏറ്റവും അനുഭവപ്പെടുന്ന ഏഴാം വാർഡിൽ സ്ഥാപിക്കുക.

### പരിസര ശുചിത്വം

ശുദ്ധമായ കുടിവെള്ളവും ശുചിത്വവും ആരോഗ്യ സംരക്ഷണത്തിന്റെ മുൻ ഉപാധികളാണ്. വ്യക്തി

| തടസ്സ കാരണം | പരിഹാര മാർഗ്ഗങ്ങൾ |
|---|---|
| 1. സാമ്പത്തിര പരാധീനത | 1. സർക്കാർ , അർദ്ധ സർക്കാർ സ്ഥാപനങ്ങൾ, സന്നദ്ധ സംഘടനകൾ തുടങ്ങിയവയുടെ സഹായത്തോടെ ഓരോ ക്ലസ്റ്ററായി കക്കൂസ് നിർമ്മിച്ചു കൊടുക്കാവുന്നതാണ്.<br>2. ഏതെങ്കിലും സ്ഥാപനങ്ങളെ കൊണ്ട് ഒരു പ്രദേശത്തെ കക്കൂസ് നിർമ്മാണം ദത്തെടുപ്പിക്കുക. |
| 2. ആവശ്യകത വേണ്ടത്ര ബോധ്യപ്പെടാത്തവർ | ആരോഗ്യ പ്രവർത്തകർ, അധ്യാപകർ, വി.ഇ.ഒ മാർ തുടങ്ങിയവരെ ഉപയോഗപ്പെടുത്തി ചർച്ചാ ക്ലാസുകൾ നടത്തിയും സിനിമാ പ്രദർശനം നടത്തിയും ആരോഗ്യ ബോധവൽക്കരണം വിപുലപ്പെടുത്തേണ്ടതുണ്ട് |

ശുചിത്വത്തോടൊപ്പം പരിസര ശുചിത്വം കൂടി ഉറപ്പു വരുത്തേണ്ടതുണ്ട്. ഇതിന് ഒഴിച്ചു കൂടാനാവാത്ത ഘടകമാണ് കക്കൂസ്. 4985 വീടുകളുള്ള നമ്മുടെ ഗ്രാമ പഞ്ചായത്തിൽ 3107 വീടുകളിൽ മാത്രമാണ് കക്കൂസ് ഉള്ളത്. ഉള്ളതിൽ തന്നെ 413 കക്കൂസുകൾ റിപ്പെയർ ചെയ്യപ്പെടേണ്ടതാണ്. കക്കൂസുകളുടെ അഭാവം വിര ശല്യവും,ജലജന്യ രോഗങ്ങൾ ഉൾപ്പെടെ പലവിധ രോഗങ്ങളും വരുന്നതിന് കാരണമാകുന്നതായി കണക്കുകൾ കാണിക്കുന്നു. പുതിയതായി കക്കൂസുകൾ നിർമ്മിക്കുന്നതിൽ നേരിടുന്ന പ്രായോഗിക പ്രശ്നങ്ങളും അവയ്ക്കുള്ള പരിഹാര നിർദേശങ്ങളും താഴെ കൊടുത്തിരിക്കുന്നു.

### പ്രശ്നങ്ങളും സാധ്യതകളും

1. അറവു ശാലയുടെ അഭാവം മൂലം തോന്നിയ ഇടങ്ങളിൽ വെച്ച് നടത്തുന്ന അറവ് സൃഷ്ടിക്കുന്ന പരിസര മലിനീകരണം ഒഴിവാക്കാൻ എല്ലാവിധ യന്ത്രവത്കൃത സൗകര്യങ്ങളുമുള്ള ഒരു അറവുശാല ഗ്രാമ പഞ്ചായത്തിൽ സ്ഥാപിച്ചു ലൈസൻസുള്ളവർ മാത്രമേ അറവും മാംസ വില്പനയും നടത്തുന്നുള്ളു എന്ന് ഉറപ്പു വരുത്തുക.

2. ഗ്രാമ പഞ്ചായത്തിലെ സ്വകാര്യ ആശുപത്രികളും ഹോട്ടലുകളും ശീതള പാനീയ ശാലകളും മത്സ്യ മാംസ കച്ചവടക്കാരും മാലിന്യങ്ങളും അവശിഷ്ടങ്ങളും തോടുകളിലും പുഴകളിലും സമീപ പ്രദേശങ്ങളിലും നിർബാധം തള്ളുന്നത് രൂക്ഷമായ പരിസര മലിനീകരണം സൃഷ്ടിക്കുന്നു. ഇത് കർശനമായി തടഞ്ഞേ പറ്റൂ.

3. ഗ്രാമ പഞ്ചായത്തിൽ പ്രധാന അങ്ങാടികളിൽ ഒന്നും മല മൂത്ര വിസർജനത്തിന് സൗകര്യമില്ലാത്തതു കൊണ്ട് പ്രധാന കേന്ദ്രങ്ങളിൽ എല്ലാ വിധ സൗകര്യങ്ങളുമുള്ള കംഫർട്ട് സ്റ്റേഷനുകൾ സ്ഥാപിക്കേണ്ടതാണ്. നിലവിലുള്ള പൊതു കക്കൂസുകളുടെ കാര്യക്ഷമത ഉറപ്പു വരുത്തണം.

4. പ്രധാനപ്പെട്ട അങ്ങാടികളിൽ വെയ്സ്റ്റ് ബിറ്റുകൾ സ്ഥാപിക്കുകയും അങ്ങാടികൾ വൃത്തിയാക്കുന്നതിന് തൂപ്പുകാരെ നിയമിക്കുകയും ചെയ്യേണ്ടതാണ്.ഗ്രാമ പഞ്ചായത്തിലും എല്ലായിടത്തും ശേഖരിക്കപ്പെടുന്ന വെയ്സ്റ്റുകൾ സംസ്കരിക്കുന്നതിന് ഒരു പൊതു സംസ്കരണ പ്ലാന്റ് സ്ഥാപിക്കുന്നത് നന്നായിരിക്കും.

5. ഗ്രാമ പഞ്ചായത്തിലെ പ്രധാന അങ്ങാടികളിൽ മത്സ്യ,മാംസ മാർക്കറ്റുകൾ സ്ഥാപിക്കേണ്ടതാണ്.

6. ഗ്രാമ പഞ്ചായത്തിലെ അങ്ങാടികളിൽ ആവശ്യമുള്ളിടങ്ങളിൽ അഴുക്കു ചാലുകൾ സ്ഥാപിക്കുകയും ഉള്ള അഴുക്കു ചാലുകൾ കാര്യക്ഷമമായി പാലിക്കുകയും ചെയ്യേണ്ടതാണ്.

7. എലി,കൊതുക്,അലഞ്ഞു തിരിയുന്ന പട്ടികൾ എന്നിവയെ നശിപ്പിക്കണം.

8. മലിനീകരണം മൂലം കൂടുതൽ പ്രശ്നങ്ങൾ അനുഭവിക്കുന്ന പ്രദേശങ്ങളിൽ സൗജന്യ വൈദ്യ സഹായ കേമ്പുകൾ സംഘടിപ്പിക്കുന്നതിന് സൗകര്യങ്ങൾ ഏർപ്പെടുത്തേണ്ടതാണ്.

9. അടുത്ത കാലത്തായി രാത്രി കാലങ്ങളിൽ ദൂര സ്ഥലത്തുനിന്ന് കശാപ്പു ചെയ്ത മൃഗങ്ങളുടെയും കോഴിയുടെയും അവശിഷ്ടങ്ങൾ പുഴയിൽ കൊണ്ടു വന്ന് തള്ളുന്നതായി കാണുന്നു. ഇത് കർശനമായി തടയാൻ പോലീസും നാട്ടുകാരും ശ്രമിക്കണം. അതിനു വേണ്ടി തീര പ്രദേശങ്ങളിൽ പഞ്ചായത്തിന്റെ കീഴിൽ സന്നദ്ധ സംഘങ്ങൾ രൂപികരിക്കുക.

10. ഗ്രാമ പഞ്ചായത്തിൽ ഒരു പൊതു ശ്മശാനം സ്ഥാപിക്കുക.

11. 1996 ഏപ്രിൽ 1 മുതൽ നിലവിൽ വന്ന ചാരായ നിരോധനം ശക്തമായി മുന്നോട്ട് കൊണ്ടു പോകുന്നതിന് വ്യാജ ചാരായ വില്പന കർശനമായി തടയുവാൻ വേണ്ട നടപടികൾ സ്വീകരിക്കണം.

1930 കളിൽ നിലവിൽ വന്ന മദ്രാസ് പബ്ലിക്ക് ഹെൽത്ത് ആക്ടും ട്രാവൻ കൂർ കൊച്ചിൻ പബ്ലിക്ക് ഹെൽത്ത് ആക്ടുമാണ് ഇപ്പോൾ പൊതു ജനാരോഗ്യ രംഗത്ത് ഉപയോഗിച്ചു കൊണ്ടിരിക്കുന്നത്. കാലഹരണപ്പെട്ട ഈ നിയമങ്ങൾ കാലോചിതമായി പുതുക്കി ബന്ധപ്പെട്ടവർക്ക് കൂടുതൽ അധികാരങ്ങൾ നൽകേണ്ടതാണ്.

ആരോഗ്യ രംഗത്ത് പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെയും സംഘങ്ങളുടെയും കൂട്ടായ പ്രവർത്തനവും ഈ രംഗത്തുള്ള ബോധവൽക്കരണവും ആരോഗ്യാധിഷ്ഠിതമായ ഒരു സമൂഹത്തെ കെട്ടിപ്പടുക്കാൻ സഹായിക്കുമെന്ന് പ്രതീക്ഷിക്കാം.

### കുടിവെള്ളം.

കുടിവെള്ളത്തിന്റെ കാര്യത്തിൽ വാഴക്കാട് ഗ്രാമ പഞ്ചായത്ത് ഇന്നും ഒരു പ്രശ്ന പ്രദേശം തന്നെ. വേനൽ കാലങ്ങളിൽ രൂക്ഷമായ കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്ന പ്രദേശങ്ങൾ എല്ലാ വാർഡുകളി

## ഗ്രാമ പഞ്ചായത്തിലെ ആരോഗ്യ രംഗവും വാർഡ് തിരിച്ച് സ്ഥിതിവിശേഷവും

വാർഡ് 1 : പൊതുസ്ഥാപനങ്ങൾ ഇല്ല. ഒരു പാരമ്പര്യ വൈദ്യശാല ഉണ്ട്. ചികിത്സാ സൗകര്യത്തിന് 5 കി.മീ പോണം അതുകൊണ്ട് ഒരു പിഎച്ച്.സി സ്ഥാപിക്കണം. മലിനജലം പുഴയിലൊഴുക്കുന്നത് തടയണം.

വാർഡ് 2 : പൊതുസ്ഥാപനം ഐ.പി.പി സബ്സെന്റർ, പ്രവർത്തനം തൃപ്തികരമല്ല, അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുക.

വാർഡ് 3: പൊതു–സ്വകാര്യ സ്ഥാപനങ്ങളില്ല. പ്രതിരോധ കുത്തിവെയ്പ്പ് കാര്യസ്ഥമാക്കുക. ആയുർവ്വേദ ആശുപത്രി/ ഹോമിയോ ഡിസ്പൻസറി/ ആരോഗ്യ ഉപകേന്ദ്രം സ്ഥാപിക്കുക.

വാർഡ് 4: പൊതു സ്വകാര്യ സ്ഥാപനങ്ങളില്ല. വാഴക്കാട് പി.എസ്.സി യിൽ കിടത്ത ചികിത്സിക്കാൻ സൗകര്യം ഏർപ്പെടുത്തുക.

വാർഡ് 5: പൊതു സ്ഥാപനം പി.എച്ച്.സി വാഴക്കാട് എഫ്.ഡബ്ലി.യു.സി കരുമരക്കാട്, ഇ.എസ്.ഐ ഡിസ്പെൻസറി, സ്വകാര്യ സ്ഥാപനം, അലോപ്പതി ആശുപത്രി ഹോമിയോ ക്ലിനിക്ക്, രോഗങ്ങൾ – ശ്വാസകോശ സംബന്ധം, ത്വക്ക് രോഗങ്ങൾ, കാൻസർ, മൂത്രക്കല്ല്, ക്ഷയം, പി.എച്ച്.സി.യിൽ കിടത്തി

ചികിത്സ ആരംഭിച്ചിട്ടില്ല.•മരുന്നുകൾ വേണ്ടത്ര ലഭ്യമല്ല. ഇ.എസ്.ഐ ക്ക് സ്വന്തമായി കെട്ടിടമില്ല. എഫ്.ഡബ്ലി.യു.സി ഉപയോഗ യോഗ്യമല്ല. പി.എച്ച്.സിയിൽ അഡ്മിഷൻ ആരംഭിക്കുക. ആവശ്യമായ ഡോക്ടർമാരെയും, പാര മെഡിക്കൽ ജീവനക്കാരെയും നിയമിക്കുക. ഇ.എസ്.ഐ യ്ക്ക് സ്വന്തം കെട്ടിടം നിർമ്മിക്കുക. എഫ്.ഡബ്ലി.യു.സി കെട്ടിടം ക്വാർട്ടേഴ്സ് ആക്കുക അല്ലെങ്കിൽ മറ്റേതെങ്കിലും വാർഡിലേക്ക് മാറ്റി സ്ഥാപിക്കുക.

വാർഡ് 6: പൊതുസ്ഥാപനം ഐ.പി.പി സബ്സെന്റർ പ്രവർത്തനം തൃപ്തികരമല്ല. ഹൃദ്രോഗം, പ്രൈമറി കോംപ്ലക്സ്, നേത്ര രോഗങ്ങള്, വാതരോഗങ്ങള് എന്നിവ കാണപ്പെടുന്നു. സബ്സെന്ററിൽ ഡോക്ടറുടെ സേവനം ലഭ്യമാക്കുക, വൈദ്യുതീകരിക്കുക.

വാർഡ് 7: പൊതു സ്വകാര്യ സ്ഥാപനം ഇല്ല. കാൻസർ ഹൃദ്രോഗം, ആസ്ത്മ, ക്ഷയം, പ്രൈമറി കോംപ്ലക്സ് എന്നിവ കാണപ്പെടുന്നു. കിടത്തി ചികിത്സിക്കാൻ സൗകര്യമുള്ള ആശുപത്രി സ്ഥാപിക്കണം.

വാർഡ് 8: പൊതു സ്ഥാപനം ഇല്ല. സ്വകാര്യ സ്ഥാപനം വിഷ ചികിത്സാലയം, ആസ്ത്മ, കാൻസർ കൂടുതൽ കാണപ്പെടുന്നു. സബ്സെന്റർ സ്ഥാപിക്കണം.

വാർഡ് 9: പൊതുസ്ഥാപനം ഇല്ല. സ്വകാര്യ സ്ഥാപനങ്ങൾ അലോപ്പതി ആശുപത്രി –2, ക്ലിനിക്ക് –1, ആയുർവ്വേദ ക്ലിനിക്ക് –2, ഹോമിയോ ക്ലിനിക്ക് –1, ദന്താശുപത്രി –1, ആസ്തമ, പ്രൈമറി കോംപ്ലക്സ്. ജനതാ ഫാർമസി ആരംഭിക്കുക.

വാർഡ് 10: പൊതുസ്ഥാപനം ഗവ: ഹോമിയോ ഡിസ്പെൻസറി, സ്വകാര്യസ്ഥാപനം ഇല്ല. പനി, ശ്വാസകോശരോഗങ്ങൾ കാണപ്പെടുന്നു. ഹോമിയോ ആസ്പത്രി വൈദ്യുതീകരിക്ക ണം. അഡ്മിഷൻ ആരംഭിക്കണം. സ്ഥിരം ഡോക്ടറെ നിയമിക്കണം.

വാർഡ് 11: പൊതുസ്ഥാപനം ഐ.പി.പി സബ്സെന്റർ. പ്രവർത്തനം കാര്യക്ഷമമല്ല. ബാല രോഗങ്ങൾ വ്യാപകമായി കാണുന്നു. ഡോക്ടറുടെ സന്ദർശനം ആഴ്ചയിൽ ഒരിക്കൽ വേണം. ബിൽഡിംഗ് നന്നാക്കണം. പൊതു

ലുമുണ്ട്. പ്രധാന കുടിവെള്ള സ്രോതസ്സ് കിണറുകളാണ്. ഗ്രാമപഞ്ചായത്തിൽ 38 പൊതു കിണറുകളും 12 കുഴൽ കിണറുകളും 2480 സ്വകാര്യ കിണറുകളുമുണ്ട്. ഇവയിൽ മിക്കതും വേനൽ കാലങ്ങളിൽ വറ്റുന്നവയോ വെള്ളം ലഭിക്കാത്തവയോ ആണ്. ഒരു വലിയ വിഭാഗം ജനങ്ങൾ കുടിവെള്ളത്തിനും മറ്റ് ആവശ്യങ്ങൾക്കും ആശ്രയിച്ചിരുന്ന ചാലിയാർ പുഴ മലിനീകരണം മൂലം വിഷമായി മാത്രമല്ല പുഴയിലെ ജലവിതാനം ഓരോ കൊല്ലവും കുറഞ്ഞു വരുകയും ചെയ്യുന്നു. ഈ സ്ഥിതി വിശേഷം സ്വാഭാവികമായി ഉണ്ടായതല്ല; ഉണ്ടാക്കിത്തീർത്തതാണ്. കുടിവെള്ളത്തിനു വേണ്ടി യുദ്ധങ്ങൾ നടന്നതായി പറഞ്ഞു കേട്ടിട്ടുണ്ട്. വാഴക്കാട്ടുകാർ ആധുനിക കാലത്ത് അത്തരത്തിൽ ഒരു ചരിത്രം സൃഷ്ടിച്ചവരാണ്. ഒരു വേളയിൽത്തന്നെ വ്യവസായം മൂലം ഉണ്ടാകുന്ന വായു-ജല മലിനീകരണത്തിനെതിരെ സംഘടിതമായി നടന്ന ഏറ്റവും വലിയ ബഹുജന പ്രക്ഷോഭമായിരുന്നു ചാലിയാർ സമരം കേരളത്തിൽ മലിനീകരണ നിയന്ത്രണ ബോർഡ് സ്ഥാപിക്കപ്പെടാൻ നിമിത്തമായത് ഈ സമരമായിരുന്നു. പണി നടന്നുകൊണ്ടിരിക്കുന്ന കവണക്കല്ല് റെഗുലേറ്റർ കം ബ്രിഡ്ജും ഈ സമരത്തിന്റെ മറ്റൊരു നേട്ടമാണ്. ഇതിന്റെ പണി പൂർത്തിയായാലും കവണക്കല്ലിന് താഴെയുള്ള പ്രദേശങ്ങളിൽ ജലമലിനീകരണം രൂക്ഷമായി തുടരാൻ തന്നെയാണ് സാദ്ധ്യത. ഇതിനും ഒരു പരിഹാരം കണ്ടേ പറ്റൂ.

**പഞ്ചായത്തിലെ പ്രകൃതിദത്ത ജല സ്രോതസ്സുകൾ**

| വാർഡ് | പേര് |
|---|---|
| 1 | അന്തിക്കോട് കയത്തിങ്ങൽ പുറായ |
| 3 | നൂഞ്ഞിക്കരയിലെ മലാട്ടി |
| 4 | നൂഞ്ഞിക്കര ചോലയിൽ കുഴിച്ചാലിപ്പുറത്ത് |
| 6 | അയ്യഞ്ചോല |
| | മമ്മണ്ടംഞ്ചോല, |
| | പാലാച്ചോല |
| 8 | കുന്നത്ത് കുളങ്ങര |

**കെ.ഡബ്ലിയു.എ പട്ടിക. 1**

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | സേവന പരിധി | മൊത്തം ടാപ്പുകൾ | റിമാർക്ക്സ് |
|---|---|---|---|---|
| 1 | ചാലിയപ്പുറം ശുദ്ധജല പദ്ധതി | 8,9,10,11 | | |
| 2 | വാഴക്കാട് ശുദ്ധജല പദ്ധതി | 4,5,6,7 | (57) | ഭൂരിപക്ഷം ടാപ്പുകളും വേണ്ടത്ര പ്രവർത്തനക്ഷമമല്ല. |

ഇപ്പോൾ വേലിയേറ്റ സമയങ്ങളിൽ ഉപ്പുവെള്ളവും മലിനജലവും കയറുന്നതുമൂലം പുഴമാത്രമുള്ള പുഴവക്കത്തെ കിണറുവെള്ളവും ഉപയോഗശൂന്യമാകുന്ന നദിയിലെ ജലവിതാനം കുറയുന്നതു മൂലം കുണറുകളിലെ വെള്ളം വറ്റിപ്പോകുന്നു. ഇതു കാരണം വർഷം തോറും കിണറുകളുടെ ആഴം കൂട്ടേണ്ടിയിരിക്കുന്നു.

ഇവയുടെ സാദ്ധ്യതകളെ സംബന്ധിച്ച് വേണ്ടത്ര പഠനം നടത്തി ഉപയോഗപ്പെടുത്തേണ്ടതാണ്.

ഗ്രാമ പഞ്ചായത്തിൽ ഇപ്പോൾ നിലവിലുള്ള ശുദ്ധ ജല വിതരണ പദ്ധതി K.W.A യുടെ കീഴിലുള്ള ചാലിയാപ്രം വാഴക്കാട് കുഴൽക്കിണർ ശുദ്ധജല വിതരണ പദ്ധതികളാണ്. ഇവയുടെ പ്രവർത്തനം വേണ്ടത്ര തൃപ്തികരമല്ല. ഇവയും ഇനി നടപ്പിലാക്കാൻ പോകുന്ന പദ്ധതികളും കാര്യക്ഷമമായ ഗ്രാമപഞ്ചായത്തിനെ ഏൽപ്പിക്കേണ്ടതാണ്. NAP2 പദ്ധതി പ്രാവർത്തികമാവുമ്പോൾ ഗ്രാമപഞ്ചായത്തിലെ മൊത്തം കുടിവെള്ള പ്രശ്നത്തിനും പരിസര ശുചീകരണ പ്രവർത്തനത്തിനും പരിഹാരം കാണാൻ സാധിക്കുമെന്ന പ്രതീക്ഷയാണുള്ളത്. വർഷം തോറും നടത്താറുള്ള വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങൾ കുറച്ചൊക്കെ പ്രയോ ജനപ്പെടുത്താറുണ്ടെങ്കിലും വേണ്ടത്ര ഫണ്ട് വേണ്ടപ്പോൾ കിട്ടാത്തതുകൊണ്ട് കാര്യക്ഷമമാകാറില്ല. ഇത്തരം പ്രവർത്തനങ്ങളുടെ ആസൂത്രണവും പ്രവർത്തന ചുമതലയും മേൽ നോട്ടവും ഗ്രാമ പഞ്ചായത്തിനെ ഏൽപ്പിക്കേണ്ടതുമാണ്.

## കുടിവെള്ള പ്രശ്നപ്രദേശങ്ങളും പരിഹാര നിർദ്ദേശങ്ങൾ ഗ്രാമസഭാ നിർദ്ദേശങ്ങൾ ഉൾപ്പെടെ

| വാർഡ് | പ്രശ്നമേഖല | നിർദ്ദേശിക്കുന്ന പരിഹാരമാർഗം |
|---|---|---|
| 1 | ഊർക്കടവ് മുതൽ തോട്ടുംമുക്കം വരെയുള്ള ചാലിയാർ തീരം. പുള്ളിശ്ശേരിക്കുന്ന്, ചെറൂത്ത് കുന്ന്, കയത്തിങ്ങൽ കുന്ന്, തലെയെക്കുന്ന്, പുളിക്കൽ കുന്ന്, ഏറിയാട്ട് കുന്ന്, പണ്ടാറപ്പറമ്പ് കുന്ന്, കക്കോട്ട് പുറത്ത്കോളനി, തൈക്കൂട്ടത്തിൽ പുറായ. | അന്തിക്കോട്, കയത്തിങ്ങൽ പുറായ, പ്രത്താംദത്ത ജല സ്രോതസ്സുകൾ പരമാവധി ഉപയോഗപ്പെടുത്തുക. 1,2,3 വാർഡുകൾക്ക് വേണ്ടി ശുദ്ധജല വിതരണ പദ്ധതി ആരംഭിക്കുക. പുത്തൻ പീടികക്കൽ , കളത്തിങ്ങൽ പുറായ. പൊതു കിണറുകൾ റിപ്പയർ ചെയ്യുക, വിരിപ്പാടത്ത് കിണർ കുഴിക്കുക. (സ്ഥലം സംഭാവന ചെയ്യാൻ 6 പേർ തെയ്യാർ. കവണക്കല്ല് റഗുലേറ്റർ വന്നാൽ പമ്പ്ഹൗസ് സ്ഥാതിച്ച് ശുദ്ധജലവിതരണം നടത്താം. |
| 2 | ചേലാട്ട് കോളനി, അല്ലുമ്പ്രകോളനി, | രാമന്റ കിണർ നന്നാക്കുക. അല്ലുമ്പ്രകോളനിയിൽ പൊതുകിണർ സ്ഥാപിക്കുക. |
| 3 | കുറിമ്പാലിക്കോട്ട്, മൂശാരിക്കണ്ടിപ്പുറായ, പിലാത്തോട്ടം കോളനി, ഈശ്വരൻ കുന്ന് | 1. ഡെൻമാർക്ക് പദ്ധതി പ്രകാരമുള്ള കുഴൽ കിണർ പൂർത്തിയാക്കി സ്കൂളിന് മുകളിലുള്ള മലയിൽ ടാങ്കെട്ടി ജലവിതരണം നടത്തുക. |
| | 2. അയിലാത്തടം | 2. കിണറ് കുഴിക്കുക. |
| | 3. മൂലയിൽ പുറായ് | 3. നാടിയുടെ കിണർ നന്നാക്കുക. |
| | 4. ചാമക്കലായ് കോളനി | 4. പ്രകൃതിദത്ത നീരുറവ (മലാട്ടി) ശാസ്ത്രീയമായി പ്രയോജനപ്പെടുത്തുക, എടശ്ശേരിക്കുന്നത്ത് എത്തിനിൽക്കുന്ന പൈപ്പ് ലൈൻ നീട്ടുക |
| 4 | ചെറുവട്ടൂർ പാറമ്മൽ, മായിപ്പയിൽ ചാലിൽ | കുഴൽകിണർ സ്ഥാപിക്കുക/ പൈപ്പ് ലൈൻ നീട്ടി വെള്ളമെത്തിക്കുക. |
| | ഓട്ടുപാറ, ഉൽപ്പം കടവ്, ചെത്തുപാലം, തടത്തിൽ, മണ്ണറോട്ട് പുറായ കോളനി, ചാമക്കലായി. കാമ്പ്രത്തിക്കുളി കോളനി, പുളിക്കലക്കണ്ടി പുറായി, എടശ്ശേരിക്കുന്ന്. | ടാങ്കെട്ടി സമീപത്തുള്ള നീരുറവയിലെ വെള്ളം സംഭരിച്ച് പൈപ്പുവഴി വിതരണം ചെയ്യുക. |
| 5 | പള്ളിപ്പറമ്പിൽ, ഊട്ടിക്കൽ, മണന്തലക്കടവ്, ആമക്കോട്, പാറപ്പുറത്ത്, രാജീവ് ദശലക്ഷം കോളനി പൂവാടിയിൽ മേത്തൽ, കുന്നുമ്മൽ, പൂവാടിച്ചാലിൽ കോളനി, തറമ്മൽ, പൊന്നമ്പള്ളി, വള്ളിക്കാട്ട് മേത്തൽ, കളത്തിങ്ങൽ പുറായ, അടുവാട്ട് പുറായ, എടശ്ശേരിക്കുന്ന്, കുറ്റിയോട്ട് മേത്തൽ, കുറ്റിയോട്ട് പുറായ എടത്തൊടിക. | പള്ളിപ്പറമ്പിന്റെ കിഴക്ക് ഭാഗത്ത് മുണ്ടശ്ശേരി മേത്തൽ, ടാങ്കെട്ടി, ചാലിയാറിൽ നിന്ന് വെള്ളം പമ്പ് ചെയ്ത് പൈപ്പ് ലൈനിടുക. കുറ്റിയോട്ട് പുറായ കിണറ് കുഴിക്കൽ 6–ാം വാർഡ് മമ്മട്ടം ചോല ടാങ്കെട്ടി പ്രകൃതി ദത്ത ജലം പൈപ്പ് വഴി വിതരണം ചെയ്യുക. |
| | ആലിങ്ങൽ പറമ്പ്, ചീനി ബസാർ, പി.എച്ച്.സി പരിസരം. | വാട്ടർ ടാപ്പ് പുനഃസ്ഥാപിക്കൽ |
| 6 | പൂവൻചേരി, മാട്ടുപുറം, ഓട്ടുപുറായ, എളാങ്കുഴി, ആശാരിക്കണ്ടി, പൂവത്തിക്കൽ പുറായ, കക്കാട്ടീരിപ്പുറായ, | പരിഹാരം, ഓട്ടുപാറ, അയ്യഞ്ചോല, പാലാച്ചോല ഇവിടങ്ങളിൽ കുളം കുത്തി ടാങ്കെട്ടി ജലവിതരണം നടത്തുക. പ്രകൃതിജലസ്രോതസ്സുകൾ പരമാവധി ഉപയോഗപ്പെടുത്തക |

## കുടിവെള്ള പരിഹാര നിർദ്ദേശങ്ങൾ

| വാർഡ് | പ്രശ്നമേഖല | നിർദ്ദേശിക്കുന്ന പരിഹാരമാർഗം |
|---|---|---|
| 6 | കണ്ണത്തുംപാറ അങ്ങാടിയും, അമ്പലപ്പുറായവരെ റോഡിന് ഇരുവശവും | അങ്ങാടിയിലെ കിണർ നന്നാക്കുക. അമ്പലുപ്പുറായ നിന്നും പൈപ്പ്‌ലൈൻ കണ്ണത്തും പാറവരെ നീട്ടി ടാപ്പുകളിടുക. |
| | കുളങ്ങരപ്പുറായ, കോലോത്തുംപുറായ, അയ്യഞ്ചോലക്കുന്ന് | കുഴൽ കിണർ സ്ഥാപിക്കുക. |
| | വെട്ടുവടിച്ചാലിൽ പുറായ<br>പാറോട്ട് - വാപ്പാൽതൊടി | പുള്ളിശ്ശേരി പുറായമേത്തൽ ടാങ്ക്കെട്ടി അടുത്തുള്ള കുഴൽകിണറിൽ നിന്നും പമ്പിംഗ് നടത്തി ജല തരണം ചെയ്യുക. |
| 7 | അഴിക്കുന്ന് വെള്ളഞ്ചേരിപ്പുറായ മധുരക്കുഴി തടായി, കാവുങ്ങൽ പുറായി, മേലെ ചിങ്ങം കുളത്തിൽ, പയ്യനാട്ട് മതിലിനകായിൽ മേലെകുന്നുമ്മൽ വലിയവീട്ടിൽ വാലില്ലാപ്പുഴ ജങ്ക്ഷൻ കാരുണ്യഭവൻ, ചോലയിൽ, വല്ലങ്ങോട്ട് | പൈപ്പ് ലൈൻ വഴി വെള്ളമെത്തിക്കുക. |
| | പുറായ തുറക്കൽകുന്നത്ത്, കൂരിത്തൊടിപുറായ, കാളിക്കുളര പുറായ, പാലത്തിങ്ങൽ, കണ്ണാം പുറത്ത്, വാക്കയിൽ പുറായ, യത്തീംഖാന, കോഴിപ്പറമ്പത്ത് പുറായ, പണിക്കര് കണ്ടി പുറായ | പരപ്പത്ത് കുഴൽ കിണറിൽ നിന്ന് പമ്പിഗ് നടത്തുമ്പോൾ സമീപത്തെ കിണറുകൾ വറ്റുന്നു. കൊന്നാര് പദ്ധതി വാഴക്കാട് ശുദ്ധജല പദ്ധതിയുമായി ബന്ധിപ്പിച്ചാൽ പമ്പിഗ് നിർത്താം. കുഴൽ കിണർ സ്ഥാപിക്കുക. |
| 8 | ചീടിക്കുഴി അടൂർപുറായ 50 വീടുകൾ, പുളിക്കത്തൊടി ഭാഗം | പൈപ്പ് ലൈൻ നീട്ടുക/ കുഴൽ കിണര് സ്ഥാപിച്ച് വെള്ളം പമ്പ് ചെയ്യൽ. |
| | ചോലക്കുഴി ഹരിജൻ കോളനി | കുഴൽകിണർ |
| | കോട്ടയം കുന്ന് കോട്ടയം കുന്ന് തടം, വട്ടപ്പാറ നീരോൽപ്പിങ്ങൽ ഹരിജൻ കോളനിയുൾപ്പെടെ 84 വീടുകൾ, കുഴിമുള്ളിതടായ, ചോലക്കുഴി കാമശ്ശേരി പറമ്പ്. 100 വീടുകൾ, പുളിക്കത്തൊടി ചോലപ്പുറായ കോളനി 50 വീടുകൾ | കുളം/കിണർ കുഴിച്ച് പമ്പിങ്ങ് സ്ഥലം ലഭ്യമാണ്. അങ്ങാടിയിലെ ടാപ്പ് സ്കൂൾ പരിസരത്തേക്ക് മാറ്റുക. കൊന്നാര് പദ്ധതിയുടെ പരിധിയിൽ കൊണ്ടുവരിക. പൈപ്പ് ലൈൻ നീട്ടി കൂടുതൽ ടാപ്പുകളിടുക. |
| 9 | നാദാക്കോട് , കിളിയൻതൊടി ,ചീടിക്കുഴിതടായി | നിലവിലുള്ള കുഴൽ കിണറിൽ മോട്ടോർ സ്ഥാപിക്കുക. പൊതുകിണർ കുഴിക്കുക/ കുഴൽകിണർ സ്ഥാപിച്ച് പമ്പിങ്ങ് നിലവിലുള്ള പൈപ്പ് ലൈൻ നീട്ടുക. |
| 10 | കരിയാത്തൻ കുഴി, ചൂലഴിച്ചാലിൽ, ചോലക്കര, പാലക്കുഴി, തെക്കെമൂല, വിളമ്പിലാങ്കുഴി, വെട്ട് കാട്, കോലോത്തും കടവ്, പുത്തനങ്ങാടി, കഴുക്കുത്താൻ തടാ | ചാലിയപ്പുറം പദ്ധതി20 എച്ച്.പി മോട്ടോർ സ്ഥാപിച്ച് വിപുലപ്പെടുത്തുക. കൊന്നാരു പദ്ധതി ഉടൻ പൂർത്തിയാക്കുക. പൊതുകിണർ പുനർനിർമ്മാണം നടത്തുക. |
| 11 | ചാലിയേപ്രം കോളനി, കിളിക്കത്തടായി, കോണത്ത് കാരിയോട്ട്, കട്ടപ്പള്ളി, വെട്ടത്തൂർ അങ്ങാടി, സ്കൂൾ സബ്സെന്റർ പടിഞ്ഞാറെ തൊടി, അങ്കൻ വാടി, എറക്കോട്ടിൽ, തത്തങ്ങോട്ട്, ചീക്കപ്പള്ളി | 1. കൊന്നാര് പദ്ധതിയുലുൾപ്പെടുത്തുക.<br>2. മണ്ണാത്തിക്കടവിൽ നിന്ന്, വെള്ളം പമ്പ്ചെയ്ത് കിളിക്കത്താകയിൽ ടാങ്ക്കെട്ടി പൈപ്പ് ലൈൻ ഇടുക.<br>3. ചാലിയേപ്രം കോളനിയ്ക്ക് വേണ്ടി നടപ്പാക്കിയ ശുദ്ധജല വിതരണ പദ്ധതി കാര്യക്ഷമമാക്കി കോളനിക്ക് പ്രയോജനപ്പെടുത്തുക. |

# ഗതാഗതം – ഊർജ്ജം – മാർക്കറ്റ്

ടിപ്പുവിന്റെ പടയോട്ട കാലത്ത് നിർമിക്കപ്പെട്ട താമരശ്ശേരി – താനൂർ റോഡിന്റെ ഭാഗമായ കൂളിമാട് – എടവണ്ണപ്പാറ – കൊണ്ടോട്ടി റോഡ്, വാഴക്കാട് – അരീക്കോട് റോഡ് എന്നിവയായിരുന്നു നമ്മുടെ പ്രധാന പൊതു നിരത്തുകൾ. ഈ രംഗത്ത് മാതൃകാപരമായ ചില പ്രവർത്തനങ്ങൾ നടത്തുവാൻ നമ്മുടെ പഴയ തലമുറക്ക് സാധിച്ചിരുന്നു. ഗ്രാമോദ്ധാരണ സംഘത്തിന്റെ ആഭിമുഖ്യത്തിൽ ചാലിയപ്രം ഭാഗങ്ങളിലും ശ്രീ കെ.വി. ഹുസൈൻ ഹാജി പ്രസിഡന്റും ശ്രീ ശ്രീധരൻ മൂസത് സെക്രട്ടറിയും ആയി നടന്ന പൊന്നാട് വാഴക്കാട് റോഡ് നിർമാണവും മികച്ച ഉദാഹരണങ്ങളാണ്. തോണികളും ബോട്ട് സർവ്വീസുമായിരുന്നു ജനങ്ങളുടെ മുഖ്യ ഗതാഗത മാർഗം. ചരക്ക് ഗതാഗതത്തിന് പുഴകൾ മാത്രമായിരുന്നു ആശ്രയം. എന്നാൽ, സ്വാതന്ത്ര്യലബ്ധിക്കു മുമ്പ് തന്നെ കൊയപ്പത്തൊടി കുടുംബത്തിന്റെ മോട്ടോർ വാഹനങ്ങൾ നമ്മുടെ ചെമ്മൺ പാതയെ ധന്യമാക്കിയിരുന്നു.

സമീപകാലത്തായി ആശാവഹമായ ചില മുന്നേറ്റങ്ങൾ നടത്താൻ നമുക്ക് സാധിച്ചിട്ടുണ്ട്. 'കവണക്കല്ല് റഗുലേറ്റർ – കം – ബ്രിഡ്ജ് പ്രവൃത്തി പൂർത്തിയാവുന്നതോടെ വാഴക്കാട് – അരീക്കോട് റോഡ് കോഴിക്കോടിനെ ഊട്ടിയുമായി ബന്ധപ്പെടുത്തുന്ന ഏറ്റവും ദൂരം കുറഞ്ഞ ദേശീയ പാതയായി മാറും. പ്രവൃത്തി നടന്നുകൊണ്ടിരിക്കുന്ന എരട്ടമുഴി – വാലില്ലാപ്പുഴ റോഡ് 7, 8, 10, 11 വാർഡുകളുടെ മുഖഛായ തന്നെ മാറ്റാൻ പര്യാപ്തമാണ്. വിവിധ വാർഡുകളെ ബന്ധിപ്പിക്കുന്ന നിരവധി റോഡുകളുടെ പ്രവർത്തനം പുരോഗമിച്ചു വരുന്നു. വാഴക്കാട് ബസ് സ്റ്റാൻഡ് ഏറെ താമസിയാതെ ഒരു യാഥാർഥ്യമായി മാറാനുള്ള സാധ്യതയും കാണുന്നുണ്ട്. നിലമ്പൂർ – കോഴിക്കോട് തീരദേശ റെയിൽവെ ഇപ്പോഴും കടലാസുകളിൽ നിന്ന് മോചനം പ്രാപിച്ചിട്ടില്ല.

നമ്മുടെ പഞ്ചായത്തിലെ ടാർ റോഡുകളുടെ നീളം മൊത്തം 22–5 കി.മീ മാത്രമാണ്. ഇതിൽ 6.1 കി.മീ പഞ്ചായത്ത് ചെയ്തവയാണ്. നിലവിലുള്ള ടാർ റോഡുകൾ അറ്റകുറ്റപ്പണികൾ നടത്തി റീ–ടാറിംഗ് ചെയ്ത് ഗതാഗത യോഗ്യമാക്കേണ്ടത് ആവശ്യമാണ്. പ്രവൃത്തി പൂർത്തീകരിച്ച ചെമ്മൺ പാതകൾ മെറ്റലിട്ട് ടാർ ചെയ്യാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇതോടൊപ്പം എല്ലാ വാർഡുകളിൽനിന്നും നിരവധി റോഡുകളുടെ ആവശ്യങ്ങൾ ഉയർന്നു വന്നിട്ടുണ്ട്.

ദിനംപ്രതി കോഴിക്കോട് ജില്ലയുമായി ബന്ധപ്പെടുന്നവർക്ക് ആശ്രയം കടത്ത് സർവീസ് തന്നെ. കൽപള്ളി, മണന്തലക്കടവ്, എളമരം എന്നിവ തിരക്കു പിടിച്ച കടവുകളാണ്. മണന്തലക്കടവിൽ അധികൃതരുടെ സഹകരണത്തോടെ പാസഞ്ചേഴ്സ് അസോസിയേഷൻ ഏർപ്പെടുത്തിയ യന്ത്രവൽക്കൃത കടത്തു സർവീസ് യാത്രക്കാർക്ക് വലിയ ആശ്വാസം പകരുന്നു. ഏറെ തിരക്കുള്ള ഈ കടവിൽ ഒരു നടപ്പാലം പണിയുന്നതിന് 153 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയാറാക്കി ഗവൺമെന്റിലേക്ക് അനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്. ഇതിന് വൈകാതെ അനുമതി ലഭിക്കുമെന്ന പ്രതീക്ഷയാണ് ഉള്ളത്.

പട്ടിക 1 പഞ്ചായത്തിലെ ടാർ റോഡുകളുടെ പട്ടിക

| നമ്പർ | റോഡിന്റെ പേര് | | ദൂരം |
|---|---|---|---|
| 1 | മുണ്ടുമുഴി–വെട്ടുകാട് | P.W.D | 4 K.M |
| 2 | എടവണ്ണപ്പാറ – കൊണ്ടോട്ടി | „ | 0.3 „ |
| 3 | എടവണ്ണപ്പാറ – അരീക്കോട് | „ | 0.1 „ |
| 4 | എടവണ്ണപ്പാറ – എളമരം | „ | 3 „ |
| 5 | എടവണ്ണപ്പാറ – ഫാറൂഖ്കോളജ് | „ | 9 „ |
| 6 | വിരിപ്പാടം – ചൂരപ്പട്ട | പഞ്ചായത്ത് | 0.5 „ |
| 7 | പൊന്നാട് – വാഴക്കാട് | „ | 3 „ |
| 8 | വാലില്ലാപ്പുഴ – കണ്ണത്തുംപാറ | „ | 0.7 „ |
| 9 | ചീനിബസാർ – മണന്തലക്കടവ് | „ | 0.8 „ |
| 10 | പരപ്പത്ത് – യത്തീംഖാന | „ | 0.6 „ |
| 11 | ഉൽപ്പാകടവ് – ചെറുവട്ടൂർ | „ | 0.5 „ |

ഏകദേശം 35 ബസുകൾ, 80 ടാക്സി, 125 ഓട്ടോകൾ എന്നിവ സർവീസ് നടത്തുന്നു. എടവണ്ണപ്പാറയിൽ പാർക്കിംഗ് സൗകര്യങ്ങൾ ഇല്ലാത്തത് പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. വാഹന തിരക്കേറിയ എടവണ്ണപ്പാറയിൽ ബസ് സ്റ്റാൻഡ് ഉൾപ്പെടെയുള്ള പാർക്കിംഗ് സൗകര്യം ഏർപ്പെടുത്തേണ്ടത് ആവശ്യമാണ്. കവണക്കല്ല് പാലം ഗതാഗത യോഗ്യമാവുന്നതോടെ ഉണ്ടാവുന്ന വാഹനതിരക്ക് പരിഗണിച്ച് എടവണ്ണപ്പാറ നിന്ന് ഒരു ബൈപാസ് റോഡ് നിർമിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. എടവണ്ണപ്പാറയിൽ ട്രാഫിക് അയലന്റും റിംഗ് റോഡും സ്ഥാപിക്കണമെന്ന നിർദേശവും ഉയർന്നു വന്നിട്ടുണ്ട്.

പഴയ തലമുറയുടെ മാതൃക പിന്തുടർന്നുകൊണ്ട് നിർമാണ രംഗത്ത് ജനങ്ങൾ കാണിക്കുന്ന താൽപര്യം പ്രശംസാഹർമാണ്. ഇങ്ങനെ നിർമിക്കപ്പെടുന്ന റോഡുകളുടെ സംരക്ഷണവും തുടർപ്രവർത്തനങ്ങളും ഒരു വലിയ സാമ്പത്തിക ബാധ്യതയായി മാറിയിട്ടുണ്ടെന്ന സത്യവും വിസ്മരിച്ചു കൂട. ഗ്രാമസഭകളിൽ ഏറെ ചർച്ച ചെയ്യപ്പെടുന്ന വിഷയവും ഗതാഗതരംഗത്തെ പോരായ്മകൾതന്നെ.

ഗ്രാമസഭകളിൽ നിന്ന് ഉയർന്നു വന്നിട്ടുള്ള അടിയന്തരമായി മെറ്റലിംഗും ടാറിംഗും നടത്തി ഗതാഗതയോഗ്യമാക്കേണ്ട റോഡുകളുടെ വിവരങ്ങൾ താഴെ കൊടുക്കുന്നു.

**മെറ്റലിംഗും ടാറിംഗും നടത്തേണ്ട റോഡുകൾ (ഗ്രാമസഭാ ആവശ്യങ്ങൾ)**

| വാർഡ് | ക്രമനമ്പർ | റോഡിന്റെ പേര് | വീതി | നീളം |
|---|---|---|---|---|
| 1 | 1 | ആക്കോട്-പാലപ്ര- അരൂർ റോഡ് | 8 മീ | 3കി.മീ |
| | 2 | ചൂരപ്പട്ട കോടിയമ്മൽ റോഡ് | | 3 „ |
| 2 | 1 | ചൂരപ്പട്ടെ ചെറിയേടത്ത് പള്ളിയാളി | – | 0.8 „ |
| 3 | 1 | എം.എൽ.എ റോഡ് | – | 1 „ |
| 4 | 1 | വള്ളിക്കാട്ട് താഴം എടശ്ശേരിക്കുന്ന് | – | – |
| | 2 | പൊന്നമ്പള്ളി ചക്കുംപൂള റോഡ് | 6 „ | 3 „ |
| | 3 | ഉൽപ്പംകടവ് ചക്കുംപൂള | 6 „ | 4 „ |
| | 4 | കുറുങ്ങോട്ട് താഴം മാണിയോട്ട് മൂല | 4 „ | 1.5 „ |
| 5 | 1 | മൈലങ്ങോട്ട് താഴം യത്തീംഖാന റോഡ് | 6 „ | 1 „ |
| | 2 | ആലിങ്ങാപ്പറമ്പ് തിരുവായൂർ | 6 „ | 2 „ |
| | 3 | കെ.എം. അബ്ദുള്ള മെമ്മോറിയം റോഡ് | 6 „ | 2 „ |
| | 4 | വഖഫ് താഴം – കുറ്റിയോട്ട് റോഡ് | 4 „ | 0.5 „ |
| | 5 | പൂവാടിച്ചാലിൽ കോളനി റോഡ് | 4 „ | 0.5 „ |
| 6 | 1 | കണ്ണത്തും പാറ – ചോലയിൽ ഗോതമ്പ് റോഡ് | 4 „ | 1 „ |
| | 2 | തിരുവാലൂർ കണ്ണത്തുംപാറ | 4 „ | 1 „ |
| | 3 | കണ്ണത്തുംപാറ– മാട്ടുപുറം | 4 „ | 1.5 „ |
| | 4 | കണ്ണത്തുംപാറ– വേലീരിപ്പൊറ്റ് – വാഴക്കാട് | 4 „ | 1 „ |
| | 5 | എളാങ്കുഴി – നടക്കലക്കണ്ടി | 4 „ | 2 „ |
| | 6 | പൂഞ്ചീരിക്കാവ് – അയ്യഞ്ചോല | 8 „ | 1.5 „ |
| | 7 | പൂഞ്ചീരിക്കാവ് – വില്ലേജ് ഓഫിസ് | 8 „ | 3 „ |
| | 8 | കണ്ണത്തുംപാറ – മൈന സ്കൂൾ വട്ടപ്പാറ | 6 „ | 0.4 „ |
| | 9 | ഹെൽത്ത് സെന്റർ ചക്കും പൂള | 8 „ | 2 „ |

| വാർഡ് | ക്രമനമ്പർ | റോഡിന്റെ പേര് | വീതി | നീളം |
|---|---|---|---|---|
| 7 | 1 | വാലില്ലാപ്പുഴ - കണ്ണത്തുംപാറ | 6 മീ | 1.5 കി.മീ |
| | 2 | വാലില്ലാപ്പുഴ - ചിങ്ങംകുളം | 4 „ | 1 „ |
| | 3 | വാലില്ലാപ്പുഴ- കൂരിത്തൊടിക | 6 „ | 1 „ |
| | 4 | വലിയവീട്ടിൽ കോളനി- പൂവാടിച്ചാലിൽ | 4 „ | 0.5 „ |
| | 5 | വേലീരിപ്പൊറ്റ - കണ്ണിയത്ത് റോഡ് | 4 „ | 0.5 „ |
| | 6 | വാലില്ലാപ്പുഴ - തുറക്കൽ കുന്നത്ത് | 4 „ | 0.3 „ |
| 8 | 1 | പണിക്കരപുറായ - കോലോത്തുംകടവ് | 6 „ | 1 „ |
| | 2 | കോലോത്തും കടവ് - ചോലക്കുഴി | 4 „ | 1 „ |
| 9 | 1 | പുളിയശ്ശേരി - ആണാട്ട് റോഡ് | 4 „ | 0.9 „ |
| | 2 | പാഞ്ചീരി - തത്തങ്ങോട് | 4 „ | 1 „ |
| | 3 | ഓട്ടുപാറ നരിവായിൽ റോഡ് | 6 „ | 1.5 „ |
| | 4 | എടശ്ശേരിപ്പറമ്പ് - വട്ടപ്പാറ | 4 „ | 1.5 „ |
| | 5 | എടവണ്ണപ്പാറ - ചീടിക്കുഴി | 6 „ | 1 „ |
| | 6 | ഒരലാശ്ശേരി- പാലാട്ട് പറമ്പ് | 4 „ | 0.6 „ |
| 10 | 1 | എളമരം - ചോലക്കര റോഡ് | 4 „ | 1 „ |
| | 2 | പൊറ്റമ്മൽ - തെക്കെ മൂല കോളനി | 4 „ | 1 „ |
| | 3 | എളമരം -പാലക്കുഴി കോളനി | 6 „ | 1 „ |
| | 4 | ഓട്ടുപാറ - കൂളിമാട് | 8 „ | 1 „ |
| | 5 | അമ്പലക്കണ്ടി - കൊന്നാർമഖാം | 4 „ | 0.6 „ |
| 11 | 1 | ചാലിയപ്രം കോളനി - വെട്ടത്തൂർ | 4 „ | 1.5 „ |
| | 2 | വെട്ടത്തൂർ - അയിലാക്കോട് | 4 „ | 0.8 „ |
| | 3 | വെട്ടത്തൂർ - തത്തങ്ങോട് | 4 „ | 1 „ |
| | 4 | പ്രാണശ്ശേരി - പനച്ചിറമ്പ് | 4 „ | 0.4 „ |

## നിർദേശങ്ങൾ/സാധ്യതകൾ

1. പഞ്ചായത്തിലെ 8 മീറ്റർ റോഡുകൾ PWD ഏറ്റെടുത്ത് മെറ്റലിംഗും ടാറിംഗും നടത്തി ഗതാഗത യോഗ്യമാക്കണം.

2. ടാർ ചെയ്ത റോഡുകൾ അപകട സാധ്യതയുള്ള വളവുകൾ നിവർത്തി സൈഡ് കെട്ടി വീതി കൂട്ടി ആവശ്യമുള്ള ഭാഗങ്ങളിൽ ഡ്രൈനേജും നടപ്പാതകളും നിർമിച്ച് മെച്ചപ്പെടുത്തുക.

3. വാഴക്കാട് നിർമ്മിക്കാൻ തീരുമാനിച്ച ബസ് സ്റ്റാൻഡ് കം ഷോപ്പിംഗ് സെന്റർ ഒരു ബഹുനില കെട്ടിടമാക്കി നിർമ്മിച്ചാൽ പഞ്ചായത്ത് ഓഫീസ് കൂടുതൽ സൗകര്യപ്രദമായ സ്ഥലത്തേക്ക് മാറ്റാനും മറ്റ് ഓഫീസുകൾ, കമ്യൂണിറ്റി ഹാൾ എന്നിവക്കും സൗകര്യങ്ങൾ കണ്ടെത്താനും സാധിക്കും.

4. വാഹനത്തിരക്കുള്ള എടവണ്ണപ്പാറയിൽ ബസ്, ടാക്സി, ഓട്ടോ സ്റ്റാൻഡും ഷോപ്പിംഗ് സെന്ററും സ്ഥാപിക്കുക.

5. റോഡുകളുടെ മെയിന്റനൻസും റിപ്പയറിംഗും യഥാസമയം നടത്താൻ നടപടികൾ സ്വീകരിക്കുക.

6. പുതിയ റോഡുകൾ നിർമിക്കുമ്പോൾ വെള്ളക്കെട്ടും മറ്റും ഉണ്ടായി കൃഷിക്കുണ്ടാകുന്ന ബുദ്ധിമുട്ട് ഒഴിവാക്കാനും ഓടകൾ നിർമിക്കാനും ശ്രദ്ധിക്കുക.

7. ഗതാഗത തടസം സൃഷ്ടിക്കുന്ന ഇലക്ട്രിക്/ടെലിഫോൺ പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുക.

8. റോഡ് പുറമ്പോക്കുകൾ കൈയേറുന്നത് തടയുകയും കൈയേറിയവ വീണ്ടെടുക്കുകയും ചെയ്യുക.

9. പ്രധാനപ്പെട്ട സ്റ്റോപ്പുകളിൽ ബസ് വെയിറ്റിംഗ് ഷെഡ് നിർമിക്കുക.

10. വാഹന അപകടങ്ങളെക്കുറിച്ച് ബോധവൽക്കരണവും വാഹന അപകടനിവാരണ സമിതികൾ രൂപീകരിക്കുകയും ചെയ്യുക.

11. ആക്കോട് - മലപ്പുറം, ആക്കോട് - കോഴിക്കോട്, വെട്ടത്തൂർ - മലപ്പുറം, വെട്ടത്തൂർ - കോഴിക്കോട് റൂട്ടുകളിൽ കെ.എസ്.ആർ.ടി.സി ബസ് അനുവദിക്കുക.

12. എടവണ്ണപ്പാറയിൽനിന്ന് ദീർഘദൂര കെ.എസ്.ആർ.ടി.സി ബസ് സർവീസ് ആരംഭിക്കുക.

13. വാഴക്കാട്ടേക്ക് വിവിധ കേന്ദ്രങ്ങളിൽ നിന്ന് കൂടുതൽ ബസ് റൂട്ടുകൾ അനുവദിക്കുക.

14. എളമരം ഭാഗത്തേക്ക് കൂടുതൽ ബസുകൾ അനുവദിക്കുക.

15. മലപ്പുറം - വാഴക്കാട് ബസ് ആക്കോട് വരെ നീട്ടുക.

16. ഫറൂഖ് കോളേജ് റൂട്ടിൽ കോഴിക്കോട്ടേക്ക് കൂടുതൽ ബസുകൾ അനുവദിക്കുക.

17. വാലില്ലാപ്പുഴടെ ഇരട്ടമൂഴി റോഡിന്റെ പ്രവൃത്തി നടന്നുകൊണ്ടിരിക്കുന്നുവെങ്കിലും ഈ റോഡിൽ നിർമിക്കേണ്ട ഇടവഴി കടവ് പാലത്തിന്റെ പ്രവൃത്തി ഇതുവരെ ടെന്റർ ചെയ്തിട്ടില്ല. റോഡിന്റെ പ്രവൃത്തി പൂർത്തീകരിക്കുന്നതോടൊപ്പം പാലവും പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കണം.

18. പണിക്കരപുറായ കോലോത്തും കടവ് റോഡിലെ വളരെ പ്രധാനപ്പെട്ട മുണ്ടിത്തോടിന് കുറുകെയുള്ള പാലം പ്രവൃത്തി അടിയന്തരമായി ഏറ്റെടുത്ത് നടത്തണം. ഇതിന് ജലസേചന വകുപ്പ് നേരത്തെ അനുമതി നൽകിയിരുന്നതാണ്.

19. വാഴക്കാട് ചീനി ബസാറിൽ ഓടകൾ നിർമിക്കുകയും ട്രാഫിക് ഐലന്റ് സ്ഥാപിക്കുകയും ചെയ്യുക.

20. എടവണ്ണപ്പാറയിൽ ട്രാഫിക് ഐലന്റ് നിർമിക്കുക.

21. എളമരം കടവിൽ നടപ്പാലം നിർമിക്കുക.

22. എളമരത്തിനും വെട്ടത്തൂരിനുമിടയിൽ ചാലിയാറിന് കുറുകെ പാലം പണിയുക.

**ഗ്രാമസഭകളിൽനിന്നും ആവശ്യപ്പെട്ട പുതുതായിനിർമിക്കേണ്ടറോഡുകളുടെപേരുകൾ.**

**വാർഡ് 1** ആക്കോട് - മോഴിച്ചാൽ റോഡ്, കരിമ്പനക്കുഴി - കോടിയമ്മൽ റോഡ്, ആക്കോട് കുന്നുമ്മൽ താഴം കണ്ണാടി പറമ്പ്, തൈകൂട്ടത്തിൽ താഴം - ചെറുത്ത് കളത്തിൽ താഴം, ആറ്റുംപുറംതാഴം - അത്താണിക്കൽ, അരണാട്ടുപടി - ഉമ്മറോട്ട്, കോടിയമ്മൽ - കക്കാട്ട്പുറം കോളനി, തെക്കെകണ്ടി - കൊന്നക്കോട്(പാലപ്പറ്റ), വിരിപ്പാടം - കക്കോട്ടുപുറായ്, കയത്തിങ്ങൽ - ഉമ്മറോട്ട്കുന്നുമ്മൽ, ചൂരപ്പട്ട - അനന്തായൂർ റോഡ്, ചൂരപ്പട്ട - കോടിയമ്മൻ റോഡ്

**വാർഡ് 2** മുതുകുളം റോഡ്, മൂഴിക്കൽ കുളിക്കടവ് - പേരേടത്ത്താഴെ, മുണ്ടുമുഴി - ചേലാട്ടുമ്മൽ കോളനി, ചൂരപ്പട്ട ആറ്റുപുറം ഊർക്കടവ്, ഊർക്കടവ് കോളനി റോഡ്, മുണ്ടുമുഴി - കൊഴങ്ങംപുറം -

കൽപ്പള്ളി റോഡ്, ഊർക്കടവ് – പൂളക്കലോടി, മുണ്ടുമുഴി – മണ്ണംപറമ്പൻ – ചൂരപ്പട്ട, മുണ്ടുമുഴി – ചെറുവട്ടൂർ റോഡ്, ഊർക്കടവ് – ചിറ്റാരിക്കുന്നുമ്മൽ, ചെറുവട്ടൂർ – ചങ്കരത്ത് താഴം കോളനി, മുണ്ടുമുഴി – അനന്തായൂർ, കോരപാടം– കുളിക്കടവ്, ചെത്ത്പാലം – ചെറുവട്ടൂർ.

**വാർഡ് 3** ഒൽപ്പംകടവ് – ചക്കുംപൂള, എംഎൽഎ റോഡ് – നുഞ്ഞിക്കര – ചോലയിൽകുന്ന് കോളനി റോഡ്, വടക്കേപ്പാട്ട് താഴം – എംഎൽഎ റോഡ്, അയിലാകുഴി – ചെറുപാറക്കൽ പുറായ(നൂഞ്ഞിക്കര), ഓട്ടുപാറ എംഎൽഎ റോഡ് – കൊടക്കാട്ടിൽതാഴം റോഡ്, പൊന്നംപള്ളി – മലാട്ടി, (ആർ. കെ.എ.എം.എൽ.പി എസ്. വഴി) കൊട്ടംപാറ –തൂവ്വക്കാട്ട്മൂല –മാരാമുക്ക്, ചെറിയേടത്ത് പള്ളിയാളി – അത്തിക്കോട് – കോടിയമ്മൽ, കോയത്തൊടിതാഴം – കുറുമ്പാലിക്കോട്ട്, കാരാട്ടിൽ പുറായ – മാനിക്കാപറമ്പ്, എടക്കണ്ടിതാഴം – റിയാദുൽ ഉലൂം മദ്രസ – എംഎൽഎ റോഡ്, ഈശ്വരൻ കുന്നത്ത് – റേഷൻ ഷാപ്പ്, പിലാതോട്ടത്തിൽ കോളനി – ചിറക്കൽ, എംഎൽഎ റോഡ് – അമ്പലപ്പടി.

**വാർഡ് 4**

കൽപള്ളിക്കടവ് – ഇടവഴി റോഡ്, മാണിയോട്ടുമൂല – മുണ്ടുമുഴി, ചെറുവട്ടൂർ–മഞ്ചറ–കൽപള്ളി, തേത്തും പുറായിൽ താഴംപാലം – ചെറുവട്ടൂർ രോഡ്, കണ്ടംപാലി മുണ്ടുമുഴി റോഡ്, മോഴിക്കൽ – കൽപ്പള്ളിക്കടവ്, കൊടുവാംപറമ്പത്ത് – വലിയചോല ചാമക്കലായി റോഡ്, ചെറുവട്ടൂർ പാറ – മുണ്ടുമുഴി – കോഴിക്കോടൻകുഴി.

**വാർഡ് 5**

കിഴക്കുവീട്ടിൽ താഴം – വള്ളിക്കാട്, തിരുവാലൂർ – കുറ്റിയോട്ട്താഴം – കെ.എം.എ. മെമ്മോറിയൽ റോഡ്, മണന്തലക്കടവ് – ചീരക്കുന്നത്ത് – ബംഗ്ലാവ് കുന്ന് കോളനി റോഡ്, വാഴക്കാട് താഴങ്ങാടി – പള്ളിപറമ്പ് – മുണ്ടശ്ശേരി റോഡ്, വാഴക്കാട് പള്ളിപറമ്പ് വഴി – മണന്തലക്കടവ് റോഡ്, എടക്കടവ് – വല്ലങ്ങോട്ട് പുറായ ബൈപാസ് റോഡ്, മണന്തലക്കടവ് – മുഴിക്കൽ തീരദേശ റോഡ്, വള്ളിക്കാട് എടശ്ശേരി തടായി വഴി കെ.എ.എ. മെമ്മോറിയൽ റോഡിലേക്ക്, തിരുവാലൂർ – കൊളക്കാട്ട് തൊടിക.

**വാർഡ് 6**

ചോലയിൽ ഇടവഴി – വാലില്ലാപ്പുഴ, മൈന സ്കൂൾ – എടലംപറമ്പത്ത് – ഒരപ്പം ചോല, കുന്നത്ത് – പരപ്പത്തടം നടുവിൽ റോഡ്, ഹെൽത്ത് സെന്റർ – കണ്ണത്തംപാറ, ഹെൽത്ത് സെന്റർ – ചക്കുംപൂള മൂന്നാം ഘട്ടം.

**വാർഡ് 7**

എടായിക്കടവ് – മൂഴിക്കൽ റോഡ്, വേലിരിപ്പൊറ്റ – കുനിമ്മൽ കൃഷിഭവൻ, കൂരിത്തടായി – ചീനി ബസാർ, കാരുണ്യഭവൻ – പാലപ്ര കോളനി റോഡ്.

**വാർഡ് 8**

അടൂർ – ചീടിക്കുഴി റോഡ്, ചക്കുംമാട്ട് താഴെ – ചോലക്കുഴി, മുണ്ടിതോട് – മൈലംകോട് – പുന്നാട്ട് എളമരം റോഡ്, കണ്യാർതോട് – പണിക്കര പുറായ റോഡ്, ചീടിക്കുഴി – കോലോത്തുംകടവ് റോഡുമായി ബന്ധിപ്പിക്കുന്ന റോഡ്, അരങ്ങോടിതാഴം – മൈന സ്കൂൾ റോഡ്.

വാർഡ് 9

എടവണ്ണപ്പാറയിൽ റിംഗ് റോഡ്, ഒരലാശ്ശേരി – പാലിട്ടുപറമ്പ് റോഡ് എളമരം റോഡുമായി ബന്ധിപ്പിക്കുക.

**വാർഡ് 10**

പാലക്കുഴി കോളനി – കരുവാടി റോഡ്, എളമരം ജുമു അത്ത് പള്ളിതാഴം – ചോലക്കര റോഡുമായി ബന്ധിപ്പിക്കുന്ന റോഡ്, കരിയാത്തൻകുഴി – ചാളക്കണ്ടി റോഡ്, എളമരം മദ്രസതാഴം – കോലോത്തും കടവ് റോഡ്, തെക്കെമൂല ഹരിജൻ കോളനി റോഡ് – PWD റോഡുമായി ബന്ധിപ്പിക്കുക. കെന്നാര് മഖാം റോഡ്, അമ്പാളി – ചോലക്കര റോഡ്, കോലോത്തും പറമ്പ് എളമരം – എടവണ്ണപ്പാറ റോഡുമായി ബന്ധിപ്പിക്കുക.

**വാർഡ് 11**

കിളിമൂച്ചിങ്ങൾ – മണ്ണാത്തികടവ്, വെട്ടത്തൂർ ബാലാവാടി – ചാലിയപ്രം കോളനി വഴി പരേക്കൽ റോഡ്, വെട്ടത്തൂർ – പറയങ്ങാട് റോഡ് (ഒരപ്പൻകുഴി കലുങ്ക് ഉൾപ്പെടെ), ,തെയ്യംപാടി – ചാലിയപ്രം പള്ളി പൊറങ്കിലായി റോഡ് , പള്ളിക്കുത്ത് – അക്കരപറമ്പ്, ഐലാക്കോട് – നെല്ലിക്കോട് പാടം വഴി – അയ്യപ്പൻകാവ് വരെ റോഡ്, എറക്കോട് – കോണത്ത് കോളനി – ചാലിയപ്രം കോളനി റോഡ്, വാഴക്കാട് ലിഫ്റ്റ് ഇറിഗേഷൻ പമ്പ് ഹൗസ് മുതൽ – കനാൽ വഴി – എടവണ്ണപ്പാറ റോഡ്, വെട്ടത്തൂർ ഹെൽത്ത് സെന്റർ റോഡ്, ജി.എൽ.പി.എസ് റോഡ്, ഇരട്ടമൂഴി –

വാലില്ലാപുഴ റോഡിൽ വെട്ടത്തൂർ അംഗനവാടിവരെ റോഡ് ഉയർന്ന ഭാഗങ്ങളിൽ വീടുകളിലേക്ക് റാമ്പുകൾ നിർമ്മിക്കുക, മാരാംതൊടി കടവ്, കുറിയേടത്ത് വയൽ, ചോലയിൽ ഇടവഴി എന്നിവിടങ്ങളിലും റാമ്പുകൾ നിർമിക്കേണ്ടതാണ്.

**ഗ്രാമസഭകൾ നിർദേശിച്ച പുതിയ നടപ്പാതകൾ**

**വാർഡ് 1** ചെറൂത്ത് കുന്നിൻ മുകളിലേക്ക് , ചെറൂത്ത് താഴെ നിന്ന മൂലോട്ടിൽ ഭാഗം, എറിയാട്ട്കര മുതൽ കയത്തിങ്ങൾ താഴം വരെ, ചണ്ണയിൽ വള്ളിയാളി – പാറശ്ശേരികുഴി, കുളങ്ങറതാഴം – കുന്തിരിയാട്ട് – കോടിയമ്മൽ.

**വാർഡ് 2**

കൽപള്ളികടവ് – ഊർക്കടവ് (പുഴഭാഗം), മുണ്ടം പറമ്പത്ത് കാരാട്ടിൽ താഴെ(ഇടവഴി), മഠത്തിൽ മേത്തൽ – പുളിയാംകാവ് (ഇടവഴി), പൂണേലത്ത് – ചെറുകാവാട്ട് (ഇടവഴി).

**വാർഡ് 3**

ചിറക്കൽ സ്കൂൾ വരമ്പ്,ചക്കുംപൂള സ്കൂൾ മൂത്തേടത്ത്മൂല, ചെറുവായൂർ – ചക്കും പൂള റോഡിൽ നിന്നും പൊന്നംപള്ളി മാലാട്ടി വഴി (RKAMLPS).

**വാർഡ് 4**

കാരയിൽ മേത്തൽ (കാമ്പത്തികുഴി കോളനി), മാണിയോട്ട് താഴം – മൂലയിൽ, മണ്ണറോട്ട് പുറായ കോളനി, മാണിയോട്ട് മൂല – കുന്നത്ത് താഴം –മൂലയിൽ, മോട്ടമ്മൽ താഴം – ചെറുവട്ടൂർ, ചീരോത്ത്താഴം – ചെറുവട്ടൂർ.

**വാർഡ് 5**

മലയങ്ങോട്ട്താഴം – പാറപ്പുറം നടവരമ്പ് സൈഡ് കെട്ടി കരിങ്കൽ പാവുക, കുറ്റ്യോട്ട് ഇടവഴി, എടതൊടു പുറായ ഇടവഴി, ചിങ്ങംകുളം റോഡിലെ ഇടവഴി, ബംഗ്ലാവ്കുന്ന് കോളനി, ചീരകുന്നത്ത് ഇടവഴി.

**വാർഡ് 7**

പഞ്ചായത്ത് ഓഫീസ് – ചിങ്ങംകുളം

**വാർഡ് 8**

അടവൂർ ഭാഗത്ത് നിന്ന് വാഴക്കാട് റോഡ് വരെ, ചോലയിൽ പറമ്പിൽ നിന്നും മുകളിലോട്ട്, കോട്ടയം കുന്ന് കോളനി.

**വാർഡ് 9**

പുളിക്കതൊടി ഇടവഴി

**വാർഡ് 11** മണ്ണാടിയിൽ കാര്യോട്ട്, തത്തങ്ങോട്ട് – മണ്ണാടിയിൽ, ആവുഞ്ഞിക്കാട്ട് – കനാർ, കിളിക്കത്തടായി – കോണത്ത് കോളനി – വഴി പുതുക്കാത്ത് വരെ, നരിവായി – ചീക്കപള്ളി തടായി, കനാൽ – പൊറ്റമ്മൽ, ചീക്കപ്പള്ളി – മുട്ടുങ്ങൽ, കാര്യോട്ട് – തത്തങ്ങോട്ട്.

ഗ്രാമസഭകൾ നിർദേശിച്ച ബസ് വെയിറ്റിംഗ് ഷെഡ് നിർമിക്കേണ്ട സ്ഥലങ്ങൾ താഴെ കൊടുക്കുന്നു.

കുളങ്ങര, വിരിപ്പാടം, ആക്കോട് അങ്ങാടി, മുണ്ടുമുഴി അങ്ങാടി, ഊർകടവ് അങ്ങാടി, അനന്തായൂർ മാരാമുക്ക്, കല്പള്ളി, ഒല്പംകടവ്, ചീനിബസാർ, വാഴക്കാട് അങ്ങാടി, താഴത്തങ്ങാടി, മണന്തലക്കടവ്, കണ്ണത്തുംപാറ അങ്ങാടി, വാലില്ലാപുഴ, കാരുണ്യഭവൻ, കണ്ണത്തുംപാറ റോഡ് ജംഗ്ഷൻ, പണിക്കരപുറായ, പാഞ്ചീരി, പാലക്കുഴി, എളമരം, മപ്രം പൊറ്റമ്മൽ, കരിയാത്തൻകുഴി, വെട്ടത്തൂർ, വെട്ടത്തൂർ അംഗൻവാടി, ഐലാക്കോട് ജംഗ്ഷൻ, ചെറുവാടി കടവ്.

**ഗ്രാമസഭകൾ നിർദേശിച്ച നടപ്പാലങ്ങളുടെ പട്ടിക**

ചൂരപ്പട്ട വിരിപ്പാടം റോഡിൽ ഓവുപാലം, പരേക്കാട്ട് താഴം – മൂത്തേടം റോഡ്, പുത്തൂതൊടി താഴം നടപ്പാലം, പുതുശ്ശേരി താഴത്ത് നടപ്പാലം, പുഷ്പോത്ത് താഴത്ത് നടപ്പാലം, എടക്കണ്ടിതാഴം, കുറുമ്പാലിക്കോട്ടതാഴം, അച്ചിപറമ്പ് താഴം, മഴുവഞ്ചേരി താഴം, പുൽകണ്ടിതാഴം, ഈശ്വരൻ കുന്നത്ത് RKAMLPS ന് അക്കരെ, ഒല്പംകടവ്, മുണ്ടകൊട്ടായതോട്, മഞ്ചറതാഴം, ചെറുചോലതാഴം, കുറുങ്ങോട്ടിൽതാഴം(വാർഡ് 8), കറുകത്തോട് ഓവുപാലം(വാർഡ് 11).

# ഊർജം

1964ൽ ആണ് ആദ്യമായി പഞ്ചായത്തിൽ വൈദ്യുതി എത്തിയത്. കോഴിക്കോട് ജില്ലയിലെ 220 KV നല്ലളം സബ് സ്റ്റേഷനിൽ നിന്ന് മാവൂർ സെക്ഷൻ ഓഫീസ് മുഖേനയും മലപ്പുറം ജില്ലയിലെ 110KV കിഴിശ്ശേരി സബ് സ്റ്റേഷനിൽ നിന്ന് അരീക്കോട് സെക്ഷൻ ഓഫീസ് മുഖേനയുമാണ് വിതരണം. 3278 കണക്ഷനുകളിൽ 2445 എണ്ണവും മാവൂർ സെക്ഷനു കീഴിലാണ്. 10, 11 വാർഡുകളിലാണ് അരീക്കോട് സെക്ഷന് കീഴിൽ വിതരണം നടത്തുന്നത്. ഗാർഹികം, വ്യാപാരം, കാർഷികം, വ്യവ

സായം എന്നിവയിൽ യഥാക്രമം 2650, 454, 140, 34 ഉപഭോക്താക്കൾ ആണ് ഇപ്പോൾ ഉള്ളത്.

എന്നാൽ OYECയിലും അല്ലാതെയുമായി നിരവധിപേർ കണക്ഷനുവേണ്ടി കാത്തിരിക്കുന്നവരായുണ്ട്. മെറ്റീരിയൽസിന്റെ അഭാവം, സ്റ്റാഫിന്റെ കുറവ്, എന്നീ കാരണങ്ങളാൽ അറ്റകുറ്റപ്പണികൾക്കും റിപ്പയറിംഗിനും പുതിയ കണക്ഷനുകൾ ലഭിക്കുന്നതിനും കാലതാമസം നേരിടുന്നു. തെക്കൻ ജില്ലകളെ അപേക്ഷിച്ച് ബോർഡിന്റെ അവഗണന നമ്മുടെ പ്രദേശത്ത് ഈ കാര്യത്തിൽ ശക്തമായി അനുഭവപ്പെടുന്നുണ്ട്. ഈ രംഗത്ത് സമതുലിതാവസ്ഥ ഉറപ്പുവരുത്തണം.

ഉപഭോക്താക്കളിൽ ഏറിയപങ്കും വോൾട്ടേജ് ക്ഷാമം അനുഭവിക്കുന്നു. അരീക്കോട് സെക്ഷനു കീഴിൽ വോൾട്ടേജ് ക്ഷാമം രൂക്ഷമാണ്. പുതിയ ട്രാൻസ്ഫോർമർ സ്ഥാപിക്കാനും നിലവിലുള്ളവയുടെ കപ്പാസിറ്റി വർധിപ്പിക്കാനും സിംഗിൾ ഫേസ് ലൈനുകൾ ത്രീ ഫേസ് ആക്കുവാനും ഗ്രാമസഭകൾ ആവശ്യപ്പെടുന്നു. വിതരണ – സേവന മേഖലകൾ മെച്ചപ്പെടുത്തുന്നതിന് നേരത്തെ പഞ്ചായത്ത് ആവശ്യപ്പെട്ടിരുന്നത് പോലെ പഞ്ചായത്തിൽ സെക്ഷൻ ഓഫീസ് അനുവദിക്കേണ്ടത് ആവശ്യമാണ്.

സംസ്ഥാനത്ത് പുതുതായി അനുവദിച്ച 20 സാറ്റലൈറ്റ് സെക്ഷൻ ഓഫീസുകളിൽ ഒന്ന് വാഴക്കാട്ടേക്ക് അനുവദിച്ചതായി അറിയാൻ സാധിച്ചിട്ടുണ്ട്.

പഞ്ചായത്തിൽ സ്ട്രീറ്റ് ലൈറ്റ് 121 ബൾബുകളും 12 റ്റ്യൂബുകളും ആണുള്ളത്. മെർക്കുറി, സോഡിയം വേപ്പർ ലാമ്പുകൾ ഇല്ല. മാവൂർ ഓഫീസിൽ 1072.85 രൂപ പഞ്ചായത്ത് അടക്കുന്നുണ്ടെങ്കിലും മെയിന്റനൻസിന്റെ അഭാവം കാരണം ഇവ പൂർണമായും പ്രയോജനപ്പെടുന്നില്ല. ബോർഡ് കരാർ അടിസ്ഥാനത്തിൽ വാങ്ങുന്ന ബൾബുകളുടെയും മറ്റും ക്വാളിറ്റി കുറവ് പരാതികൾക്കിട നൽകുന്നു. അരീക്കോട് സെക്ഷൻ ഓഫീസിനു കീഴിലുള്ളവ തീരെ കത്താതായിരിക്കുന്നു – ബോർഡിന്റെയും പഞ്ചായത്തിന്റെയും ശ്രദ്ധ ഇതിൽ ഉടൻ പതിയേണ്ടിയിരിക്കുന്നു.

ANERTന്റെ കീഴിൽ എടവണ്ണപ്പാറയിൽ പ്രവർത്തിക്കുന്ന IREP ഓഫീസ് ഊർജ്ജ രംഗത്തെ പുതിയ സാധ്യതകൾ നമുക്ക് പരിചയപ്പെടുത്തുന്നു. ഈ രംഗം കൂടുതൽ പ്രയോജനപ്പെടുത്താൻ ഉതകുന്ന

## നിലവിലുള്ള ട്രാൻസ്ഫോർമറുകൾ/ കപ്പാസിറ്റി

| ക്രമനമ്പർ | കപ്പാസിറ്റി | പേര് | റിമാർക്സ് |
|---|---|---|---|
| 1 | 63 കെ.വി.എ | എടവണ്ണപ്പാറ | മാവൂർ സെക്ഷൻ |
| 2 | 100 ,, | പണിക്കരപുറായ 1 | ,, |
| 3 | 100 ,, | പണിക്കരുപുറായ 2 | ,, |
| 4 | 150 ,, | വാഴക്കാട് | ,, |
| 5 | 250 ,, | കൽപ്പള്ളി | ,, |
| 6 | 100 ,, | മുണ്ടുമുഴി | ,, |
| 7 | 160 ,, | ഊർക്കടവ് | ,, |
| 8 | 100 ,, | പരപ്പത്ത് | ,, |
| 9 | 63 ,, | വല്ലങ്ങോട്ട് പുറായ | ,, |
| 10 | 100 ,, | ടെക്നിക്കൽ സ്കൂൾ | ,, (ചാർജ്ജ് ചെയ്തിട്ടില്ല) |
| 11 | 63 ,, | എളമരം | ,, |
| 12 | 250 ,, | ലിഫ്റ്റ് ഇറിഗേഷൻ വെട്ടത്തൂർ | അരീക്കോട് സെക്ഷൻ |
| 13 | 63 ,, | വെട്ടത്തൂർ | ,, |
| 14 | 63 ,, | എരട്ടമുഴി 1 | ,, (ചീക്കോട് പഞ്ചായത്ത്) |
| 15 | 100 ,, | എരട്ടമുഴി 2 | ,, ,, |
| 16 | 100 ,, | പൊന്നാട് | ,, ,, |

ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കേണ്ട തുണ്ട്. പുകയില്ലാത്ത അടുപ്പുകൾ കൂടുതൽ പ്രചരിപ്പിക്കുകയും വിറകിന്റെ അശാസ്ത്രീയമായ ഉപയോഗം കുറച്ചുകൊണ്ടു വരികയും ചെയ്യണം. പാചകത്തിന് മിക്ക വീടുകളിലും ഇപ്പോൾ വിറകാണ് ഉപയോഗിക്കുന്നത്. ഇതിനാവശ്യമായ വിറക് ഏറെക്കുറെ മറ്റു സ്ഥലങ്ങളിൽ നിന്ന് കൊണ്ടു വരികയാണ് പതിവ്. വിറകിന് താങ്ങാൻ കഴിയാത്ത വിലയും ലഭ്യതക്കുറവുമാണ്. പാചകഗ്യാസ്, മണ്ണെണ്ണ, വൈദ്യുതി എന്നിവ ഉപയോഗിച്ച് പാചകം ചെയ്യുന്നവർ വളരെ കുറവാണ്. മണ്ണെണ്ണയുടെ ദൗർലഭ്യവും ഗ്യാസ് കണക്ഷൻ കിട്ടാനുള്ള കാലതാമസവും ഉപഭോക്താക്കൾ നേരിടുന് പ്രശ്നങ്ങളാണ്.

വാർഡ് 3ലെ കാടിയാത്തൻ മല, തുവ്വക്കാട്ട്മല, മാമായംകുന്ന്, 6ാം വാർഡിലെ മൊടക്കോഴിമല എന്നിവിടങ്ങളിൽ കാറ്റിൽനിന്നും ആറാം വാർഡിലെ അയ്യൻചോല മലയിൽ വെള്ളത്തിൻ നിന്നും വൈദ്യുതി ഉണ്ടാക്കാൻ സാധിക്കുമെന്ന നിർദേശങ്ങൾ വിദഗ്ധ പരിശോധനക്ക് വിധേയമാക്കണം.

## പ്രശ്നങ്ങൾ

പഞ്ചായത്തിലെ ഒരു വാർഡിലും പൂർണമായി വൈദ്യുതി എത്തിയിട്ടില്ല.

രൂക്ഷമായ വോൾട്ടേജ് ക്ഷാമം അനുഭവപ്പെടുന്നു. ഇതുമൂലം പലരും സ്റ്റെപ്പ് അപ്പ് ഉപയോഗിക്കുന്നത് മറ്റുള്ളവർക്ക് ബുദ്ധിമുട്ടുകൾ സൃഷ്ടിക്കുന്നു.

ട്രാൻസ്ഫോർമറുകൾ പല ഭാഗങ്ങളിലും പുതുതായി അനുവദിക്കേണ്ടതുണ്ട്.

18 അംഗീകൃത പട്ടികജാതി കോളനികളിൽ 4 എണ്ണമേ വൈദ്യുതീകരിച്ചിട്ടുള്ളു.

ത്രീ ഫേസ് ലൈനുകൾ വേണ്ടത്ര ഇല്ല.

ബോർഡ് ജീവനക്കാരിൽ പലരും സാമൂഹ്യ പ്രതിബദ്ധതയില്ലാത്തവരും അഴിമതിക്കാരും കൈക്കൂലിക്കാരുമാണെന്ന പരാതി നിലനിൽക്കുന്നു. ഇത്തരം പ്രവണതക്കെതിരെ പ്രാദേശിക കൂട്ടായ്മയോടുകൂടിയ ജനകീയ പ്രതിരോധ സമിതികൾ സംസ്ഥാന വ്യാപകമായി ഉയർന്നു വരേണ്ടിയിരിക്കുന്നു.

കാർഷിക – വ്യാവസായിക കണക്ഷനുകൾക്ക് കാലതാമസം നേരിടുന്നു.

മരച്ചില്ലകളും മറ്റും തട്ടിയുണ്ടാകുന്ന പ്രസരണ നഷ്ടം ഒഴിവാക്കാൻ നടപടി ഉണ്ടാകണം.

കോഴിക്കോട് ജില്ലയിലെ REC, പെരുവയൽ എന്നിവിടങ്ങളിൽ ഉണ്ടായിരുന്ന പോൾ കാസ്റ്റിംഗ് യൂണിറ്റുകൾ നിർത്തലാക്കിയത് കാരണം കണ്ണൂരിലുള്ള യൂണിറ്റിൽ നിന്നും പോസ്റ്റുകൾ ലഭിക്കാൻ കാലതാമസം നേരിടുന്നു.

മാവൂരിൽ നിന്നും വാഴക്കാട്ടേക്കുള്ള 11 KV ലൈനിലെ പല പോസ്റ്റുകളും ജീർണിച്ച അവസ്ഥയിലാണ്. ചില പോസ്റ്റുകൾ കുറ്റിയടിച്ചു നിർത്തിയിരിക്കുകയാണ്. ഈ ലൈനിൽ തകരാറുകൾ സംഭവിച്ചാൽ മാവൂർ മണന്തലക്കടവ് റോഡിൽ 80 മീറ്റർ 11 KV ലൈൻ വലിച്ച് അമ്പലപ്പറമ്പ് ഫീഡറുമായി ബന്ധിപ്പിച്ചാൽ വാഴക്കാട് ഭാഗത്തേക്ക് അത്യാവശ്യഘട്ടത്തിൽ വൈദ്യുതി നൽകാൻ കഴിയും.

വിവിധ ഡിപ്പാർട്ട്മെന്റുകളും ജീവനക്കാരും തമ്മിൽ ഉണ്ടാവുന്ന പ്രശ്നങ്ങൾ മൂലം വികസന പ്രവർത്തനങ്ങളിൽ ഉണ്ടാവുന്ന കാലതാമസം. ഉദാ. ടെക്നിക്കൽ ഹയർ സെക്കന്ററി സ്കൂൾ ട്രാൻസ്ഫോർമർ ചാർജ് ചെയ്യാൻ നേരിടുന്ന കാലതാമസം, എടവണ്ണപ്പാറ ടെലഫോൺ എക്സ്ചേഞ്ച് വികസനത്തിൽ നേരിടുന്ന കാലതാമസം.

## നിർദേശങ്ങൾ/സാധ്യതകൾ

1. പട്ടികജാതി, മറ്റ് ദുർബ്ബല വിഭാഗങ്ങൾക്ക് വിദ്യുച്ഛക്തി നല്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതും വയറിംഗ് തുടങ്ങിവയ്ക്ക് സാമ്പത്തിക സഹായം ലഭ്യമാക്കേണ്ടതുമാണ്.

2. അനന്തായൂരിലേക്ക് കാർഷികാവശ്യങ്ങൾക്ക് വിദ്യുച്ഛക്തി നൽകാനുള്ള പ്രവൃത്തിയുടെ ടെന്റർ നല്കിയിട്ടുണ്ട്. പ്രവൃത്തി ഉടനെ ആരംഭിക്കണം.

3. വൈദ്യുതി അനധികൃത ഉപയോഗവും ദുരുപയോഗവും തടയണം. ജനപ്രതിനിധികളും ഉദ്യോഗസ്ഥരും ചേർന്ന് ഇക്കാര്യം പരിശോധിക്കണം.

4. പഞ്ചായത്തിന്റെ മുഴുവൻ ഭാഗങ്ങളും ഒന്നിച്ച് ചേർത്ത് ഒരേ ഓഫീസിനു കീഴിൽ പ്രവർത്തനം നടത്തുന്നതിന് വാഴക്കാട്ട് നിലവിലുള്ള കാഷ് കൗണ്ടർ സെക്ഷൻ ഓഫീസാക്കി മാറ്റണം.

5. പ്രധാന അങ്ങാടികളിൽ സോഡിയം വേപ്പർ ലാമ്പുകൾ സ്ഥാപിക്കണം.

6. നിലവിലുള്ള ട്രാൻസ്ഫോർമറുകളുടെ കപ്പാസിറ്റി വർധിപ്പിക്കുന്നതോടൊപ്പം ചൂരപ്പട്ട, ആക്കോട്, നൂഞ്ഞിക്കര, കുറ്റിയോട്ട്, കണ്ണത്തംപാറ, മപ്രം മുട്ടുങ്ങൽ, വെട്ടത്തൂർ, കിളിക്കത്തടം എന്നിവിടങ്ങളിൽ

പുതുതായി ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കണം.

7. വാലില്ലാപുഴ ചോലയിൽ ഭാഗത്തേക്കും പണിക്കരപുറായ കാമശേരി ഭാഗത്തേക്കും അനുമതി ലഭിച്ച ത്രീ ഫേസ് ലൈനുകളുടെ പ്രവൃത്തി പൂർത്തിയാക്കുക.

8. മാണിയോട്ട് മൂല, അനന്തായൂർ ഭാഗങ്ങളിലേക്ക് വൈദ്യുതി എത്തിക്കുക.

9. പരപ്പത്ത് ട്രാൻസ്ഫോർമറിലേക്ക് വയലിലൂടെ പോവുന്ന ലൈൻ റോഡിലേക്ക് മാറ്റി സ്ഥാപിക്കുകയും ലൈൻ ത്രീഫേസ് ആക്കുകയും വേണം.

10. പാലക്കുഴി പട്ടികജാതി കോളനിയിലേക്ക് അനുവദിച്ച വൈദ്യുതി കണക്ഷൻ നൽകാൻ നടപടി സ്വീകരിക്കുകയും ട്രാൻസ്ഫോർമർ പെട്ടെന്ന് സ്ഥാപിക്കുകയും ചെയ്യുക.

11. എടവണ്ണപ്പാറ – അടൂർപുറായ്, തത്തങ്ങോട് – മണ്ണാടി, അവുഞ്ഞിക്കാട് – കള്ളിക്കാട് ഭാഗത്തേക്കും ലൈൻ ത്രീഫേസാക്കുക.

12. അരീക്കോട് സെക്ഷനു കീഴിലെ പത്താം വാർഡ് എളമരം ലൈൻ മുൻകാലത്ത് ചെയ്തതുപോലെ മാവൂർ PHED ലൈനുമായി ബന്ധിപ്പിക്കുക.

13. കൂളിമാട് എലക്ട്രിക്കൽ സബ് സ്റ്റേഷനിൽ നിന്ന് വാഴക്കാട് ഭാഗത്തേക്ക് വൈദ്യുതി കണക്ഷൻ നൽകാൻ വേണ്ട നടപടികൾ സ്വീകരിച്ചാൽ വോൾട്ടേജ് ക്ഷാമം പരിഹരിക്കാൻ സാധിക്കും.

14. പരപ്പത്ത് കോലോത്തും കടവ് ലൈൻ വോൾട്ടേജ് ക്ഷാമം പരിഹരിക്കുക.

15. എടവണ്ണപ്പാറ 63KVA ട്രാൻസ്ഫോർമർ മാറ്റി 160 KVA ട്രാൻസ്ഫോർമർ സ്ഥാപിക്കുക.

16. വാഴക്കാട് ലിഫ്റ്റ് ഇറിഗേഷൻ പമ്പ് ഹൗസിലെ ട്രാൻസ്ഫോർമറിന്റെ അപകടാവസ്ഥ പരിഗണിച്ച് സുരക്ഷിതമായ രീതിയിൽ മാറ്റി സ്ഥാപിക്കുക.

17. മണ്ണെണ്ണ പെർമിറ്റുകൾ, ഗ്യാസ് കണക്ഷൻ എന്നിവ അർഹതപ്പെട്ടവർക്കും ആവശ്യക്കാർക്കും ലഭിക്കുവാനുള്ള കാലതാമസം ഒഴിവാക്കുകയും മണ്ണെണ്ണ ക്വാട്ട വർധിപ്പിക്കുകയും ചെയ്യുക.

18. കൊണ്ടോട്ടിയിൽ ഈയിടെ ആരംഭിച്ച പാചക ഗ്യാസ് ഏജൻസിയുടെ പരിധിയിൽ വാഴക്കാട് പഞ്ചായത്ത് കൂടി ഉൾപ്പെടുത്തുക.

19. മാവൂർ സെക്ഷൻ ഓഫീസിനു കീഴിലുള്ള വാഴക്കാട് എളമരം റോഡിലെ എടവണ്ണപ്പാറ ട്രാൻസ്ഫോർമറും അരീക്കോട് സെക്ഷന് കീഴിലുള്ള കൊണ്ടോട്ടി റോഡിലെ പൊന്നാട്ട് ട്രാൻസ്ഫോർമറുമായി 11 KV ലൈൻ ബന്ധിപ്പിച്ചാൽ അത്യാവശ്യ ഘട്ടങ്ങളിൽ ഫീഡർ മാറ്റി ഉപയോഗിക്കുവാൻ സാധിക്കും.

20 തെരുവു വിളക്കുകൾ ആവശ്യമായ സ്ഥലങ്ങളിൽ അവ സ്ഥാപിക്കാൻ നടപടിയുണ്ടാവണം.

21. മുണ്ടകാശേരി ഹരിജൻ കോളനിയിൽ നിന്ന് സാമ്പ്രിയക്കൽ ഭാഗത്തേക്കും ആക്കോട് – കോടിയമ്മൽ റോഡിലൂടെയും വൈദ്യുതി ലൈൻ നീട്ടുക.

## മാർക്കറ്റ്

എടവണ്ണപ്പാറക്കടുത്തുള്ള ആയുർവേദ ആശുപത്രിക്ക് പിൻവശത്ത് മുമ്പ് വിപുലമായ ചന്ത നടന്നിരുന്നു. പിന്നീട് ഇത് നാമാവശേഷമായി. പിന്നീട് പഞ്ചായത്തിലെ ഏറ്റവും പ്രധാനപ്പെട്ട വ്യാപാര കേന്ദ്രം വാഴക്കാട്ട് അങ്ങാടിയായിരുന്നു. അടുത്ത കാലത്തായി പഞ്ചായത്തിലെ പ്രധാന വാണിജ്യ–വ്യാപാരകേന്ദ്രം എടവണ്ണപ്പാറയിലാണ്. ഇപ്പോൾ പഞ്ചായത്തിലെ എല്ലാ വാർഡിലും ചെറിയ അങ്ങാടികൾ ഉയർന്നു വന്നിട്ടുണ്ട്.

പഞ്ചായത്തിലെ രണ്ടു പ്രധാന കേന്ദ്രങ്ങളായ എടവണ്ണപ്പാറയിലും വാഴക്കാട്ടും വിപുലമായ മാർക്കറ്റ് സൗകര്യങ്ങൾ ഏർപ്പെടുത്താവുന്നതാണ്. മത്സ്യ–മാംസ വിൽപന യാതൊരു സൗകര്യവുമില്ലാത്ത വിധത്തിൽ അനാരോഗ്യകരമായ വിധത്തിലാണ് ഇപ്പോൾ നടന്നുവരുന്നത്. പഞ്ചായത്ത് മുൻകൈയെടുത്ത് മാർക്കറ്റ് – കം – ഷോപ്പിംഗ് കോംപ്ലക്സ് നിർമിച്ച് മത്സ്യം, മാംസം, പച്ചക്കറി എന്നിവയുടെ വില്പനക്ക് കേന്ദ്രീകൃതമായ സൗകര്യം ഏർപ്പെടുത്തണം.

പഞ്ചായത്തിൽ ഉൽപാദിപ്പിക്കുന്ന നാളികേരം, അടക്ക, കുരുമുളക് മറ്റ് കാർഷികോൽപന്നങ്ങൾ എന്നിവയുടെ വാങ്ങൽ – വില്പനക്ക് പൊതു മാർക്കറ്റ് ഏർപ്പെടുത്താവുന്നതാണ്. നിത്യോപയോഗ സാധനങ്ങൾ മിതമായ വിലക്ക് ലഭിക്കുന്നതിന് സഹകരണാടിസ്ഥാനത്തിൽ ഒരു കൺസ്യൂമർ സ്റ്റോറും വാഴക്കാട് പഞ്ചായത്ത് തലത്തിൽ ഒരു മാവേലി സ്റ്റോറും ആരംഭിക്കേണ്ടതാണ്.

# പാർപ്പിടവും സാമൂഹ്യക്ഷേമവും

### പാർപ്പിടം

സാമൂഹികമായും സാമ്പത്തികമായും പിന്നോക്കം നിൽക്കുന്ന ഒരു പഞ്ചായത്താണ് വാഴക്കാട്.കൃഷിയും ഗൾഫ് പണവും മാവൂർ ഗ്വാളിയർ റയൺസ് തൊഴിലാളികളുടെ വരുമാനവും ആണ് ജനങ്ങളുടെ പ്രധാന ധനാഗമ മാർഗ്ഗങ്ങൾ. കൂലിപ്പണി ചെയ്ത് ഉപജീവനം കഴിക്കുന്നവരാണ് കൂടുതൽ കുടുംബങ്ങളും. ഇടത്തരം വീടുകളിൽ താമസിക്കുന്നവരാണ് കൂടുതലും. കുടിലുകളിൽ താമസിക്കുന്ന കുടുംബങ്ങളും ഭവന രഹിതരായി ബന്ധുക്കളുടെ കൂടെ താമസിക്കുന്നവരും ഉണ്ട്. കെട്ടിടങ്ങളുടെ തരം തിരിച്ചുള്ള വിവരണം പട്ടിക ഒന്നിൽ കാണിച്ചിരിക്കുന്നു.

മനുഷ്യന്റെ അടിസ്ഥാന ആവശ്യങ്ങളിൽ ഭക്ഷണവും വസ്ത്രവും കഴിഞ്ഞാൽ ഏറ്റവും പ്രധാനം പാർപ്പിടം തന്നെ. നമ്മുടെ പഞ്ചായത്തിൽ ഒരുപാട് കുടുംബങ്ങൾ സുരക്ഷിതമല്ലാത്ത വീടുകളിൽ താമസിക്കുന്നവരാണ്. പുഴയുടെ തീര പ്രദേശങ്ങളിലും താഴ്ന്ന പ്രദേശങ്ങളിലും മഴക്കാലത്ത് വെള്ളപ്പൊക്കം മൂലം വീടുകൾക്ക് കേടുപാടുകൾ സംഭവിക്കുന്നത് പതിവാണ്.

സർക്കാരിന്റെ വിവിധ ഏജൻസികൾ മുഖേന ദരിദ്ര ജനവിഭാഗങ്ങൾക്ക് ബ്ലോക്ക്, പഞ്ചായത്ത് തലത്തിൽ ലഭിച്ച വീടുകളുടെ എണ്ണം പട്ടിക 2-ൽ കൊടുത്തിരിക്കുന്നു. അതിനു പുറമേ മത്സ്യഫെഡ്,വിവിധ തരം പുനരധിവാസ പദ്ധതി,പട്ടികജാതി വികസന വകുപ്പ്,രാജീവ് ദശലക്ഷം ഭവനപദ്ധതി എന്നിവയിൽ നിന്നു ലഭിച്ച വീടുകളുമുണ്ട്. ദുർബല വിഭാഗങ്ങൾക്ക് ഭവന നിർമ്മാണത്തിന് ഗ്രാന്റും ഇടത്തരക്കാർക്ക് വായ്പയും ലഭ്യമാക്കി പഞ്ചായത്തിൽ അവശേഷിക്കുന്ന പാർപ്പിട പ്രശ്നം കുറെ പരിഹരിക്കാവുന്നതാണ്. സാധന സാമഗ്രികളുടെ അമിത വിലയും, കൂലി ചെലവും കണക്കിലെടുക്കുമ്പോൾ ഇപ്പോൾ ഭവന നിർമ്മാണത്തിന് അനുവദിക്കുന്ന തുക തീരെ അപര്യാപ്തമാണ്.

1975-76 കാലത്ത് വിദഗ്ദ തൊഴിലാളിക്ക് 10-15 രൂപയും അവിദഗ്ധ തൊഴിലാളിക്ക് 7-10 ആയിരുന്നു കൂലി. 95 -96 ൽ ഇത് യഥാക്രമം 100-130 രൂപയും 90-100 രൂപയുമായി. സിമന്റിന് 87-88 ൽ 70 രൂപയായിരുന്നത് 95-96 ൽ 180 രൂപയായി. ചെങ്കല്ല് 1000 ത്തിന് ഇതേകാലത്തുണ്ടായ വർദ്ധന 1100 രൂപയിൽ നിന്ന് 6500-7000 ത്തിലേക്കാണ്.ഒരു കിലോ കമ്പിക്ക് 87-88 13 രൂപ 95-96 -ൽ 16-50 രൂപയായി. മണൽ വില ലോഡിന് 175-ൽ നിന്ന് 575 രൂപയായും മെറ്റൽ ലോഡിന് 800-ൽ നിന്ന് 2100,ബോളർ 250-300ൽ നിന്ന് 600-650 ത് ആയി വർദ്ധിച്ചു. കോൺക്രീറ്റ് യൂണിറ്റിന് കഴിഞ്ഞ 10 വർഷം കൊണ്ട് 100 % ത്തിലധികം വർദ്ധനയുണ്ടായിട്ടുണ്ട്. അഞ്ചാം നമ്പർ ഓടിന് 1988-ൽ 1400 രൂപയായിരുന്നത് 1996 ൽ 4600 രൂപയായി. നാലാം നമ്പറിന് 1300 രൂപ 4700 രൂപയായും, മൂന്നാം നമ്പറിന് 1700 രൂപ 4900 രുപയായും ഒന്നാം നമ്പറിന് 1800 രൂപ 5500 രൂപയായും വർദ്ധിച്ചിരിക്കുന്നു. ഈ സാഹചര്യത്തിൽ ഭവന നിർമ്മാണ ഗ്രാന്റും വായ്പ തുകയും കാലോചിതമായി പരിഷ്കരിക്കുകയും വർദ്ധിപ്പിക്കുകയും ചെയ്യേണ്ടതാണ്.

### പാർപ്പിട പ്രശ്ന പരിഹാരത്തിന് ചില നിർദേശങ്ങൾ

1. സർക്കാർ വിവിധ ഏജൻസികളിലൂടെ നടപ്പാക്കുന്ന പദ്ധതികൾ കൊണ്ടു മാത്രം കുടിലുകളിൽ താമസിക്കുന്നവർക്കും മറ്റ് ഭവന രഹിതർക്കും പൂർണ്ണമായി വീട് നിർമ്മിച്ച് നൽകാൻ കഴിയില്ലെന്ന് മുൻകാല അനുഭവങ്ങൾ തെളിയിക്കുന്നു. ആയതുകൊണ്ട് ഗുണഭോക്താക്കൾക്ക് കഴിയുന്ന വിഭവങ്ങൾ സ്വരൂപിക്കുകയും വാർഡ് തലത്തിൽ രാഷ്ട്രീയ സാമൂഹ്യ സന്നദ്ധ പ്രവർത്തകരുടെ സഹായവും സർക്കാർ സഹായവും സമാഹരിച്ച് പാർപ്പിട പ്രശ്നം പരിഹരിക്കാൻ കൂട്ടായ ശ്രമം നടത്തേണ്ടതാണ്.

2. പഞ്ചായത്ത് തലത്തിൽ ഭവന നിർമ്മാണ സഹകരണ സംഘം രൂപികരിക്കുക. നിർമ്മാണ പ്രവർത്തിയിൽ വിദഗ്ധോപദേശം മുതൽ തൊഴിലാളികളെ വരെ സംഘത്തിലൂടെ വിതരണം ചെയ്യുക. സർക്കാർ ഭവന നിർമ്മാണ പദ്ധതികൾ ജനങ്ങളിലെത്തിക്കുന്ന

## കെട്ടിടങ്ങളുടെ വിവരണം

| | | | | | മേൽപ്പുരയുടെ സ്വഭാവം 10 വാർഡുകളായിരുന്നപ്പോൾ | | | |
|---|---|---|---|---|---|---|---|---|
| വാർഡ് | വീട് | പീടിക | മറ്റുള്ളവ | ആകെ | ഇരുനില | ടെറസ് | ഓട് | ഓല |
| 1 | 409 | 113 | 15 | 537 | 83 | 80 | 463 | 122 |
| 2 | 402 | 101 | 7 | 510 | 72 | 43 | 516 | 61 |
| 3 | 442 | 31 | 19 | 492 | 69 | 36 | 368 | 102 |
| 4 | 411 | 29 | 13 | 453 | 86 | 86 | 628 | 54 |
| 5 | 344 | 157 | 59 | 560 | 78 | 84 | 582 | 32 |
| 6 | 579 | 56 | 7 | 642 | 67 | 74 | 451 | 124 |
| 7 | 361 | 4 | 15 | 380 | 56 | 29 | 260 | 47 |
| 8 | 390 | 96 | 29 | 515 | 162 | 118 | 762 | 53 |
| 9 | 434 | 317 | 22 | 773 | 73 | 82 | 413 | 51 |
| 10 | 451 | 576 | 20 | 527 | 89 | 97 | 397 | 77 |
| 11 | 509 | 203 | 16 | 548 | | | | |
| ആകെ | 4732 | 983 | 282 | 5937 | | | | |

## ഭവന ലഭ്യതാ പട്ടിക

| വാർഡ് | വിവിധ പദ്ധതി | പൂർത്തയായവ | പൂർത്തിയാകാത്തവ |
|---|---|---|---|
| 1 | 2 | 26 | 2 |
| 2 | 10 | 10 | – |
| 3 | 2 | 24 | 1 |
| 4 | 31 | 30 | 1 |
| 5 | 31 | 31 | – |
| 6 | 14 | 13 | – |
| 7 | 20 | 20 | – |
| 8 | 9 | 9 | – |
| 9 | 7 | 6 | 1 |
| 10 | 31 | 28 | 2 |
| 11 | 22 | 20 | 2 |
| ആകെ. | 227 | 217 | 10 |

ഏജൻസികളായി ഈ സംഘത്തെ പ്രവർത്തിപ്പിക്കുക.

3. ഗുണഭോക്താക്കൾക്ക് അപേക്ഷകൾ ഗ്രാമ പഞ്ചായത്തു വഴി വിതരണം ചെയ്യുക.

4. ഭവന നിർമ്മാണ വായ്പയുടെ വ്യവസ്ഥകൾ ലളിതമാക്കുകയും ലഭിക്കുന്നതിലുള്ള കാലതാമസം ഒഴിവാക്കുകയും ചെയ്യുക.

5. പ്രകൃതി ക്ഷോഭം മൂലം വീടുകൾക്ക് കേടുപാടുകൾ സംഭവിക്കുന്നതിനാൽ പഞ്ചായത്തിലെ ദുർബല വിഭാഗങ്ങളുടെ വീടുകൾ സർക്കാർ ഇൻഷൂർ ചെയ്യുക.

6. സർക്കാർ ഏജൻസികൾ മുഖേന വിതരണം ചെയ്യുന്ന വായ്പകളുടെ രേഖകളും പ്രമാണങ്ങളും ഗ്രാമ പഞ്ചായത്ത് തലത്തിൽ സൂക്ഷിക്കുക

7. ഭവന നിർമ്മാണ പദ്ധതികൾ പ്രകാരമുള്ള തുക വർദ്ധിപ്പിക്കുക.

8. ഭൂരഹിതർക്ക് 5 സെന്റ് സ്ഥലം ഭൂമിവിലക്കെടുത്തുകൊണ്ടും പുറമ്പോക്ക് മിച്ചഭൂമി മുതലായവ പതിച്ചുകൊടുത്തും ഭവന നിർമ്മാണത്തിനായി ഗ്രാന്റ് നൽകി സഹായിക്കുക.

9. ദുർബ്ബല ജനവിഭാഗങ്ങൾക്ക് വീടു വെക്കുന്നതിന് നൽകുന്ന ധനസഹായം ജാതി മത പരിഗണനകൾ കൂടാതെ എല്ലാവർക്കും നൽകണം.

10. സബ് രജിസ്ട്രാർ ഓഫീസ് (എടവണ്ണപ്പാറ) സബ് പോസ്റ്റോഫീസുകൾ (എടവണ്ണപ്പാറ, വാഴക്കാട്) , ടെലഫോൺ എക്സ്ചേഞ്ച് (പണിക്കരപ്പുറായ), മൃഗാശുപത്രി (മുണ്ടുമുഴി), പോലീസ് സ്റ്റേഷൻ, കൃഷിഭവൻ (വാഴക്കാട്) എന്നീ സ്വന്തം കെട്ടിടമില്ലാത്ത കേന്ദ്ര - സംസ്ഥാന സർക്കാർ ഓഫീസുകൾക്ക് കെട്ടിടം പണിതു നൽകേണ്ടതാണ്.

## സാമൂഹ്യ ക്ഷേമം

ദാരിദ്ര്യ രേഖക്ക് താഴെയുള്ളവരെ ഉദ്ധരിക്കാൻ ഉദ്ദേശിച്ചുകൊണ്ടുള്ള കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ദാരിദ്ര്യ നിർമ്മാർജ്ജനപദ്ധതികൾ, സംഘടിത-അസംഘടിത തൊഴിലാളികളുടെ ക്ഷേമനിധികൾ മുഖേന നടപ്പാക്കുന്ന പദ്ധതികൾ, അവശ വിഭാഗങ്ങൾക്കുള്ള വിവിധ പെൻഷൻ പദ്ധതികൾ എന്നിവയാണ് പ്രധാന സാമൂഹ്യ ക്ഷേമപദ്ധതികൾ. കൂടാതെ പട്ടികജാതി വികസന കോർപ്പറേഷന്റെയും വനിതാ വികസന കോർപ്പറേഷന്റെയും പദ്ധതികൾ വേറെയുണ്ട്. വാഴക്കാട്, എടവണ്ണപ്പാറ എന്നീ രണ്ട് വി.ഇ.ഓ സർക്കിളുകൾ മുഖേനയാണ് സാമൂഹ്യ പദ്ധതികൾ പ്രധാനമായും ലഭ്യമാക്കിക്കൊണ്ടിരിക്കുന്നത്.

പദ്ധതികളെക്കുറിച്ച് ജനങ്ങൾക്കുള്ള അറിവില്ലായ്മ, ആവശ്യത്തിനും സമയത്തിനും കിട്ടായ്ക, പദ്ധതികളുടെ ദുരുപയോഗം, ലഭിക്കാനുള്ള സാങ്കേതിക നൂലാമാലകൾ എന്നിവയാണ് പദ്ധതികളുടെ നടത്തിപ്പിൽ കണ്ടുവരുന്ന പ്രധാന ന്യൂനതകൾ. സാമ്പത്തിക സഹായം നല്കേണ്ട ധനകാര്യ സ്ഥാപനങ്ങളുടെ സഹകരണക്കുറവാണ് ഏറ്റവും രൂക്ഷമായ പ്രശ്നം.

ക്ഷേമനിധി ബോർഡുകൾ മുഖേനയുള്ള പ്രവർത്തനം കാര്യക്ഷമമായിട്ടില്ല. പഞ്ചായത്തിലുള്ള കെട്ടിട നിർമ്മാണത്തൊഴിലാളികൾ, കർഷകത്തൊഴിലാളികൾ , മത്സ്യത്തൊഴിലാളികൾ തെങ്ങുകയറ്റത്തൊഴിലാളികൾ ആഭരണത്തൊഴിലാളികൾ, തയ്യൽ തൊഴിലാളികൾ എന്നീ വിഭാഗത്തിൽപ്പെട്ട ഒരുപാടു പേർ ഇനിയും ബന്ധപ്പെട്ട ക്ഷേമനിധികളിൽ അംഗങ്ങളായിട്ടില്ല. വനിതാ വികസന കോർപ്പറേഷന്റെ പദ്ധതിയും ആനുകൂല്യങ്ങളും എന്തൊക്കെയാണെന്ന ധാരണയാലും വനിതകൾക്കിടയിൽ എത്തിക്കാൻ കഴിഞ്ഞിട്ടില്ല.

രണ്ടു വി.ഇ.ഓ സർക്കിളുകളിൽ കൂടി നടപ്പാക്കിയ പദ്ധതികളേക്കുറിച്ച് താഴക്കൊടുക്കുന്നു.

### 1. ഐ.ആർ.ഡി.പി.

ദാരിദ്ര്യരേഖക്ക് താഴെവസിക്കുന്ന കുടുംബ

| പട്ടിക ജാതി | മറ്റു ള്ളവർ | ആകെ | വനിത കുടുംബ നാഥ | വിക ലാംഗർ | രൂപ2000– 4000 – | 4001 – 6000 | 6001 – 8500 | 8501 11001 | ചെറു കിട കർഷക | കർഷക ത്തൊളി ലാളികൾ | കാർഷകേ തര തൊഴി ലാഴി കുടും |
|---|---|---|---|---|---|---|---|---|---|---|---|
| 354 | 1518 | 1872 | 325 | 25 | 1208 | 438 | 145 | 81 | 601 | 715 | 477 |

| വർഷം | പട്ടിക ജാതി | മറ്റുള്ളവർ | ആകെ | വനിതകൾ | വികലാംഗർ | വായ്പ രൂപ | സഹായധനം |
|---|---|---|---|---|---|---|---|
| 1992-93 | 35 | 20 | 55 | 41 | 1 | 1,62,460 | 1,24,200 |
| 93-94 | 20 | 27 | 47 | 25 | 1 | 190,716 | 1,21,154 |
| 94-95 | 15 | 17 | 32 | 8 | 2 | 2,77,500 | 1,52,000 |
| 95-96 | 20 | 19 | 39 | 11 | 1 | 4,22,600 | 1,94,000 |
| **ആകെ** | **90** | **83** | **173** | **85** | **5** | **1,05,32,76** | **5,91,354** |

ങ്ങൾക്ക് സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിലേക്കായി സ്ഥിരം ആസ്തികളും പ്രവർത്തന മൂലധനവും നൽകുന്ന പദ്ധതിയാണിത്. 1992-ൽ നടത്തിയ IRDP കുടുംബസർവ്വേ പ്രകാരം തെരഞ്ഞെടുക്കപ്പെട്ടവരുടെ ലിസ്റ്റിൽ നിന്ന് അന്തേസ്തിദയ സമീപനത്തിൽ മുൻഗണന നിശ്ചയിച്ച് സഹായം നൽകിവരുന്നു. 1992-ലെ സർവ്വേയും 95-ലെ അഡീഷണൽ സർവ്വേയും ഉൾപ്പെടെയുള്ള മൊത്തം കണക്ക് താഴെ കൊടുക്കുന്നു.

ഇതുവരെ 825 ഗുണഭോക്താക്കൾക്ക് IRDP സഹായം ലഭിച്ചിട്ടുണ്ട് ആദ്യകാലങ്ങളിൽ പദ്ധതിയെക്കുറിച്ചുള്ള അജ്ഞതയും വിനിയോഗത്തിലുള്ള അനാസ്ഥയും കാരണം പദ്ധതി ലക്ഷ്യം നേടാതെ പോയി. എന്നാൽ ആറേഴു വർഷമായി പദ്ധതി മൂലം കുറെ കുടുംബങ്ങളെ നിത്യദാരിദ്ര്യത്തിൽ നിന്ന് കരകയറ്റാൻ കഴിഞ്ഞിട്ടുണ്ട്. എട്ടാം പദ്ധതിക്കാലത്ത് മാത്രം ഇതു വരെ സഹായം ലഭിച്ചവരുടെ പട്ടിക താഴെചേർക്കുന്നു.

എട്ടാം പദ്ധതിയുടെ നടപ്പു വർഷമായ 96-97 ലെ കണക്ക് രേഖപ്പെടുത്താറായിട്ടില്ല. 4 വർഷം കൊണ്ട് വായ്പയും സബ്സിഡിയും ഉൾപ്പെടെ പതിനാറര ലക്ഷത്തോളം രൂപ ഈ പദ്ധതി പ്രകാരം ലഭ്യമാക്കിയിട്ടുണ്ട്. മുൻപത്തേതിൽ നിന്ന് വ്യത്യസ്തമായി പരിപാടി വിജയകരമായി നടത്തിക്കൊണ്ടുപോകാൻ കുടുതൽ ഗുണഭോക്താക്കൾക്കും കഴിഞ്ഞിട്ടുണ്ട്. അതിന്റെ മേന്മ ഗ്രാമപ്രദേശങ്ങളിൽ കാണാനുണ്ട്. 96-97 ൽ 2 ലക്ഷം രൂപ സബ്സിഡിയായും 6 ലക്ഷം രൂപ വായ്പയായും നൽകണമെന്നാണ് ലക്ഷ്യം. ദാരിദ്ര്യരേഖക്കു താഴെവസിക്കുന്ന കുടുംബങ്ങൾക്ക് 92-93 വർഷത്തിൽ ശരാശരി 6000 രൂപയും 93-94 ൽ 8000 രൂപയും 94-95 ൽ 13000 രൂപയും 95-96 ൽ 15000 രൂപയും ലഭിച്ചിട്ടുണ്ട് ഈ വർഷം. ഇത് ഇനിയും കൂടുമെന്നാണ് പ്രതീക്ഷ.

IRDP പദ്ധതിയിൽ കാലോചിതമായ മാറ്റങ്ങൾ ഇനിയും ആവശ്യമാണ്. ചില നിർദ്ദേശങ്ങൾ

1. കേരളത്തിലെ ജീവിതനിലവാരം അടിസ്ഥാനമാക്കി ദാരിദ്ര്യരേഖയുടെ പരിധി 11000 ൽ നിന്നും 25000 ആക്കി ഉയർത്തണം.

2. ദേശസാത്കൃത ബേങ്കുകൾ ഈ പദ്ധതിയനുസരിച്ച് വായ്പ ലഭ്യമാക്കുന്നതിൽ കുറച്ചുകൂടി ഉദാരമായ നയം സ്വീകരിക്കണം. മാത്രമല്ല പരമാവധി ഫണ്ട് അനുവദിച്ചുകൊണ്ട് സഹകരണ ബേങ്കുകൾക്ക് ഈ മേഖലകളിൽ ഗുണഭോക്താക്കളെ സഹായിക്കാൻ അവസരം നൽകുന്നതിന് ജില്ലാ-സംസ്ഥാന ബേങ്കുകൾ വഴി സർക്കാർ നടപടി സ്വീകരിക്കണം.

3. ഒമ്പതാം പദ്ധതിക്കാലത്ത് സഹായം ലഭിക്കാൻ അർഹരായ കുടുംബങ്ങളെ കണ്ടെത്തുന്നതിന് വിപുലമായ കുടുംബ സർവ്വേ നടത്താൻ ഉടൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

| വർഷം | പദ്ധതി | അംഗങ്ങൾ | തുക രൂപ |
|---|---|---|---|
| 1990-91 | സോപ്പ്നിർമ്മാണം | 14 | 90,000 /- |
| 92-93 | കല്ലുടക്കൽ | 11 | 440000/- |
| 92-93 | „ | 14 | 50000/- |
| 93-94 | ഡയറി.യൂണിറ്റ് | 10 | 1,,20,000/- |

## 2.DWCRA

**(ഗ്രാമീണ,വനിത,ശിശു വികസന പരിപാടി)**

ഐ.ആർ.ഡി.പി യുടെ അനുബന്ധമായ ഈ പരിപാടി 88-89 മുതലാണ് നമ്മുടെ ജില്ലയിൽ ആരംഭിച്ചത്. വനിതകളുടെ സ്വാശ്രയത്വം മുൻ നിറുത്തി അവരുടെ കുടുംബവരുമാനം വർദ്ധിപ്പിക്കുന്നതിന് കൂട്ടായ സാമ്പത്തിക പരിപാടികൾക്ക് വായ്പയും സഹായധനവും നൽകുന്ന പദ്ധതിയാണിത്. 10 മുതൽ 15 വരെ അംഗങ്ങളുള്ള വനിതാഗ്രൂപ്പിനാണ് സഹായം നൽകി വരുന്നത്. ആകെ 4 യൂണിറ്റാണ് ഇവിടെ തുടങ്ങിയത്. വെട്ടത്തൂരിൽ 90-91 ൽ തുടങ്ങിയ 'വെണ്മ' സോപ്പ് എന്ന യൂണിറ്റാണ് ഈ പഞ്ചായത്തിലെ ആദ്യത്തെ സംരംഭം. 1992-93 ൽ വിരിപ്പാടത്തും കണ്ണത്തും പാറയിലും ഓരോ കല്ലുടക്കൽ യൂണിറ്റും 93-94 ൽ മപ്രത്ത് ഒരു ഡയറി യൂണിറ്റും ആരംഭിച്ചു. ഇവയിൽ വെട്ടത്തൂരിലെ സോപ്പ് നിർമ്മാണ യൂണിറ്റ് പ്രവർത്തനം നിലച്ച സ്ഥിതിയിലാണ്. മറ്റു 3 എണ്ണവും പ്രവർത്തിക്കുന്നുണ്ട്. വിരിപ്പാടത്തേത് കൊണ്ടോട്ടി ബ്ലോക്കിൻ കീഴിലെ ഏറ്റവും നല്ല DWCRA യൂണിറ്റുകളിലൊന്നാണ്. ഈ 4 യൂണിറ്റുകളിലുമായി 49 വനിതകൾക്ക് തൊഴിലവസരം ലഭിച്ചു.

**പ്രശ്നങ്ങൾ - നിർദ്ദേശങ്ങൾ**

ഉൽപന്നങ്ങൾക്ക് വിപണി കണ്ടെത്തുന്നതാണ് പ്രയാസം. ഉദാ:-വെട്ടത്തൂരിലെ സോപ്പ് യൂണിറ്റിന് വൻകിട സോപ്പു കമ്പനികളുമായി കിടപിടിക്കാൻ കഴിയാതെ പോയി. യൂണിറ്റുകളുടെ പ്രവർത്തനം വിലയിരുത്താനും ആവശ്യമായ സഹായം നൽകാനും അതാതു പ്രദേശത്തെ സന്നദ്ധ സംഘടനാ പ്രവർത്തകരടങ്ങുന്ന കമ്മിറ്റി രൂപീകരിക്കണം. ഉൽപന്നങ്ങൾ സർക്കാർ ഏജൻസി വഴി വില്പന നടത്തുന്നതിനുള്ള ഒരു സംവിധാനം ഏർപ്പെടുത്തണം.

**3. ട്രൈസം** (സ്വയം തൊഴിൽ പരിശീലനം)

പാവപ്പെട്ട കുടുംബങ്ങളിലെ 18 നും 35 നും മദ്ധ്യേ പ്രായമുള്ള യുവതീ യുവാക്കൾക്ക് സ്വയം തൊഴിൽ പരിശീലനം നൽകുന്ന IRDP യുടെ മറ്റൊരു അനുബന്ധ പദ്ധതിയാണിത്.( Training of Rural Young Self Employment) പരിശീലകരുടെ ഫീസും പരിശീലന കാലത്ത് സ്റ്റൈപെന്റും നൽകുന്നു. പരിശീലനത്തിനു ശേഷം സ്വന്തമായി സംരംഭങ്ങൾ ഏറ്റെടുക്കുന്നതിന് വായ്പയും സഹായ ധനവും നൽകുന്നു. ഓരോ വർഷവും ഒരു ബ്ലോക്കിൽ 40 പേരെ തെരഞ്ഞെടുക്കും. 1992-93 ൽ 11, 93- 94 ൽ 11, 94-95 ൽ 8, 95-96ൽ 10, 96-97 ൽ 5 എന്നീതോതിൽ 45 പേരെ എട്ടാം പദ്ധതി കാലത്ത് വാഴക്കാട് പഞ്ചായത്തിൽ നിന്ന് പരിശീലനത്തിന് തെരഞ്ഞെടുത്തിട്ടുണ്ട്.40 പേരുടെ പരിശീലനം പൂർത്തിയായി 5 പേരുടേത് നടന്നുകൊണ്ടിരിക്കുന്നു.

**പ്രശ്നങ്ങൾ / നിർദ്ദേശങ്ങൾ**

പരിശീലനത്തിനു ശേഷം സ്വയം തൊഴിൽ സംരംഭം ഏറ്റെടുക്കാൻ മിക്ക പേരും തയ്യാറാകുന്നില്ല. സ്റ്റൈപെന്റിനു വേണ്ടി അധിക പേരും ഈ പദ്ധതി ദുരുപയോഗപ്പെടുത്തുന്നു.ഇതൊഴിവാക്കാൻ പരിശീലനം സിദ്ധിച്ചവർ അതാതു മേഖലയിൽ 10 വർഷമെങ്കിലും തൊഴിൽ ചെയ്യണമെന്ന് വ്യവസ്ഥ ചെയ്യേണ്ടതാണ്.

പ്രദേശികമായ പരിശീലന കേന്ദ്രങ്ങൾ ഇല്ലാത്തത് മറ്റൊരു ന്യൂനതയാണ്. യുവാക്കളുടെ പങ്കാളിത്തം പൊതുവേ കുറവാണ്. ഓട്ടോ മൊബൈൽ വർക്ക്ഷോപ്പുകൾ,ടയർ റീ ട്രേഡിംഗ്, വൾക്കനൈസിംഗ്, ഗാർഹിക വൈദ്യുതോപകരണങ്ങളുടെ (മോട്ടോർ, ഫേൻ, മിക്സി, ഫ്രിഡ്ജ് etc) റിപ്പയർ തുടങ്ങിയവയിൽ പരിശീലനം കൊടുത്താൽ കൂടുതൽ തൊഴിലവസരങ്ങൾ ഉണ്ടാകും.

**4. ടൂൾ കിറ്റ്**

ഗ്രാമീണ കൈത്തൊഴിലുകാർക്ക് നവീന തൊഴിലുപകരണങ്ങൾ ലഭ്യമാക്കുന്ന പദ്ധതിയാണിത്. 8-ആം പദ്ധതിക്കാലത്ത് നമ്മുടെ പഞ്ചായത്തിൽ ആശാരി, കൊല്ലൻ, സ്വർണ്ണപ്പണിക്കാർ, കുംഭാരൻ എന്നീ വിഭാഗത്തിൽപ്പെട്ട 35 പേർക്ക് തൊഴിലുപകരണങ്ങൾ ലഭ്യമാക്കിയിട്ടുണ്ട് (1992-93-ൽ 13; 93-94 2; 94-95 ൽ 6,95-96 14 ആകെ 35)

**പ്രശ്നങ്ങൾ സാധ്യതകൾ**

ഈ സ്കീമിനെക്കുറിച്ച് പലരും അജ്ഞരാണ്. അപേക്ഷ നൽകി സഹായം ലഭിക്കാൻ ദീർഘകാലം കാത്തിരിക്കേണ്ടിവരുന്നു. ഇപ്പോൾ IRDP തലത്തിൽ നടത്തുന്ന വിതരണ രീതി ബ്ലോക്ക് തലത്തിലെങ്കിലും നടത്തുന്ന രീതി തയ്യാറാക്കണം.

**5 CRSP** (കേന്ദ്ര ഗ്രാമ ശുചിത്വ പരിപാടി)

ഗ്രാമങ്ങളിലെ ശുചിത്വ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് കേന്ദ്ര- സംസ്ഥാന സർക്കാരുകൾ സംയുക്തമായി നടപ്പാക്കുന്ന പദ്ധതിയാണിത്. ദാരിദ്ര്യരേഖക്ക് താഴെയുള്ളവർക്ക് കക്കൂസ്സ് നിർമ്മിക്കാൻ സഹായം നൽകുന്ന ഈ പരിപാടിയുടെ ഫണ്ട് 20% പട്ടികജാതി / വർഗ്ഗക്കാർക്ക് നീക്കിവച്ചിരിക്കുന്നു. 500 രൂപ ഗുണഭോക്താവിന്റെ വിഹിതവും 1000 രൂപ വീതം കേന്ദ്രവും സംസ്ഥാനവും വഹിച്ചുകൊണ്ട് മൊത്തം 2500 രൂപ

യാണ് ഒരു കക്കൂസ്സിന്റെ ചെലവായി കണക്കാക്കിയിട്ടുള്ളത്. നമ്മുടെ പഞ്ചായത്തിൽ 93–94 മുതലാണ് ഈ സഹായം ലഭിച്ചുതുടങ്ങിയത്. 93–94 ൽ 10, 94–95 ൽ 9; 95–96 ൽ 9 മൊത്തം 28 കക്കൂസ്സുകൾ പൂർത്തിയായി. ഇതിനു പുറമേ 3 അംഗൻവാടികൾക്കും ഈ സഹായം നൽകിയിട്ടുണ്ട്. 96– 97 ൽ 15 എണ്ണം കൂടി പൂർത്തിയാവുമെന്ന് പ്രതീക്ഷിക്കുന്നു. ഇതു കൂടാതെ പഞ്ചായത്ത് 101 കക്കൂസ്സുകൾ നിർമ്മിക്കാൻ സഹായം നൽകിയിട്ടുണ്ട്. പരിസര ശുചിത്വത്തിന് ഭീഷണിയായിക്കൊണ്ട് നിരവധി പാവപ്പെട്ട കുടുംബങ്ങൾക്ക് കക്കൂസ്സില്ലാത്ത അവസ്ഥ ഇനിയും നിലനിൽക്കുന്നുണ്ട്.

## മറ്റു ക്ഷേമപദ്ധതികൾ

റവന്യൂ വകുപ്പിലൂടെയുള്ള പെൻഷനുകളും നിർദ്ധനരായ വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധന സഹായവുമാണ് പഞ്ചായത്തിൽ കിട്ടി കൊണ്ടിരിക്കുന്നത്. അർഹരായ എല്ലാവർക്കും കിട്ടുന്നില്ല. അനർഹർ പലരും കൈപ്പറ്റുകയും ചെയ്യുന്നു എന്ന അവസ്ഥയുണ്ട്. നിത്യവൃത്തിക്ക് ബുദ്ധിമുട്ടുന്ന ഈകൂട്ടർക്ക് കൃത്യസമയത്ത് സഹായം കിട്ടുന്നുമില്ല. ഇത് ഉറപ്പുവരുത്താൻ ഇത്തരം ക്ഷേമ പദ്ധതികളുടെ വിതരണ ചുമതല പൂർണ്ണമായി ഗ്രാമപഞ്ചായത്തിന് കൈമാറുകയും ഫണ്ട് പഞ്ചായത്തിന് ലഭ്യമാക്കേണ്ടതുമാണ്.

### 1. വിധവാ പെൻഷൻ

പ്രായപൂർത്തിയായ ആൺകുട്ടികളില്ലാത്ത വിധവകൾക്കാണ് ഈ പെൻഷൻ ലഭിക്കുന്നത്. 58 പേർക്ക് നമ്മുടെ പഞ്ചായത്തിൽ കിട്ടിക്കൊണ്ടിരിക്കുന്നു. കാര്യമായ തൊഴിലൊന്നുമില്ലാത്ത ആൺകുട്ടികൾ ഉള്ളത് പെൻഷൻ കിട്ടുന്നതിന് തടസ്സമാണ്. അർഹതയുടെ അടിസ്ഥാനം വരുമാനമാക്കിക്കൊണ്ട് ഈ പ്രശ്നം പരിഹരിക്കേണ്ടതാണ്.

### 2. വികലാംഗ പെൻഷൻ

27 പേർക്കേ ലഭിക്കുന്നുള്ളൂ. യഥാർത്ഥത്തിൽ അർഹതർ ഇതിൽ കൂടുതലാണ്. വികലാംഗത്വം തെളിയിക്കാനുള്ള ഈ മെഡിക്കൽ സർട്ടിഫിക്കറ്റ് ലഭിക്കാനുള്ള വ്യവസ്ഥയും നടപടിക്രമങ്ങളും ലഘൂകരിക്കണം.

### 3. ക്ഷയരോഗ പെൻഷൻ

31 പേർക്ക് ലഭിക്കുന്നു. രോഗികൾ ഇതിലും കൂടുതലാണ്. എല്ലാവർക്കും ലഭിക്കാൻ വേണ്ടതു ചെയ്യണം.

നിത്യരോഗം ബാധിച്ച അവിവാഹിതകളായ സ്ത്രീകളും അല്ലാത്തവരും, കാൻസർ, അപസ്മാരം തുടങ്ങിയ മാറാരോഗം ബാധിച്ച് കഷ്ടപ്പെടുന്നവരുമായ എല്ലാവർക്കും പെൻഷൻ ലഭിക്കാൻ വേണ്ട സാഹചര്യം ഒരുക്കേണ്ടതാണ്.

### 4. തൊഴിലില്ലായ്മാ വേതനം.

1991–92 ൽ 140 പേർ, 92–93 ൽ 160 പേർ, 93–94 ൽ 150 പേർ, 94–95 ൽ 204, 95–96 ൽ 234 എന്നീ കണക്കിൽ ഈ വേതനം പറ്റുന്നു. അനർഹരായ പലരും കൈപ്പറ്റുമ്പോൾ അറിവില്ലാത്തതുകൊണ്ട് അർഹർക്ക് കിട്ടാതെ പോകുന്നു. ഉദാ: SSLC ക്കു തോറ്റ വികലാംഗർക്കും പട്ടികജാതിക്കാർക്കും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേർ രജിസ്റ്റർ ചെയ്ത് കാലാവധിയെത്തിയാൽ വേതനത്തിന് അർഹതയുണ്ട്. ഈ ഇനത്തിൽപ്പെട്ടവർ നമ്മുടെ പഞ്ചായത്തിൽ വളരെയുണ്ട്. ഇവർക്കു കൂടി ആനുകൂല്യം ലഭ്യമാക്കണം.

### 5. ദേശീയ സാമൂഹ്യ സഹായ പദ്ധതി.(NASP)

95–96 ൽ തുടക്കം കുറിച്ച ഈ പദ്ധതി പ്രകാരം 9 പേർക്ക് പെൻഷൻ കിട്ടുന്നുണ്ട്. പദ്ധതിയെക്കുറിച്ച് ഗുണഭോക്താക്കൾ അജ്ഞരാണ്. അപേക്ഷ നൽകിയവരിൽ അർഹരായുള്ളവർ വളരെക്കുറച്ചേയുള്ളൂ. വേണ്ട ബോധവൽക്കരണം നടത്തി യഥാർത്ഥത്തിൽ അർഹതപ്പെട്ടവർക്ക് ആനുകൂല്യം ലഭ്യമാക്കണം.

### 6. കർഷകത്തൊഴിലാളി പെൻഷൻ

പഞ്ചായത്തിൽ ഒരു പക്ഷേ ഏറ്റവും കൂടുതൽ ആൾക്കാർ കൈപ്പറ്റുന്ന പെൻഷൻ ഇതായിരിക്കും. അനർഹരായവർ ഉൾപ്പെടാതെ അർഹതപ്പെട്ടവർക്ക് മുഴുവനായും കിട്ടുന്ന സാഹചര്യം ഉറപ്പു വരുത്തണം. വിശേഷാവസരങ്ങളിലോ ഉൽസവകാലത്തോ 2,3 മാസത്തെ കുടിശിക ഒന്നിച്ച് കിട്ടുന്ന സാഹചര്യമാണ് ഉള്ളത്. കുടിശ്ശിക എന്ന ശാപം ഒഴിവാക്കി അതാതു സമയത്ത് തന്നെ വിതരണം ചെയ്യാനുള്ള സാഹചര്യം ഉണ്ടാക്കണം.

വിരലിലെണ്ണാവുന്ന ചിലർക്ക് അഗതി പെൻഷൻ,വാർദ്ധക്യകാല പെൻഷൻ, മത്സ്യ തൊഴിലാളി പെൻഷൻ എന്നിവ ലഭിക്കുന്നുണ്ട്. എന്നാൽ കഴിഞ്ഞ വർഷം നടന്ന കാൻസർ സർവ്വേയിൽ 200 –ൽ അധികം രോഗികളുണ്ടായതായി കണ്ടിട്ടും നമ്മുടെ പഞ്ചായത്തിൽ കാൻസർ രോഗികൾക്കുള്ള പെൻഷൻ കാര്യമായി ആർക്കും ലഭിക്കുന്നില്ല. ഇത് പരിഹരിക്കേണ്ടതാണ്.അവശ്യ കലാകായിക താരങ്ങൾക്കുള്ള പെൻഷൻ വാങ്ങുന്ന ആരും നമ്മുടെ പഞ്ചായത്തിലില്ലെന്നാണ് അറിയുന്നത്.

**പെൻഷൻ ഗുണഭോക്താക്കളുടെ പട്ടിക**

| വർഷം | വിധവാ | വികലാംഗ | ക്ഷയരോഗി | കർഷകത്തൊളിലാളി | തൊഴിലില്ലായ്മ വേതനം |
|---|---|---|---|---|---|
| 1991-92 | 7 | 5 | 4 | 893 | 140 |
| 1992-93 | 9 | 4 | 4 | 893 | 160 |
| 1993-94 | 18 | 8 | 4 | 1317 | 180 |
| 1994-95 | 13 | 3 | 6 | 1261 | 204 |
| 1995-96 | 11 | 7 | 13 | 1226 | 234 |

**അങ്കൺ വാടികൾ**

ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മ മാർക്കും അടിസ്ഥാനപരമായ സേവനം കാഴ്ചവെയ്ക്കുന്നത് അങ്കണ വാടികളാണ്. പഞ്ചായത്തിൽ 19 എണ്ണം ഉണ്ട്. 1000 ജനങ്ങൾക്ക് ഒരു അങ്കണ വാടി എന്നതാണ് ICDS ന്റെ ലക്ഷ്യമെങ്കിലും ഇത് പഞ്ചായത്തിൽ പൂർത്തീകരിച്ചിട്ടില്ല.

**പ്രശ്നങ്ങൾ**

1. അങ്കണ വാടികളിലെ പ്രാഥമിക സൗകര്യത്തിന്റെ അഭാവം

2. സ്വന്തം കെട്ടിടമില്ലാത്തവയാണ് മിക്കവയും. കെട്ടിമേഞ്ഞ ഷെഡുകളും വാടക കെട്ടിടങ്ങളുമാണ് ഇപ്പോൾ ഉള്ളത്.

3. കളിപ്പാട്ടങ്ങളൊ കളിസ്ഥലങ്ങളൊ ഇല്ല.

4. അങ്കൺ വാടികളിലെ വർക്കർ, ഹെൽപ്പർ എന്നി ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ ദയനീയമാണ്. ഒമ്പത് മുതൽ മൂന്നരവരെ ജോലി ചെയ്യുന്ന ഇവർക്ക് ഗൃഹ സന്ദർശനം, സർവ്വേ തുടങ്ങിയ ജോലി

**അങ്കൻവാടി സ്ഥിതിവിവര കണക്കുകൾ**

| വാർഡ് നമ്പർ | സെന്റർ എണ്ണം | അങ്കൻ വാടികളുടെ | സ്ഥിരകെട്ടിടം | വാടക കെട്ടിടം | കുട്ടികളുടെ എണ്ണം |
|---|---|---|---|---|---|
| 1 | 126 | 2 | - | 2 | 36 |
| 2 | 35 | 1 | - | 1 | 40 |
| 3 | 9,14 | 2 | 1 | 1 | 40 |
| | | | | | 40 |
| 4 | 1,11 | 2 | - | 2 | 40 |
| | | | | | 35 |
| 5 | 16 | 1 | - | 1 | 25 |
| 6 | 7 | 2 | - | 2 | 40 |
| | 8 | 2 | - | 2 | 50 |
| 7 | 6 | 2 | 1 | 1 | 40 |
| | 13 | | | | 35 |
| 8 | 5 | 2 | 1 | 1 | 45 |
| | 17 | 2 | 1 | 1 | 45 |
| 9 | 3 | 2 | 1 | 1 | 30 |
| | 4 | | | | 50 |
| 10 | 2 | 2 | - | 2 | 40 |
| | 127 | | | | 40 |
| 11 | 1 | 1 | - | 1 | 40 |

കൾ കൂടിയുണ്ട്. തുച്ഛമായ ഓണറേറിയം മാത്രമേ കിട്ടുന്നുള്ളു.

**നിർദ്ദേശങ്ങൾ**

1. സ്വന്തമായി സ്ഥലം കണ്ടെത്തി അങ്കൺ വാടികൾക്ക് കെട്ടിടം പണിതു കൊടുക്കണം.

2. കുട്ടികൾക്ക് പോഷകാഹാരത്തിന് നൽകുന്ന സംഖ്യ വർദ്ധിപ്പിക്കുക

3. ANERT അടുപ്പുകൾ അങ്കൺ വാടികളിൽ സ്ഥാപിക്കുക.

4. എല്ലാ അങ്കണ വാടികൾക്കും കക്കൂസ്, കളി സ്ഥലം എന്നിവ ഒരുക്കി കൊടുക്കുക.

5. പഞ്ചായത്തിന്റെ പുറം പോക്കിൽ അനുയോജ്യമായ സ്ഥലങ്ങൾ അങ്കൺ വാടി കെട്ടിടങ്ങൾ ഉണ്ടാക്കാൻ പതിച്ചു കൊടുക്കുക.

6. അങ്കൺ വാടി ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ മെച്ചപ്പെടുത്തണം.

7. സ്വകാര്യ അങ്കൺ വാടികളിലെ കുട്ടികൾക്ക് കൂടി പോഷകാഹാര വിതരണത്തിന് സൗകര്യം ഏർപ്പെടുത്തണം.

**ക്രഷെകൾ**

പഞ്ചായത്തിൽ അഞ്ച് ക്രഷെകൾ പ്രവർത്തിക്കുന്നുണ്ട്. എള്ളമരം യത്തീംഖാനയുടേതായി കോടിയമ്മൽ, വിരിപ്പാടം (ഒന്നാം വാർഡ്) മാണിയോട്ട് മൂല (നാലാം വാർഡ്), വെട്ടത്തൂർ (11-ാം വാർഡ്) എന്നീ സ്ഥലങ്ങളിലും വെട്ടത്തൂർ പ്രിയ ദർശിനിയുടേതായി അവുണിക്കാട്ടും (11-ാം വാർഡ്) ഉള്ള ക്രഷെകളിൽ ഓരോന്നിലും 25 കുട്ടികൾക്ക് പ്രവേശനം നൽകി വരുന്നു.

**ക്ഷേമ നിധികൾ**

കെട്ടിടം നിർമ്മാണ തൊഴിലാളി,ആഭരണ തൊഴിലാളി, കർഷക തൊഴിലാളി ക്ഷേമനിധികളിൽ പഞ്ചായത്തിലെ ബന്ധപ്പെട്ട വിഭാഗത്തിലെ എല്ലാവരെയും അംഗങ്ങളാക്കാൻ കഴിഞ്ഞിട്ടില്ല. വിപുലമായ പ്രചരണവും ബോധവൽക്കണവും നടത്തി എല്ലാവർക്കും ഇതിന്റെ പ്രയോജനം ലഭ്യമാക്കണം. തയ്യൽ, ബാർബർ ,കൊല്ലൻമാർ, മരം കയറ്റക്കാർ, ബീഡി തൊഴിലാളികൾ വാച്ച് ,സൈക്കിൾ റിപ്പയർമാർ,തേങ്ങ വെട്ടി ഉണക്കുന്നവർ,ഫോട്ടോ ഗ്രാഫർമാർ എന്നിവർക്ക് കൈ തൊഴിലാളി- വിദഗ്ധ തെഴിലാളി ക്ഷേമനിധിയെന്ന പേരിൽ പദ്ധതിയുണ്ടെങ്കിലും പഞ്ചായത്തിൽ ഈ വിഭാഗത്തിൽപ്പെട്ട പലരും ഇതിൽ അംഗത്വം എടുത്തിട്ടില്ല. വേണ്ടത്ര പ്രചരണം നൽകി ഈ പോരായ്മ പരിഹരിക്കണം

**പൊതു വിതരണം**

പഞ്ചായത്തിൽ മൊത്തത്തിലുള്ള 11 പൊതു വിതരണ കേന്ദ്രങ്ങളിൽ 9 എണ്ണം കൊണ്ടോട്ടി PCC യുടെ കീഴിലും 2 എണ്ണം പ്രൈവറ്റുമാണ്.

റേഷൻ കാർഡിൽ 10 ഉം 15 ഉം വർഷമായി പേർ ഉൾപ്പെടാത്തവർ ഒരു പാടുണ്ട്. വിവാഹ ശേഷം പുതിയ വീട്ടിലേക്ക് വന്നവരാണ് ഇവരിൽ അധികവും.പഞ്ചായത്ത് തലത്തിൽ ഇതിന് പരിഹാരം കാണണം.

നിലവിൽ 500 -ൽ അധികം കാർഡുകളുള്ള റേഷൻ ഷാപ്പുകൾ വിഭജിച്ച് സൗകര്യപ്രദമായ സ്ഥലത്ത് പുതിയ കടകൾ തുടങ്ങണം. റേഷൻ ഷാപ്പില്ലാത്ത വാർഡുകളിലൊരു ഷാപ്പെങ്കിലും സ്ഥാപിക്കണം.

പഞ്ചായത്തിൽ മാവേലി സ്റ്റോറോ , കൺസ്യൂമർ സ്റ്റോറോ ഇല്ല.ഒരു മാവേലി സ്റ്റോർ സ്ഥാപിക്കാൻ വേണ്ട നടപടിയുണ്ടാവണം. ഉപഭോക്തൃ മേഖലയെ ശക്തിപ്പെടുത്താൻ പഞ്ചായത്തുതലത്തിൽ ഉപഭോക്തൃ സംരക്ഷണ സമിതി രൂപീകരിച്ച് ഗുണ നിലവാരം ഉറപ്പു വരുത്താൻ ശ്രമിക്കണം.

ഗൾഫിൽ നിന്ന് തിരിച്ച് വരേണ്ടി വരുന്നവർക്ക് പുനരധിവാസ സഹായത്തിനുള്ള പദ്ധതികൾ ആവിഷ്ക്കരിക്കണം. കൈവശഭൂമിയുടെ പട്ടയം ലഭിക്കാൻ ഇന്നനുഭവപ്പെടുന്ന കാല താമസവും ബുദ്ധിമുട്ടും കണക്കിലെടുത്ത് ഗ്രാമ പഞ്ചായത്ത് മുഖേന പട്ടയ വിതരണത്തിന് സൗകര്യമുണ്ടാക്കണം.

**എള്ളമരം യത്തിംഖാന**

1970 ആഗസ്റ്റ് 30-ന് സ്ഥാപിക്കപ്പെട്ട ഈ ധർമ്മ സ്ഥാപനം സാമൂഹ്യ ക്ഷേമ വകുപ്പിന്റെ സഹായത്തോടെ ഓർഫനേജ് കൺട്രോളിംഗ് ബോർഡിന്റെ അംഗീകാരത്തോടെ പ്രവർത്തിക്കുന്നു. 5 വയസ്സ് മുതലുള്ള അനാഥ അഗതി വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകി ഭക്ഷണം, വസ്ത്രം,ചികിത്സ എന്നിവ പൂർണ്ണമായും വഹിക്കുന്നു. അപ്പർ പ്രൈമറിക്ക് ഇവിടെ തന്നെ സൗകര്യമുണ്ട്. ഹൈസ്കൂൾ, ഉപരി പഠനത്തിന് പുറത്തുള്ള സ്ഥാപനങ്ങളെ ആശ്രയിക്കണം. 200 കുട്ടികൾക്ക് കേരളാ സാമൂഹ്യ ക്ഷേമ വകുപ്പിൽ നിന്നും ബോഡിംഗ് ഗ്രാന്റ് ലഭിക്കുന്നു. വിദ്യാഭ്യാസ പുരോഗതി, രോഗ പ്രതിരോധ ചികിത്സ പുനരധിവാസം എന്നിവയ്ക്ക് കൂടുതൽ സഹായം ലഭ്യമാക്കേണ്ടതാണ്.

# സംസ്ക്കാരം

നൂറ്റാണ്ടുകളായി ഇടകലർന്ന് ജീവിക്കുന്ന ഹിന്ദു-മുസ്ലീം ജനവിഭാഗങ്ങൾ ഊടും പാവും നെയ്തെടുത്ത ഒരു സംസ്കാരത്തനിമ വാഴക്കാടിന്റേതായി നിലനിൽക്കുന്നു. വിദ്യാഭ്യാസപരവും സാമ്പത്തികവുമായ പിന്നോക്കാവസ്ഥ സാംസ്കാരികമായ ഈ കൂട്ടായ്മക്ക് വിഘാതമായിരുന്നില്ല. ഗതാഗതം, വൈദ്യുതി, വിദ്യാഭ്യാസം, ധനം എന്നീ മേഖലകളിലൊക്കെ ഇന്നത്തേക്കാൾ ദരിദ്രമായിരുന്ന 1940–70 കാലത്ത് ഈ പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ നടന്ന കലാ-കായിക സാഹിത്യ പ്രവർത്തനങ്ങളുടെ ഒരു ചെറിയ അംശം പോലും ഭൗതിക സൗകര്യങ്ങളുടെ കാര്യത്തിൽ വളരെ മുന്നേറിക്കഴിഞ്ഞ ഇക്കാലത്ത് കാഴ്ചവെക്കാൻ നമുക്ക് സാധിക്കാതെ വരുന്നത് എന്തുകൊണ്ട് എന്ന് പരിശോദിക്കേണ്ടിയിരിക്കുന്നു.

എടവണ്ണപ്പാറയിലും വാഴക്കാട്ടും കനപ്പെട്ട പുസ്തക ശേഖരവുമായി പ്രവർത്തിച്ചിരുന്ന ഗ്രന്ഥാലയങ്ങൾ, കഥകളും, കവിതകളും, കാർട്ടൂണുകളും നർമ്മ ഭാവനകളും സമ്പന്നമാക്കിയ ' ജ്ഞാനപ്രഭ', 'യുവശക്തി', രാജശ്രീ തുടങ്ങിയ കയ്യെഴുത്തു മാസികകൾ, പ്രസംഗ പരിശീലന ക്ലാസ്സുകൾ, സാഹിത്യ സംവാദങ്ങൾ, നവോദയ കലാസമിതി ചാലിയപ്രം കലാസമിതി തുടങ്ങിയ നാടക-കലാ വേദികതി, നൃത്തക്കളരികൾ, ഇമ്പമാർന്ന മാപ്പിളപ്പാട്ടിന്റെ ഈരടികൾക്കൊപ്പിച്ച് ചുവടും താളവുമൊരുക്കുന്ന കോൽക്കളി, ഒപ്പന സംഘങ്ങൾ, കോൽക്കളിയിൽ തന്നെ മറ്റൊരു ശൈലിയും തനിമയും പുലർത്തിയ ഹരിജൻ കോൽക്കളി സംഘങ്ങൾ ഫുട്ബോൾ, വോളിബോൾ കളികളിൽ ഒന്നാംതരം പ്രകടനം കാഴ്ച്ച വച്ച കളിക്കാരും ടീമുകളും, വാഴക്കാടിന്റെ ഖ്യാതി ദൂരദേശങ്ങളിൽ പോലും എത്തിച്ച കർഷക സഹസ്രങ്ങളുടെ കണ്ണും കരളും കവർന്ന വമ്പൻ കാളപൂട്ടു മത്സരങ്ങൾ- ഇതെല്ലാം ഒരു കാലത്ത് വാഴക്കാടിനെ സമ്പന്നമാക്കിയ കലാ-കായിക സാംസ്കാരിക പ്രവർത്തനങ്ങളുടെ നഖചിത്രം കാഴ്ചവെക്കുന്നു.

പഞ്ചായത്തിൽ പല ഭാഗങ്ങളിലായി സ്ഥിതി ചെയ്യുന്ന ചിര പുരാതന ക്ഷേത്രങ്ങൾ, മുഹമ്മദ് നബിയുടെ പിൻ മുറക്കാരും നൂറ്റാണ്ടുകൾക്കു മുമ്പ് സമുദ്രം വഴി നമ്മുടെ നാട്ടിലെത്തിയവരുമെന്ന് വിശ്വസിക്കപ്പെടുന്നവരുമായ കൊന്നാര്‍- ആക്കോട് തങ്ങന്മാർ സ്ഥാപിച്ച പുരാതനങ്ങളായ ആത്മീയ കേന്ദ്രങ്ങൾ, പഴയതും പുതിയതുമായ പള്ളികൾ, മതവിദ്യാഭ്യാസ കേന്ദ്രങ്ങൾ, ഇവയ്ക്കൊക്കെ മകുടം ചാർത്തിക്കൊണ്ട് വാഴക്കാടു ദാറുൽ ഉലം- തോളുരുമ്മി നിൽക്കുന്ന ഈ സ്ഥാപനങ്ങൾ സാമുദായിക സൗഹാർദ്ദത്തിന്റെയും സാഹോദര്യത്തിന്റെയും നിദർശനങ്ങളാണ്. ദൂരസ്ഥലങ്ങളിൽ നിന്നുപോലും ആയിരങ്ങളെ ആകർഷിച്ചുപോന്ന വെട്ടത്തുരിലെ മരക്കാട്ടിരി തിറ പോലുള്ള ഉത്സവങ്ങൾ വെറും മത ചടങ്ങുകൾ മാത്രമായിരുന്നില്ല. മറിച്ച് എല്ലാ വിഭാഗം ജനങ്ങളും ഒത്തുകൂടാറുള്ള വാണിജ്യ മേളകൾ കൂടെയായിരുന്നു. ഇന്നും ഈ പഞ്ചായത്തിലെ ഉത്സവങ്ങളും നേർച്ചകളും ആഘോഷങ്ങളും എല്ലാ വിഭാഗം ജനങ്ങളുടേയും ഒത്തുചേരലിനുള്ള വേദികളാണ്.

## വായനശാലാ പ്രവർത്തനം

എടവണ്ണപ്പാറ കേന്ദ്രമായി രൂപം കൊണ്ട ചാലിയപ്രം ഗ്രാമോദ്ധാരണ സംഘം പ്രമുഖ സ്വാതന്ത്ര്യ സമര സേനാനിയുംമലബാറിലെ ഖിലാഫത്തു പ്രസ്ഥാനത്തിന്റെ മുൻ നിര നേതാവുമായിരുന്ന കെ. മാധവൻ നായരുടെ സ്മാരകമായി സ്ഥാപിച്ച എടവണ്ണപ്പാറയിലെ 'മാധവൻ നായർ സ്മാരക വായനശാല ഗ്രന്ഥശാലയാണ് ഈ രംഗത്തെ ആദ്യ സംരംഭം ധാരാളം പുസ്തകങ്ങളിലും കയ്യെഴുത്തു മാസിക, പ്രസംഗപരിശീലനം തുടങ്ങി സജീവമായ കലാ സാഹിത്യ പ്രവർത്തനങ്ങളും നടത്തിയ ഈ ഗ്രന്ഥാലയ വായനയിലുള്ള താൽപര്യവും വായിക്കാനുള്ള സൗകര്യവും ഒരുക്കിക്കൊടുത്ത് ഏറെക്കാലം തിളങ്ങിനിന്നിരുന്നു. പാലപ്ര കെ.പി മുഹമ്മദ് സംഭാവന ചെയ്ത ഒന്നര സെന്റ് സ്ഥലത്ത് മതുരക്കുഴി ആലി ഹസ്സൻകുട്ടമാസ്റ്റർ പ്രസിഡന്റായിരുന്ന ഗ്രാമോദ്ധാരണ സംഘം സംഭാവനകളിലൂടെയും സന്നദ്ധപ്രവർത്തനത്തിലൂടെയും സ്വന്തം കെട്ടിടമുണ്ടാക്കി.

പഞ്ചായത്ത് ഏറ്റെടുത്ത ഈ സ്ഥാപനത്തിന് അരസെന്റ് സ്ഥലം കൂടി വിലക്ക് വാങ്ങി പഞ്ചായത്ത് ഒരു ഇരുനില കെട്ടിടം പണിതു. പക്ഷേ ഗ്രന്ഥശാലാ പ്രവർത്തനം ആരംഭിച്ചിട്ടില്ല. കൂടുതൽ പുസ്തകങ്ങൾ സംഭരിച്ച് അംഗത്വ വിതരണം നടത്തി ഗ്രന്ഥശാല ഉടൻ പ്രവർത്തനം ആരംഭിക്കേണ്ടതാണ്.

പഞ്ചായത്തിൽ 14 വായനശാലകളുണ്ട്. കേരള ഗ്രന്ഥശാലാ സംഘത്തിൽ അഫിലിയേറ്റ് ചെയ്ത ഗ്രന്ഥശാലകളിൽ വാഴക്കാട് ഹവീൽ ദാർ എം.എ റഹ്മാൻ മെമ്മോറിയൽ, വട്ടത്തൂർ കുഞ്ഞൻ നായർ സ്മാരകം, കണ്ണത്തും പറ അഹമ്മദ് കുരിക്കൾ സ്മാരകവായനശാല, ഗ്രന്ഥശാല എന്നിവയാണ് പ്രധാനം. വായന ശാലകളായിരുന്നു നാടെങ്ങുമുള്ള സാംസ്കാരിക പ്രവർത്തനത്തിന്റെ ഈറ്റില്ലങ്ങൾ. ജനങ്ങളിൽ ദേശീയ ബോധം വളർത്താനും സാഹോദര്യം ഊട്ടിയുറപ്പിക്കാനും കഴിവുകൾ പങ്ക് വെക്കാനും വേദികളൊരുക്കിയത് വായനശാലകളായിരുന്നു. പക്ഷെ സാക്ഷരത കൂടിയെങ്കിലും വായന മരിച്ചു കൊണ്ടിരിക്കുന്ന വൈരുദ്ധ്യം നമ്മുടെ മുന്നിലുള്ളത്. മുതിർന്നവരുടെ വായനാശീലം പൈങ്കിളി മാസികത്താളുകളിലും കുട്ടികളുടേത് ചിത്രകഥകളിലെ ബഹുവർണ്ണ അമാനുഷ ജീവികളിലും കെട്ടടങ്ങുന്നു. മനസ്സിന്റെ ചക്രവാളങ്ങളെ വികസിപ്പിക്കുന്ന വായനയെ തിരിച്ചുകൊണ്ടുവരാൻ ആസൂത്രിത ശ്രമങ്ങൾ ആവിഷ്കരിച്ച് നടപ്പാക്കണം.

**ചില നിർദ്ദേശങ്ങൾ**

1). 95-96-ൽ പഞ്ചായത്തിന്റെ മൊത്തം ചെലവിന്റെ 1-37%(RS,22006/-) മാത്രമാണ്. വായനശാലാ ഗ്രന്ഥശാലാ ആവശ്യത്തിലേക്ക് ചിലവഴിച്ചത്. ഇത് 5%ത്തിൽ കുറയാത്ത തുകയാക്കി വർദ്ധിപ്പിച്ച് സൗകര്യങ്ങൾ വർദ്ധിപ്പിക്കണം.

2). കൂടുതൽ പത്രങ്ങളും നിലവാരമുള്ള മാസികകളും വായന ശാലകൾക്ക് ലഭ്യമാക്കണം.

3) സ്ത്രീകളിൽ പുസ്തകവായനാശീലം വർദ്ധിപ്പിക്കാൻ ഗ്രാമീണ വനിതാ പുസ്തക വിതരണ പദ്ധതി പോലുള്ള സംരംഭങ്ങൾ ഫലപ്രദമായി നടപ്പിൽ വരുത്താൻ പഞ്ചായത്ത് മുൻകൈയ്യെടുക്കണം. ഇതിനു വേണ്ടി പഞ്ചായത്തിലെ വിവിധ വായനശാലകളുടെ പ്രവർത്തനം ഏകോപിപ്പിച്ച് മൊത്തം വീടുകളേയും ഒരു സമയപരിധിക്കുള്ളിൽ വായനാ വലയത്തിനുള്ളിൽ കൊണ്ടുവരാൻ കഴിയണം.

4. വാഴക്കാട് കേന്ദ്രമായി സ്കൂൾ കോളേജ് വിദ്യാർത്ഥികൾക്ക് കൂടുതൽ പ്രയോജനപ്പെടുത്തക്ക വിധത്തിൽ വൈജ്ഞാനിക ഗ്രന്ഥങ്ങളുൾപ്പെടെയുള്ള റഫറൻസ് ഗ്രന്ഥങ്ങൾ ശേഖരിച്ച്, ഓഡിയോ വിഷ്വൽ സൗകര്യങ്ങളുള്ള ഒരു സ്റ്റഡിസെന്റർ സ്ഥാപിക്കണം.

5). എല്ലാ വാർഡിലും ഒരു പൊതു വായനശാല ഉറപ്പായും ഉണ്ടാകണം. ഇതോടനുബന്ധിച്ച് തുടർ സാക്ഷരതാ കേന്ദ്രം, ഗ്രന്ഥാലയം, തൊഴിലവസരങ്ങൾ, സാമൂഹ്യ ക്ഷേമപദ്ധതികൾ എന്നീ വിഷയത്തെക്കുറിച്ചുള്ള വിവരങ്ങളും അപേക്ഷാഫോറങ്ങളും ലഭ്യമാക്കുന്ന ഇൻഫർമേഷൻ സെന്റർ എന്നിവക്കുള്ള സൗകര്യങ്ങൾ ഒരുക്കണം.

6. എല്ലാ വാർഡുകളിലും പൊതു റേഡിയോ, ടി.വി. സൗകര്യങ്ങൾ ഏർപ്പെടുത്തണം.

**കായിക രംഗം**

കായിക രംഗത്ത് വളരെ താല്പര്യം പുലർത്തുന്നവരാണ് വാഴക്കാട്ടുകാർ. വോളിബോളിൽ വാഴക്കാടിന് ഒരുകാലത്ത് നല്ല ടീമുകളേയും കളിക്കാരേയും സംഭാവന ചെയ്യാൻ കഴിഞ്ഞിരുന്നു. ഫുട്ബോളിലും വാഴക്കാടിന് ചെറുതല്ലാത്ത പങ്ക് വളരക്കാലമായുണ്ട്. വാഴക്കാട്ടെ ജിഗ്രയെപ്പോലുള്ള സ്പോർട്സ് ക്ലബ്ബുകൾ ഇക്കാര്യത്തിൽ ശ്ലാഘനീയമായ പങ്ക് ഇപ്പോഴും നിർവ്വഹിച്ചുവരുന്നു. 95-96 ലെ സംസ്ഥാന സ്കൂൾ കായികമേളയിൽ വാഴക്കാട് ഹൈസ്കൂളിലെ എം.അബ്ദുൾ ബഷീർ പോൾവാൾട്ടിൽ സ്വർണ്ണമെഡൽ കരസ്ഥമാക്കി ജില്ലക്ക് തന്നെ അഭിമാനമായി മാറി.

കായികരംഗത്തിന്റെ വികസനത്തിന് ഏറ്റവും അത്യാവശ്യം കളിസ്ഥലങ്ങളാണ്. LP, UP സ്കൂളുകൾ ഇക്കാര്യത്തിൽ വളരെ പിന്നിലാണ്. ഒഴിഞ്ഞ പറമ്പുകളും പള്ളിയാളികളും ഇന്ന് നാട്ടിലില്ല. ഭൂമിയുടെ പൊള്ളുന്ന വില സ്വന്തമായി കളിസ്ഥലങ്ങൾ ഉണ്ടാക്കുന്നതിനേക്കുറിച്ച് ചിന്തിക്കാൻ പോലും ക്ലബ്ബുകളെ ഭയപ്പെടുത്തുന്നു. ഈ സാഹചര്യത്തിൽ പഞ്ചായത്തിന്റെ അടിയന്തിര ശ്രദ്ധ പതിയേണ്ട കാര്യങ്ങൾ

1. വാഴക്കാടു പഞ്ചായത്തിന്റെ ഏതാണ്ട് മദ്ധ്യഭാഗത്തായി എല്ലാവിധ സ്പോർട്സ് ഗെയിംസ്-അത്‌ലറ്റിക്സ് മത്സരങ്ങൾക്കും സൗകര്യമുള്ള ഒരു പൊതു കളിസ്ഥലം ഉണ്ടാക്കണം.

2. പണിക്കരപുറായിലെ പഞ്ചായത്ത് മിനി സ്റ്റേഡിയത്തിന്റ പണി പൂർത്തിയാക്കുക.

3. ഓരോ വാർഡിലും കുട്ടികൾക്കും യുവാക്കൾക്കും കളിച്ചു വളരുന്നതിന് ഒരു പൊതു കളി സ്ഥലം ഉണ്ടാക്കണം.

4. പഞ്ചായത്ത് പരിധിയിൽപ്പെട്ട വിദ്യാലയങ്ങളിൽ കായികമായ കഴിവുകൾ പ്രദർശിപ്പിക്കുന്ന കുട്ടികളെ കണ്ടെത്താനും വേണ്ടത്ര പ്രോത്സാഹനവും പരിശീലനവും നൽകി വളർത്തിയെടുക്കാനും പഞ്ചായത്ത് മുൻകയ്യെടുക്കണം.

5. വാഴക്കാട് ഹൈസ്കൂൾ ഗ്രൗണ്ട് 400M ട്രാക്ക് ഏർപ്പെടുത്താവുന്ന വിധത്തിൽ വിപുലീകരിച്ച് ജില്ലാതല മത്സരങ്ങൾ സംഘടിപ്പിക്കുന്നതിന് സൗകര്യം ഏർപ്പെടുത്തണം.

6. പഞ്ചായത്ത് തലത്തിൽ ഇൻഡോർ ഗെയിംസിന് കൂടി സൗകര്യമുള്ള ഒരു സ്പോർട്സ് കേന്ദ്രം സ്ഥാപിക്കണം.

8. കായിക മത്സരങ്ങളിൽ മികവു പ്രകടിപ്പിക്കുന്ന ക്ലബുകൾക്കും വ്യക്തികൾക്കും പഞ്ചായത്ത് അംഗീകാരം നൽകുക.

9. പ്രവർത്തനം വിലയിരുത്തി ക്ലബ്ബുകളുടെ കഴിവുകൾ പരിശോധിച്ച് വ്യക്തികൾക്ക് ഉപകരണങ്ങൾ ലഭ്യമാക്കുക.

**സന്നദ്ധ പ്രവർത്തന മേഖല**

പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ പ്രവർത്തിക്കുന്ന ഒരു പറ്റം രജിസ്റ്റർ ചെയ്ത യുവജന സംഘടനകൾക്ക് വികസനോന്മുഖമായ പല പ്രവർത്തനങ്ങളും കാഴ്ച്ചവെക്കാൻ കഴിഞ്ഞിട്ടുണ്ട്. ചാലിയപ്രം ഗ്രാമോദ്ധാരണ സംഘത്തിന്റെ പ്രവർത്തനങ്ങളും ശ്രീ. ശ്രീധരൻ മൂസതിന്റെ നേതൃത്വത്തിൽ നടന്ന പൊന്നാട് വാഴക്കാട് റോഡ് നിർമ്മാണവും ജിഗ്രയുടെ നേതൃത്വത്തിൽ ഗവ: ആശുപത്രിക്ക് കെട്ടിടമുണ്ടാക്കിയതുമൊക്കെ ഈ രംഗത്തുള്ള മുൻ കാല ചരിത്രമാണ്. ഒന്നാം ഘട്ട സാക്ഷരത പ്രവർത്തനത്തിൽ 100% സാക്ഷരത കൈവരിച്ച മലപ്പുറം ജില്ലയിലെ ആദ്യത്തെ പഞ്ചായത്ത് എന്ന ബഹുമതി വാഴക്കാടിന് നേടിക്കൊടുത്തതിൽ പഞ്ചായത്തിലെ യുവജന സംഘടനകൾ വഹിച്ച പങ്ക് വലുതാണ്. സംസ്ഥാന തലത്തിൽ അപൂർവ്വം ചില പഞ്ചായത്തുകളിലേ വിഭവ ഭൂപട നിർമ്മാണ യജ്ഞം നടന്നിട്ടുള്ളു. സെസ്സ് ദേശീയ ശാസ്ത്ര വേദി, വാഴക്കാട് പഞ്ചായത്ത് എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ ഇതിന്റെ ഒന്നും രണ്ടും ഘട്ടങ്ങൾ നമ്മുടെ പഞ്ചായത്തിൽ പൂർത്തിയാക്കാൻ കഴിഞ്ഞിട്ടുണ്ട്. റീജിയണൽ കാൻസർ സെന്ററിന്റെ നേതൃത്വത്തിൽ പഞ്ചായത്തിൽ നടന്ന സമഗ്ര ആരോഗ്യ സർവ്വേ, മറ്റു സാമൂഹ്യ സർവ്വെകൾ എന്നിവ പൂർത്തീകരിക്കാനും കഴിഞ്ഞു. നിലവിലുള്ള യുവജന സംഘടനകളിൽ മിക്കതും നെഹ്റു യുവകേന്ദ്ര, കേന്ദ്ര സംഗീത നാടക അക്കാദമി , അമേച്ചർ അത്ലറ്റിക്സ് അസോസിയേഷൻ എന്നിവയിൽ അഫിലിയേറ്റ് ചെയ്ത് പ്രവർത്തിക്കുന്നവയാണ്. സാമ്പത്തിക പരാധീനതയാണ് മിക്ക സംഘടനകളും നേരിടുന്ന മുഖ്യ പ്രശ്നം.

**നിർദ്ദേശങ്ങൾ**

1. പഞ്ചായത്തിൽ സജീവമായി പ്രവർത്തിക്കുന്ന സംഘടനകളെ ഏകോപിപ്പിച്ച് വികസന പ്രവർത്തനങ്ങൾക്കുള്ള മനുഷ്യ വിഭവശേഷി ഉറപ്പു വരുത്തുക.

2. വിവിധ സംഘടനകൾക്കിടയിലുള്ള അനാരോഗ്യപരമായ കിടമത്സരങ്ങൾ തടഞ്ഞു പ്രവർത്തനങ്ങളെ ഗുണപരമായ ദിശയിൽ തിരിച്ചു വിടാൻ പഞ്ചായത്ത് നേതൃത്വപരമായ പങ്ക് വഹിക്കണം.

3. വിവിധ വികസന സമിതികളിൽ സന്നദ്ധ സംഘടനകളുടെ പ്രാതിനിധ്യം ഉറപ്പുവരുത്തുക.

4. മികച്ച സന്നദ്ധ പ്രവർത്തനം കാഴ്ചവെക്കുന്ന സംഘടനകളേയും വ്യക്തികളേയും. ആദരിക്കുക.

5. യുവാക്കളിൽ നേതൃ പാടവവും രാഷ്ട്ര സേവന തൽപരതയും വളർത്താൻ ഉതകുന്ന യുവജന നേതൃത്വ പരിശീലന ക്യാമ്പ്, സംവാദങ്ങൾ, ശില്പശാലകൾ, പഠന യാത്രകൾ, പ്രദർശനങ്ങൾ എന്നിവ പഞ്ചായത്ത് മുൻകൈയ്യെടുത്ത് സംഘടിപ്പിക്കുക.

6. സ്കൂളുകളിൽ വാർഷികാഘോഷങ്ങളും പൂർവ്വ വിദ്യാർത്ഥി സംഗമങ്ങളും സംഘടിപ്പിക്കുന്നത് പ്രോത്സാഹിപ്പിക്കുക. കുട്ടികൾക്കിടയിലെ കലാപ്രതിഭകളെ കണ്ടെത്താൻ ഇത് സഹായിക്കും.

7. കേരളോത്സവം, യുവജന മേള തുടങ്ങിയവ യഥാസമയം തന്നെ നടത്തുകയും വിജയികൾക്ക് തുടർന്നുള്ള മത്സരങ്ങളിൽ പങ്കെടുക്കാൻ പരിശീലനവും പ്രോത്സാഹനവും നൽകുക.

8. ഒരു ഓപ്പൺ എയർ തീയ്യേറ്റർ സ്ഥാപിക്കണം.

വാഴക്കാട് പഞ്ചായത്തിൽ പ്രവർത്തിക്കുന്ന കലാ-കായിക-സാംസ്കാരിക സമിതിയുടെ വാർഡടിസ്ഥാനത്തിലുള്ള പേരും റബി നമ്പറും താഴെകൊടുക്കുന്നു.

വാഴക്കാട് പഞ്ചായത്തിൽ പ്രവർത്തിക്കുന്ന കലാ -കായിക സാംസ്കാരിക സമിതികളുടെ വാർഡടിസ്ഥാനത്തിലുള്ള പേരും രജിസ്റ്റർ നമ്പറും

| വാർഡ് നമ്പർ | | രജി. നമ്പർ |
|---|---|---|
| 1 | പ്രതിഭ ആർട്സ് & സ്പോർട്സ് ക്ലബ് വിരിപ്പാടം | (348/89) |
| 2 | ഡിസ്കോ സ്പോർട്സ് ക്ലബ്ബ് മുണ്ടുമുഴി | (343/91) |
| 2 | ചന്ദ്രതാര യുവജനവേദി മുണ്ടുമുഴി | (40/90) |
| 3 | വികാസ് ആട്സ് &സ്പോർട്സ് ക്ലബ്ബ് അനന്തായൂർ | (428/90) |
| 4 | ഫൈവ് സ്റ്റാർ ആട്സ് & സ്പോർട്ക്ലബ്ബ് ചെറുവട്ടൂർ | (25/96) |
| 4 | ഷൈൻ സ്റ്റാർ ആട്സ് & സ്പോർട്സ്ക്ലബ്ബ് „ | (-) |
| 5 | ജിഗ്റ സ്പോർട്സ്ക്ലബ്ബ് വാഴക്കാട് | (21/80) |
| 5 | വൈറ്റ് ക്രോസ് വാഴക്കാട് | (300/91) |
| 5 | പ്രിയ സ്പോർട്സ് & ആട്സ് ക്ലബ്ബ് വാഴക്കാട് | (258/79) |
| 5 | വാഴക്കാട് പഞ്ചായത്ത് വിമൻസ് അസോസിയേഷൻ | (65/1971) |
| 5 | കാസ്ക് ചീനിബസാർ വാഴക്കാട് | (1/86) |
| 6 | കരുണ കണ്ണത്തുംപാറ | (311/88) |
| 6 | ഉഷസ് മഹിളാസമാജം | (532/95) |
| 8 | യുവജന മഹിളാ സമാജം പണിക്കരപുറായ | (617/95) |
| 8 | യുവജന സ്പോർട്സ് & ആട്സ്ക്ലബ്ബ് „ | (114/85) |
| 8 | കോസ്മോസ് സ്പോർട് & ആട്സ്ക്ലബ്ബ് „ | (232/94) |
| 9 | പുലരി ആട്സ് & സ്പോർട്സ്ക്ലബ്ബ് എടവണ്ണപ്പാറ | (810/90) |
| 9 | വിദ്യാനികേതൻ എഡ്യുക്കേഷൻ & കൾച്ചറൽസൊസൈറ്റി „ | (239/94) |
| 9 | പ്രിയദർശിനി മഹിളാസമാജം „ | (-) |
| 9 | തുഷാര സ്പോർട്സ് & ആർട്സ് ക്ലബ്ബ് „ | (422/94) |
| 10 | മപ്രം യുവജന സാംസ്ക്കാരിക സമിതി (മൈസാസ്) | (268/88) |
| 10 | എക്സലന്റ് ആർട്സ് & സ്പോർട്സ് ക്ലബ്ബ് (മപ്രം) | (47/83) |
| 10 | യുവജന കലാസാംസ്ക്കാരിക സമിതി (യുവകാസ്) എളമരം | (354/89) |
| 11 | പ്രിയദർശിനി ആർട്സ് & സ്പോർട്സ് ക്ലബ്ബ്, വെട്ടത്തൂർ | (18/1986) |
| 11 | സംസ്ക്കാര എഡ്യുക്കേഷണൽ & വെൽഫെയർ അസോസിയേഷൻ „ | (521/93) |
| 11 | നളന്ദ ആർട്സ് & സ്പോർട്സ് ക്ലബ്ബ്, വെട്ടത്തൂർ | (35/88) |
| 11 | ബ്ലൂ സ്റ്റാർ ആർട്സ് & സ്പോർട്സ് ക്ലബ്ബ്, (വെട്ടത്തൂർ) | (-) |

# വനിതാക്ഷേമം

സമൂഹത്തിൽ സ്ത്രീകളുടെ പങ്കാളിത്തവും മുന്നേറ്റവും വളർന്നു വരുന്ന ഈ കാലഘട്ടത്തിലും സ്വന്തം ചുറ്റുപാടുകളിൽ ഒതുങ്ങിക്കഴിയാനാഗ്രഹിക്കുന്നവരാണ് അവരിൽ ഭൂരിഭാഗവുമെന്നത് ഒരു വസ്തുതയാണ്. വാഴക്കാട് പഞ്ചായത്തിലും സ്ഥിതി വിഭിന്നമല്ല.

സാമൂഹിക സാമ്പത്തിക പിന്നോക്കാവസ്ഥ സ്ത്രീക്ക് പൊതു വിദ്യാഭ്യാസം നേടുന്നതിന് വിഘാതങ്ങൾ സൃഷ്ടിച്ചു. രാഷ്ട്രവും സമൂഹവും പരിവർത്തനങ്ങൾക്ക് വിധേയമായി. അതിനാൽ അവൾ തൊഴിൽ രംഗത്തുനിന്നും മാറ്റി നിർത്തപ്പെട്ടു. തത്ഫലമായി സമൂഹത്തിൽ അർഹമായ അംഗീകാരം അവൾക്കുലഭിക്കാതെ പോയി.

കാലങ്ങൾ മാറിവന്നു. സ്ത്രീകളിൽ കുറേ പേർ വിദ്യാസമ്പന്നരായി. അവർക്കു തൊഴിലവസരങ്ങൾ ലഭിച്ചു. സാമൂഹികവും സാമ്പത്തികവുമായ അന്തരം ക്രമേണ കുറഞ്ഞുവന്നു. ശൈശവ വിവാഹവും സാമൂഹ്യസേവന മേഖലയിൽ തങ്ങൾക്കും ചിലതു നിർവഹിക്കാനുണ്ടെന്ന് ചിലരെങ്കിലും മനസ്സിലാക്കി.കുടുംബഭദ്രതക്കെന്ന പോലെ രാഷ്ട്ര പുരോഗതിക്കുവേണ്ടിയും യത്നിക്കുന്ന ഒരു ന്യൂനപക്ഷം അവരിൽ നിന്നും വളർന്നു വന്നു.

എന്നാൽ ആ പുതിയ കർമ്മഭൂമിയിൽ ചുവടുറപ്പിക്കാൻ വയ്യാത്ത സ്ഥിതി വിശേഷമാണുളവായത്. സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ വർദ്ധിച്ചുവരുന്നു. സ്ത്രീധനപീഢനവും മറ്റുപീഢനങ്ങളും കൂടിവരുന്നു .ഭ്രൂണഹത്യക്കു വിധേയമാകുന്നതും സ്ത്രീകൾ തന്നെ .വിവാഹ മോചനത്തിന്റെ കയ്പ്പ് നീർകുടിക്കുന്നവരും ഒട്ടും കുറവല്ല. സ്ത്രീയെ വിൽപനച്ചരക്കാക്കുവാനുള്ള കൊണ്ടു പിടിച്ച ശ്രമങ്ങളാണ് ലോകമെമ്പാടും നടക്കുന്നത്. മദ്യപാനത്തിന്റെ ദുരന്തം പേറുന്നവരിൽ ബഹുഭൂരിപക്ഷവും മറ്റാരുമല്ല .ഈ ഭയാനകമായ അവസ്ഥക്കെതിരെ പ്രതികരിക്കാനുള്ള ഇച്ഛാ ശക്തി ആർജ്ജിക്കാൻ അവൾക്ക് കഴിഞ്ഞതുമില്ല.

അധികാരസ്ഥാനങ്ങളിൽ നിന്നു പിന്നെയും അവൾ അകറ്റിനിർത്തപ്പെട്ടു. ജനാധിപത്യ പ്രക്രിയയിൽ അവളുടെ സാന്നിദ്ധ്യം പോളിങ്ങ് ബൂത്തുകളിൽ മാത്രമായൊതുങ്ങി. അവളുടെ സേവന തൃഷ്ണയെ രാഷ്ട്ര നൻമയ്ക്കായി ഉപയോഗിക്കാൻ കഴിഞ്ഞില്ല. അറിവു നേടിയവരും നേടാത്തവരുമായി ആയിരങ്ങൾ ഗാർഹികാന്തരീക്ഷത്തിലേയ്ക്കു തന്നെ മടക്കയാത്രയായി. ജനസംഖ്യയിൽ പാതിയോളം വരുന്ന സ്ത്രീവിഭാഗത്തിന്റെ നിശ്ചലാവസ്ഥ വികസനത്തിന്റെ കാഴ്ചപ്പാടുകളെത്തന്നെ തകിടം മറിച്ചു. എന്നാൽ 1994ൽ പഞ്ചായത്തീരാജ് നിയമം നിലവിൽവന്നതോടെ പൊതു രംഗത്ത് വ്യാപരിക്കാൻ അവൾ നിർബന്ധിക്കപ്പെട്ടു. അവളുടെ അന്തർമുഖത്വത്തിന് അന്ത്യം കുറിക്കപ്പെട്ടു. ഗ്രാമീണ ജനതയുടെ ക്ഷേമവും ഐശ്വര്യവും നിർണ്ണയിക്കുന്ന ഭരണകേന്ദ്രങ്ങളുടെ സാരഥികളായി അവരിൽ പലരും മാറി. നാടിന്റെ സ്പന്ദനങ്ങൾക്ക് ചടുലതയേകുന്ന ഈ മാറ്റം ആശ്വാസകരവും സന്തോഷകരവുമത്രെ.

വാഴക്കാട് പഞ്ചായത്തിന്റെ പ്രസിഡണ്ടും മറ്റു മൂന്നംഗങ്ങളും വനിതകളാണ്. സ്ത്രീ അനുഭവിക്കേണ്ടിവന്ന നാനാവിധ പ്രയാസങ്ങളും ഈ പഞ്ചായത്തിലെ സ്ത്രീകൾക്കുമുണ്ടായിട്ടുണ്ട്. സാക്ഷരതയിലും വിദ്യാഭ്യാസത്തിലും അവൾ പിന്നിൽത്തന്നെയായിരുന്നു 1957ൽ വാഴക്കാട് ഗവ: ഹൈസ്ക്കൂൾ ആരംഭിച്ചെങ്കിലും SSLCക്കു മുകളിൽ പഠനം തുടർന്നവരും ബിരുദമോ മറ്റു സാങ്കേതിക യോഗ്യതകളോ നേടിയവരുമായ സ്ത്രീകളുടെ എണ്ണം വിരളം തന്നെയാണ്.മെഡിക്കൽ – എഞ്ചീനിയറിംഗ് രംഗത്ത് ആരും തന്നെ ഉയർന്നു വന്നിട്ടില്ല. എടവണ്ണപ്പാറയിലെ ശ്രീമതി എ.ആർ വിലാസിനിയാണ് ആദ്യമായി ബിരുദം നേടിയ വനിത.

1991ലെ കാനേഷുമാരിയനുസരിച്ച് പഞ്ചായത്തിലെ സ്ത്രീകളുടെ എണ്ണം 13460 ആണ് . പുരുഷൻമാരെക്കാൾ 286 കൂടുതൽ. എന്നാൽ ആറു വയസ്സിന് താഴെയുള്ളവരിൽ ആൺകുട്ടികൾ. 2229ഉം പെൺകുട്ടികൾ 2115 ഉം ആണ്. കാർഷിക നിർമാണമേഖലയിലാണ് കൂടുതൽ പേർ ജോലിയിലേർപ്പെട്ടിട്ടുള്ളത് അഭ്യസ്ത വിദ്യരുടെ ഇടയിൽ അധ്യാപികമാർക്കാണ് മുൻതൂക്കം എന്നാൽ പഞ്ചായത്തിലെ സ്ക്കൂളിൽ ഇവിടത്തുകാരുടെ എണ്ണം വളരെ കുറവാണെന്നുകാണാൻ കഴിയും തൊഴിൽ മേഖലയിലെ സ്ത്രീപങ്കാളിത്തം ചുവടെ ചേർക്കുന്നു ( 1991ലെ സെൻസസ് രേഖ പ്രകാരം)

തൊഴിൽ മേഖലയിലെ സ്ത്രീകളുടെ പിന്നോക്കവസ്ഥ പട്ടിക സുചിപ്പിക്കുന്നു. ഈ നിലമാറ്റണം. സംഘബോധവും അവരിൽ ഉണ്ടാക്കേണ്ടതുണ്ട്

കൂട്ടുകുടുംബ വ്യവസ്ഥ നിലനിന്നിരുന്ന പഴയകാലം പോയി ഒറ്റ കുടുംബങ്ങളാണ് ഇന്ന് കൂടുതലും. സഹനശീലവും വിട്ടുവീഴചാ മനോഭാവവും കുറഞ്ഞുവരുന്നുവെന്നതിനാൽ കുടുംബ ഭദ്രതയ്ക്കു ഉലച്ചിൽ തട്ടുന്നുണ്ട് .വിദ്യാസമ്പന്നമായ കുടുംബങ്ങളിലാണ് ഇതു കൂടുതലായും അനുഭവപ്പെടുന്നത്. ഫാമിലി കൗൺസിലിംഗിലൂടെ കുടുംബത്തിൽ സമാധാന പൂർണ്ണമായ സാഹചര്യം സൃഷ്ടിക്കാനുള്ള ശ്രമങ്ങളുണ്ടാക്കേണ്ടിയിരിക്കുന്നു.

സ്ത്രീകളെ കേന്ദ്രീകരിച്ചുള്ള തൊഴിൽ സംരംഭങ്ങൾ ഇവിടെ താരതമ്യേന കുറവാണ് ഉള്ളത്. ഒരു വനിതാ പ്രസ്സ്, രണ്ട് തയ്യൽ പരിശീലന കേന്ദ്രങ്ങൾ ഒരു മെറ്റൽ നിർമ്മാണ യൂനിറ്റ് എന്നിവയാണ്. നേതൃത്വപരമായ പങ്കും പാടവവും പരിശോധിക്കുമ്പോൾ ഏതാനും വനിതാ സമാജങ്ങളിലും സി.ബിഎൻപിയിലുമായി ഒതുങ്ങുന്നതായാണ് കാണുന്നത്. കുടുംബത്തിന്റെ നാഥകളെന്ന നിലയിൽ ചുമതല വഹിക്കുന്ന ധാരാളം സ്ത്രീകൾ ഉണ്ട് പുരുഷന്മാർ വിദേശങ്ങളിൽ ജോലി തേടിപ്പോയ വീടുകളിലാണിതു

| നമ്പർ | തൊഴിൽമേഖല | സ്ത്രീകൾ | പുരുഷൻമാർ |
|---|---|---|---|
| 1 | കർഷക | 37 | 573 |
| 2 | കർഷകത്തൊഴിലാളി | 272 | 1412 |
| 3 | മൃഗസംരക്ഷണം; മത്സ്യബന്ധനം | 3 | 161 |
| 4 | ഖനനം, ക്വാറി | 2 | 180 |
| 5 | വീട്ടുപകരണ നിർമ്മാണം, റിപ്പയറിംഗ് | 22 | 47 |
| 6 | നിർമ്മാണം | | 251 |
| 7 | കച്ചവടം | 10 | 425 |
| 8 | ഗതാഗതം ; വാർത്താവിനിമയം | 4 | 264 |
| 9 | മറ്റുമേഖലകൾ | 162 | 640 |
| 10 | തൊഴിൽ രഹിതർ | 1251 | 7887 |
| | ആകെ | 1763 | 11440 |

ള്ളത് മേൽവിവരിച്ച തരത്തിലുള്ള തൊഴിൽ. തൊഴിൽ പരിശീലന കേന്ദ്രങ്ങളും സമാജങ്ങളും ഇത്തരം വീട്ടമ്മമാരുടെ ഏകാന്തതയ്ക്കും മാന സികമായ പിരിമുറുക്കത്തിനും അയവു വരു ത്താൻ ഉപകരിക്കും.

വാഴക്കാടിന്റെ സാമൂഹികവും രാഷ്ട്രീയവു മായ വളർച്ചയ്ക്ക് ആക്കം കൂട്ടാവുന്ന വിധ ത്തിൽ പൊതു രംഗത്ത് സ്ത്രീകളുടെ പങ്കാ ളിത്തം ഇപ്പോഴും നന്നേ കുറവാണ്. ബോധ പൂർവ്വമായ പരിശ്രമത്തിലൂടെ മാത്രമെ ഇതിനും മാറ്റം വരുത്താൻ കഴിയുകയുള്ളു. ഏതാനും പീഢനക്കേസുകൾ റിപ്പോർട്ട് ചെയ്യപ്പെട്ടതൊഴി ച്ചാൽ സ്ത്രീകൾക്കു നേരെയുള്ള അതിക്രമ ങ്ങൾ കുറവാണെന്നു പറയാം. എന്നിരുന്നാലും സ്വന്തം അസ്തിത്വം നിലനിർത്തുന്നതിൽ തങ്ങ ളുടെതായ കൂട്ടായ്മ തന്നെയാണ് അഭികാമ്യവും അനിവാര്യവുമെന്ന ധാരണ അവരിൽ വളരേ ണ്ടതുണ്ട് മുലയൂട്ടുന്ന അമ്മമാർ, ഗർഭിണികൾ കുഞ്ഞുങ്ങൾ തുടങ്ങിയവരുടെ ക്ഷേമ കാര്യങ്ങളിൽ അംഗൻവാടികളിലെ വർക്കർമാർ കാണിക്കുന്ന ജാഗ്രതയും ശുഷ്ക്കാന്തിയും ഉത്തരവാദിത്തബോധത്തോടെ ജോലിചെയ്യാ നുള്ള സ്ത്രീയുടെ കഴിവിനെയും ആത്മാർത്ഥ തയേയും വിളച്ചറിയിക്കുന്നതാണ്. പഞ്ചായ ത്തിലെ 19 അംഗൻവാടികൾ ഇതിന്റെ ഒന്നാന്തരം ഉദാഹരണങ്ങളുമാണ്.

**വനിതാമേഖലയിലെ പ്രധാന പ്രശ്നങ്ങൾ ഇവയാണ്**

1 സാമാന്യ വിദ്യാഭ്യാസമുണ്ടെങ്കിലും ശാസ്ത്രീയമായ ബോധനിലവാരമില്ല.

2 അന്ധവിശ്വസങ്ങളുടേയും അനാചാരങ്ങ ളുടെയും പിടിയിൽനിന്നും ഇനിയും പലരും മോചിതരല്ല.

3 നിശ്ചയദാർഢ്യത്തോടെ പൊതുരംഗത്തി റങ്ങാനുള്ള ധൈര്യക്കുറവ്

4 തൊഴിൽ സംരംഭങ്ങളെക്കുറിച്ച് അറിവില്ല. അറിയുന്നവ തന്നെ ആരംഭിക്കുന്നതിന് പണ ത്തിന്റെ പഞ്ഞം നേരിടുന്നു.

5 തുല്യജോലിക്ക് തുല്യവേതനം ലഭിക്കു ന്നില്ല.

6 സർക്കാർ സഹായങ്ങളെക്കുറിച്ച് വേണ്ടത്ര ജ്ഞാനമില്ല

7 കുടുംബമാനേജ്മെന്റിൽ മാത്രം ശ്രദ്ധ കേന്ദ്രീ കരിക്കേണ്ടിവരുന്നു.

8 തൊഴിൽ മേഖലയിൽ പൊതുവെ അവഗ ണന നേരിടുന്നു

9 ഉന്നത വിദ്യാഭ്യാസരംഗത്ത് – മെഡിക്കൽ –എഞ്ചിനിയറിംങ്ങ് –തുടങ്ങിയവ എത്തിച്ചേരാൻ കഴിയുന്നില്ല.

10 പൊതു സ്ഥലങ്ങളിൽ പ്രാഥമിക സൗകര്യ സംവിധാനമില്ല.

**പരിഹാര നിർദേശങ്ങൾ**

1 തൊഴിൽ പരിശീലനം നല്കുക, യൂണിററു കൾ ആരംഭിക്കുക

2 തൊഴിൽ സംരംഭങ്ങൾക്കു സാമ്പത്തിക സഹായം ലഭ്യമാക്കുക

3 സ്വയം തൊഴിലവസരങ്ങളെക്കുറിച്ച് അറി വുണ്ടാക്കുക

4 DWCRA യടെ പ്രവർത്തനം വ്യാപിപ്പിക്കുക

5 ഫാമിലി കൗൺസിലിംഗ് സെന്ററുകൾ തുട ങ്ങുക.

6 ഉന്നത വിദ്യാഭ്യാസരംഗത്ത് എത്തിച്ചേരാ നുള്ള പ്രോത്സാഹനങ്ങൾ നൽകുക.

7 പൊതുസ്ഥലങ്ങളിൽ പ്രാഥമിക സൗകര്യ ങ്ങൾക്കുള്ള ഏർപ്പാടുകൾ ചെയ്യുക

8 സ്ത്രീധനത്തിനെതിരായ ബഹുജനാഭി പ്രായം സംഘടിപ്പിക്കുക.

9 സ്ത്രീകളുടെ നേരെയുണ്ടാകുന്ന അതിക്ര മങ്ങൾക്കെതിരെ പ്രതിരോധനിര ശക്തിപ്പെടു ത്തുക

10 സ്ത്രീയെ വാണിജ്യവത്ക്കരിക്കാനുള്ള നീക്കത്തിനെതിരെ സംഘടിക്കുക

11 മദ്യപാനത്തിന്റെ വിപത്തിനെതിരേ ബോധ വത്ക്കരണം നടത്തുക

12 ശിശുപരിപാലനത്തെക്കുറിച്ചും കുടുംബ സംവിധാനത്തെക്കുറിച്ചുമുള്ള ശാസ്ത്രീയമായ

അവബോധം നല്കുക.

13 വനിതാ വ്യവസായ സഹകരണസംഘങ്ങൾ ആരംഭിക്കുക.

വെള്ളപട്ടാളക്കാരോട് ചെറുത്തു നിൽക്കാൻ തന്റേടം പ്രദർശിപ്പിച്ച സ്ത്രീകൾ മലബാർ കലാപ നാളുകളിൽ ഇവിടെയുണ്ടായിരുന്നു വത്രെ പെൺകുട്ടികൾക്കായി ഒരു വിജ്ഞാന കേന്ദ്രം സ്വന്തമായി നടത്തിയ സൈനബയെക്കുറിച്ചുള്ള ഓർമ്മകളും വാഴക്കാട്ടുകാർക്ക് എന്നെന്നും അഭിമാനിക്കാൻ കഴിയുന്നതുതന്നെ. ആ നല്ലകാലത്തിന്റെ പാരമ്പര്യം കാത്തു സൂക്ഷിക്കാനും ഒരു പുതിയ വാഴക്കാടിന്റെ സൃഷ്ടിക്കായുള്ള യ്തനത്തിൽ പരിപൂർണ്ണ പങ്കാളികളാകാനും മുഴുവൻ വനിതകൾക്കും കഴിയേണ്ടതുണ്ട്

# സഹകരണം

കർഷക സമൂഹത്തെ കടബാധ്യതയിൽ നിന്നും രക്ഷിക്കുന്നതിനു വേണ്ടി 1904–ലെ സഹകരണ നിയമത്തിന്റെ അടിസ്ഥാനത്തിൽ ഉടലെടുത്ത കാർഷിക വായ്പാ സംഘങ്ങളുടെ ആവിർഭാവത്തോടെയാണ് ഭാരതത്തിൽ സഹകരണ പ്രസ്ഥാനത്തിന് തുടക്കം കുറിക്കുന്നത്. എന്നാൽ വാഴക്കാട് പഞ്ചായത്തിൽ വളരെ വൈകിയാണ് ഈ പ്രസ്ഥാനം നാമ്പെടുക്കുന്നത്. 1960–ൽ പരേതനായ ശ്രീ. എ.കെ ഗോവിന്ദൻ നായരുടെ നേതൃത്വത്തിൽ ഒരു സഹകരണ നൂൽ നൂൽപ്പ് കേന്ദ്രമാണ് പഞ്ചായത്തിൽ ആദ്യമായി രൂപം കൊള്ളുന്നത്. തുടർന്ന് പരേതനായ ശ്രീ. കോഴി മടക്കൽ മമ്മദ് കുട്ടി സാഹിബിന്റെ ശ്രമഫലമായി ഒരു കൂട്ടുകൃഷി സൊസൈറ്റിയുണ്ടായി. പക്ഷേ ഇവ രണ്ടും വർഷങ്ങൾ പിന്നിട്ടപ്പോൾ പ്രവർത്തനരഹിതമായി.

1964 നവംബറിൽ വാഴക്കാട് പഞ്ചായത്ത് സർവ്വീസ് കോ–ഓപ്പറേറ്റീവ് സൊസൈറ്റി രൂപീകൃതമായി. ശ്രീ. കെ.എ റഹ്മാൻ, ശ്രീ.മധുരക്കുഴി ഉണ്ണ്യേയിൻഎന്നിവരാണ് ഇതിന് മുൻകൈയ്യെടുത്തത്. 1978 –ൽ ബാങ്കായി ഉയർത്തപ്പെട്ടു. ആയിടെ ബിനാമി വായ്പകൾ മൂലം സഹകാരികളിൽ അല്പം വിശ്വാസ്യത നഷ്ടപ്പെട്ടത് ഒഴിച്ചാൽ മറ്റു ഗുരുതരമായ പ്രശ്നങ്ങൾ ബാങ്കിന് അഭിമുഖീകരിക്കേണ്ടി വന്നില്ല. 5297 അംഗങ്ങളും മൂലധനമായി ഒരു കോടി 11 ലക്ഷം രൂപയും കൂടാതെ 18 സെന്റ് ഭൂമിയും 5 ലക്ഷം രൂപ വിലമതിപ്പുള്ള ഒരു കെട്ടിടവും ബാങ്കിന് ആസ്തിയായിട്ടുണ്ട്. അംഗങ്ങളിൽ 85% വും കർഷകരാണ്. പഞ്ചായത്തിലെ മറ്റു സഹകരണ സംഘങ്ങൾ ഇനി പറയുന്നവയാണ്. 1)വാഴക്കാട് ക്ഷീരോല്പാദന സഹകരണസംഘം. 2) ബേക്കറി വർക്കേഴ്സ് ഇൻഡസ്ട്രിയൽ കോ– ഓപ്പറേറ്റീവ് സൊസൈറ്റി (ബൈക്കോ). 3) സെറി കൾച്ചറൽ സൊസൈറ്റി, വാഴക്കാട്.4) ടൈൽ വർക്കേഴ്സ് ഇൻഡസ്ട്രിയൽ കോ–ഓപ്പറേറ്റീവ് സൊസൈറ്റി. 5) വാഴക്കാട് അലുമിനിയം ഇൻഡസ്ട്രീസ് കോ–ഓപ്പറേറ്റീവ് സൊസൈറ്റി വെട്ടത്തൂർ. 6) വാഴക്കാട് ഗവ. ഹൈസ്കൂൾ കോ–ഓപ്പറേറ്റീവ് സൊസൈറ്റി. 7) ചെറുവട്ടൂർ യു.പി.സ്കൂൾ കോ–ഓപ്പറേറ്റീവ് സൊസൈറ്റി, 9) വാഴക്കാട് പഞ്ചായത്ത് പട്ടികജാതി കോ–ഓപ്പറേറ്റീവ് സൊസൈറ്റി.

എന്നാൽ ഇവയിൽ ആദ്യത്തെ മൂന്ന് സൊസൈറ്റിയും ഇന്ന് പ്രവർത്തിക്കുന്നില്ല. അധികൃതരുടെ അനാസ്ഥ, നടത്തിപ്പിൽ വന്ന പോരായ്മകൾ, വിദഗ്ധ തൊഴിലാളികളുടെ ദൗർലഭ്യം, അസംസ്കൃത സാധനങ്ങളുടെ ലഭ്യതക്കുറവ് തുടങ്ങിയ കാരണങ്ങളാണ് ഈ സൊസൈറ്റികളുടെ പ്രവർത്തനം നിലച്ചു പോകാനിടയാക്കിയത്.

വാഴക്കാട് ടൈൽ വർക്കേഴ്സ് ഇൻഡസ്ട്രിയൽ കോ–ഓപ്പറേറ്റീവ് സൊസൈറ്റി 1981 ഫെബ്രുവരി 21 ന് രജിസ്റ്റർ ചെയ്യപ്പെട്ടു. 1988 ഏപ്രിൽ മാസത്തിൽ ഓട്, ഇഷ്ടിക എന്നീ കളിമൺ ഉൽപ്പന്നങ്ങളുടെ നിർമ്മാണം ആരംഭിച്ചു. 42 പേർ തൊഴിൽ ചെയ്യുന്നു. 9 പേർ സ്ത്രീകളാണ്. ഖാദി ബോർഡാണ് കമ്പനിക്ക് ധനസഹായം നൽകിയത്. ഇത് തിരിച്ചടക്കാനായിട്ടില്ല. 8 മാസം മാത്രമാണ്. തൊഴിൽ ചെയ്യാനുള്ള സാഹചര്യം ഉണ്ടാകുന്നത്. വെള്ളപ്പൊക്കം മൂലം കമ്പനി മുങ്ങിപ്പോകുന്ന സ്ഥിതിയുള്ളതിനാൽ ഓരോ വർഷവും ഭീമമായ നഷ്ടം ഉണ്ടാകുന്നു. വികസന സാധ്യതകളിനിയുമുണ്ട്. സാമ്പത്തിക പരിമിതിയാണ് പ്രശ്നം. ഒരേക്കർ 42 1/2 സെന്റ് ഭൂമിയുണ്ട്. മതിപ്പു വില 25 ലക്ഷം രൂപയാണ്. 10 ലക്ഷം വിലമതിക്കപ്പെടുന്ന കെട്ടിടവും കമ്പനിക്ക് സ്വന്തമായി ഉണ്ട്. 9000 റാക്കും പാലറ്റുമാണ് ഇപ്പോഴുള്ളത്. 10,000 കൂടി ഉണ്ടാകേണ്ടതുണ്ട്. ഇതിന് 5 ലക്ഷം രൂപ ചിലവു വരും. ജിയോളജിക്കൽ വകുപ്പിന്റെയും റവന്യൂ ഉദ്യോഗസ്ഥന്മാരുടെയും ഇടപെടൽ മൂലം കളിമൺ ശേഖരണം ദുഷ്കരമാവുന്നു എന്നതിനാൽ ഈ വ്യവസായം അതിരൂക്ഷമായ പ്രതിസന്ധിയെ നേരിടുകയാണ്. ഉൽപ്പന്നങ്ങൾക്ക് മാർക്കറ്റ് കുറയുന്നതും ഒരു പുതിയ പ്രശ്നമാണ്.

അലുമിനിയം ഷീറ്റുകൾകൊണ്ട് പാത്രങ്ങളും സമാന സാമഗ്രികളും ഉണ്ടാക്കുന്ന ഖാദി ബോർഡിന്റെ തന്നെ ധനസഹായമുള്ള മറ്റൊരു സ്ഥാപനമാണ് വെട്ടത്തൂരിലെ വാഴക്കാട് അലുമിനിയം ഇൻഡസ്ട്രി

യൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി. അഞ്ചര ലക്ഷം പേർ ഇവിടെ ജോലി ചെയ്യുന്നു. 9 ലക്ഷം രൂപ വില വരുന്ന 22 സെന്റ് സ്ഥലം സ്വന്തമായുണ്ട്. അഞ്ചര ലക്ഷം രൂപക്കുള്ള 2 കെട്ടിടങ്ങളും 3150 ച.അടി വിസ്തീർണ്ണമുള്ള കെട്ടിടങ്ങളിൽ ഒന്നു മാത്രമാണ് ഇപ്പോൾ ഉപയോഗിക്കുന്നത്. 2025 ച.അടി കെട്ടിടം ഉപയോഗിക്കാൻ കഴിയുന്ന പുതിയ സംരംഭം ആരംഭിക്കേണ്ടതുണ്ട്. പണമില്ലായ്മ തന്നെയാണ് പ്രധാന പ്രശ്നം.

വിദ്യാഭ്യാസ വർഷാരംഭത്തിൽ വിദ്യാർത്ഥികൾക്ക് പുസ്തകങ്ങൾ എത്തിച്ചു കൊടുക്കുകഎന്ന ബാധ്യതയാണ് സ്കൂൾ സഹകരണസംഘങ്ങൾ സാധാരണയായി നിർവ്വഹിച്ചു വരുന്നത്. കുട്ടികൾക്കാവശ്യമായ യൂണിഫോം, മറ്റു പഠനോപകരണങ്ങൾ തുടങ്ങിയവയെല്ലാം ലഭ്യമാക്കാൻ കഴിയുന്ന വിധത്തിൽ ഇവയുടെ പ്രവർത്തനം മാറ്റിയെടുക്കണം. സ്ഥല സൗകര്യം കുറവാണെന്നതാണ് ഇതിന് പ്രയാസമുണ്ടാക്കുന്നത്. വാഴക്കാട് ഹൈസ്കൂൾ സൊസൈറ്റി മുൻകൈയ്യെടുത്താൽ ഈ ലക്ഷ്യം നിറവേറ്റാൻ കഴിയും. മാത്രമല്ല മിതമായ വിലക്ക് പാകം ചെയ്ത ഭക്ഷണ പാനീയങ്ങൾ വിതരണം ചെയ്യാൻ ഒരു കാന്റീൻ പ്രവർത്തിപ്പിക്കുവാനും ഇവിടെ സാധ്യതയുണ്ട്.

1985-ലാണ് വാഴക്കാട് പഞ്ചായത്തിന് മാത്രമായി ഒരു പട്ടിക ജാതി സഹകരണസംഘം നിലവിൽ വരുന്നത്. 368 പേർ ഇതിൽ അംഗങ്ങളാണ്. ഒരു മെറ്റൽ യൂണിറ്റും തയ്യൽ പരിശീലന കേന്ദ്രവും നടത്തിവരുന്നു. കൃഷിക്കും മറ്റു പരമ്പരാഗത തൊഴിൽ സംരംഭങ്ങൾക്കും വായ്പ നൽകുന്നുണ്ട്. ഒരു ട്രാക്ടറുണ്ടായിരുന്നുവെങ്കിലും അടുത്ത കാലത്തായി പ്രവർത്തന രഹിതമാണ്. സംഘത്തിന് സ്വന്തമായി ഒരാസ്ഥാനമുണ്ടാക്കുന്നതിന് സ്ഥലം വാങ്ങിയിട്ടുണ്ട്. കെട്ടിട നിർമ്മാണത്തിനു വകുപ്പിന്റെ സാമ്പത്തിക സഹായം പ്രതീക്ഷിച്ചു നിൽക്കുകയാണ്. ദുർബല വിഭാഗങ്ങൾക്ക് വളരെയേറെ ആശ്വാസം നൽകാൻ കഴിയുന്ന ഈ സ്ഥാപനം പഞ്ചായത്തിലെ മുഴുവൻ പട്ടികജാതി വിഭാഗങ്ങൾക്കും പ്രയോജനപ്പെടുന്ന വിധത്തിൽ പ്രവർത്തനം വിപുലപ്പെടുത്തണം.

നെടുങ്ങാടി ബാങ്ക്, മഞ്ചേരി കോ-ഓപ്പറേറ്റീവ് ബാങ്ക്, എം.ഡി.സി ബാങ്ക് എന്നിവയുടെ ശാഖകൾ വാഴക്കാട് പഞ്ചായത്തിൽ ഉണ്ടെങ്കിലും സഹകാരികൾക്ക് കാർഷിക വായ്പയ്ക്കും മറ്റു സാമ്പത്തിക ആവശ്യങ്ങൾക്കും സമീപിക്കാവുന്ന ഏകസ്ഥാപനം വാഴക്കാട് സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്കു തന്നെയാണ്. ഓമാനൂരിലെ സൗത്ത് മലബാർ ഗ്രാമീണ ബാങ്ക്, കൊണ്ടോട്ടിയിലെ സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ, ചെറുകാവിലെ സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിന്റെ കാർഷിക ശാഖ, ഏറനാട് താലൂക്ക് കാർഷിക വികസന ബാങ്ക് എന്നിവ ഏർപ്പെടുത്തിയിട്ടുള്ള സഹായങ്ങൾ നാമമാത്രമാണ്.

നബാർഡിന്റെ നിയന്ത്രണങ്ങൾക്ക് വിധേയമായി മലപ്പുറം ജില്ലാ സഹകരണബാങ്ക് നൽകുന്ന വായ്പകൾ മാത്രമാണ് വാഴക്കാട് സർവ്വീസ് ബാങ്കിന് കാർഷിക വായ്പക്കുള്ള ഏകധനാഗമമാർഗ്ഗം. അതുകൊണ്ടു തന്നെ ആവശ്യക്കാർക്ക് യഥാസമയം സഹായം ലഭ്യമാക്കാൻ കഴിയുന്നില്ല. ഈ രംഗത്ത് നിലനിൽക്കുന്ന നിബന്ധനകളും വ്യവസ്ഥകളും കൂടുതൽ ഉദാരമാക്കേണ്ടതാണ്.

വിദേശജോലി, ചെറുകിട കച്ചവടം, സ്വയം തൊഴിൽ, തൊഴിലധിഷ്ഠിത വിദ്യാഭ്യാസം, വിവാഹം, മരണാനന്തര ക്രിയകൾ, ഭവന നിർമ്മാണവും റിപ്പയറും, ഇരുചക്ര വാഹനങ്ങൾ തുടങ്ങിയവക്കുള്ള വായ്പകളും വിപുലപ്പെടുത്താൻ ബാങ്ക് തയ്യാറാണെങ്കിലും ഫണ്ടു കണ്ടെത്താൻ പ്രയാസമുണ്ടാകുന്നുണ്ട്. ദീർഘകാല സ്ഥിര നിക്ഷേപങ്ങൾ ഊർജ്ജിതപ്പെടുത്തി മാത്രമേ ഇതു സാധ്യമാകു. സഹകാരികളുടെ സൗകര്യത്തിനായി എടവണ്ണപ്പാറയിൽ ബാങ്കിന്റെ ഒരു ശാഖ തുറക്കുന്നതിന് അനുമതി തേടിയിട്ടുണ്ട്. സഹകരണ മേഖല ശക്തിപ്പെടുത്താനും വിപുലപ്പടുത്താനും താഴെ പറയുന്ന നിർദ്ദേശങ്ങളാണ് ഉള്ളത്.

1. വാഴക്കാട് പഞ്ചായത്ത് സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്കിന്റെ പ്രവർത്തന മൂലധനം വർദ്ധിപ്പിക്കണം.

2. ബാങ്കിനു ലഭിക്കുന്ന വായ്പകളിൽ നബാർഡിന്റെ നിയന്ത്രണങ്ങൾ ലഘൂകരിക്കണം. പുനർ വായ്പാ ക്രമീകരണം ഉണ്ടാക്കണം.

3. പട്ടിക ജാതി സഹകരണസംഘത്തിന്റെ പ്രവർത്തന മൂലധനം വർദ്ധിപ്പിക്കണം. തൊഴിലവ

സരങ്ങൾ വർദ്ധിപ്പിക്കാൻ കഴിയുന്ന പദ്ധതികൾക്ക് രൂപം നൽകണം. ആപ്പീസു കെട്ടിടം പണിയാൻ ഗ്രാന്റ് ലഭ്യമാക്കണം.

4. നിലവിലുള്ളതിനു പുറമേ 4 ക്ഷീരോൽപ്പാദന സഹകരണ സംഘങ്ങളെങ്കിലും പഞ്ചായത്തിൽ തുടങ്ങണം.

5. വാഴക്കാട് ടൈൽസിന്റേയും വെട്ടത്തൂർ അലൂമിനിയം കമ്പനിയുടേയും പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് സാമ്പത്തിക സഹായം ലഭ്യമാക്കണം.

6. വാഴക്കാട് സർവ്വീസ് ബാങ്കിലൂടെയും പട്ടികജാതി സഹകരണസംഘത്തിലൂടെയും നിർമ്മാണ രംഗത്തുള്ള തൊഴിലാളികൾക്ക് തൊഴിൽ സാമഗ്രികൾ ഉദാരമായ വ്യവസ്ഥയിൽ വായ്പയായി ലഭ്യമാക്കാൻ കഴിയണം.

7. പഞ്ചായത്തിലെ നാളികേരത്തിന്റെ വർദ്ധിച്ച ലഭ്യത കണക്കിലെടുത്ത് കേരോൽപ്പന്നങ്ങളുടെ സംസ്കരണത്തിനും വിപണനത്തിനുമായി സഹകരണസംഘങ്ങളുണ്ടാക്കണം.

8. വിദഗ്ധ തൊഴിലാളികളെ ഉൾപ്പെടുത്തി കെട്ടിടനിർമ്മാണമുൾപ്പെടെ സമാന സ്വഭാവമുള്ള എല്ലാ തൊഴിലുകളും ഏറ്റെടുത്തു നടത്താൻ പര്യാപ്തമായ സഹകരണസംഘങ്ങളുണ്ടാക്കണം.

9. കൈത്തൊഴിലുകൾ മുൻ നിർത്തി വനിതകളുടെ സഹകരണസംഘം ആരംഭിക്കണം. (റെഡിമെയ്ഡ് ഉടുപ്പുകൾ, കുട നിർമ്മാണം, ബുക്ക് ബൈന്റിംഗ് മുതലായവ.)

10. സഹകരണ ആശുപത്രി, മെഡിക്കൽ സ്റ്റോർ, ഹോട്ടലുകൾ എന്നിവ ആരംഭിക്കുക.

11. പ്രധാന കേന്ദ്രങ്ങളിൽ കൺസ്യൂമർ സഹകരണസംഘങ്ങൾ ആരംഭിക്കുക. (സർക്കാർ ജീവനക്കാർക്കും മറ്റുദ്യോഗം വഹിക്കുന്നവർക്കും ഇതിനു മുൻകയ്യെടുക്കാം.)

12. അഭ്യസ്ത വിദ്യരായ യുവാക്കൾക്ക് തൊഴിൽ നൽകുവാനും ഉന്നത വിദ്യാഭ്യാസ സൗകര്യം വിപുലപ്പെടുത്താനുമായി ഒരു സഹകരണകോളേജ് ആരംഭിക്കുക.

13. സ്കൂൾ സഹകരണസംഘങ്ങൾ പഞ്ചായത്തിലെ എല്ലാ യു.പി. സ്കൂളുകളിലും രൂപീകരിക്കുക.

14. സഹകരണസെമിനാറുകളും മറ്റു ബോധവൽക്കരണ പരിപാടികളും സംഘടിപ്പിക്കുക.

പട്ടിക – 1

ക്രഡിറ്റ് സംഘങ്ങൾ

| ക്രമ നമ്പർ | സംഘത്തിന്റെ പേര് | പ്രവൃത്തി ആരംഭിച്ച വർഷം | പ്രവൃത്തന പരിധി | വ്യക്തി അംഗത്വം | ഓഹരി മൂലധനം | കടം | നിക്ഷേപം | പ്രവർത്തന മൂലധനം | വായ്പകൾ | | ജീവനക്കാർ |
|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | | | കാർഷികം | കാർഷികേതരം | |
| 1 | വാഴക്കാട് സർവ്വീസ് സഹകരണ കോ-ഓപ്പറേറ്റീവ് ബാങ്ക് | 1964 | വാഴക്കാട് പഞ്ചായത്ത് | 5297 | 575319 | 3040340 | 7668243 | 111,96290 | 1066255 | 7864260 | 7 |
| 2 | ഹരിജൻ സൊസൈറ്റി | 1985 | വാഴക്കാട് പഞ്ചായത്ത് | 368 | 30000 | 41258 | 759 | 30759 | – | – | – |

**നോൺ ക്രഡിറ്റ് സംഘങ്ങൾ**

| ക്രമ നമ്പർ | സംഘത്തിന്റെ പേര് | പ്രവർത്തനം ആരംഭിച്ച വർഷം | പ്രവൃത്തന പരിധി | വ്യക്തി അംഗത്വം | ഓഹരി മൂലധനം | പ്രവർത്തന മൂലധനം | കടം | ജീവനക്കാർ |
|---|---|---|---|---|---|---|---|---|
| 1 | വാഴക്കാട ടൈൽ വർക്ക്സ് | 1988 | വാഴക്കാട് ചീക്കോട് ചെറുകാവ് വാഴയൂർ പുളിക്കൽ | 268 | 50,000 | 2,25000 | 7,15,000 | 42 |
| 2 | വാഴക്കാട് അലുമിനിയം വ്യവസായ സഹകരണ സംഘം വെട്ടത്തൂർ | 1995 | വാഴക്കാട് പഞ്ചായത്ത് | 36 | 1,50,000 | 1,00000 | 1,84,000 | 5 |

15. സഹകരണസ്ഥാപനങ്ങളിൽ അംഗത്വം ആഗ്രഹിക്കുന്ന എല്ലാവർക്കും വിവേചനം കൂടാതെ അത് ലഭിക്കുന്നതിനുള്ള സാഹചര്യം ഉണ്ടാവുന്ന രീതിയിൽ സഹകരണമേഖലയിൽ തുറന്ന സമീപനമുണ്ടാകണം.

# പട്ടികജാതി - പട്ടികവർഗ്ഗക്ഷേമം

1991ലെ കാനേഷുമാരി കണക്കനുസരിച്ച് പഞ്ചായത്തിലെ മൊത്തം ജനസംഖ്യയുടെ 11 1/2% പട്ടികജാതി വിഭാഗമാണ് ഏകദേശം 420 പട്ടികജാതി കുടുംബങ്ങൾ ഇവിടെ താമസിക്കുന്നു. 18 അംഗീകൃത കോളനികളും 7 അംഗീകാരത്തിന് കാത്തിരിക്കുന്ന കോളനികളിലുമായി 370 കുടുംബങ്ങളും ഒറ്റപ്പെട്ടു കിടക്കുന്ന 50 കുടുംബങ്ങളുമാണ് ജീവിക്കുന്നത് ആകെ 3064 പട്ടികജാതി അംഗങ്ങളാണ് ഈ പഞ്ചായത്തിലുള്ളത്.

സ്വാതന്ത്ര്യ സമ്പാദനത്തിനുശേഷം പട്ടികജാതി വിഭാഗത്തിന്റെ നാനാമുഖമായ പുരോഗതിലക്ഷ്യം വെച്ച് നടപ്പാക്കിയ പദ്ധതികൾ മുഖേന വളരെയേറെ നേട്ടങ്ങൾ കൈവരിക്കാൻ ഈ വിഭാഗത്തിന് കഴിഞ്ഞിട്ടുണ്ട്. വിദ്യാഭ്യാസപരമായും സാമൂഹികപരമായും ഇവർ വളരെയേറെ മുന്നേറിയിട്ടുണ്ട് ഉച്ചനീചത്വങ്ങളും വിവേചനവും ഇന്ന് പൂർണ്ണമായി തന്നെ ഇവിടങ്ങളിൽ അവസാനിച്ചിരിക്കുന്നു. ജാതിമതഭേദമെന്യേ എല്ലാവരും മത- സാമൂഹിക ചടങ്ങുകളിൽ

പട്ടിക 1 **അംഗീകൃത പട്ടികജാതി കോളനികൾ**

| ക്രമനമ്പർ | വാർഡ് | കോളനിയുടെ പേര് |
|---|---|---|
| 1 | 1 | കക്കോട്ടു പുറത്ത് |
| 2 | 3 | ചാമക്കലായ് |
| 3 | 3 | ചോലയിൽ കുന്ന് |
| 4 | 4 | മാമായംകുന്ന് (പുതിയിരുത്തി പുറായ |
| 5 | 3 | പിലാത്തോട്ടത്തിൽ |
| 6 | 4 | മണ്ണാറോട്ടുപുറായ |
| 7 | 4 | കാമ്പ്രത്തികുഴി |
| 8 | 5 | വാഴക്കാട് (പൂവ്വാടിച്ചാലിൽ) |
| 9 | 6 | അയ്യഞ്ചോല നടുക്കലക്കണ്ടി |
| 10 | 6 | വെട്ടുവെടിചാലിൽ |
| 11 | 6 | ചീടിപ്പറ്റ |
| 12 | 6 | കക്കാട്ടിരിപുറായ |
| 13 | 7 | പാലപ്ര |
| 14 | 7 | വലിയ വീട്ടിൽ |
| 15 | 10 | വെട്ടുകാട്ടിൽ-തെക്കേമൂല (IHDP) |
| 16 | 10 | പാലക്കുഴി |
| 17 | 11 | കോണത്ത് |
| 18 | 11 | ചാലിയപ്രം മനാട്ട് |

| അംഗീകാരത്തിന് സമർപ്പിച്ചത് | | |
|---|---|---|
| 1 | 1 | തൈക്കൂട്ടത്തിൽ പുറായ |
| 2 | 1 | പുള്ളിശീരി പുറായ |
| 3 | 2 | ചേലാട്ടുകുന്ന് |
| 4 | 2 | അല്ലമ്പ്ര |
| 5 | 3 | ചാളക്കണ്ടി |
| 6 | 8 | കുഴിമുള്ളിതടായ |
| 7 | 8 | കോട്ടയംകുന്ന് |

പങ്കെടുക്കുകയും പട്ടികജാതി വിഭാഗങ്ങൾക്ക് എല്ലാ ചടങ്ങുകളിലും വേണ്ടത്ര പരിഗണന ലഭിക്കുകയും ചെയ്യുന്ന സ്ഥിതി വിശേഷം ഇന്ന് നിലവിലുണ്ട്. പട്ടികജാതി വിഭാഗങ്ങളിലെ ചില അവാന്തര വിഭാഗങ്ങൾ പുലർത്തി പോന്നിരുന്ന അനാചാരങ്ങളും ഉച്ചനീചത്വങ്ങളും കാലപ്രവാഹത്തിൽ മാഞ്ഞു തുടങ്ങിയിരിക്കുന്നു.

കോളനി നിവാസികൾക്കായി ആവിഷ്ക്കരിക്കപ്പെട്ട വിവിധ പദ്ധതികൾ മുഖേന കുറേയേറെ പുരോഗതി ഉണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ടെങ്കിലും കൂടുതലായി ഇനിയും പലതും ആവിഷ്ക്കരിച്ചു നടപ്പാക്കേണ്ടിയിരിക്കുന്നു. സാമൂഹത്തിലെ മറ്റുശ്രേണികളോടൊപ്പമെത്താൻ ഈ വിഭാഗത്തിലെ ബഹുഭൂരിപക്ഷത്തിനു വളരെയേറെ ഇനിയും മുന്നേറേണ്ടതായിട്ടുണ്ട്.

കോളനികളിലല്ലാതെ ഒറ്റപ്പെട്ട വീടുകളിലായി ഇടകലർന്ന് താമസിക്കുന്ന കുടുംബങ്ങൾക്ക് കോളനി നിവാസികൾക്ക് മൊത്തത്തിൽ അനവദിച്ചു കിട്ടുന്ന സൗകര്യങ്ങളോ ആനുകൂല്യങ്ങളോ ലഭിക്കാത്ത അവസ്ഥ ഏറെ പ്രയാസങ്ങൾ സൃഷ്ടിക്കുന്നുണ്ട്. ഈ വിഭാഗങ്ങളുടെ കൂടി പുരോഗതി ലക്ഷ്യമാക്കി കോളനികൾക്ക് അർഹതപ്പെട്ട എല്ലാ ആനുകൂല്യങ്ങളും ഇത്തരം കുടുംബങ്ങൾക്കു കൂടി ലഭ്യമാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടിയിരിക്കുന്നു.

വിദ്യാഭ്യാസ പുരോഗതിക്കായി പലവിധ പദ്ധതികളും സഹായങ്ങളും നിലവിലുണ്ടെങ്കിലും അതൊന്നും വേണ്ട വിധത്തിൽ പ്രയോജനപ്പെടുത്തി മുന്നേറാൻ ഈ പഞ്ചായത്തിലെ പട്ടികജാതി വിഭാഗങ്ങൾക്ക് കഴിഞ്ഞിട്ടില്ല.

രക്ഷിതാക്കളുടെ അറിവില്ലായ്മയും ശ്രദ്ധക്കുറവും പ്രധാന കാരണമാണ്. വിദ്യാഭ്യാസത്തിന്റെ ആവശ്യകതയും അതിന് ലഭ്യമായ സൗകര്യങ്ങളും വേണ്ട വിധത്തിൽ മനസ്സിലാക്കാൻ കഴിഞ്ഞിട്ടില്ലെന്നതാണ് മറ്റൊരു കാരണം. ഹൈസ്ക്കൂൾ പഠനത്തോടെ തുടർപഠനത്തിനുള്ള താൽപര്യം ഇല്ലാതാവുന്ന അവസ്ഥ ഇപ്പോൾ നിലവിലുണ്ട്. SSLC പരാജയപ്പെടുന്ന വിദ്യാർത്ഥികൾ തുടർന്നും പരീക്ഷക്കിരുന്ന് മുന്നേറാൻ ശ്രമിക്കുന്നില്ല. ഈ വർഷം 785 പട്ടികജാതി വിദ്യാർത്ഥികൾ വിവിധ ക്ലാസ്സുകളിലായി പഠനം നടത്തിവരുന്നുണ്ട് പഠനം ഇടയ്ക്ക് വെച്ച് ഉപേക്ഷിച്ചവർ 6 പേരാണ്. ഈ വിഭാഗങ്ങളുടെ വിദ്യാഭ്യാസ പുരോഗതിക്ക് ഉപകരിക്കത്തക്ക വിധം വിദ്യാർത്ഥികൾക്ക് പ്രത്യേക പരിശീലനത്തോടെ താമസിച്ചു പഠിക്കുന്നതിന് അനുഗുണമായ വിധത്തിൽ വിദ്യാലയങ്ങളോട് ചേർന്ന് പ്രീ മെട്രിക്ക് ഹോസ്റ്റലുകളും സ്ഥാപിക്കേണ്ടിയിരിക്കുന്നു.

കാർഷിക മേഖലയിൽ തൊഴിൽ ചെയ്തു വരുന്ന

വരാണ് ഒട്ടുമിക്ക പട്ടികജാതി കുടുംബങ്ങളും. ഈ മേഖലയിൽ അടുത്ത കാലത്തുണ്ടായ തകർച്ച ഇവരെയാണ് ഏറെ ബാധിച്ചിരിക്കുന്നത് കാർഷികവൃത്തി ഉപേക്ഷിച്ച് മറ്റു മേഖലകളിൽ ജോലി തേടി പോകാൻ പുരുഷന്മാരും സ്ത്രീകളും നിർബന്ധിതരായി നിർമ്മാണ മേഖലയിലേക്കാണ് അധികം പേരും ചേക്കേറിയത് തൃപ്തികരമായ കൂലി ആണിനും പെണ്ണിനും കിട്ടുന്നത്കൊണ്ട് കൃഷിപ്പണി ചെറുപ്പക്കാർ പൂർണ്ണമായും ഇന്ന് ഉപേക്ഷിച്ചമട്ടാണ്. സ്ത്രികൾക്ക് മേധാവിത്വം ഉണ്ടായിരുന്ന നടീൽ, കൊയ്ത്ത്, മെതി, തുടങ്ങിയ പ്രവൃത്തികൾക്ക് ഇന്ന് ആളെ കിട്ടാതായി മാത്രമല്ല. ഈ ജോലികളെല്ലാം തന്നെ അല്പകാലത്തേയ്ക്ക ആശ്രയിക്കാവുന്നതുമാണ്. കൃഷിപ്പണിയില്ലാത്ത കാലത്ത് പായനെയ്തും ചൂടിപിരിച്ചും ഉപജീവനം കഴിച്ചിരുന്നു. അസംസ്കൃത വസ്തുകളുടെ ദൗർലഭ്യം മൂലം അതെല്ലാം ഇല്ലാതായിക്കഴിഞ്ഞിരിക്കുന്നു. കാർഷിക ജോലിയിലേയ്ക്കും പരമ്പരാഗത കൈത്തൊഴിലുകളിലേയ്ക്കും തിരിച്ചു പോവാനും ആ രംഗത്ത് സുരക്ഷ ഉറപ്പു വരുത്താനും വേണ്ട നടപടികൾ ഉണ്ടായാൽ തളർന്നുപോയ കാർഷിക മേഖലയുടെ പുനരുജ്ജീവനം ഒരു യാഥാർത്ഥ്യമാക്കാം.

പാർപ്പിട പ്രശ്നം പരിഹരിക്കുന്നതിന് ലക്ഷ്യമിട്ട് നടപ്പാക്കികൊണ്ടിരിക്കുന്ന ഒട്ടേറെ പദ്ധതികളിലൂടെ ആശാവഹമായ പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ടെങ്കിലും വർദ്ധിച്ചു കൊണ്ടിരിക്കുന്ന നിർമ്മാണ ചെലവിന്റെ അടിസ്ഥാനത്തിൽ ഇത്തരം പദ്ധതികൾ പുനക്രമീകരണം നടത്തേണ്ടിയിരിക്കുന്നു. ഭവനനിർമ്മാണ വായ്പയെടുത്ത് കൈവശമുള്ള തുണ്ടുഭൂമിയുടെ രേഖ ഓഫീസുകളിൽ കുടുങ്ങിക്കിടക്കുകയും, കുമിഞ്ഞുകൂടുന്ന കടബാധ്യതയിൽ നിന്ന് തലയൂരാൻ കഴിയാതെ കഷ്ടപ്പെടുകയും ചെയ്യുന്നവർ നിരവധിയാണ്. നൽകുന്ന തുകതികയാതെ വരുമ്പോൾ പണിപൂർത്തീകരിക്കാൻ കഴിയാതെ കഷ്ട്പെടുന്നവർ ധാരാളമുണ്ട് ദുരഹിതർക്ക് സ്ഥലവും വീടില്ലാത്തവർക്ക് വീടും സൗജന്യമായി അനുവദിക്കാനുള്ള ഊർജ്ജിതവും ആസൂത്രിതവുമായ പുനരധിവാസ സംരംഭങ്ങൾ ആവിഷ്ക്കരിക്കേണ്ടിയിരിക്കുന്നു. വേണ്ടത്ര കക്കൂസുകൾ ഇല്ലാത്തതാണ് പല കോളനികളിലേയും കാതലായ പ്രശ്നം. സ്വതവേ അടുത്തടുത്തു കിടക്കുന്ന വീടുകൾ പരിസരശുചിത്വത്തെ കുറിച്ചുള്ള അറിവില്ലായ്മയും കൂടിയാവുമ്പോൾ ഈ പ്രശ്നത്തിന്റെ ഗൗരവം വർദ്ധിക്കുന്നു. പല പദ്ധതികളും പ്രവർത്തനഘട്ടത്തിലാണ്. ഓരോ വീട്ടിലും കക്കൂസുകൾ സ്ഥാപിച്ച് ഈ പ്രശ്നങ്ങൾ ശാശ്വതമായി പരിഹരിക്കേണ്ടിയിരിക്കുന്നു.

വൈദ്യുതി, കുടിവെള്ളം, ചികിത്സാസൗകര്യം എന്നീ മേഖലകളിലുള്ള സൗകര്യങ്ങൾ കോളനികളിൽ വളരെയധികം ചെയ്തുതീർക്കേണ്ടതായിട്ടുണ്ട്. ഉയർന്ന പ്രദേശങ്ങളിൽ സ്ഥിതിചെയ്യുന്ന പല കോളനികളിലും കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനു വേണ്ടി ആരംഭിച്ച പദ്ധതികൾ പോലും കോളനികൾക്ക് പ്രയോജനപ്പെടാതെ മറ്റുവഴികളിലേയ്ക്ക് തിരിഞ്ഞുപോയ അനുഭവങ്ങളുണ്ട് പോഷകാഹാര കുറവും മാറാരോഗവും ഈ വിഭാഗങ്ങൾക്കിടയിൽ മുഖ്യപ്രശ്നമാണ് കോളനികളോടനുബന്ധിച്ച് അംഗൻവാടികളും ഫിഡിംഗ് സെന്ററുകളും ക്രഷുകളും സ്ഥാപിച്ച് വൈദ്യപരിശോധനക്കും സൗജന്യ ചികിത്സക്കും വേണ്ട സൗകര്യങ്ങൾ ചെയ്തു ആരോഗ്യരംഗത്തെ പോരായ്മകൾ പൂർണ്ണമായി പരിഹരിക്കേണ്ടതായിരിക്കുന്നു.

ലഭ്യമായ തൊഴിലവസരങ്ങളെ കുറിച്ചും അവ ആവശ്യാനുസരണം ഉപയോഗപ്പെടുത്തേണ്ടതിനെ സംബന്ധിച്ചും വേണ്ടത്ര ബോധവൽക്കരണവും അഭ്യസ്തവിദ്യരായ വിഭാഗങ്ങളിൽപ്പെട്ടവർക്ക് വിവിധ മത്സരപരീക്ഷകൾക്ക് തയ്യാറെടുക്കുന്നതിനും മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിനും സഹായകമായ കേന്ദ്രങ്ങൾ സ്ഥാപിക്കേണ്ടതായിരിക്കുന്നു പഞ്ചായത്തിലെ അംഗീകരിക്കപ്പെട്ട എല്ലാ കോളനികളും തീവ്രസങ്കേതവികസന പദ്ധതിയിൽ (I.H.D.P) ഉൾപ്പെടുത്തി അടിസ്ഥാനസൗകര്യങ്ങൾ ഏർപ്പെടുത്തേണ്ടതാണ്.

**പ്രശ്നങ്ങൾ**

1 വിദ്യാഭ്യാസ പുരോഗതി കൈവരിച്ചിട്ടില്ല. നിരക്ഷരത നിലനിൽക്കുന്നു പഠിപ്പിലുള്ള താൽപര്യക്കുറവ് കൊഴിഞ്ഞുപോക്കിനു കാരണമാകുന്നു

2 കാർഷിക മേഖലയിൽനിന്നുള്ള ഒഴിച്ചുപോക്ക് തൊഴിലവസരങ്ങൾ ഇല്ലാതാക്കുന്നു. ദുരിതംകൂടുന്നു.

3 എല്ലാവർക്കും സ്വന്തമായി വീടില്ല. ദുരഹിതർ ധാരാളം ഭവനനിർമ്മാണ സഹായം ആവശ്യത്തിന് മതിയാവുന്നില്ല. കിട്ടിയപണം ദുർവിനിയോഗം ചെയ്ത് കടബാധ്യത പെരുകുന്നു.

4 കുടിവെള്ളം, വൈദ്യുതി, സാനിറ്റേഷൻ സൗകര്യങ്ങൾ എന്നിവയുടെ കാര്യമായ കുറവ്

5 പൊതു ശ്മശാനം ഇല്ലാത്ത പ്രശ്നം

6 പട്ടയം കിട്ടാത്ത കുടുംബങ്ങൾ ധാരാളമുണ്ട്.

7 ചികിത്സാ സൗകര്യങ്ങളുടെടെയും സമീകൃത പോഷകാഹാരങ്ങളുടെയും ലഭ്യതയിലുള്ള കുറവ്

8 സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്കും ആശ്രയിക്കാൻ ആരുമില്ലാത്തവർക്കും രോഗം വന്നാൽ ചികിത്സനൽകാനും പെൺമക്കളുടെ വിവാഹം നടത്തുന്നതിനും സാമ്പത്തികമായി ഏറെ പ്രയാസങ്ങൾ നേരിടുന്നു.

9 പട്ടികജാതിക്ഷേമവകുപ്പ്, പട്ടികജാതി വികസന കോർപ്പറേഷൻ, I.R.D.P തുടങ്ങിയ ഏജൻസികൾ വഴിനൽകുന്ന വായ്പകളും ധനസഹായവും ഫലപ്രദമാക്കുന്നില്ല. ലക്ഷ്യപ്രാപ്തികൈവരിക്കാനും കഴിയുന്നില്ല.

10 പദ്ധതികളെ കുറിചുള്ള പരിജ്ഞാനമില്ലായ്മ

11 വായ്പകളും ധനസഹായങ്ങളും കടക്കെണിയായിമാറുന്നു.

12 ഈ വിഭാഗങ്ങളുടെ സാംസ്ക്കാരിക തനിമ നാശോന്മുഖമായിക്കൊണ്ടിരിക്കുന്നു.

**സാധ്യതകൾ**

1 വൈദ്യുതീകരണം നടന്ന കോളനികളിലെ മുഴുവൻ വീടുകളിലും വൈദ്യുതി എത്തിക്കാനും ഇല്ലാത്ത കോളനികൾ വൈദ്യുതികരിക്കാനും ആവശ്യമായ പദ്ധതികൾക്ക് രൂപം നൽകേണ്ടിയിരിക്കുന്നു.

വൈദ്യുതി എത്താത്തതും ഒറ്റപ്പെട്ടു കിടക്കുന്നതുമായ പ്രദേശങ്ങളിൽ I.R.E.P മുഖേന സൗരോർജ്ജ വിളക്കുകളും സൂര്യറാന്തലും സൗരോർജ്ജ പമ്പു സെറ്റുകളും (കാർഷിക ഗാർഹിക ആവശ്യങ്ങൾക്ക്) സ്ഥാപിക്കാൻ ആവശ്യമായ പദ്ധതികൾ നടപ്പിലാക്കുക.

II കോളനികളിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനു വിവിധ ഏജൻസികൾ വഴി സ്ഥാപിച്ച കിണറുകളും കുഴൽകിണറുകളും ഉപയോഗശൂന്യവും പൊതുടാപ്പുകളിൽ വെള്ളം ആവശ്യത്തിന് ലഭിക്കാത്ത അവസ്ഥയുമാണ്. കുടിവെള്ളക്ഷാമം ശാശ്വതമായി പരിഹരിക്കുന്നതിന് പുതിയ പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കണം.

III ക്ഷേമപദ്ധതികൾ, വായ്പാപദ്ധതികൾ, ധനസഹായങ്ങൾ തുടങ്ങിയവയെക്കുറിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാരെ പങ്കെടുപ്പിച്ച് കോളനികൾ കേന്ദ്രമാക്കി ബോധവൽക്കരണം നടത്താനും വിദ്യാഭ്യാസം, ആരോഗ്യം ശുചിത്വം എന്നിവയുടെ ആവശ്യകതയെക്കുറിച്ചും മദ്യം, മയക്കുമരുന്ന്, തുടങ്ങിയവയുടെ ആപത്തിനെ സംബന്ധിച്ചും ബോധവൽക്കരണം നടത്താനും പട്ടികജാതി വിഭാഗങ്ങളുടെ ഉന്നമനം ലക്ഷ്യം വെച്ച് നടപ്പാക്കുന്ന പദ്ധതികളുടെ മാനദണ്ഡങ്ങളുടെ നിബന്ധനകൾ ലഘൂകരിക്കാനും ഗുണപരമായി മാറ്റം വരുത്താനും ബന്ധപ്പെട്ട ഏജൻസികൾ തയ്യാറാവണം ഗ്രാമപഞ്ചായത്തിന്റെ പങ്കാളിത്തം ഇക്കാര്യങ്ങളിൽ കൂടുതൽ ഉറപ്പുവരുത്തണം.

**ചില നിർദ്ദേശങ്ങൾ**

1 കാർഷിക മേഖലയിലും പരമ്പരാഗത കൈതൊഴിലുകളായ കൊട്ട, പനമ്പ്, പായ്നെയ്ത്ത്, തുടങ്ങിയ മേഖലകളിലെ തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുക.

2 വ്യാവസായികാടിസ്ഥാനത്തിൽ, ആട്, കോഴി, താറാവ്, വളർത്തൽ യൂണിറ്റുകൾ കോളനികൾ കേന്ദ്രീകരിച്ച് സ്ഥാപിക്കുക

3 ടൈലറിംഗ്, എംബ്രോയ്ഡറി പ്ലാസ്റ്റിക്ക് വർക്ക്സ് തുടങ്ങിയ കൈതൊഴിലുകളിൽ പട്ടികജാതി പെൺകുട്ടികൾക്ക് പരിശീലനം നൽകി സഹകരണ സംഘങ്ങൾ രൂപീകരിച്ച് തൊഴിലവസരം സൃഷ്ടിക്കുക.

4 പഞ്ചായത്തിൽ നിലവിലുള്ള പട്ടികജാതി സഹകരണസംഘത്തിന്റെ പ്രവർത്തനം വേണ്ടത്ര പ്രയോജനം ചെയ്യുന്നില്ല. പഞ്ചായത്തിലെ മുഴുവൻ പട്ടികജാതിക്കാരെയും ഉൾപ്പെടുത്തി സംഘത്തിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുകയും വേണം.

5 പട്ടികജാതി വനിതകൾക്ക് കൂട്ടായമയോടെ പച്ചക്കറിതോട്ടങ്ങൾ ഉണ്ടാക്കാനും ഉല്പന്നങ്ങൾ വിറ്റഴിക്കാനുമുള്ള സൗകര്യങ്ങൾ ചെയ്തു കൊടുക്കുക.

6 ഭവനനിർമ്മാണ സഹായം കാലാനുസൃതമായി വർദ്ധിപ്പിക്കുകയും വീടിനൊപ്പം തന്നെ കക്കൂസും നിർമ്മിക്കാൻ ധനസഹായം നൽകുകയും ചെയ്യുക. വീടിന്റെ സൗകര്യങ്ങൾ വർദ്ധിപ്പിക്കാൻ അനുവാ

ദവും സഹായവും നൽകണം.

7 പഴയവിടുകൾ പുതുക്കി പണിയാനും കേടുപാടുകൾ തീർക്കാനും പലിശയില്ലാത്ത വായ്പകൾ ലളിതവ്യവസ്ഥയിൽ നടപ്പിലാക്കുക.

8 മണ്ണൊലിപ്പ് അനുഭവപ്പെടുന്ന കോളനികളിൽ കയ്യാലകെട്ടി മണ്ണൊലിപ്പ് തടയാൻ ആവശ്യമായ പ്രത്യേക പദ്ധതികൾ നടപ്പിലാക്കുക.

9 ശ്മശാനമില്ലാത്ത കോളനികളിൽ ശ്മാശനത്തിന് സൗകര്യം ഏർപ്പെടുത്തുക

10 എല്ലാ കോളനികളോടും ബന്ധപ്പെട്ട് അംഗൻവാടികളും ഫീഡിംഗ് സെന്ററുകളും ക്രഷെകളും ആരംഭിക്കുക.

11 പട്ടികജാതി വിഭാഗങ്ങളുടെ സാംസ്ക്കാരിക തനിമ നിലനിർത്തുന്നതിനും സംരക്ഷിക്കുന്നതിനും ആവശ്യമായ പരിപാടികളും കോളനികളിൽ വായനശാലകളും പൊതുടെലിവിഷൻസെറ്റ് പാർക്കുകളും സ്ഥാപിക്കുക.

12 പട്ടികജാതി വിദ്യാർത്ഥികൾക്ക് താമസിച്ചു പഠിക്കുന്നതിന് മെട്രിക്ക് ഹോസ്റ്റലുകളും അഭ്യസ്ത വിദ്യാരായവർക്ക് തൊഴിൽ കണ്ടെത്തുന്നതിന് പരിശീലനവും മാർഗ്ഗനിർദ്ദേശങ്ങളും നൽകുന്നതിന് കോച്ചിംഗ് കം ഗൈഡൻസ് സെന്ററുകളും ആരംഭിക്കുക.

13 കോളനികളിലെ ഗതാഗത സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കുക.

14 നിർമ്മാണ തൊഴിലുകളിലും മറ്റു ഏർപ്പെട്ടിരിക്കുന്ന വരും മാന്യമായ കൂലി ലഭിക്കുന്നവരുമായ ചെറുപ്പക്കാരിലും മുതിർന്നവരിലും കാണുന്ന ധൂർത്തും ധാരാളിത്തവും, വേഷവിധാനത്തിനും ആഡംബരങ്ങൾക്കുംവേണ്ടി ദുർവ്യയം ചെയ്യുന്നരീതിയും മദ്യപാനം, മയക്കുമരുന്ന് തുടങ്ങിയ ദുശ്ശീലങ്ങൾക്ക് വഴിപ്പെടുന്ന സ്ഥിതിയും ഒഴിവാക്കാനുള്ള ബോധവൽക്കരണവും നടത്താനും ആവശ്യങ്ങളുടെ മുൻഗണന നിശ്ചയിച്ച് ജീവിതം ചിട്ടപ്പെടുത്താനും സമ്പാദ്യശീലം വളർത്താനുമുള്ള പരിശീലനംവും നൽകണം.

# വിഭവ സമാഹരണം

പഞ്ചായത്തിന്റെ വർദ്ധിച്ചു വരുന്ന ആവശ്യങ്ങളുമായി തട്ടിച്ചു നോക്കുമ്പോൾ ഇന്നത്തെ വരുമാനം ഒന്നിനും തികയുന്നില്ല. എന്നതാണ് മുഖ്യപ്രശ്നം. വരുമാനത്തിൽ ഗണ്യമായ വർദ്ധന പ്രതീക്ഷിക്കാവുന്ന വിധം കാർഷിക വ്യവസായിക രംഗങ്ങളിൽ വൻ മാറ്റങ്ങൾക്കുള്ള സാദ്ധ്യത നമുക്കു മുന്നിൽ ഇപ്പോഴില്ല. പഞ്ചായത്ത് രാജ് വിഭാവനം ചെയ്യുന്ന അധികാരവികേന്ദ്രീകരണം എല്ലാ അർത്ഥത്തിലും പ്രാവർത്തികമാക്കപ്പെട്ടാൽ പഞ്ചായത്തുകൾക്ക് കൂടുതൽ വരുമാനമാർഗ്ഗങ്ങൾ ഉണ്ടാകുമെന്ന പ്രതീക്ഷയാണുള്ളത്.

നികുതി പിരിച്ചെടുക്കുന്ന ഘട്ടത്തിൽ തന്നെ പഞ്ചായത്തുകൾക്ക് കൈമാറുന്ന രീതിയിൽ നിയമങ്ങളിൽ മാറ്റം വന്നേ പറ്റൂ സ്റ്റാമ്പ് ഡ്യൂട്ടി വെഹിക്കിൾ ടാക്സ് അടിസ്ഥാന നികുതി എന്നിവയുടെ പഞ്ചായത്ത് വിഹിതം രണ്ടും മൂന്നും വർഷങ്ങൾക്കു ശേഷമാണ് കിട്ടിക്കൊണ്ടിരിക്കുന്നത് ഗ്രാന്റുകളുടെ വിതരണം നിതീ പൂർവ്വമാകണമെങ്കിൽ ജനസംഖ്യയും പിന്നോക്കാവസ്ഥയും ആയിരിക്കണം മാനദണ്ഡമാക്കേണ്ടത്.

1995 96 വാർഷിക കണക്കുപ്രകാരം 900828ക പ്രാരംഭബാക്കിയും 2011993 രൂപ വരവും 2051803 രൂപ ചെലവും 861018 രൂപ അവസാനബാക്കിയുമാണ്.

### പരിഹാര നിർദ്ദേശങ്ങൾ

1 പഞ്ചായത്തിന് പൂർണ്ണമായി ലഭിക്കേണ്ട വസ്തു കൈമാറ്റ നികുതിയിൽ നിന്നുള്ള വരുമാനം വസ്തുവിന്റെ യഥാർത്ഥ വില കാണിക്കാതെ രജിസ്റ്റർ ചെയ്യുന്നതു കാരണം ഗണ്യമായി കുറയുന്ന ഇതിനള്ള പരിഹാരം അതതു പ്രദേഷശത്തെ ഭൂമിയുടെ കുറഞ്ഞ

**1995-96 ലെ വരവ്**

| | ഇനം | തുക |
|---|---|---|
| I | തനത് നികുതികൾ | 494888.45 |
| II | പഞ്ചായത്ത് വസ്തുക്കളിൽ നിന്നുള്ള വരവ് | 193453.00 |
| III | പഞ്ചായത്ത് ഫീസ് | 51020.55 |
| IV | പ്രത്യേക ആക്ട് പ്രകാരം | |
| | വസ്തുവാക്കാവുന്ന വരവുകൾ പലവക | 2658 |
| V | ഗ്രാന്റുകൾ | 179879 |
| VI | പ്രത്യേക ആവശ്യങ്ങൾക്കുള്ള | |
| | 25% സ്റ്റാമ്പ് ഡ്യൂട്ടി വിഹിതം | 230584 |
| VII | അൺടൈഡ് ഫണ്ട് | 3,28500 |
| VIII | നിക്ഷേപങ്ങൾ (കാലാവധിയായ സ്ഥിരനിക്ഷേപം) | 3,50000 |
| IX | കടമിനം സംബന്ധിച്ച വരവ് പലവക | 181010.40 |
| | **ആകെ** | **2011993.40** |

## 1995 96 ലെ ചിലവ്

| | ഇനം | തുക |
|---|---|---|
| I | ഭരണച്ചെലവ് | 520886.50 |
| II | പൊതുമരാമത്ത് | 633116 |
| III | വിദ്യാഭ്യാസം | 53711 |
| IV | ജലവിതരണം ആരോഗ്യം | 134658 |
| V | തെരുവുവിളക്ക് | 13812 |
| VI | മറ്റുചെലവുകൾ | 577726 |
| VII | കടമിനം ( വില്പന നികുതി ആദായനികുതി | |
| | പി.എഫ്. ഇൻഷുറൻസ് പ്രീമിയം തുടങ്ങിയവ) | 117894 |
| | ആകെ | 2051803.50 |

## ജെ. ആർ. വൈ 1995 96 വരവുചെലവ്

| ഇനം | തുക |
|---|---|
| വരവ് | 464178 |
| ചെലവ് | 355185 |

വില നിശ്ചയിക്കുന്നതിനുള്ള അധികാരം അതതു പഞ്ചായത്തുകൾക്ക് നൽകുക മാത്രമാണ്.

2 പുഴ പുറമ്പോക്ക് അളന്നുതിട്ടപ്പെടുത്തി കാർഷികാവശ്യത്തിനു ലീസിന് നൽകുക.

3 കരിങ്കല്ല്. ചെങ്കല്ല്, മണൽ എന്നിവ ഖനനം നടത്തുന്നവരിൽ നിന്നും ഇപ്പോൾ ജിയോളജി ഡിപ്പാർട്ടുമെന്റ് ഈടാക്കുന്ന റോയൽറ്റി പിരിച്ചെടുക്കുന്നതിനുള്ള അവകാശം പഞ്ചായത്തിനു നൽകുക.

4 ക്ഷേമനിധികളിൽ അംഗത്വമുള്ള തൊഴിലാളികളിൽ നിന്നും തൊഴിൽ നികുതി പിരിക്കുന്നതിന് നിയമമുണ്ടാക്കുക.

5 മണൽ ലേലം പഞ്ചായത്തുകളെ നേരിട്ടേൽപ്പിക്കുക.

6 ചെറുവാടിക്കടവിൽ മണൽ ശേഖരിക്കാൻ പറ്റിയ വിധത്തിൽ പുഴയിലേക്ക് റാമ്പും പാതാറും നിർമ്മിച്ചാൽ പഞ്ചായത്തിൽ മണൽ ലേലം വഴി കൂടുതൽ വരുമാനം വർദ്ധിക്കാൻ സാദ്ധ്യതയുണ്ട്.

7 അറവുശാല, മാർക്കറ്റ്, ഷോപ്പിംഗ് സെന്ററുകൾ കംഫർട്ട് സ്റ്റേഷൻ എന്നിവയുണ്ടാക്കി വരുമാനം വർദ്ധിപ്പിക്കുക

8 പഞ്ചായത്ത് ഏരിയയിൽ പാർക്കുചെയ്യുന്ന ബസ്സ്, ലോറി, പിക്കപ്പ് വാൻ, ടാക്സികാർ, ജീപ്പ് ഓട്ടോറിക്ഷ എന്നിവയ്ക്ക് ഹാൾടിംഗ് ഫീസ് ചുമത്തുക.

9 റവന്യു വകുപ്പ് പുതിയ കെട്ടിടങ്ങൾക്കു ചുമത്തിവരുന്ന ഏക മുഖ കെട്ടിട നികുതി പഞ്ചായത്തിന് നൽകുക.

10 വാഹന രജിസ്ട്രേഷൻ ബന്ധപ്പെട്ട പഞ്ചായത്തുകളെ ഏല്പിക്കുക.

11 പരമാവധി സന്നദ്ധ സേവനം വികസന പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കുന്നതിന് സംവിധാനമുണ്ടാക്കുക.

12 ചാലിയാറിൽനിന്ന് വൻകിട വ്യവസായാവശ്യങ്ങൾക്ക് സംഭരിക്കുന്ന ജലത്തിന്റെ അളവ് കണക്കാക്കി നികുതി ചുമത്തുകയും വരുമാനം ബന്ധപ്പെട്ട പഞ്ചായത്തുകൾക്ക് വീതിച്ചുകൊടുക്കുകയും ചെയ്യുക.

13 പരസ്യങ്ങൾ പ്രദർശിപ്പിക്കുന്നതിനും നികുതി ചുമത്തുക.

14. വിവാഹങ്ങൾ, സമ്മേളനങ്ങൾ എന്നിവ നടത്തുന്നതിനും ടിക്കററ് വെച്ച് നാടകം ഗാനമേള തുടങ്ങിയ സ്റ്റേജു പ്രോഗ്രാമുകൾ അവതരിപ്പിക്കുന്നതിനും എക്കോ പ്രൂഫ് സംവിധാനത്തോടെയുള്ള ഒരു സ്റ്റേഡിയം കം കല്യാണമണ്ഡപം എടവണ്ണപാറയിൽ നിർമ്മിക്കുക.

15 വനിതാ ജീവനക്കാർക്കും ഉദ്യോഗസ്ഥകൾക്കും താമസസൗകര്യമേർപ്പെടുത്താൻ ഒരു വർക്കിംഗ് വിമൻസ് ഹോസ്റ്റലും ദൂര സ്ഥലങ്ങളിൽ നിന്നു വന്ന് ടെക്നിക്കൽ ഹൈസ്ക്കൂളിൽ പഠിക്കുന്ന ആൺകുട്ടികളെയും അദ്ധ്യാപകരെയും ഉദ്ദേശിച്ച് ഒരു മെൻസ് സ്റ്റുഡൻസ് ഹോസ്റ്റലും ആരംഭിച്ചാൽ അത് ഒരു സ്ഥിര വരുമാന മാർഗ്ഗമായിരിക്കും.

# ഉപസംഹാരം

ഒമ്പതാം പഞ്ചവത്സര പദ്ധതി ജനകീയ പങ്കാളിത്തത്തോടെ നിർവ്വഹിക്കുവാനുള്ള യത്നത്തിൽ ഒരു സുപ്രധാന ഘട്ടമാണ് ഈ വികസന രേഖയും വികസന സെമിനാറും. അധികാരം താഴെത ട്ടിലേക്ക് കൈമാറ്റം ചെയ്യാനും അതുപയോഗിച്ച് നിർവ്വഹിക്കേണ്ട കാര്യങ്ങൾ എന്ത് എന്ന് തീരു മാനിക്കാനുമുള്ള അധികാരം ജനങ്ങൾക്ക് നൽകാനും ഉദ്ദേശിച്ച് നടപ്പിലാക്കപ്പെട്ടതാണ് പഞ്ചായ ത്തീരാജ് സംവിധാനവും ത്രിതല പഞ്ചായത്ത് സമിതികളും. ഗ്രാമസഭകൾക്ക് നിയമ പ്രാബല്യം നൽകുകയും ഗ്രാമസഭകളിൽ വെച്ച് കൈക്കൊള്ളുന്ന തീരുമാനങ്ങൾക്കും നിർദ്ദേശങ്ങൾക്കും പ്രാബല്യം ലഭിക്കുകയും ചെയ്ത ഈ സാഹചര്യം ഗ്രാമസ്വരാജ് എന്ന ഗാന്ധിയൻ സ്വപ്ന ത്തിന്റെ പൂർത്തീകരണത്തിലെ സുപ്രധാന ചുവടുവെപ്പാണ്.

ജനകീയാസൂത്രണ പദ്ധതിയുടെ ഭാഗമായി വാഴക്കാട് പഞ്ചായത്തിൽ നിന്ന് 13 ജില്ലാ തല റിസോഴ്സ് പേഴ്സൺസ് 2 ഘട്ടങ്ങളിലായി പരിശീലനം പൂർത്തിയാക്കി. പഞ്ചായത്ത് തലത്തിൽ വാർഡുകളിൽനിന്ന് തെരഞ്ഞെടുക്കപ്പെട്ടവരും ഉദ്യോഗസ്ഥരുമുൾപ്പെടെ 57 ലോക്കൽ റിസോഴ്സ് പേഴ്സൺസിനും 2ഘട്ട പരിശീലനം നൽകി. 96 ഒക്ടോബർ 2ഓടെ നടത്തപ്പെട്ട 11 വാർഡുകളി ലേയും സ്പെഷൽ ഗ്രാമസഭകൾ വിജയകരമായ ഒരു തുടക്കമായിരുന്നു. ശരാശരി 200 അംഗങ്ങൾ പങ്കെടുത്ത ഗ്രാമസഭകൾ വ്യത്യസ്ത മേഖലകളെക്കുറിച്ച് സമഗ്രമായ ചർച്ചകൾ നടത്തി. കാത ലായ പ്രശ്നങ്ങളും വിലപ്പെട്ട നിർദ്ദേശങ്ങളും ഉന്നയിക്കപ്പെട്ടു. ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്ന് ധാരാളം വിവര ശേഖരണം നടത്തി. പ്രായം ചെന്നവരും പരിചയ സമ്പന്നരുമായ പലരുമായി ബന്ധപ്പെട്ട് വസ്തുതകൾ മനസ്സിലാക്കി. ഓരോ വിഷയത്തിനും വേണ്ടി തെരഞ്ഞെടുക്കപ്പെട്ട കോർ-ഗ്രൂപ്പുകൾ ദിവസങ്ങളോളമിരുന്ന് അതാതു മേഖലയെക്കുറിച്ചുള്ള റിപ്പോർട്ടുകൾ തയ്യാ റാക്കി; പത്രാധിപസമിതി ആവശ്യമായ ഭേദഗതികൾ വരുത്തി; പഞ്ചായത്ത് ഭരണസമിതി അംഗീ കരിച്ച രേഖയാണിത്.

ഇത്തരം ഒരു പ്രവർത്തനത്തെക്കുറിച്ച് സാങ്കേതികമായ പരിജ്ഞാനമോ ശാസ്ത്രീയമായ അറിവോ മുൻപരിചയമോ ഉള്ളവരല്ല ഈ രേഖ തയ്യാറാക്കിയവരിൽ മിക്കപേരും. ആത്മവിശ്വാസവും പര സ്പര സഹകരണവും സർവോപരി പ്രതിബദ്ധതയുമായിരുന്നു ഞങ്ങളുടെ കൈമുതൽ. അതു കൊണ്ട് തന്നെ ഇത് ശാസ്ത്രീയമായും സാങ്കേതികമായും എല്ലാം തികഞ്ഞ ഒരു സമ്പൂർണ്ണ രേഖ യാണെന്ന് ഞങ്ങൾ അവകാശപ്പെടുന്നില്ല. പലമേഖലകളിലും ആവശ്യമായ സ്ഥിതിവിവരകണ ക്കുകളുടെ അഭാവം വസ്തുതാപരമായ കൃത്യത ഉറപ്പാക്കുന്നതിന് തടസ്സമായിട്ടുണ്ട്. എങ്കിലും ഇത് ഒരു ജനകീയ രേഖയാണ്. ഈ ജനകീയതയാണ് ഇതിന്റെ ശക്തിയും ദൗർബല്യവും. ഇതിൽ ജനകീയതയുടെ ശക്തി പരമാവധി പ്രയോജനപ്പെടുത്താൻ ഉതകുന്ന സമ്പുഷ്ടമായ ചർച്ചയാണ് വികസന സെമിനാറിൽ നിന്ന് പ്രതീക്ഷിക്കുന്നത്.

ഈ രേഖ തയ്യാറാക്കുന്നതിൽ ഞങ്ങൾക്ക് എണ്ണിപ്പറഞ്ഞാൽ തീരാത്ത കടപ്പാടുകളുള്ള ഒരുപാടാ ളുകളുണ്ട് – ഉപദേശം നൽകിയവർ, വിവരങ്ങൾ നിൽകിയവർ പ്രോത്സാഹിപ്പിച്ചവർ......ഇതിന്റെ പിന്നിൽ രാവും പകലും മറ്റെല്ലാം മാറ്റിവെച്ച് പ്രവർത്തിച്ചവരുണ്ട്; സഹായിച്ച, പഞ്ചായത്ത് ഓഫീ സുൾപ്പെടെയുള്ള സ്ഥാപനങ്ങളിലെ, ഉദ്യോഗസ്ഥരുണ്ട്. എല്ലാറ്റിലുമുപരി ഗ്രാമപഞ്ചായത്ത് ഭരണ സമിതി ഉണ്ട്. എല്ലാവരോടുമുള്ള കടപ്പാട് എല്ലാവർക്കും വേണ്ടി നന്ദി എന്ന ഒറ്റവാക്കിൽ രേഖപ്പെ ടുത്തി വാഴക്കാട് ഗ്രാമപഞ്ചായത്തിന്റെ ഈ സമഗ്രവികസനരേഖ ചർച്ചയ്ക്കും പദ്ധതി നിർദ്ദേശ ങ്ങളുടെ രൂപപ്പെടുത്തലിനുമായി സമർപ്പിക്കുന്നു.

**റുഖിയാ ബഷീർ**
പ്രസിഡണ്ട്, വാഴക്കാട് ഗ്രാമപഞ്ചായത്ത്

## വികസന രേഖ തയ്യാറാക്കിയ കോർ -ഗ്രൂപ്പ്

***കൃഷി ജലസേചനം***

കെ.എ. റഹ്മാൻ
എം.പി. അബ്ദുൽ അലിമാസ്റ്റർ
മമ്പാടു മൊയ്തീൻ
കെ. ബാലകൃഷ്ണൻ മാസ്റ്റർ
ലത്തീഫ്

***മത്സ്യ ബന്ധനം മൃഗപരിപാലനം***

എം.ശ്രീനിവാസൻ
കെ. വേദവ്യാസൻ
കെ.പി. കാതർ കുട്ടി മാസ്റ്റർ

***വിദ്യാഭ്യാസം***

സുഹറ ടീച്ചർ
പി.അബ്ദുൾ ഹമീദ് മാസ്റ്റർ
സലാം മാസ്റ്റർ
പി. രാമചന്ദ്രൻ നായർ
വി. രാജഗോപാലൻ
പി. നാരായണൻ കുട്ടി

***ആരോഗ്യം കുടിവെള്ളം***

എം.പി അബ്ദുള്ള
സി. ഭാസ്കരൻ
കെ.പി കൃഷണദാസ്
സി. ഇസ്മാലുട്ടി
വി. ശിവദാസൻ

***ഗതാഗതം, ഊർജ്ജം, മാർക്കറ്റ്***

ഇ. ഭാസക്കരൻ
ബഷീർ മാസ്റ്റർ
പി.കെ മുരളിധരൻ
സി.കെ. പക്കർ
ഇ.ടി. ജബ്ബാർ
വി. കൃഷ്ണൻ
എൻ.കെ. അയ്യപ്പൻ

***പാർപ്പിടം, സാമൂഹ്യക്ഷേമം***

അയിഷാബീവി
സി.കെ. മുഹമ്മദ് കുട്ടി മാസ്റ്റർ
പി. അശോകൻ VEO
മണ്ടകത്തിങ്ങൽ മുഹമ്മദ്

***സംസ്കാരം, കായികരംഗം***

കെ. ആലി
പി.. സുരേന്ദ്രൻ
കെ.എം. ഇസ്മയിൽ
എം. സേതുമാധവൻ
സന്തോഷ് കുമാർ
കെ.പി. നാസർ

***വ്യവസായം***

കൊന്നക്കോടൻ അഹമ്മദ് കുട്ടി ഹാജി
കെ. ഒ. അലി
പി. അബുബക്കർ മാസ്റ്റർ
ബാലസുബ്രഹ്മണ്യൻ
ടി.കെ അഹമ്മദ് കോയ
എം.എ. നിയാസ്

***വനിതാക്ഷേമം***

റുഖിയാ ബഷീർ
ഇ. മുരളീധരൻ
സുനിത
ഫാത്തിമ
നൗഷാദ്

***സഹകരണം***

ഓ.കെ. അയ്യപ്പൻ
കെ.എം. മമ്മദ് കുട്ടി
കെ.എ സലീം
കമ്മു മാസ്റ്റർ
പെരിങ്കോളി മുഹമ്മദ്

***പട്ടികജാതി. പട്ടിക വർഗ്ഗക്ഷേമം***

*മാലിനി*
*എം. രാമൻ കുട്ടി*
*റഷീദ് എടവണ്ണപ്പാറ*
*വേദവ്യാസൻ.കെ*

**വിഭവ സമാഹരണം**

എം.കെ.സി. മൊയ്തീൻ
പി.സി. മുഹമ്മദ് മാസ്റ്റർ
കെപി. രവീന്ദ്രനാഥൻ മാസ്റ്റർ



[illegible]

നിങ്ങളുടെ അഹന്ത ഉണരുമ്പോൾ നിങ്ങൾ കണ്ടിട്ടുള്ളതിൽ വെച്ച്

ഏറ്റവും ദരിദ്രനായ, ഏറ്റവും നിസ്സഹായനായ

മനുഷ്യന്റെ മുഖം സങ്കൽപിച്ചു നോക്കുക.

എന്നിട്ട് നിങ്ങൾ ചെയ്യാനുദ്ദേശിക്കുന്ന കാര്യം അയാൾക്ക് ഏതെങ്കിലും രീതിയിൽ പ്രയോജനപ്പെടുമോ എന്ന് സ്വയം ചോദിച്ച് നോക്കുക.

അതിന് ഉത്തരം കിട്ടുമ്പോൾ സംശയങ്ങൾ ഇല്ലാതാകുന്നതായും

അഹന്ത അലിഞ്ഞുപോകുന്നതായും നിങ്ങൾക്ക് അനുഭവപ്പെടും."

– ഗാന്ധിജി